ഒല്ലൂക്കര ഗ്രാമ പഞ്ചായത്ത്

വികസന രേഖ

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി











P. S. VINAYAN

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

ഗ്രാമവികസനരേഖ -1996

ഒല്ലൂക്കര ഗ്രാമപഞ്ചായത്ത്

ഒല്ലൂക്കര പി.ഒ.തൃശൂർ - 680 655
കേരളം, ഫോൺ: 370796

* *

ചീഫ്എഡിറ്റർ

കെ.എം.കുഞ്ഞുമരയ്ക്കാർ

* *

എഡിറ്റർമാർ

വൈ. അച്യുതപ്രസാദ്

പി.എം.ബാലകൃഷ്ണൻ

* *

പത്രാധിപസമിതി

പ്രൊ : എസ്.ബാലകൃഷ്ണൻ

സി.ആർ.ദാസ്

ഇ.ആർ.ഹരിദാസ്

ലീല്ലോ പോൾ

സദാശിവൻ.കെ.ആർ.

കനകലക്ഷ്മി സി.കെ.

പി.പി.ജോസ്

എൻ.വി.ശാമുവേൽ

ടി.ആൽ. ആൻറണി

* *

വികസനരേഖ തയ്യാറാക്കിയവർ

ഡോ: എ.രാമകൃഷ്ണൻ

പ്രൊ: തോമാസ് മാളിയേക്കൽ

ഡോ : ഉസ്മാൻ സാഹിബ്

ഡോ : സുഭദ്ര

കെ.കെ. പങ്കജാക്ഷൻ

എ.വി.ഉമ്മൻ

വിജയകുമാരി മോഹൻ

പ്രദീപ്

ദിലീപ്. ടി.ആർ.

ശാന്ത വാസുദേവൻ

മോഹനൻ കെ.ആർ.

ജഗദീസ്.ടി.

പി.കെ.പീതാംബരൻ

* *

മുഖ്യ സാങ്കേതികോപദേഷ്ടാവ്

പ്രൊഫ: വി.ആർ. രഘുനന്ദനൻ

* *

കവർ

പി.എസ്. വിനയൻ

* *

ഡി.ടി.പി. & പ്രിൻറിംഗ്

 മാർസ് കമ്മ്യൂണിക്കേഷൻസ്, തൃശൂർ.Ph: 336793

കേരളത്തിന്റെ ഭൂപടം



തൃശ്ശൂർജില്ലയുടെ ഭൂപടം



മുൻ പ്രസിഡണ്ടുമാർ



അഡ്വ.പി.ബാലകൃഷ്ണ മേനോൻ
പ്രഥമ പ്രസിഡൻറ്
1952 -1957



വി. മാധവൻ നമ്പൂതിരി
1957-1958



കെ.ആർ.ചാക്കുണ്ണി
1964-1994

ഒല്ലൂക്കര പഞ്ചായത്ത്



ഭരണ സാരഥികൾ



കെ.എം. കുഞ്ഞുമരയ്ക്കാർ
പ്രസിഡണ്ട്



എൻ.വി.ശാമുവേൽ
വൈസ് പ്രസിഡണ്ട്



പി.പി.ജോസ്
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ

ഭരണസമിതി അംഗങ്ങൾ

1.	സെബി ചെമ്മണ്ണൂർ	- വാർഡ് 1
2.	ഗ്ളാഡി ഫ്രാൻസിസ്	- വാർഡ് 2
3.	സി.കെ. കനകലക്ഷ്മി	- വാർഡ് 4
4.	വത്സല പരമേശ്വരൻ	- വാർഡ് 5
5.	ടി. പത്മനാഭൻ	- വാർഡ് 6
6.	പുരുഷോത്തമൻ കെ.വി.	- വാർഡ് 7
7.	റോസി വർഗ്ഗീസ്	- വാർഡ് 8
8.	എം.കെ. വർഗ്ഗീസ്	- വാർഡ് 10
9.	പി.യു.ഹംസ	- വാർഡ് 11
10.	ത്രേസ്യ ടീച്ചർ	- വാർഡ് 12
11.	ഇ.ഡി.ജോണി	- വാർഡ് 13

ബ്ലോക്ക് പഞ്ചായത്തംഗങ്ങൾ

1. ഫ്രാൻസിസ് താടിക്കാരൻ (മണ്ണുത്തി ഡിവിഷൻ)
2. ശാന്താ വാസുദേവൻ (കാളത്തോട് - ഡിവിഷൻ)

ജില്ലാ പഞ്ചായത്തംഗം

അന്നാസ് ലോനപ്പൻ



ഗ്രാമ പഞ്ചായത്ത് മെമ്പർമാർ

ഉള്ളടക്കം

		പേജ്
1.	ആമുഖം	13
2.	പഞ്ചായത്ത് - പൊതുവിവരങ്ങൾ	17
3.	സാമൂഹ്യ - സാംസ്കാരിക ചരിത്രം	23
4.	ഭൂപ്രകൃതി - ജനപ്രകൃതി	29
5.	സാമൂഹ്യ - സാമ്പത്തിക മേഖലകൾ	
	5.1 കൃഷിയും ജലസേചനവും	45
	5.2 മൃഗസംരക്ഷണവും മത്സ്യബന്ധനവും	75
	5.3 വ്യവസായം	85
	5.4 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്	97
	5.5 വിദ്യാഭ്യാസം	115
	5.6 കുടിവെള്ളവും പൊതുജനാരോഗ്യവും	129
	5.7 ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും	139
	5.8 സംസ്ക്കാരം	157
	5.9 വനിത	165
	5.10 സഹകരണം	175
	5.11 പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം	183
	5.12 വിഭവസമാഹരണം	195

1 ആമുഖം

ഗ്രാമതല ആസൂത്രണം ഒരു പുതിയ ആശയമല്ല എന്ന വസ്തുത അംഗീകരിക്കാമെങ്കിലും ഈ ആശയം പ്രവൃത്തിപഥത്തിലെത്തിക്കാൻ കഴിഞ്ഞ എട്ട് പഞ്ച വൽസര പദ്ധതികളുടെ സുദീർഘമായ കാലയളവിൽ സാധിച്ചില്ല എന്ന യാഥാർത്ഥ്യം നിഷേധിക്കാനാവില്ല. ആസൂത്രണ പ്രക്രിയയിൽ ജനകീയ ആസൂത്രണ പ്രസ്ഥാനം എന്ന പുതിയൊരദ്ധ്യായം കൂട്ടിച്ചേർത്തു കൊണ്ട് കേരള സർക്കാർ താഴെ തട്ടിലെ ആസൂത്രണത്തിന് ഇപ്പോൾവേദി ഒരുക്കിയിരിക്കുകയാണ്. ഭരണ ഘടനയുടെ 73-ാം ഭേദഗതിയിലൂടെ ലഭ്യമായ അധികാരങ്ങൾ അർത്ഥ പൂർണ്ണമായി നടപ്പിലാക്കാനും, ആവശ്യമെങ്കിൽ കൂടുതൽ അധികാരങ്ങൾ ലഭ്യമാക്കാനുമുള്ള അവസരവുമാണ് ഇതിലൂടെ കേരളത്തിലെ ജനങ്ങൾക്ക് കൈവന്നിട്ടുള്ളത്.

ഒമ്പതാം പദ്ധതിയുടെ 30-40 ശതമാനം പഞ്ചായത്തിനുള്ളിൽ തന്നെ ജനസമ്പർക്കതലങ്ങളിൽ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിലൂടെ, വികേന്ദ്രീകൃത ജനാധിപത്യത്തിലൂന്നിയ വികസനവും വളർച്ചയും സാദ്ധ്യമാണ് എന്ന് തെളിയിക്കേണ്ട ബാദ്ധ്യതയും പഞ്ചായത്തുകൾ സ്വയം ഏറ്റെടുക്കേണ്ടതാവശ്യമായി വന്നിരിക്കുന്നു. ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് നമുക്ക് കൈമുതലായുള്ളത് അദമ്യമായ നമ്മുടെ ഇച്ഛാശക്തി ഒന്നുമാത്രമാണ്. അനുകരിക്കാനോ, മാർഗദർശനത്തിനോ വേണ്ടി മാതൃകകളൊന്നും നമ്മുടെ മുന്നിലില്ല. കൂട്ടായ പരിശ്രമവും അതിലേറെ ഒരു പരീക്ഷണവുമാണ് ഇപ്പോൾ നാം ഏറ്റെടുത്ത ജനപങ്കാളിത്ത ആസൂത്രണ പ്രക്രിയ.

വികസന പ്രവർത്തനങ്ങൾ പ്രാദേശികമായി കണ്ടെത്തുക എന്ന കേവല ലക്ഷ്യം മാത്രമല്ല, ഇവിടെ നമുക്ക് നിർവഹിക്കാനുള്ളത്, മറിച്ച് ആ ലക്ഷ്യത്തിലേക്കെത്തിച്ചേരാൻ സുതാര്യമായ ഒരു പ്രക്രിയ രൂപപ്പെടുത്തുക എന്ന മഹത്തായ മറ്റൊരു ലക്ഷ്യവും നമുക്ക് മുന്നിലുണ്ട് എന്ന് നാം തിരിച്ചറിയണം. ജനകീയ ആസൂത്രണ പ്രസ്ഥാനം വിഭാവനം ചെയ്യുന്ന സാമൂഹികപരിവർത്തനത്തിന്റെ സൂക്ഷ്മ-സ്ഥൂല വശങ്ങൾ വ്യക്തമായി ഉൾക്കൊണ്ടുതന്നെയാണ്. ഒല്ലൂക്കര പഞ്ചായത്ത് ഭരണസമിതി ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തുവരുന്നത്.

വികസനപ്രവർത്തനങ്ങളിൽ കക്ഷിരാഷ്ട്രീയത്തിനതീതമായ ബഹുജന പങ്കാളിത്തം എന്ന സങ്കല്പം നല്ലൊരളവു വരെ സാക്ഷാൽക്കരിക്കാൻ ആത്മാർത്ഥമായ ശ്രമങ്ങൾ ഈ പഞ്ചായത്തിൽ നടന്നിട്ടുണ്ട് എന്ന് നിസ്സംശയം പറയാം. ഒരു ജനാധിപത്യ പ്രക്രിയയിൽ അനുപേക്ഷണീയമായ അഭിപ്രായ വ്യത്യാസങ്ങളും ചർച്ചകളും ഉണ്ടായിട്ടുണ്ടെങ്കിലും ഒമ്പതാം പദ്ധതിയുടെ ഭാഗമായി ഒല്ലൂക്കര പഞ്ചായത്തിൽ നടക്കുന്ന ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് നേതൃത്വം കൊടുക്കുന്ന കാര്യത്തിൽ ഭരണസമിതി ഒറ്റക്കെട്ടായി ഊർജ്ജസ്വലതയോടെയാണ് പ്രവർത്തിച്ചുവരുന്നത്. ഇക്കാരണംകൊണ്ടുതന്നെ പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്ന സമസ്ത രാഷ്ട്രീയ പ്രസ്ഥാനങ്ങളുടേയും സർവോപരി ജനപഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടേയും പിൻതുണ ആർജ്ജിക്കാൻ മേൽപറഞ്ഞ പ്രവർത്തനങ്ങൾക്ക് സാധിച്ചിട്ടുണ്ട് എന്ന കാര്യത്തിൽ തർക്കമില്ല.

ആസൂത്രണബോർഡ് വർഷാരംഭം മുതൽ വിവിധ ഘട്ടങ്ങളിലായി നടത്തിയ പരിശീലനങ്ങളിൽ ഭരണ സമിതി അംഗങ്ങൾ പങ്കെടുക്കുകയും ആസൂത്രണ വികേന്ദ്രീകരണത്തിന്റെ പ്രസക്തി അതിലൂടെ സ്വയം ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനത്തോടനുബന്ധിച്ച് ഓഗസ്റ്റ് 17ാം തിയ്യതി പഞ്ചായത്തിൽ ബോധവൽക്കരണ ക്യാമ്പ് സംഘടിപ്പിച്ചിരുന്നു. പഞ്ചായത്തിലെ വിവിധ തുറകളിൽനിന്നെത്തിയ 120 ഓളം പേർ ഈ പരിപാടിയുമായി സഹകരിച്ചു. കൃഷിഭവൻ വഴി തെരഞ്ഞെടുത്ത 30 വനിതകളടക്കം 50ഓളം കർഷകരും ക്ലാസിൽ പങ്കെടുത്തവരിൽ ഉൾപ്പെ

ടുന്നു. ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ഒന്നാം ഘട്ട പരിശീലനങ്ങൾ ജില്ലാതലം സെപ്റ്റംബർ 5,6,7 തീയതികളിലും പഞ്ചായത്തു തലം സെപ്റ്റംബർ 14ാം തീയതിയിലുമാണ് നടന്നത്.

പഞ്ചായത്തു തലത്തിൽ 17 വനിതകളടക്കം 93 പേരും, ജില്ലാതലത്തിൽ 4 വനിതകളടക്കം 18 പേരും, സംസ്ഥാനതലത്തിൽ ഒരാളുമുൾപ്പെടെ മൊത്തം 112 പേർക്ക് പഞ്ചായത്തിൽ ഒന്നാംഘട്ട പരിശീലനം ലഭിച്ചിട്ടുണ്ട്. രണ്ടാംഘട്ട പരിശീലനങ്ങൾ സംസ്ഥാന തലം ഒക്ടോബർ 14-18 തീയ തികളിലും, ജില്ലാതലം ഒക്ടോബർ 25,26,27 തീയതികളിലും, പഞ്ചായത്തു തലം നവംബർ 2-ാം തീയതിയിലു മാണ് നടന്നത്. പഞ്ചായത്തു തലത്തിൽ 16 വനിതകളടക്കം 104 പേരും, ജില്ലാതലത്തിൽ 2 വനിതകളടക്കം 20 പേരും, സംസ്ഥാന തലത്തിൽ ഒരാളും ഉൾപെടെ മൊത്തം 125 പേർക്ക് പഞ്ചായത്തിൽ രണ്ടാംഘട്ട പരിശീലനം ലഭിച്ചിട്ടുണ്ട്. ഈ പരിശീലനങ്ങളിൽ ജില്ലാ പഞ്ചായത്തു തലങ്ങളിൽ മുഴുവൻ ഭരണസ മിതി അംഗങ്ങളും പങ്കെടുക്കുകയുണ്ടായി. കഴിവും സന്നദ്ധതയും പ്രതിബദ്ധതയുമുള്ള പ്രവർത്തകരെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് കണ്ടെത്തി അവരെ പരിശീലനങ്ങളിൽ പങ്കെടു പ്പിക്കാനും പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാനും ഭരണ സമിതി താല്പര്യം കാണിച്ചതിനാൽ, ഈ പരിശീലകരിലൂടെ സമൂഹത്തിന്റെ വിവിധ തലങ്ങളിൽ, ജനകീയ ആസൂത്രണ പ്രസ്ഥാനത്തെ അധികരിച്ച് പഞ്ചായത്തിനുള്ളിൽ നടക്കുന്ന പ്രവർ ത്തനങ്ങളെ സംബന്ധിച്ച അറിവും, മതിപ്പും പിൻ തുണയും വളർത്തി എടുക്കാൻ സാധിച്ചിട്ടുണ്ട്.

വികസനത്തിൽ സന്നദ്ധപ്രവർത്തനങ്ങൾക്കും ജനങ്ങളുടെ കൂട്ടായ്മക്കും ഊന്നൽ നൽകികൊണ്ടു മാത്രമേ അവ വിജയിപ്പിക്കാനാകൂ എന്ന കാര്യം വളരെ മുമ്പു തന്നെ മനസ്സിലാക്കിയിട്ടുള്ള പഞ്ചാ യത്താണ് നമ്മുടേത്. സാക്ഷരതാ യജ്ഞത്തിൽ ജില്ലാതലത്തിൽ മുന്നിട്ടു നിന്ന ഒല്ലൂക്കര ബ്ലോക്കിൽ പെട്ട ഒരു പഞ്ചായത്ത് എന്ന നിലയിൽ മാത്രമല്ല, ആസൂത്രണ ബോർഡും, കേരളശാസ്ത്രസാഹിത്യ പരിഷത്തും ഭൗമശാസ്ത്ര പഠനകേന്ദ്രവും സംയുക്ത മായി നടപ്പാക്കിയ പഞ്ചായത്തു ഭൂപട നിർമ്മാണ ത്തിന്റെ ആദ്യ 25 പഞ്ചായത്തുകളിൽ ഉൾപ്പെട്ടു എന്നതും സന്നദ്ധ പ്രവർത്തനങ്ങൾക്ക് ഈ പഞ്ചായ ത്തിൽ ലഭിക്കുന്ന ജന പിൻതുണക്ക് ഉത്തമദൃഷ്ടാ ന്തങ്ങളാണ്. ഈ പാരമ്പര്യം നിലനിറുത്തുകയും, അതിനേക്കാൾ ഒരു പിടികൂടി വളർത്തുകയും ചെയ്ത അനുഭവമാണ് ജനകീയ ആസൂത്രണ പ്രവർ ത്തനത്തിലൂടെ അനുഭവ വേദ്യമാകുന്നത്. വിവിധ തുറകളിൽ സേവനമനുഷ്ടിച്ചിരുന്നതും, സേവന മനുഷ്ടിക്കുന്നവരുമായ ശാസ്ത്രജ്ഞന്മാരും, സാങ്കേതിക വിദഗ്ദ്ധരും, അധ്യാപകരും, മറ്റ് വിദഗ് ദ്ധരും, പ്രായോഗിക അനുഭവമുള്ള കർഷകരും, തൊഴിലാളികളും, ഭരണ സമിതി അംഗങ്ങൾ ക്കൊപ്പം അഹോരാത്രം പ്രവർത്തിക്കുന്ന ഒരു കൂട്ടായ്മ, വരാനിരിക്കുന്ന പദ്ധതി നിർവഹണ പ്രവർത്തനങ്ങൾക്ക് തീർച്ചയായും വിജയ പ്രതീക്ഷ നൽകുന്നു എന്ന് നിസ്സംശയം പറയാം. നവംബർ 3ാം തീയ്യതി നടത്തിയ പഠനയാത്രയിൽ 13 പേർ പൂർണമായി പങ്കെടുത്തിരുന്നു. വനിതകളുൾ പ്പെടെ നിരവധി പേർ ഓരോ പ്രദേശങ്ങളിലും പഠന സംഘത്തെ അനുഗമിക്കുകയും പഠനപ്രവർത്തന ങ്ങളുമായി സഹകരിക്കുകയും ചെയ്തതിനാൽ പഠനപര്യടനം ഒരു ജനകീയ പരിപാടിയാക്കാൻ സാധിച്ചിട്ടുണ്ട്.

ഉദ്യോഗസ്ഥ സംവിധാനത്തിൽ ജനസേവന താല്പര്യത്തെ മുൻനിറുത്തിയുള്ള ഒരു മനോഭാവ വ്യതിയാനം പ്രകടമായിട്ടുണ്ട്. ദ്വിതീയ വിവരശേ ഖരണ പ്രവർത്തനം പഞ്ചായത്തിൽ ഒക്ടോബർ മാസത്തിലാണ് പൂർത്തിയാക്കിയത്. ഇതിനായി ഉദ്യോഗസ്ഥന്മാരുടെ 4 യോഗങ്ങൾ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽചേരുകയുണ്ടായി. പ്രസ്തുത യോഗതീരുമാനങ്ങൾക്കനുസൃതമായി ബന്ധപ്പെട്ട ഓഫീസുകളിൽനിന്ന് നിർദ്ദിഷ്ട ഫോറത്തിൽ ആവശ്യമായ വിവരങ്ങൾ സന്നദ്ധ പ്രവർ ത്തകർക്ക് സുഗമമായി ശേഖരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ വിവരശേഖരണത്തിലൂടെ ഇതുവരെ ഇല്ലാതിരുന്ന ഒരു സാമൂഹ്യബന്ധം ഉദ്യോഗസ്ഥ വിഭാഗത്തിന് ഉണ്ടായി എന്നു മാത്രമല്ല, ദ്വിതീയ വിവരങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് അവ കുറ്റമറ്റ രീതി യിൽ ശേഖരിക്കേണ്ടത് അവശ്യമാണ് എന്ന ചുമതലാ ബോധവും അവർക്ക് ഉണ്ടായിട്ടുള്ളതായി മനസ്സിലാക്കാൻ കഴിയുന്നുണ്ട്. ഇപ്പോൾ നിലനിൽ ക്കുന്ന താല്പര്യവും ആത്മാർത്ഥതയും കർമ്മസ മിതികളുടെ പ്രവർത്തനങ്ങളെ കാര്യക്ഷമമാക്കാൻ സഹായകരമാകും എന്നാണ് വിശ്വസിക്കുന്നത്. ആസൂത്രണ നിർവഹണത്തിൽ ജനങ്ങളും ഉദ്യോസ്ഥ ന്മാരും തമ്മിൽ ഉണ്ടാകേണ്ട ആത്മബന്ധം തിരിച്ച റിയാനും ഈ പ്രവർത്തനങ്ങൾ പര്യാപ്തമാകുമെ ന്നാണ് പ്രതീക്ഷ.

പരമാവധി പ്രചരണം നൽകിയാണ് ഗ്രാമസഭ കൾ സംഘടിപ്പിച്ചത്. വാർഡുകൾ തോറും അറി യിപ്പ് നൽകൽ, വനിതാ സ്കാഡ് പ്രവർത്തനം, കുടുംബയോഗങ്ങൾ പരസ്യബോർഡ് സ്ഥാപിക്കൽ, സിനിമാ സ്ലൈഡ്, മൈക്ക് പ്രചരണം, വിളംബര

ജാഥ, വിശദീകരണ യോഗങ്ങൾ എന്നിവ സംഘാടന ത്തിന്റെ ഭാഗമായി നടന്നിട്ടുണ്ട്. പതിന്നാല് വാർഡുകളിലായി 2572 പേർ

ഗ്രാമസഭകളിൽ പങ്കെടുത്തു. ശരാശരി പങ്കാളിത്തം 183 . മൊത്തം 551 വനിതകളാണ് പങ്കെടുത്തത്. വനിതകളുടെ ശരാ ശരി പങ്കാളിത്തം 39ഉം ആണ്. ഏറ്റവും കൂടുതൽ പേർ പങ്കെടുത്ത ഗ്രാമസഭ 9ാം വാർഡിലേതാണ്. (303) ഏറ്റവും കുറവ് ഒന്നാം വാർഡിലും വനിത കൾ ഏറ്റവും കൂടുതൽ പേർ പങ്കെടുത്ത ഗ്രാമസഭ 9ാം വാർഡിലേതാണ്. (303) ഗ്രാമസഭകൾ സെപ്തംബർ 22മുതൽ ഒക്ടോബർ 13ാം തീയ്യതി വരെയുള്ള കാലയളവിലാണ് നടന്നത്.

ഗ്രാമസഭ ചർച്ചകൾ വേണ്ടത്ര ഫലപ്രദമായില്ല. ഗ്രൂപ്പ് ലീഡർമാരുടെ പരിശീലനത്തിൽ വന്ന പോരായ്മയാണ് ഇത് കാണിക്കുന്നത്. എന്നിരിക്കലും ഫലപ്രദമായ ഒട്ടേറെ നിർദ്ദേശങ്ങളും ഗ്രാമതലങ്ങളിൽ വ്യത്യസ്ഥ വികസനതുറകളിൽ ഇപ്പോൾ നിലനിൽക്കുന്ന വൈവിദ്ധ്യമാർന്ന പ്രശ്നങ്ങളും ക്രോഡീകരിച്ചെടുക്കാൻ ഒരു പരിധി വരെ സാധിച്ചിട്ടുണ്ട്. പട്ടിക ജാതി പട്ടികവർഗ്ഗക്കാരുടെയും ദാരിദ്ര്യരേഖക്ക് താഴെയുള്ള വിഭാഗത്തിന്റെയും പ്രശ്നങ്ങൾക്ക് മതിയായ പരിഗണന ലഭിക്കാൻ വേണ്ട മുൻകരുതലുകൾ എടുത്തിട്ടുണ്ട്. നവംബർ 1ാം തിയതി പുനരർപ്പണ ദിനാപ്രതിജ്ഞയെടുക്കുകയും 700 മീറ്റർ നീളം വരുന പുതിയ കൂട്ടാല ഹിൽ പാഡി റോഡ് പൂർണമായും ശ്രമദൗത്യത്തിലൂടെ നിർമ്മിക്കുകയും ചെയ്തു.

വികസന സെമിനാർ സംഘടിപ്പിക്കുന്നത് ഗ്രാമ സഭയിൽ ഉന്നയിച്ച പ്രശ്നങ്ങളും നിർദ്ദേശങ്ങളും വിശദാംശങ്ങൾ ചേർത്ത് പദ്ധതി നിർദ്ദേശങ്ങളാക്കി രൂപാന്തരപ്പെടുത്താനാണ്. ഇതിന്റെ ആദ്യഘട്ടം മാത്രമെ സെമിനാറിൽ പൂർത്തിയാക്കാൻ സാദ്ധ്യമാവൂ. രണ്ടാംഘട്ടം കർമ്മസമിതികളാണ് നിർവഹിക്കുന്നത്. വികസനസെമിനാറിലെ ചർച്ചകൾക്ക് വേണ്ടിയാണ് ഈ റിപ്പോർട്ട് തയ്യാറാക്കി ഭരണ സമിതി അംഗീകരിച്ച് അവതരിപ്പിക്കുന്നത്. ഇതിനായി നിരവധി പേരുടെ അശ്രാന്ത പരിശ്രമം വേണ്ടിവന്നിട്ടുണ്ട്. പന്ത്രണ്ട് വിവിധ ഗ്രൂപ്പുകളിലായി അറുപതോളം പേരുടെ പ്രത്യക്ഷവും പരോക്ഷവുമായ സേവനം പ്രയോജനപ്പെടുത്തേണ്ടി വന്നിട്ടുണ്ട്. ഒട്ടേറെ പോരായ്മകൾ കണ്ടേക്കാം. എങ്കിലും ഒരു തുടക്കമെന്ന നിലയിൽ തൃപ്തികരമായ പ്രവർത്തനം നടന്നിട്ടുണ്ട് എന്നാണ് ഞങ്ങളുടെ എളിയ വിശ്വാസം. ഈ രേഖ ഉപയോഗിച്ച് ഫലപ്രദമായ ചർച്ച കളും, പദ്ധതി നിർദ്ദേശങ്ങളും ഉണ്ടാകുമെന്ന പ്രതീക്ഷ യോടെ,

ഭരണസമിതിക്കുവേണ്ടി,

ഒല്ലൂക്കര
16.11.96

കുഞ്ഞുമരക്കാർ
പ്രസിഡണ്ട്



2. പഞ്ചായത്ത് പൊതുവിവരണം

1.	അക്ഷാംശം	: 10°30'40"	
2.	രേഖാംശം	: 76°18'24"	
3	വിസ്തീർണ്ണം	: 17.57 Sq.Km.	
4.	ജനസംഖ്യ	: 39450	
5.	വാർഡുകൾ	: 14	
6.	ഗ്രേഡ്	: സ്പെഷ്യൽ	
7.	ബ്ലോക്ക്	: ഒല്ലൂക്കര	
8.	താലൂക്ക്	: തൃശൂർ	
9.	ജില്ല	: തൃശൂർ	
10.	അസംബ്ലിമണ്ഡലം	: ഒല്ലൂർ	
11.	റവന്യൂ വില്ലേജുകൾ	: ഒല്ലൂക്കര, നെട്ടിശ്ശേരി	
12.	സാക്ഷരത	: 82.11	
13.	ഭാഷ	: മലയാളം	
14.	ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	: കാളത്തോട്, മണ്ണുത്തി	
15.	അതിർത്തികൾ	: വടക്ക്	:മാടക്കത്തറ,വിൽവട്ടം പഞ്ചായത്തുകൾ
		തെക്ക്	: നടത്തറ പഞ്ചായത്ത്
		കിഴക്ക്	: പാണഞ്ചേരി പഞ്ചായത്ത്
		പടിഞ്ഞാറ്	: തൃശൂർ പട്ടണം

3 സാമൂഹ്യ സാംസ്ക്കാരിക ചരിത്രം

ചരിത്രപ്രസിദ്ധമായ തൃശ്ശൂരിലെ തേക്കിൻകാട്ടിൽ നിന്നും കഷ്ടിച്ച് നാല് കിലോമീറ്റർ കിഴക്കുമാറിയാണ് ഒല്ലൂക്കര സ്ഥിതിചെയ്യുന്നത്. നമ്പൂതിരിഇല്ലങ്ങളും വിവിധ അവർണ്ണ ഹിന്ദുസമുദായങ്ങളും ഉൾപ്പെട്ട ഒരു സമൂഹമായിരുന്നു ഇവിടെ നിലവിലുണ്ടായിരുന്നത്. പെരുമ്പടപ്പ്, വെള്ളാനി, പേരാറ്റുപുറം, പടിഞ്ഞാറെത്തറ, എളങ്ങന്നൂർ, വടക്കേടം എന്നിങ്ങനെ അറിയപ്പെടുന്ന ആറ് മനകൾ ഈ ദേശത്തിന്റെ പ്രത്യേകതയായിരുന്നു. മനകളോട് അനുബന്ധിച്ച അമ്പലങ്ങളും കുളങ്ങലും, കടവുകളുമെല്ലാം ഇപ്പോഴും നിലവിലുണ്ട്. തിരുവാണിക്കാവ് ദേവീക്ഷേത്രം, നെട്ടിശ്ശേരിക്ഷേത്രം, ചെറുകുളങ്ങര അമ്പലം എന്നിവയെല്ലാം ഈ ദേശത്തെ ഹൈന്ദവ സം സ്ക്കാരത്തിന്റെ സ്മാരകങ്ങളാണ്. പെരുമ്പടപ്പ് മനയ്ക്ക് ഓതിക്കന്മാർ, വൈദികർ തുടങ്ങിയ സ്ഥാനമാനങ്ങൾ കൊച്ചിരാജാവ് കല്പിച്ച് അനുവദിച്ചിരുന്നു. സാമൂഹ്യദുരാചാരങ്ങളും പ്രാകൃതാചാരങ്ങളും കേരളത്തിന്റെ ഇതരഭാഗങ്ങളിലെന്നപോലെ ഒരു പ്രത്യേക കാലയളവിൽ ഇവിടെയും നിലനിന്നിരുന്നു. ഈ സാമൂഹിക അവസ്ഥയിൽ നിന്ന് അടിക്കടി പുരോഗതിയിലേക്ക് വളർന്ന ഒരു ചരിത്രപശ്ചാത്തലമാണ് ഒല്ലൂക്കര പഞ്ചായത്തിനുള്ളത്.

ഒല്ലൂക്കരയുടെ സ്ഥലനാമ ചരിത്രം വ്യത്യസ്ത അനുമാനങ്ങളുടെ സങ്കലനമാണ്. ജലസേചനത്തിനാശ്രയിച്ചിരുന്ന ചിറകളുടെ സമുച്ചയങ്ങളായിരുന്ന ഈ പ്രദേശം നികുത്തിയാണ് കര ഉണ്ടായതെന്നും ഒല്ലൂരിന്റെ കര ഒല്ലൂക്കരയായി പരിണമിച്ചതാണ് എന്നും പറയപ്പെടുന്നു. ഇതിന്റെ ഭാഗമായി രൂപംകൊണ്ട മൂന്ന് പ്രധാനകുളങ്ങളായ ആനക്കളം, അമ്പലക്കുളം, എലഞ്ഞിക്കുളം എന്നിവ ഇപ്പോഴും നിലവിലുണ്ട്. എലഞ്ഞിക്കുളത്തിന്റെ പുനരുദ്ധാരണം കൊച്ചിരാജാവ് 1928 -ൽ ജന്മദിന സ്മരണയ്ക്കായി നടത്തുകയുണ്ടായി.

ക്രിസ്ത്യാനികളും മുസ്ളീങ്ങളും ഈ പ്രദേശത്ത് താമസമാക്കിയത് ഏറെക്കുറെ ഒരേ കാലയളവിലാണ്.

ക്രിസ്ത്യാനികളുടെ വരവിന് ശക്തൻതമ്പുരാന്റെ രാജ്യഭരണവുമായി ബന്ധമുണ്ട്. വാണിജ്യവുമായി ബന്ധപ്പെട്ടാണ് മിക്കവാറും മുസ്ലീങ്ങളും ഈ പ്രദേശത്ത് എത്തിയത്. കാളത്തോട് മുസ്ലീംപള്ളിക്ക് ഏതാണ്ട് 200 ലേറെ വർഷത്തെ പഴക്കമുണ്ട്.

അമ്പലങ്ങളും അമ്പലക്കുളങ്ങളും നിറഞ്ഞ മുക്കാട്ടുകരയിൽ കൊച്ചികോവിലകവുമായി അടുപ്പമുള്ള പേരാറ്റുപുറം മനക്കാരായിരുന്നത്രെ തെക്കുനിന്നും ക്രിസ്ത്യാനികളെ ഇവിടെ കൊണ്ടുവന്ന് പാർപ്പിച്ചത്. എ.ഡി. 1784 ജനുവരി 6-ന് വിശുദ്ധ ഗീവർഗ്ഗീസിന്റെ നാമധേയത്തിൽ പടുത്തുയർത്തിയതാണ് മുക്കാട്ടുകര പഴയപള്ളി. കേരളത്തിലെ പ്രാചീനമായ പാലയൂർ പള്ളിയെ അനുകരിച്ചു 4 അടി ഭിത്തി ഘനത്തിൽ 22 അടി ദീർഘവും 12 അടി വീതിയുമുള്ള റോമൻ കമാനാകൃതിയിലുള്ളതാണ് പള്ളിയുടെ മദ്ബഹ. മുക്കാട്ടുകര പള്ളിയുടെ കീഴിൽ 1931 -ൽ തുടങ്ങിയ കപ്പേളയാണ് 1979 -ൽ മണ്ണുത്തി ഇടവക പള്ളിയായി ഉയർത്തപ്പെട്ടത്. മതസൗഹാർദ്ദത്തിന്റെ വിളനിലമായിരുന്നു ഒല്ലൂക്കര എന്ന് ചരിത്രം വ്യക്തമാക്കുന്നു.

തൃശ്ശൂർ താലൂക്കിലെ ആദ്യത്തെ മുസ്ലീം പള്ളിയായി അറിയപ്പെടുന്ന കാളത്തോട് മുസ്ളീംപള്ളി പണിയുന്നതിന് ഏറ്റവും കൂടുതൽ താല്പര്യംകാണിച്ച് രംഗത്ത് വന്നത് ഈ പ്രദേശത്തെ ഹിന്ദുക്കളായിരുന്നത്രെ. ഇതിനായി നാല്

ഏക്കർ ഭൂമി കൊച്ചിരാജാവിൽ നിന്നും കരം ഒഴിവാക്കി നേടിയെടുക്കുകയുണ്ടായി. പുതുനഗരത്തുനിന്നു വന്ന ഒരു മുസ്ലീംപണ്ഡിതന്റെ ശവകുടീരവുമായി ബന്ധപ്പെട്ടാണ് മുല്ലക്കരജാറത്തിന്റെയും ചന്ദനക്കുടാഘോഷത്തിന്റെയും ഉല്പത്തി. ഇരുനൂറ് വർഷത്തെ ചരിത്രമാണ് ഇതിനുള്ളത്. നാനാജാതി മതസ്ഥർ ഈ ആഘോഷത്തിൽ സംബന്ധിച്ചുവരുന്നു. തോട്ടപ്പടിജാറത്തിനടുത്താണ് തൃപ്പൂണിത്തുറ കോവിലകത്തിനായി ആനകളെമെരുക്കാൻ ആനക്കൊട്ടിൽ സ്ഥാപിച്ചിരുന്നത്. ഈ പ്രദേശം ആനക്കൊട്ടിലെന്നാണ് ഇപ്പോഴും അറിയപ്പെടുന്നത്.

ആനക്കൊട്ടിലിന് കിഴക്കു - തെക്കു ഭാഗത്തായിട്ടാണ് പഞ്ചായത്തിന്റെ കിഴക്കൻ അതിർത്തിപ്രദേശമായ ഹിൽപാഡി സ്ഥിതിചെയ്യുന്നത്. രണ്ടാംലോക മഹായുദ്ധകാലത്ത് ഭക്ഷ്യക്ഷാമം വന്നപ്പോഴാം കൊച്ചിമഹാരാജാവ് കാടുവെട്ടി കൃഷിചെയ്യാനനുവദിച്ച ചരിത്രമാണ് ഹിൽപാഡിക്കുള്ളത്. യുദ്ധം കഴിഞ്ഞപ്പോഴാം കൃഷി നിർത്തിവെച്ചതിനെതിരെ കർഷകരുടെ സമരമുണ്ടായിരുന്നുവെന്ന് പഴമക്കാർ ഓർക്കുന്നു.

കൊച്ചിരാജാവ് മുൻകൈ എടുത്ത് 1938 -ൽ ആരംഭിച്ച മണ്ണുത്തി കൃഷിത്തോട്ടം ഇന്നും നിലവിലുണ്ട്. കേരളസംസ്ഥാനത്തിന്റെ ഏകീകരണത്തോടെ ഇത് സർക്കാർ നിയന്ത്രണത്തിലായി. നെല്ല്, കവുങ്ങ്, കുരുമുളക് എന്നിവയുടെ വിത്തുല്പാദന കേന്ദ്രമായിട്ടാണ് ഈ കേന്ദ്രം പ്രവർത്തിക്കുന്നത്. നഴ്സറി വ്യവസായം മണ്ണുത്തിയിൽ പ്രസിദ്ധമാണ്. ഈ വ്യവസായം തുടങ്ങിയകാലത്ത് സർക്കാർ കൃഷിത്തോട്ടത്തോടനുബന്ധിച്ച് ഒരു ഹോർട്ടികൾച്ചറൽ സ്ക്കൂം ഉണ്ടായിരുന്നു. കൃഷിത്തോട്ടത്തിന്റെ ഏതാനും ഭാഗങ്ങാം 1957 -ൽ വെറ്റിനറി കോളേജിനും പിന്നീട് കാർഷിക സർവ്വകലാശാല രൂപീകരണത്തിനുമായി വിട്ടുകൊടുത്തു.

ഒല്ലൂക്കര, നെട്ടിശ്ശേരി എന്നീ രണ്ടു വില്ലേജുകളാണ് ഒല്ലൂക്കര പഞ്ചായത്തിലുള്ളത്. പറവട്ടാനി പ്രവൃത്തി പ്രദേശം 8 ആയി വിഭജിച്ചപ്പോഴാം അതിലൊന്നായിരുന്ന ഒല്ലൂക്കരദേശമാണ് പിന്നീട് വില്ലേജായി മാറിയതെന്നാണ് 1908 -ലെ റവന്യൂ സെറ്റിൽമെൻറ് രജിസ്റ്ററിൽ സൂചിപ്പിക്കുന്നത്. ജനകീയ പഞ്ചായത്തിന്റെ ആവിർഭാവം 1953 -ലാണ്.

നവോത്ഥാനകാലയളവിലെ സാമൂഹ്യപരിഷ്ക്കരണ പ്രവർത്തനങ്ങളുടെ ചരിത്രപശ്ചാത്തലം ലഭ്യമായിട്ടില്ല. മദ്യനിരോധനത്തിനു വേണ്ടി കള്ളുഷാപ്പ് പിക്കറ്റിംഗ്സമരം ഇവിടെ നടന്നിട്ടുണ്ട്. ഏതാണ്ട് 70 വർഷത്തിനു മുൻപ് നടന്ന ഈ സമരത്തിൽ ശ്രീ. നമ്പിയാത്തൻ നമ്പൂതിരി പങ്കെടുത്തിട്ടുണ്ട്. മാപ്പിളലഹളയുമായിബന്ധപ്പെട്ട ഏതാനും സംഭവങ്ങാം ഇവിടെ ഉണ്ടായതായും പറയപ്പെടുന്നു. സ്വാതന്ത്ര്യസമര പ്രവർത്തനങ്ങലുമായി ബന്ധപ്പെട്ട് എടുത്തുപറയത്തക്ക സംഭവങ്ങളോ വ്യക്തികളോഇവിടെ ഇല്ല.

തൊഴിൽ സമരങ്ങളുടെ ചരിത്രം ആരംഭിക്കുന്നത് 1952 -ൽ സർക്കാർ കൃഷിത്തോട്ടത്തിൽ നടന്ന ഏട്ടണ സമരത്തോടെയാണ്. തട്ടിൽ എസ്റ്റേറ്റ് സമരവുമായി ഈ പ്രദേശത്തുകാർക്ക് ബന്ധമുണ്ട്. 1972 -ൽ നടന്ന നല്ലെങ്കര കർഷകതൊഴിലാളി സമരവും പ്രസിദ്ധമാണ്.

പഞ്ചായത്തിന്റെ ചരിത്രം 1953–96)

ന്യായനിർദ്ദേശക പഞ്ചായത്തും വില്ലേജ് കോടതിയും ഇവിടെ നിലവിലുണ്ടായിരുന്നു.ഇവ പ്രവർത്തിച്ചുവന്ന സ്ഥലമാണ് പിന്നീട് പഞ്ചായത്തിന്റെ ആസ്ഥാനമായി മാറിയത്.വില്ലേജ് കോടതി അദ്ധ്യക്ഷനായി സേവനമനുഷ്ഠിച്ച മാധവൻ നമ്പൂതിരി ഇന്നും ജീവിച്ചിരിപ്പുണ്ട്.

ജനകീയ പഞ്ചായത്തിന്റെ ആദ്യത്തെ പ്രസിഡണ്ട് അഡ്വ: പി. ബാലകൃഷ്ണമേനോനാണ്. 1957 - 58 വർഷത്തിൽ ഹ്രസ്വമായ ഒരു കാലയളവിൽ ശ്രീ. വി. മാധവൻ നമ്പൂതിരി പഞ്ചായത്തുപ്രസിഡണ്ടായിരുന്നിട്ടുണ്ട്. ആരംഭത്തിൽ പഞ്ചായത്തിന് 6 വാർഡുകളും ഒരു സംവരണ പ്രതിനിധിയും ഉണ്ടായിരുന്നു. പിന്നീടു നടന്ന തെരഞ്ഞെടുപ്പിൽ ഇത് 7 വാർഡുകളാക്കിമാറ്റി.

പഞ്ചായത്താസ്ഥാനത്തിന്റെ മുൻവശമുള്ള കാളവണ്ടിപേട്ടയായിരുന്ന സ്ഥമാണ് ഇന്നത്തെ പാർക്ക് ആയി മാറിയത് ശ്രീ. ബാലകൃഷ്ണമേനോൻ പ്രസിഡണ്ടായിരുന്ന കാലത്താണ്. ഹിന്ദിപ്രചാരക്ലാസുകാം ആരംഭിച്ചതും, മഹിളാസമാജം കെട്ടിടം പണിതതും, ജയപ്രകാശ് നാരായണന് മണ്ണുത്തിയിൽ സ്വീകരണം നൽകിയതുമൊക്കെ ഈ കാലയളവിലായിരുന്നു. ശ്രീമാൻമാർ സി.വി. ചന്തുവാരത്ത്, സി. പ്രഭാകരൻ, കൊച്ചാപ്പു എന്നിവർ അക്കാലത്തെ സാഹിത്യ പ്രവർത്തകരായിരുന്നു. പറവട്ടാനിയെ നെല്ലങ്കരയുമായി ബന്ധിപ്പിക്കുന്ന എടവണ്ട റോഡ് നിർമ്മിച്ചത് ഇക്കാലത്താണ്.

പഞ്ചായത്തിൽ ദീർഘകാലം (1964 - 1995)

പ്രസിഡണ്ടായി സേവനമനുഷ്ഠിച്ചത് ശ്രീ. കെ.ആർ. ചാക്കുണ്ണിയാണ്. നീണ്ട മുപ്പത് വർഷങ്ങൾക്കിടയിൽ അഡ്മിനിസ്ട്രേറ്റർ ഭരണമൊഴികെയുള്ള കാലയളവിൽ പഞ്ചായത്തിന്റെ വികസനത്തിൽ വമ്പിച്ച മുന്നേറ്റങ്ങൾക്ക് നേതൃത്വം കൊടുക്കാൻ ശ്രീ. ചാക്കുണ്ണിക്ക് കഴിഞ്ഞിട്ടുണ്ട്. മണ്ണുത്തിയിൽ സ്ഥിതിചെയ്യുന്ന മൂന്ന് ഷോപ്പിംഗ് കോംപ്ലക്സുകളും കാളത്തോട്ടിലുള്ള മിനിഷോപ്പിംഗ് കോംപ്ലക്സും കല്ല്യാണ മണ്ഡപവും ശ്രീ. ചാക്കുണ്ണി പ്രസിഡണ്ടായിരുന്ന കാലയളവിലാണ് നിർമ്മിച്ചത്.

മണ്ണുത്തി സെൻററിൽ മാംസ-മത്സ്യ മാർക്കറ്റിനുവേണ്ടി സ്ഥലം അക്വയർചെയ്തതും മറ്റനേകം സംരഭങ്ങളും പഞ്ചായത്തിൽ ആരംഭിച്ചതും 1964 1995 കാലയളവിലാണ്. ജലവിതരണത്തിന് പ്രത്യേകപദ്ധതി (കൊട്ടിലം പറമ്പ് ഫിൽട്ടർ പ്ലാൻറ്) സ്ഥാപിച്ചുകൊണ്ട് പഞ്ചായത്തിലെ ശുദ്ധജല ക്ഷാമം നല്ലൊരളവുവരെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കമ്മ്യൂണിറ്റിഹാൾ സാംസ്ക്കാരികനിലയം, പഞ്ചായത്ത് സെക്രട്ടറിയുടെ വാസസ്ഥലം കൃഷ്ണാപുരം ഹെൽത്ത് സെൻറർ പൊതുശ്മശാനം എന്നിവയും ഈ കാലയളവിൽ പൂർത്തിയാക്കിയ സംരഭങ്ങളാണ്. തൃശ്ശൂർ ജില്ലയിലെ ആദ്യമായി 100% നികുതിയും നേരിട്ട് പിരിച്ച പഞ്ചായത്ത് എന്ന ബഹുമതിയും ജില്ലയിലെ ഏറ്റവും നല്ല പഞ്ചായത്ത് എന്ന സ്ഥാനവും നേടിക്കൊടുത്തതും ശ്രീ. ചാക്കുണ്ണി പ്രസിഡണ്ടായിരിക്കുമ്പോഴാണ്.

പുതിയപഞ്ചായത്ത് നിയമത്തിന്റെ അടിസ്ഥാനത്തിൽ 1995 ഒക്ടോബർ 2മുതൽ നിലവിൽവന്ന ഒല്ലൂക്കരഗ്രാമ പഞ്ചായത്തിന്റെ പ്രസിഡണ്ട് ശ്രീ. കെ.എം. കുഞ്ഞുമരക്കാരാണ്.

എ.ഡി. 1740	നമ്പൂതിരിമനകളും അവർണ്ണ ഹിന്ദുക്കളുമടങ്ങുന്ന സാമൂഹ്യക്രമം.
1750 – 84	ക്രിസ്ത്യാനികളുടെയും മുസ്ലിങ്ങളുടെയും വരവ്.
1900 –	സാമൂഹ്യ - പരിഷ്ക്കരണ നവോത്ഥാന പ്രർത്തകർ
1908 –	റവന്യൂസെറ്റിൽമെൻറ് രേഖ.
1930 –	മദ്യവർജ്ജന സമരം
1938 –	കൃഷിത്തോട്ടം സ്ഥാപിച്ചു.
1945 –	ഹിൽപാഡി പദ്ധതി
1947 –	സ്വാതന്ത്ര്യസമരപ്രവർത്തനം
1952 –	സർക്കാർകൃഷിത്തോട്ടത്തിലെ തൊഴിൽ സമരം
1953 –	ജനകീയ പഞ്ചായത്ത് രൂപീകരണം.
1953 – 64	അഡ്വ: പി.ബാലകൃഷ്ണമേനോൻ പഞ്ചായത്ത് പ്രസിഡണ്ട്.
1964(10 മാസം)	വി. മാധവൻ നമ്പൂതിരി പഞ്ചായത്ത് പ്രസിഡണ്ട്.
1964 – 1995	കെ.ആർ. ചാക്കുണ്ണി പഞ്ചായത്ത് പ്രസിഡണ്ട്.
1972 –	നെല്ലങ്കര കർഷക തൊഴിലാളി സമരം
1990 –	91 സാക്ഷരതാ പ്രവർത്തനം
1991 – 92	പഞ്ചായത്ത് ഭൂപട നിർമ്മാണം.
1995 മുതൽ –	കെ. എം. കുഞ്ഞുമരക്കാൻ പഞ്ചായത്ത് പ്രിസിഡണ്ട്.

4.ഭൂപ്രകൃതി-ജനപ്രകൃതി

സമുദ്ര നിരപ്പിൽ നിന്നും 120 മീറ്ററിലേറെ ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഒറ്റപ്പെട്ട മേടുകളും, നിമ്നോന്നത ഭൂപ്രദേശങ്ങളും ഉൾപ്പെടുന്നതാണ് പഞ്ചായത്തിന്റെ കിഴക്ക്, തെക്ക്-കിഴക്ക് ഭാഗങ്ങൾ. വടക്കു-കിഴക്കു ഭാഗത്തു നിന്നും തെക്കു പടിഞ്ഞാറു ദിശയിലേക്ക് വ്യാപിച്ചു കിടക്കുന്ന ഒരു പ്രധാന നീർമറി പ്രദേശവും നിരവധി അപ്രധാന നീർത്തടങ്ങളും ഇവിടെയുണ്ട്. ഇവയെ തുടർന്ന് 20-40 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന പടിഞ്ഞാറൻ ഭാഗവും അതിനപ്പുറമുള്ള 20 മീറ്റർ ഉയരത്തിൽ താഴെയുള്ള സമതല പ്രദേശങ്ങളും ചേർന്നാൽ പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ പകുതിയാക്കും. (ചിത്രം 2,3)

സ്ഥലവിവര മാനദണ്ഡ പ്രകാരം പഞ്ചായത്തിന്റെ ഭൂവിഭവങ്ങൾ ഇടനാട്ടിൽപ്പെടുന്നു. (സമുദ്രനിരപ്പിൽ നിന്നും 7.5 മുതൽ 75 മീറ്റർ വരെ). ഉപരിതലത്തിൽ മക്കിക്കല്ലും, കരമണ്ണും, ആഴമില്ലാത്ത മാറിക്കൊണ്ടിരിക്കുന്ന മണ്ണിനൊപ്പം പുറംതള്ളി നില്ക്കുന്ന പാറക്കെട്ടുകളും, മക്കിക്കല്ലിനൊപ്പം ഇടവിട്ട കടുപ്പമുള്ള ശിഖരങ്ങളും കാണാം. കല്ലുകര മണ്ണും തുടർന്നുള്ള ആഴമില്ലാത്ത മാറുന്ന മണ്ണിനൊപ്പം പുറം തള്ളി നിൽക്കുന്ന പാറക്കെട്ടുകളും അടങ്ങുന്നതാണ് പ്രധാന ഭാഗം. ഗണ്യമായ ഭാഗം ആഴമില്ലാത്ത മാറുന്ന മണ്ണാണ്. നിമ്നോന്നത പ്രദേശം ഇടുങ്ങിയതെങ്കിലും വിശാലമായ താഴ്വരകളും, ഉയർന്ന സമതലങ്ങളും ഒറ്റപ്പെട്ട കുന്നുകളും ഉൾപ്പെടുന്ന ഒന്നാണ്. (ചിത്രം 4,5)

ഉയർന്നും താണും കിടക്കുന്ന പ്രദേശങ്ങൾ കെട്ടിക്കിടക്കുന്ന വെള്ളം വാർന്നുപോകുവാൻ സഹായിക്കുന്നുണ്ടെങ്കിലും ചില പ്രദേശങ്ങളിൽ മണ്ണൊലിപ്പിനുള്ള ഭീഷണിയുണ്ട്. കാർഷിക പരിസ്ഥിതി തരം തിരിവു പ്രകാരം ഒല്ലൂക്കര പഞ്ചായത്ത് മദ്ധ്യമേഖലയിലെ ഉത്തുംഗ-സമതല-അതിവർഷപാത ഉപമേഖലയിൽപ്പെടുന്നു.

മണ്ണ്

96 നവംബർ 30ം തിയ്യതി ഹിൽപാഡി റോഡ് മുതൽ നെല്ലിക്കുന്നു വരെ നടത്തിയ പഠന പര്യടനത്തിൽ ഈ പഞ്ചായത്തിലുള്ള മണ്ണിന്റെ ഒരു ഏകദേശ രൂപം ലഭ്യമായത് താഴെ കൊടുക്കുന്നു.:

1. ഹിൽ പാഡിമുതൽ കണ്ടാത്തു മുക്കു വരെ	: മക്കിക്കല്ല് കലർന്ന കരമണ്ണ്
	: മക്കിക്കല്ല് കൂടിയ അളവിലുള്ള കരമണ്ണ്
	: കല്ല് കര മണ്ണ്
2. കണ്ടാത്തുമുക്കു മുതൽ ജാറം കോളനിവരെ	: ചളി കലർന്നമണൽ മണ്ണ്
	: മക്കിക്കല്ല് കലർന്ന കരമണ്ണ്
	: ചുവന്ന പശിമരാശി കരമണ്ണ്
	: കറുത്ത പശിമരാശി കര മണ്ണ്
3. ജാറം കോളനി മുതൽ പോപ്പ് നഗർ വരെ	: കറുത്ത പശിമരാശി കരമണ്ണ്
	: ചുവപ്പും, കറുപ്പും കലർന്ന പശിമരാശി കരമണ്ണ്
4. പോപ്പ് നഗർ മുതൽ പട്ടാളകുന്ന്വരെ	: ചുവന്ന പശിമരാശി കര മണ്ണ്
5. പട്ടാളകുന്നു മുതൽ കൃഷ്ണാപുരം വരെ	: വയൽ-കളിമൺ-മണൽ മണ്ണ്
	: കര-ചുവന്ന പശിമരാശി കരമണ്ണ്
	: കറുപ്പ് കലർന്ന പശിമരാശി കരമണ്ണ്

ചിത്രം 2

റിലീഫ് മാപ്പ്

MADAKKATHARA PANCHAYAT
TO CHEMBUKAVU
TRICHUR MUNICIPALITY
NH 47
OLLUKKARA
TO TRICHUR
TO MADATHARA
MADATHARA PANCHAYAT
INDEX
> 120
100 - 120
80 - 100
60 - 80
40 - 60
20 - 40
< 20
WATER SHED BOUNDARY
ROAD

ചിത്രം 3

ഭൂമിയുടെ കിടപ്പ്



ചിത്രം 4

മണ്ണ് സമ്പത്ത്



ചിത്രം 5

പരിസ്ഥിതി

VILVATTOM PANCHAYAT
MADAKKATHARA PANCHAYAT
TO PALAKKAD
PANANCHERY PANCHAYAT
FROM THRISSUR
TO MADATHARA
MADATHARA PANCHAYAT
INDEX
RECLAIMED PADDY FIELDS
EROSION PRONE AREAS
CULTIVABLE WASTELANDS
PADDY FIELDS TO BE PRESERVED
QUARRIES
PONDS TO BE DESILTED
WATER AVAILABILITY GOOD
SEASONAL WATER AVAILABILITY
SPRINGS
CANALS

6. കൃഷ്ണാപുരം
   മുതൽ കുറ വരെ : ചതുപ്പുനിലം - ചളിമണ്ണ്
   : ചളിയും മണലും കലർന്ന മണ്ണ്

7. കുറ മുതൽ
   നെല്ലിക്കുന്ന് വരെ : മക്കിക്കല്ല് കലർന്ന കരമണ്ണ്
   : കല്ല് കരമണ്ണ്

കാലാവസ്ഥ

പഞ്ചായത്തിന്റെ സമതല-അതിവർഷ സ്ഥിതി ചെയ്യുന്നത്. കാർഷികമേഖല ഉത്തുംഗ-പാത ഉപമേഖലയിലാണ് താപ വ്യതിയാനം വിളകളെ ബാധിക്കാറില്ല. വിളകളുടെ വളർച്ചയെ നിയന്ത്രിക്കുന്നത് വർഷപാതം തന്നെയാണ്.

വർഷപാതം

130 ൽപരം മഴദിവസങ്ങളിലായി 2800 മില്ലിമീറ്ററിലേറെ വാർഷിക വർഷപാതം ലഭിക്കുന്ന പ്രദേശമാണിത്. ജൂൺ-ഒക്ടോബർ മാസങ്ങളിലാണ് ഇതിലേറെയും ലഭിക്കുന്നത്. ജനുവരി- മാർച്ച് മാസങ്ങളിൽ മഴ നന്നെകുറവായിരിക്കും. ഏപ്രിൽ-മെയ് മാസങ്ങളിൽ ചൂടുള്ള കാലാവസ്ഥയാണ്. ചൂടിലുള്ള വ്യതിയാനം നാമമാത്രമാണ്. ഈർപ്പത്തിന്റെ ശരാശരി തോത് 80 ശതമാനമാണ്. ജൂൺ-ആഗസ്റ്റ് മാസങ്ങളിൽ ഇത് 90 ശതമാനത്തിലേറെയാണ് (പട്ടിക എ) ചിത്രം (6,7).

ജലലഭ്യത

ഒല്ലൂക്കര വില്ലേജിൽ 25ഉം, നെട്ടിശ്ശേരിയിൽ 6ഉം (ആകെ 31) പൊതുകുളങ്ങളുണ്ട്. ഇവയിൽ 25 എണ്ണത്തോളം 10 സെൻറിൽ താഴെ മാത്രം വിസ്തൃതിയുള്ള വകയാണ്. നെട്ടിശ്ശേരി വില്ലേജിൽ കൂടി ഒരു ചെറു പുഴയും ഒഴുകുന്നുണ്ട്. ഇവ കൂടാതെ ഏതാനും കനാലുകളുമുണ്ട്. വീട്ടുവളപ്പുകളിലുള്ള കിണറുകളും ജലസേചനത്തിനായി പ്രയോജനപ്പെടുത്തുന്നുണ്ട്. (പട്ടിക ബി (ചിത്രം 8)

പട്ടിക എ
ശരാശരി മാസ വർഷപാതം
(ഏഴ് വർഷത്തെ ശരാശരി - 1988-94)

മാസം	വർഷപാതം	മഴദിവസങ്ങൾ
ജനുവരി	-	-
ഫെബ്രുവരി	0.82	1
മാർച്ച്	4.64	1
ഏപ്രിൽ	74.50	6
മെയ്	181.24	10
ജൂൺ	764.30	25
ജൂലായ്	817.31	28
ആഗസ്റ്റ്	315.24	23
സെപ്തംബർ	343.97	14
ഒക്ടോബർ	356.76	16
നവംബർ	124.22	7
ഡിസംബർ	3.13	1
ആകെ	2986.13	132

(അവലംബം - സർക്കാർ കൃഷിഫാം, മണ്ണുത്തി)

ചിത്രം 6

വർഷപാതം - മാസക്കണക്ക്



ചിത്രം 7

വർഷപാതം - കാലികം



പട്ടിക ബി

പഞ്ചായത്തിലെ പൊതുകുളങ്ങളും, കിണറുകളും

വില്ലേജ്	പൊതുകുളങ്ങൾ						പൊതു കിണറുകൾ
	10 സെൻറിൽ താഴെ	10-20 സെൻറ്	20-30 സെൻറ്	30-40 സെൻറ്	40-50 സെൻറ്	50 സെൻറിന് മുകളിൽ	
ഒല്ലൂക്കര	20	2	2			1	25
നെട്ടിശ്ശേരി	5	1					6
ആകെ	25	3	2			1	31

ചിത്രം 8

ജലലഭ്യത


VILVATTOM PANCHAYAT
NADAKKATHARA PANCHAYAT
TRICHUR MUNICIPALITY
NADATHARA PANCHAYAT
INDEX

ഭൂവിനിയോഗം

നിലവിലുള്ള ഭൂവിനിയോഗ രീതി താഴെ കാണും പ്രകാരമാണ്.

1. മൊത്തം കൃഷിയിടം : 1118 ഹെക്ടർ (54.7%)
2. കൃഷിക്കുപയുക്ത മാക്കാവുന്ന പാഴ്നിലം : 300.40 ഹെക്റ്റാർ (14.7%)
3. വനഭൂമി : 293.54 ഹെക്റ്റാർ (14.4%)
4. തരിശുഭൂമി : 57.31 ഹെക്റ്റാർ (2.8 %)
5. കാർഷികേതര ഭൂമി : 242.00 ഹെക്റ്റാർ (11.8%)
6. വന്ധ്യമായ പ്രദേശം : 34.06 ഹെക്റ്റാർ (1.7%)

മുഖ്യവിളകൾ

പഞ്ചായത്തിൽ കൃഷി ചെയ്തു വരുന്ന മുഖ്യവിളകൾ നെല്ല്, തെങ്ങ്, റബ്ബർ, വാഴ, കവുങ്ങ്, കുരുമുളക് മുതലായവയാണ്. വീട്ടുവളപ്പുകളിൽ ഇടവിള കൃഷിയുണ്ട്. പാടങ്ങളിൽ വളരെ കുറച്ച് സ്ഥലത്ത് ഹ്രസ്വകാല വിളകളായ ധാന്യങ്ങൾ, എള്ള്, പച്ചക്കറി മുതലായവ കൃഷി ചെയ്യുന്നുണ്ട്. തെങ്ങിനോടൊപ്പം പറമ്പുകളിൽ വാഴ, മരച്ചീനി, കുരുമുളക്, പച്ചക്കറി, കമുക് എന്നിവയും കൃഷി ചെയ്യുന്നു. പ്രധാന വിളകളുടെ വിസ്തൃതി പട്ടിക 3.10 ൽ കൊടുത്തിരിക്കുന്നു.

ജൈവസമ്പത്ത്

ഒല്ലൂക്കര പഞ്ചായത്തിൽ 293.54 ഹെക്റ്റർ (14.4%) വനഭൂമിയുണ്ട്. സാമൂഹ്യവനവല്ക്കരണത്തിന്റെ ഭാഗമായി 0.2 ഹെക്റ്റർ സ്ഥലത്തും 7.35 കി.മീറ്റർ നീളത്തിലും അക്കേഷിയ ചെടികൾ വനം വകുപ്പു നട്ടു പിടിപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഒല്ലൂക്കര ബ്ളോക്ക് പരിസരത്ത്- 0.10 ഹെക്ടർ

കാർഷിക സർവ്വകലാശാല കാമ്പസ്സിൽ - 0.10 ഹെക്ടർ

മണ്ണുത്തി- വാണിയം പാറ റോഡരുകിൽ - 2.09 കി.മീ. നീളം

വാണിയംപാറ- വഴുക്കും പാറ റോഡരുകിൽ - 5.2 കി.മീറ്റർ

പ്രാദേശികമായ ജൈവസമ്പത്തിന്റെ അവസ്ഥ തിട്ടപ്പെടുത്തണമെങ്കിൽ വിശദമായ പഠനം ആവശ്യമാണ്. ഇതിലൂടെ മാത്രമെ അപൂർവ്വ സസ്യങ്ങൾ, പക്ഷിമൃഗാദികൾ എന്നിവയെക്കുറിച്ചുള്ള അറിവ് രേഖപ്പെടുത്തുന്നതിനും നാശോന്മുഖമായവയെ തിരിച്ചറിയുന്നതിനും കഴിയൂ.

പഞ്ചായത്തിന്റെ തെക്ക്-കിഴക്കൻ മേഖലകൾ ഒരു കാലത്ത് നിബിഡ വനമായിരുന്നു. ഭൂവിനിയോഗ രീതിയിൽ വന്ന മാറ്റങ്ങൾ ഈ പ്രദേശത്ത് കണ്ടു വന്നിരുന്ന വന്യമൃഗങ്ങളുടെയും, പക്ഷി സമ്പത്തിന്റെയും നാശത്തിന് കാരണമായിട്ടുണ്ട്.

മയിൽ, തത്ത മുതലായവ ഇന്ന് ഏറെ കുറെ അപ്രത്യക്ഷമായിരിക്കുന്നു.

ചിത്രം9

ഭൂ ഉപയോഗം മാനം



പട്ടിക സി

പഞ്ചായത്തിലെ തടാകം, കനാലുകൾ, പുഴകൾ

വില്ലേജ്	വിവരണം	ആകെ നീളം (മീറ്റർ)	സംരക്ഷിച്ച നീളം (മീറ്റർ)
ഒല്ലൂക്കര	കനാലുകൾ	21.2754	21.2754
	തടാകം	0.8498	0.8498
നെട്ടിശ്ശേരി	പുഴ	6.4669	6.4669
	കനാലുകൾ	8.0275	8.0275
	ചെറുകനാലുകൾ	1.1128	1.1128
	ആകെ	37.7324	37.7324

ചിത്രം 10

പ്രധാന വിളകളുടെ വിസ്തൃതി

1985-86



1995-86



AREA IN HECTARES

Series 1- Rice (433)
Series 2 - Pulses (45)
Series 3 - Arecanut (12)
Series 4 - Pepper (33)
Series 5 - Coconut (305)
Series 6 - Rubber (10)
Series 7 - Tapioca (20)
Series 8 - Sessamum (78)
Series 9 - Banana (30)
Series 10 - Veg (20)
Series 11 - Others (12)

Series 1- Coconut (530)
Series 2 - Pulses (20)
Series 3 - Sessamum (5)
Series 4 - Rice (344)
Series 5 - Others (30)
Series 6 - Arecanut (58)
Series 7 - Pepper (32)
Series 8 - Rubber (60)
Series 9 - Tapioca (20)
Series 10 - Banana (40)
Series 11 - Veg (12)

പട്ടിക ഡി

പ്രധാന വിളകളുടെ വിസ്തൃതി

വിള	1985-86		1995-96	
	വിസ്തൃതി (ഹെക്റ്റാർ)	വ്യാപനം (%)	വിസ്തൃതി (ഹെക്റ്റാർ)	വ്യാപനം %
1 നെല്ല്	433	43.39	344	30.69
2. ധാന്യങ്ങൾ	45	4.52	20	1.78
3. എള്ള്	78	7.82	5	0.45
4. പച്ചക്കറികൾ	20	2.00	12	1.07
5. തെങ്ങ്	305	30.56	530	47.28
6. വാഴ	30	3.01	40	3.57
7. മരച്ചീനി	20	2.00	20	1.78
8. കുരുമുളക്	33	3.30	32	2.85
9 റബ്ബർ	10	1.00	60	5.35
10 കവുങ്ങ്	12	1.20	58	5.18
ആകെ	998	100.00	1121.00	100.00

(അവലംബം : കൃഷിവേൻ, മണ്ണുത്തി)

ജനപ്രകൃതി

പഞ്ചായത്തിന്റെ ആകെ ജനസംഖ്യ 39450 ആകുന്നു. (1991ലെ സെൻസസ്) ഇത് തൃശൂർ ജില്ലയുടെ മൊത്തം ജനസംഖ്യയുടെ 1.44 ശതമാനം വരും. സ്ത്രീകൾ 50.86 ശതമാനമാണ്. സാക്ഷരതാ നിലവാരം 82.11 ശതമാനവും, പട്ടിക ജാതിക്കാർ 6.46 ശതമാനവുമുള്ളപ്പോൾ ആകെയുള്ള പട്ടിക വർഗ്ഗക്കാരുടെ എണ്ണം കേവലം 5 മാത്രമാണ് (പട്ടിക ഇ)

വിവിധ മേഖലകളിലായി തൊഴിൽ ചെയ്യുന്നവരുടെ എണ്ണം 5666 ആണ്. 4019 പേർ കർഷകരാണ്. ഇതിൽ 20% പേർ സ്ത്രീകളാണ് . തൊഴിൽ മേഖലയിൽ പൊതുവെ സ്ത്രീപങ്കാളിത്തം കുറവാണ്. സ്ത്രീ - പുരുഷ തൊഴിൽ അനുപാതം 12.5: 100 ആകുന്നു. വനിതകളിൽ 17567 പേർ തൊഴിലില്ലാത്തവരാണ്. പഞ്ചായത്തിൽ ബിരുദം നേടിയ 2000 പേരും, ബിരുദാനന്തര ബിരുദമുള്ള 200 പേരും ഡോക്ടറേറ്റ് നേടിയ 75 പേരും ഉണ്ട്.

പട്ടിക ഇ

ഒല്ലൂക്കര പഞ്ചായത്ത് ജനസംഖ്യ- 1991

പഞ്ചായത്ത്	വിസ്തീർണ്ണം (സ്ക്വയർ കിലോമീറ്റർ)	താമസയോഗ്യമായ വീടുകളുടെ എണ്ണം	കുടുംബങ്ങളുടെ എണ്ണം	ആകെ ജനസംഖ്യ (സ്ഥാപനം, വീട് ഇല്ലാത്തവർ ഉൾപ്പെടെ)			ആകെ ജനസംഖ്യ (0 മുതൽ 6 വയസ്സിനിടയിൽ)			പട്ടിക ജാതി		പട്ടിക വർഗ്ഗം		സാക്ഷരർ	
				ആണ്	പെണ്	മൊത്തം	ആണ്	പെണ്	മൊത്തം	ആണ്	പെണ്	ആണ്	പെണ്	ആണ്	പെണ്
ഒല്ലൂക്കര	17.57	7507	7539	19386	20064	39450	2446	2489	4035	1219	1323	1	4	16356	16038

അവലംബം - സ്ഥിതിവിവരക്കണക്ക്, സെൻസസ് 1991

5.1 കൃഷിയും ജലസേചനവും



ഉള്ളടക്കം

- മുഖവുര 45
- മണ്ണിന്റെ ഫലഭൂയിഷ്ഠത 45
- മണ്ണ് സംരക്ഷണം 46
- രാസവള ഉപഭോഗം 47
- കാലാവസ്ഥ 47
- ജലസേചനം 47
- ഭൂവിനിയോഗം 49
- ഭൂമിയുടെ കൈവശാധീന രീതി 49
- കാര്യക്ഷമമായ കൈവശ ഭൂമി 49
- പ്രധാന ഉല്പാദന വിളകൾ 52
- കാർഷിക രീതികളും പിൻതുടർച്ചകളും 53
- വിളകളുടെ ഉൽപാദനക്ഷമത 55
- ജൈവ വൈവിദ്ധ്യം 56
- തൊഴിലാളികളുടെ വേതന നിലവാരം 56
- പട്ടികജാതി കോളനികൾ 56
- സഹകരണ കൃഷിസമിതികൾ 58
- പ്രമുഖ ബാങ്കുകൾ 58
- നഴ്സറികൾ 58
- വിപണനം 58
- കൃഷിവകുപ്പ് പദ്ധതികളുടെ അവലോകനം 60
- പ്രശ്നങ്ങളും, ഗ്രാമസഭകളുടെ നിർദ്ദേശങ്ങളും 63
- സംഗ്രഹം 67
- അനുമാനങ്ങൾ 70

5 കൃഷിയും ജലസേചനവും

മുഖവുര

കാർഷികാഭിമുഖ്യമുള്ള ഒരു ചരിത്ര പശ്ചാത്തലമാണ് ഒല്ലൂക്കര പഞ്ചായത്തിനുള്ളത്. മുല്ലക്കര കുന്ന് മുതൽ പട്ടാളകുന്ന് വരെയുള്ള ഉയർന്ന പ്രദേശങ്ങൾ ഏകദേശം അരനൂറ്റാണ്ടു മുമ്പ് വരെ നിബിഡവനങ്ങളായിരുന്നു. ഈ പ്രദേശത്ത് കുടിയേറ്റം ആരംഭിക്കുന്നത് 1945ന് ശേഷമാണ്.

രണ്ടാം ലോകമഹായുദ്ധം വിതച്ച കെടുതികളെ നേരിടുവാനായി ഭക്ഷ്യോല്പാദന പദ്ധതികൾ ആവിഷ്ക്കരിച്ച കാലഘട്ടമായിരുന്നു 1940-50. വനം വെട്ടിത്തെളിയിച്ചുകൊണ്ട് കുന്നിൻ മുകളിൽ നെൽകൃഷി ചെയ്യാനാരംഭിച്ചതിന്റെ പശ്ചാത്തലമിതാണ്. മലയോര നെല്ലുല്പാദന പദ്ധതിക്ക് (Hill paddy Programme) നമ്മുടെ പഞ്ചായത്തിൽ തുടക്കമിട്ടത് ഇന്ന് ഹിൽ പാഡി എന്നറിയപ്പെടുന്ന തെക്ക് കിഴക്കൻ മലയോരപ്രദേശത്താണ്. മുളയം റോഡ് നിർമ്മാണത്തോടു കൂടി യാണ് കാട് വെട്ടി കപ്പ കൃഷി (ടോംഗിയ കൃഷി) യാരംഭിച്ചത്.

തുടർന്ന് മൂടവിത (കുന്നിൻ പ്രദേശങ്ങളിലെ നെൽകൃഷി സമ്പ്രദായം) നെൽകൃഷി ആരംഭിച്ചു. ഭൂവിനിയോഗ രീതിയിൽ കാലക്രമേണ മാറ്റങ്ങൾ വരികയും കുരുമുളക്, കശുമാവ്, തെങ്ങ്, കമുക് തുടങ്ങിയ മിശ്രവിള കൃഷി രീതിയിലൂടെ ഇപ്പോൾ റബ്ബർ കൃഷിയിൽ എത്തി നില്ക്കുന്നു.

ഒല്ലൂക്കര പഞ്ചായത്തിലെ ഭൂവുടമസ്ഥത മുഖ്യമായും 6 മനകളെ കേന്ദ്രീകരിച്ചായിരുന്നു. വെള്ളാനി മന, പേരാറ്റുമന, എളങ്ങല്ലൂർ മന, പെരുമ്പടപ്പു മന, പടിഞ്ഞാറേത്തടം മന, കൈലാത്ത് മന എന്നീ മനക്കാരുടെ കീഴിലായിരുന്നു ഭൂമിയിലേറിയ പങ്കും. ജന്മികളുടെ കീഴിൽ കുടിയാന്മ സമ്പ്രദായം നിലവിലുണ്ടായിരുന്നു. കൂടാതെ നെട്ടിശ്ശേരി, കുട്ടനെല്ലൂർ എന്നീ ദേവസ്വങ്ങൾക്കും ഭൂമിയുണ്ടായിരുന്നു. ഇവർ പാട്ടത്തിന് നല്കിയ ഒട്ടേറെ കുടുംബങ്ങൾ ഇവിടെയുണ്ട്. ഒരു പറ സ്ഥലത്തിന് (12 സെൻറ്) 4 പറ നെല്ലായിരുന്നു പാട്ടം. ഈ കാലഘട്ടത്തിൽ വിരിപ്പും മുണ്ടകനും പുറമെ പനഞ്ചകത്ത് ചിറ കേന്ദ്രീകരിച്ചു 98 ഏക്കർ സ്ഥലത്ത് പുഞ്ചകൃഷിയും നടത്തിയിരുന്നു. പറമ്പുകളിൽ തെങ്ങ്, കമുക്, പ്ലാവ് മുതലായവ കൃഷി ചെയ്തിരുന്നു.

1970-71 കാലത്ത് 1261 കുടി കിടപ്പുകാരാണ് പഞ്ചായത്തിലുണ്ടായിരുന്നത്. 10 വർഷത്തിനുള്ളിൽ ഇവരുടെ സംഖ്യ 1957 ആയും തുടർന്ന് 1995 ആയപ്പോഴേക്കും 11955 ആയി വർദ്ധിക്കുകയും ചെയ്തു. ഈ കാലഘട്ടത്തിൽ കൈവശഭൂമിയുടെ വ്യാപ്തി 1.43 ഹെക്ടറിൽ നിന്നും 15 സെൻറിലേക്ക് ചുരുങ്ങുകയുണ്ടായി. കൃഷിഭൂമിയുടെ വ്യാപകമായ തുണ്ടവല്ക്കരണമാണ് ഈ കാലയളവിൽ ഉണ്ടായത്.

മണ്ണിന്റെ ഫലഭൂയിഷ്ഠത

മക്കിക്കല്ലോടു കൂടിയ മണ്ണിൽ പൊതുവെ നൈട്രജൻ, ഭാവഹം, പൊട്ടാഷ് എന്നിവ കുറഞ്ഞ അളവിലേ യുള്ളൂ. ജൈവാംശവും കുറവു തന്നെ. ഇത് പൊതുവെ അമ്ല മണ്ണാണ്. മണ്ണ് പൊതുവെ ജലനിർഗ്ഗമനശേഷിയുള്ളതും ആധുനിക കൃഷി മുറകളോട് പ്രതികരിക്കുന്നതുമായ സ്വഭാവത്തോടുകൂടിയതാണ്.

പഞ്ചായത്തിലെ രണ്ടു വില്ലേജുകളിലെ മണ്ണ് പരിശോധനാ കണക്കുകൾ പട്ടിക (എഫ്)ൽ കൊടുത്തിരിക്കുന്നു.

ശക്തമായ അമ്ല മണ്ണ് മുതൽ ഇടത്തരം അമ്ല സ്വഭാവ മുള്ള മണ്ണ് വരെ ഇവിടെ കാണപ്പെടുന്നു. ഒല്ലൂക്കര വില്ലേജിലെ മണ്ണിൽ നൈട്രജന്റെ അളവ് കുറവാണ്. എന്നാൽ നെട്ടിശ്ശേരിയിൽ സാമാന്യം ഇടത്തരം സ്ഥിതിയാണുള്ളത്. ഭാവഹത്തിന്റെ അംശം പൊതുവെ കൂടുതലാണ്. ക്ഷാരത്തിന്റെ അളവ് ഏറ്റകുറച്ചിലോടെ വ്യത്യാസപ്പെട്ടിരിക്കുന്നു. ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നത് രാസവള പ്രയോഗ ശുപാർശ ഓരോ വ്യക്തിഗത ഭൂമിയിലേയും മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലായിരിക്കണമെന്നാണ്.

പട്ടിക (എഫ്)
മണ്ണ് പരിശോധന കണക്ക്

വില്ലേജ്	മണ്ണിന്റെ തരം	പി.എച്ച്. (അമ്ല-ക്ഷാര നില)	നൈട്രജൻ (%)	ഭാവഹം (കി.ഗ്രാം/ ഹെക്ടർ)	പൊട്ടാഷ് (കി.ഗ്രാം/ ഹെക്ടർ)
ഒല്ലൂക്കര	നെല്ല്, മണ്ണ്	6.1	0.02	>36	293
	തെങ്ങ്, വാഴ, മണ്ണ്	5.7	0.03	>35	258
നെട്ടിശ്ശേരി	നെല്ല്, മണ്ണ്	5.1	0.07	25	179.5
	തെങ്ങ്, വാഴ,മണ്ണ്	6.0	0.17	33	263

അവലംബം- കൃഷിഭവൻ, ഒല്ലൂക്കര

മണ്ണ് സംരക്ഷണം

ഈ പഞ്ചായത്തിൽ മണ്ണ് സംരക്ഷണ യജ്ഞം 1964 മുതൽ ആരംഭിച്ചിട്ടുണ്ട്. കുന്നുകളുടെ ചുറ്റുമുള്ള ഭാഗങ്ങളിൽ കേരളസർക്കാർ കൃഷി വകുപ്പ് മണ്ണ് സംരക്ഷണ വിഭാഗം വഴിയായി കട്ടുകല്ലുകൾ ഉപയോഗിച്ച് കല്ല് കയ്യാലകൾ അഥവാ തിട്ടകൾ (Stone pitched contour bunds) നിർമ്മിച്ചിട്ടുണ്ട്. ഇതിന് വന്ന ചിലവ് തുകയിലേക്ക് ഓരോ കർഷകനും 75 ശതമാനം വരുന്ന സംഖ്യ 15 ഗഡുക്കളായി ലോണായി അടച്ച് തീർത്തിട്ടും ഉണ്ട്. പ്രധാനമായും മൂന്നു പദ്ധതികളാണ് ഏറ്റെടുത്തിരുന്നത്. (പട്ടിക 3.2 (b)). ആയതിൽ രണ്ടെണ്ണം (മുടിക്കോട് പദ്ധതിയും, പാട്ടാളക്കുന്ന് പദ്ധതിയും) പൂർത്തീകരിച്ചിട്ടുണ്ട്. മുല്ലക്കര ജാറം കോളനി പദ്ധതി 8.3.96ൽ തുടങ്ങിയത് പൂർത്തീകരിച്ചിട്ടില്ല. തീർത്ത പദ്ധതികൾ മൂലം 287 പേർക്ക് പ്രയോജനം സിദ്ധിച്ചിട്ടുണ്ട്.

ആദ്യകാലത്ത് പണിത തിട്ടകൾ ഇടയ്ക്കിടെ പൊളിഞ്ഞ് കിടക്കുന്നത് മൂലം, മണ്ണൊലിപ്പ് സംഭവിക്കുന്നതായി 3.11.96ാം തിയതി നടത്തിയ പഠന യാത്രയിൽ നിന്നും മനസ്സിലായി. ഇവ നന്നാക്കാൻ വേണ്ട ധനസഹായം ഓരോ കർഷകനും ലഭ്യമാക്കേണ്ടതാണ്. കൂടാതെ പഠനയാത്രയിൽ നിന്നും ലഭിച്ച അറിവ് കണക്കിലെടുത്ത് താഴെ കൊടുത്ത കാര്യങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.

1. വർഷകാലത്ത് മലവെള്ളം കുത്തി ഒഴുകുന്ന

പട്ടിക ജി.
മണ്ണ് സംരക്ഷണ പദ്ധതികൾ

പദ്ധതി വിവരം	പദ്ധതി പ്രദേശ വിസ്തീർണ്ണം	അടങ്കൽ തുക (ക)	മൊത്തം ഗുണഭോക്താക്കൾ	പദ്ധതി നടത്തിയ തിയതി	സംരക്ഷിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടർ)	പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം	ചിലവായ തുക (ക)	മറ്റ് കാര്യങ്ങൾ
മുടിക്കോട്	387.62	3,85,000	242	10.7.68 to 2.3.71	387.62	242	2,64,791	-
പട്ടാളക്കുന്ന് പട്ടികജാതി കോളനി	3.02	6,700	35	10.12.76 to 7.3.77	2.90	35	4,917	-
മുല്ലക്കര ജാറം കോളനി	3.06 32.00	1,55,000	10 -	8.3.96	-	-	-	പണി പൂർത്തിയായിട്ടില്ല

(അവലംബം- പഞ്ചായത്ത് കണക്ക്)

നീർച്ചാലുകൾക്ക് കുറുകെ കല്ല് കെട്ടി (Gully Plugging) സംരക്ഷിക്കണം.

2. കല്ല് ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ മണ്ണ് കൊണ്ടുള്ള മാട്ടങ്ങളും Conter trench കളും (കോണ്ടൂർ കിടങ്ങുകൾ) നിർമ്മിക്കണം. അഞ്ച് മുതൽ 10 അടി അകലത്തിൽ $1^1/_2$ അടി നീളവും, വീതിയും ആഴവും ഉള്ള കുഴികൾ നിർമ്മിച്ച് മണ്ണാലിപ്പ് തടഞ്ഞ് ജലസ്രോതസ്സ് ഉണ്ടാക്കണം.

3. മുല്ലക്കര പോപ്പ് നഗറിലെ തെങ്ങിൻ തോപ്പുകളിലെ കോണ്ടൂർ ബണ്ടുകൾ തീറ്റപ്പുല്ല് കൃഷിക്ക് അനുയോജ്യമാണ്.

4. പണിത തിട്ടകൾ വെള്ളം മൂലം പൊട്ടി പോകാതിരിക്കാൻ ബണ്ടിന് മുകളിൽ രാമച്ചം വെച്ച് പിടിപ്പിക്കുന്നത് നന്നായിരിക്കും.

രാസവള ഉപഭോഗം

കർഷകർ ക്രമമായ രാസവള പ്രയോഗം നടത്താത്തത് കാരണം കൃഷിയുടെ അടിസ്ഥാനത്തിലുള്ള രാസവള ഉപഭോഗത്തിന്റെ വിവരങ്ങൾ ശേഖരിക്കുക ബുദ്ധിമുട്ടാണ്. അത്കൊണ്ടു തന്നെ രാസവള ഉപഭോഗതോത് കിട്ടണമെങ്കിൽ പഞ്ചായത്തിലുള്ള രണ്ട് രാസവള ഏജൻസികൾ വഴി വിറ്റഴിച്ച വളങ്ങളുടെ അളവിലൂടെയെ കഴിയൂ. (പട്ടിക. 3.3). പഞ്ചായത്തിലെ രാസവള ഉപഭോഗം സംസ്ഥാനതല രാസവള ഉപഭോഗ ശരാശരിയേക്കാൾ (49.38 കി.ഗ്രാം/ഹെക്ടർ) കൂടുതലാണ്. 1993-94 വർഷത്തിൽ പഞ്ചായത്തിലെ ഉപഭോഗം ഹെക്ടറിന് 134.56 കി.ഗ്രാം. ആയിരുന്നു. ഇത് 1994-95ൽ ഹെക്ടറിന് 103.17 കി.ഗ്രാം. ആയും 1995-96 ൽ ഹെക്ടറിന് 55.55 കി.ഗ്രാം ആയും കുറഞ്ഞു. തോട്ടവിള സംരക്ഷണത്തിൽ ചെറുകിട കർഷകർ കാണിക്കുന്ന ശുഷ്കാന്തി ഇല്ലായ്മ, രാസവളത്തിന്റെ അമിതമായ വിലക്കയറ്റം, നെല്ല് കൃഷിയിൽ കൃഷിക്കാർ കാട്ടിയ താല്പര്യക്കുറവ് തുടങ്ങിയ കാര്യങ്ങൾ രാസവള ഉപഭോഗത്തിൽ ഇടിവ് സംഭവിച്ചതിന്ന് കാരണങ്ങളാണ്. ഭൂമിയുടെ തുണ്ടവൽക്കരണവും മറ്റൊരു കാരണമാണ്.

കാലാവസ്ഥ

ഉത്തുംഗ- സമതല-അതിവർഷപാത ഉപമേഖലയിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്തിലെ വിളകളെ മുഖ്യമായും സ്വാധീനിക്കുന്നത് വർഷപാതമാണ്. 2900 മില്ലിമീറ്റർ മഴ ഇവിടെ ലഭിക്കുന്നുണ്ട്. ശരാശരി മാസ വർഷപാതം പട്ടിക എയിൽ ചേർത്തിരിക്കുന്നു.[*ഭൂപ്രകൃതി-ജനപ്രകൃതി:* പേജ് (34)] ആർദ്രത ഏറ്റവും കൂടുതലനുഭവപ്പെടുന്നത് ജൂൺ-ആഗസ്റ്റ് മാസങ്ങളിലാണ്.

ജലസേചനം

ആകെ 31 കുളങ്ങളുണ്ട്. പഞ്ചായത്തിൽ (പൊതുകുളം). നെട്ടിശ്ശേരി വില്ലേജിലൂടെ ഒരു ചെറുപുഴ ഒഴുകുന്നുണ്ട്. കൂടാതെ ഏതാനും കനാലുകളുമുണ്ട്. പഞ്ചായത്തിലെ പൊതുകുളങ്ങൾ, കിണറുകൾ ഇവ പട്ടിക ബിയിലും തടാകം, കനാലുകൾ, പുഴകൾ എന്നിവ പട്ടിക സിലും ചേർത്തിരിക്കുന്നു.

വരൾച്ചാ കാലങ്ങളിൽ അനുബന്ധ ജലസേചനത്തിന് സൗകര്യങ്ങൾ ലഭ്യമാണെങ്കിലും ഒന്നാംവിള ഇപ്പോഴും മഴയെ ആശ്രയിച്ചാണിരിക്കുന്നത്. തുടർന്നും മഴ തന്നെയാണ് ആശ്രയം. കാലവർഷത്തോടെ മിക്കവാറും സ്ഥലത്ത് വെള്ളം കെട്ടിനില്ക്കുന്നത് യഥാസമയത്ത് അടിസ്ഥാന രാസവള / ജൈവവള പ്രയോഗങ്ങൾ മുടങ്ങുന്നതിന് കാരണമാകുന്നു. മാത്രമല്ല ജലസേചനം ആവശ്യമായ നെല്ലിന്റെ മൂന്നാംവിള (പുഞ്ച) കൃഷി തുച്ഛമായ 10 ഹെക്ടറിൽ ഒതുങ്ങി നില്ക്കുന്നു.

ധാന്യങ്ങളും, പച്ചക്കറികളും വളരെ കുറച്ച് സ്ഥലത്ത് മാത്രമെ കൃഷി ചെയ്യുന്നുള്ളൂ. തോട്ടവിളകളിൽ നിയന്ത്രിതമായി ജലസേചനം നടത്തു

പട്ടിക എച്ച്

രാസവളത്തിന്റെ വില്പന സ്ഥിതി വിവരം (മെട്രിക്ക് ടണ്ണിൽ)

ഏജൻസി	1993-94	1994-95	1995-96
1. ഒല്ലൂക്കര സർവ്വീസ് ബാങ്ക് മണ്ണുത്തി	44.5	54	30
2. കാവുങ്കൽ ഏജൻസീസ്,	142.0	89	47
ആകെ	186.5	143	77
ശരാശരി ഉപഭോഗം/ഹെക്ടാർ	13456 കി.ഗ്രാം	103.17 കി.ഗ്രാം	55.55 കി.ഗ്രാം

പട്ടിക. ഐ

ആകെ കൃഷി ചെയ്യുന്ന പ്രദേശവും, ജലസേചനം നടത്തുന്ന പ്രദേശവും

വിളകൾ	ജലസേചനം നടത്തുന്നത് (ഹെക്ടർ)	വ്യാപ്തിയും, ശതമാനക്കണക്കിൽ ജലസേചനം നടത്തുന്നത്			ആകെ പ്രദേശം (ഹെക്ടർ)
		ശതമാനം	ജലസേചനം നൽകാത്തത് (ഹെക്ടർ)	ശതമാനം	
നെല്ല്, വിരിപ്പ്, അത്യുല്പാദനയിനം	-	-	282	-	-
നാടൻ ഇനം	-	-	5	-	-
ആകെ	-	-	287	100	287
നെല്ല്, മുണ്ടകൻ, അത്യുല്പാദനയിനം	22				
നാടൻ ഇനം	290				
ആകെ	312	100			312
പുഞ്ച- അത്യുല്പാദനയിനം	10	100			10
മൊത്തം- നെല്ല്	322	52.88	287	47.12	609
തെങ്ങ്	330	63	200	37	530
കവുങ്ങ്	58	100	-	-	58
കുരുമുളക്	17	53	15	47	32
വാഴ	36	95	4	5	40
മരച്ചീനി		30	100	30	
റബ്ബർ			60	100	60
ആകെ മൊത്തം	763	56.14	596	43.86	1359

(അവലംബം-കൃഷിഭവൻ, മണ്ണുത്തി)

ന്നുണ്ട്. ആകെ കൃഷി ചെയ്യുന്നതിൽ 56.14 ശതമാനം സ്ഥലത്തു മാത്രമെ ജലസേചനം നടത്തുന്നുള്ളൂ. (പട്ടിക ഐ, ചിത്രം 11) മുൻഗണന അർഹിക്കുന്ന മേഖല ആയതിനാൽ നിലവിലുള്ള സൌകര്യങ്ങൾ മെച്ചപ്പെടുത്തുകയും, വിപുലീകരിക്കുകയും ചെയ്യേണ്ടതുണ്ട്.

ചിത്രം 11

വിള വ്യാപ്തി - ജലസേചനത്തിലും, അല്ലാതെയും



ഭൂവിനിയോഗം

ഭൂവിനിയോഗ രീതി താഴെ കാണിച്ചിരിക്കുന്നു:

1.	മൊത്തം കൃഷിയിടം	- 1118 ഹെക്ടാർ (54.7%)
2.	കൃഷിക്ക് ഉപയുക്തമാക്കാവുന്ന പാഴ്നിലം	- 300.40 ഹെക്ടാർ (14.7%)
3.	വനഭൂമി	- 293.54 ഹെക്ടാർ (14.4%)
4.	തരിശുഭൂമി	- 57.31 ഹെക്ടാർ (2.8%)
5.	കാർഷികേതര ഭൂമി	- 242.00 ഹെക്ടാർ (11.8%)
6.	വന്ധ്യപ്രദേശം	- 34.06 ഹെക്ടാർ (1.7%)

1985-86 കാല അളവിൽ മൊത്തം കൃഷി ചെയ്തിരുന്ന 888 ഹെക്ടർ സ്ഥലം എന്നത് 1995-96 ആയപ്പോഴേയ്ക്കും 1118 ഹെക്ടറായി വർദ്ധിച്ചു. വർദ്ധനവ് 27.5% ശതമാനം. ഇത് പ്രധാനമായും ഭൂമിയുടെ തുണ്ടവൽക്കരണം മൂലമാണ്. കൃഷിക്ക് ഉപയുക്തമാക്കാത്ത സ്ഥലത്തിന്റെ വിസ്തീർണ്ണത്തിലും വർദ്ധിക്കുകയാണ് ചെയ്തത്. ഇപ്പോഴുള്ള ഭൂഉപഭോഗരീതി ചിത്രം 9 ൽ കാണുക. [*ഭൂപ്രകൃതി-ജനപ്രകൃതി* പേജ് (37)]

ഭൂമിയുടെ കൈവശാധീന രീതി

ജന്മിത്തം അവസാനിപ്പിച്ച് കുടിയാന് അവകാശം നൽകുന്ന ഭൂപരിഷ്ക്കരണ നിയമം 1969ൽ നിലവിൽ വന്നു. രണ്ട് വില്ലേജുകളിലേയും കുടിയാണ്മയെ സംബന്ധിച്ച വിവരങ്ങൾ പട്ടിക. ജെയിൽ ചേർത്തിരിക്കുന്നു.

ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കിയ അവസരത്തിൽ പഞ്ചായത്തിൽ 1261 കുടികിടപ്പുകാരാണ് ഉണ്ടായിരുന്നത്. ഓരോ കുടിയാന്മാർക്കും 1.43 ഹെക്ടർ സ്ഥലവും. ജനസംഖ്യാവർദ്ധനവ്, സ്ഥാപന വൽക്കരണം, ഗൾഫ് പണം എന്നിവയുടെ സ്വാധീനത്തിൽ കുടികിടപ്പുകാരുടെ എണ്ണം 1957 ആയി 1980-81ാം ആണ്ടിൽ വർദ്ധിച്ചു. കൈവശ ഭൂമിയുടെ വ്യാപ്തിയും 0.92 ഹെക്ടറായി ചുരുങ്ങി. വിദേശ ഇന്ത്യക്കാരും, ക്രയശേഷി വർദ്ധിച്ച ജീവനക്കാരും, ജനസംഖ്യാ വർദ്ധനയും പാർപ്പിട നിർമ്മാണ രംഗം ത്വരിതപ്പെടുത്തിയതിനാൽ 1980-81 മുതൽ 1994-95 വരെയുള്ള കാലയളവിൽ കൃഷിഭൂമിയുടെ വ്യാപകമായ തുണ്ടവൽക്കരണം സംഭവിച്ചു. ഈ പ്രതിഭാസം പഞ്ചായത്തിലെ പാർപ്പിടങ്ങളുടെ എണ്ണം 11,955 ആയി വർദ്ധിക്കുന്നതിനും, കുടികിടപ്പുകാരുടെ കൈവശഭൂമി 0.15 ഹെക്ടറിലേയ്ക്ക് ചുരുങ്ങുന്നതിനും ഇടയാക്കി. ഈ പ്രക്രിയ പഞ്ചായത്തിലെ രണ്ട് വീല്ലേജുകളിൽ ഒല്ലൂക്കരയെയാണ് കൂടുതലായും ബാധിച്ചത് (ചിത്രം 12)

കാര്യക്ഷമമായ കൈവശഭൂമി

1995 കാലയളവിലെ പ്രവർത്തനക്ഷമമായ കൈവശ ഭൂമിയുടെ എണ്ണവും ശതമാനവും പട്ടികയിലും, ചിത്രങ്ങൾ 12,13, 14 ലും കാണാം.

പട്ടിക ജെ.

കുടിയാണ്മ വിവരങ്ങൾ

വർഷം	നെട്ടിശ്ശേരി			ഒല്ലൂക്കര			പഞ്ചായത്തിൽ ആകെ		
	എണ്ണം	% വർദ്ധനവ് 70-71 മുതൽക്കുള്ളിൽ	കുടിയാൻ കൈവശ ഭൂമി	എണ്ണം	% വർദ്ധനവ് 70-71 മുതൽക്കുള്ളിൽ	കുടിയാൻ കൈവശ ഭൂമി	എണ്ണം	% വർദ്ധനവ് 70-71 മുതൽക്കുള്ളിൽ	കുടിയാൻ കൈവശ ഭൂമി
1970-71	367	-	1.15	894	-	1.55	1261	-	1.43
1980-81	643	75.20	0.66	1314	46.98	1.05	1957	55.19	0.92
1994-95	987	168.94	0.43	10968	1126.85	0.13	11955	848.06	0.15

(അവലംബം - വില്ലേജ് ഓഫീസ്, മണ്ണുത്തി)

പട്ടിക .കെ.

ക്രിയാത്മക കൈവശഭൂമി - എണ്ണവും, ശതമാനവും 1995

കൈവശ ഭൂമിയുടെ തരവും തിരിവും	നെട്ടിശ്ശേരി		ഒല്ലൂക്കര		പഞ്ചായത്തിൽ ആകെ	
	എണ്ണം	%	എണ്ണം	%	എണ്ണം	%
1. 5 സെൻറിൽ താഴെ	2000	52.15	1408	27.03	3408	37.68
2. 5-10 സെൻറ്	1500	39.11	1843	35.38	3343	36.96
3. 10-50 സെൻറ്	200	5.22	837	16.07	1037	11.47
4. 50 സെൻറ് - 1 ഏക്കർ	100	2.61	644	12.36	744	8.23
5. 1-2 ഏക്കർ	25	0.65	300	5.76	325	3.59
6. 2-3 ഏക്കർ	-	-	147	2.82	147	1.63
7. 3-4 ഏക്കർ	10	0.26	30	0.58	40	0.44
ആകെ	3835	100.00	5209	100.00	9044	100.00

അവലംബം: വില്ലേജ് ഓഫീസ്, മണ്ണുത്തി.

ചിത്രം 12

കൈവശാവകാശ ഭൂമി- തോത്



ചിത്രം 13

കൈവശാവകാശ ഭൂമി- എണ്ണം

1995



ചിത്രം 14

കൈവശാവകാശ ഭൂമി-ശതമാനം



ഈ കണക്കുകൾ സൂചിപ്പിക്കുന്നത് പുരയിട കൃഷി നിലവിൽ കൂടുതൽ ഉണ്ടെന്നും 75 ശതമാനത്തോളം 10 സെൻറിൽ താഴെ കൈവശഭൂമി ഉള്ളവരാണെന്നുമാണ്. 11.47 ശതമാനം ജനങ്ങൾക്ക് അര ഏക്രയിൽ താഴെ ഭൂമിയുള്ളപ്പോൾ ഒരേക്രവരെയുള്ളവർ 8.23 ശതമാനമാണ്. ഒരേക്രയിൽ കൂടുതൽ ഭൂമി കൈവശമുള്ളവർ 5.66 ശതമാനമെയുള്ളു. 10 സെൻറു മാത്രം ഭൂമിയുള്ള കർഷകരുടെ സംഭാവന ഇവിടെ സവിശേഷ ശ്രദ്ധ അർഹിക്കുന്നു.

ഈ പ്രദേശത്തെ വാസസ്ഥലങ്ങൾക്ക് അപൂർവ മായ സ്വഭാവമാണുള്ളത്. ഒരു ചെറുതുണ്ട് മാതൃകാ ഭവന സ്ഥലമെടുത്താൽ അതിൽ താമസിക്കുന്നതി നുള്ള വീടും, വിവിധ ഹൃസ്വവിളകളും നിത്യ വിള കളും ഇടകലർത്തി വളർത്തുന്നതായി കാണാം. ചില വളപ്പുകളിൽ കാലിവളർത്തലും, കോഴി പരിപാല നവും ചെയ്ത് വരുന്നുണ്ട്. ഉല്പാദനത്തിൻെറ 80 ശതമാനവും സ്വന്തം ഗൃഹോപയോഗങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നു. 20 ശതമാനത്തിൽ നിന്നു മുള്ളത് ഉടമസ്ഥൻെറ ഉപധനാഗമ മാർഗ്ഗവുമാണ്.

പ്രധാന ഉല്പാദന വിളകൾ

നെല്ല്, തെങ്ങ്, റബ്ബർ, വാഴ, കവുങ്ങ്, കുരുമുളക് എന്നിവയാണ് പഞ്ചായത്തിൽ പ്രധാനമായി കൃഷി ചെയ്യുന്ന വിളകൾ. ഏതാണ്ട് എല്ലാ വീട്ടു വളപ്പുക ളിലേയും അടിസ്ഥാന വിളയായ തെങ്ങിന് ഇടക ലർന്ന് കാലിക-നിത്യവിളകൾ ഉണ്ട്. ഹൃസ്വവിളക ളിൽ ധാന്യങ്ങളും എള്ളും, പച്ചക്കറികളും വളരെ കുറച്ച് വയൽ പ്രദേശങ്ങളിൽ കൃഷി ചെയ്തു വരുന്നു. എന്നാൽ കരഭൂമിയിൽ തെങ്ങിനോടൊപ്പം പ്രധാന വിളകളായ വാഴ, മരച്ചീനി, കുരുമുളക്, കവുങ്ങ്, പച്ചക്കറികൾ ഇവയും കൃഷി ചെയ്തു ന്നുണ്ട്. 1985 - 86 ഉം , 1995-96ഉം കാലയളവിൽ വിവിധ തരം വിളകൾ കൃഷി ചെയ്ത സ്ഥലവ്യാപ്തി സ്ഥിതി വിവരങ്ങൾ പട്ടിക എൽ ലും ചിത്രം 10ലും ഉണ്ട്.

1985 മുതൽ 1995 വരെയുള്ള 10 വർഷ കാലയള വിൽ തനിയായ വിളകളിൽ സംഭവിച്ചിട്ടുള്ള കൃഷി രീതി വ്യതിയാനങ്ങൾ താഴെക്കാണിച്ച പ്രകാരമാണ്.

വിത്തുലബ്ധി ലഭിച്ച വിളകൾ

തെങ്ങ് - 73.77%
വാഴ - 33.33%
റബ്ബർ - 500.00%
കവുങ്ങ് - 383.33%

മുരടിപ്പു വന്ന വിളകൾ

കുരുമുളക്
മരച്ചീനി

വ്യാപനക്കുറവ് വന്ന വിളകൾ

നെല്ല് -20.55%
ധാന്യങ്ങൾ - 55.56%
എള്ള് - 93.59%
പച്ചക്കറികൾ - 40.00%

പട്ടിക എൽ

പ്രധാന വിളകളുടെ വിസ്തൃതി

ക്രമ നമ്പ്ര്	വിള	1985- 86		1995-96	
		വിസ്തൃതി (ഒഹക്ടർ)	വ്യാപന %	വിസ്തൃതി (ഹെക്ടർ)	വ്യാപന %
1.	നെല്ല്	433	43.39	344	30.69
2.	ധാന്യങ്ങൾ	45	4.52	20	1.78
3	എള്ള്	78	7.82	5	0.45
4	പച്ചക്കറികൾ	20	2.00	12	1.07
5	തെങ്ങ്	305	30.56	530	47.28
6	വാഴ	30	3.01	40	3.57
7	മരച്ചീനി	20	2.00	20	1.78
8	കുരുമുളക്	33	3.30	32	2.85
9	റബ്ബർ	10	1.00	60	5.35
10	കവുങ്ങ്	12	1.20	58	5.18
	ആകെ	998	100.00	1121	100.00

(അവലംബം : കൃഷിഭവൻ, മണ്ണുത്തി)

കൃഷിരീതികളും പിൻതുടർച്ചകളും

ഉയർന്ന പ്രദേശങ്ങളിൽതെങ്ങ് അടിസ്ഥാന തോട്ടകൃഷിയും, താഴ്ന്ന പ്രദേശങ്ങളിൽ നെല്ല് അടിസ്ഥാന കൃഷി രീതികളുമാണ്. നിലവിലുള്ളത്. ഇപ്പോൾ തുടർന്നു വരുന്ന പ്രധാന കൃഷി ക്രമം താഴെ കൊടുത്ത പ്രകാരമാണ്. കൃഷി സമ്പ്രദായങ്ങളുടെ വ്യാപ്തിയും വ്യാപന ശതമാനവും പട്ടിക എംലും ചിത്രം 15ലും കാണാൻ സാധിക്കും.

1. നെല്ല് -നെല്ല്- നെല്ല്
2. നെല്ല് -നെല്ല്- തരിശ്
3 നെല്ല് -നെല്ല്-പച്ചക്കറികൾ
4 നെല്ല് -നെല്ല്-ധാന്യങ്ങൾ
5 നെല്ല് -നെല്ല് -എള്ള്
6 തെങ്ങ്-കുരുമുളക്-വിവിധ ഹൃസ്വവളപ്പ് വിളകളും

(അവലംബം കൃഷിഭവൻ മണ്ണുത്തി)

ചിത്രം 15

വിള പരിക്രമം



പട്ടിക എം

പ്രധാന കൃഷി സമ്പ്രദായങ്ങൾ

വിള സമ്പ്രദായം	1985-1986		1995-96	
	മൊത്തം സ്ഥലം (ഹെക്ടർ)	വ്യാപന ശതമാനം	മൊത്തം സ്ഥലം (ഹെക്ടർ)	വ്യാപന ശതമാനം
നെല്ല്- നെല്ല് -നെല്ല്	30	3.38	8	0.88
നെല്ല്-നെല്ല്-തരിശ്	260	29.28	287	31.40
നെല്ല്-നെല്ല്-പച്ചക്കറികൾ	20	2.25	5	0.55
നെല്ല്-നെല്ല്-ധാന്യങ്ങൾ	45	5.07	32	3.50
നെല്ല്-നെല്ല്-എള്ള്	78	8.78	12	1.31
തെങ്ങ്-കുരുമുളക്- ഹൃസ്വവിളകൾ	455	51.24	570	62.36
മൊത്തം	888	100.00	914	100.00

(അവലംബം കൃഷിഭവൻ മണ്ണുത്തി)

കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ 1985-86ൽ നില നിന്നിരുന്ന കൃഷിഭൂമി നിലനിർത്തുന്നതിനോ. അത് വർദ്ധിപ്പിക്കുന്നതിനോ ഉല്പാദകർ താല്പര്യം കാണിക്കുന്നില്ല എന്നതിന്റെ വ്യക്തമായ സൂചികകളാണ്:-

1. മുപ്പൂകൃഷി രീതിയുടെ ഭയാനകമായ കുറവ്. (3.38 ശതമാനത്തിൽ നിന്നും 0.88 ശതമാനം) - 2.12 ശതമാനത്തിലേയ്ക്ക് താഴ്ന്നത്

2. ഹൃസ്വവിളകളായ പച്ചക്കറികൾ, ധാന്യങ്ങൾ , എള്ള് എന്നിവയുടെ കൃഷിയിൽ വന്ന ഗണ്യമായ കുറവ്.
   പച്ചക്കറി-2.25 ശതമാനത്തിൽ നിന്നും 0.55 ശതമാനത്തിലേയ്ക്ക്
   ധാന്യങ്ങൾ - 5.07 ശതമാനത്തിൽ നിന്നും 3.50 ശതമാനമായത്
   എള്ള് കൃഷി - 8.78 ശതമാനത്തിൽ നിന്നും 1.31 ശതമാനത്തിലേയ്ക്ക് പതിച്ചത്.

3. തുടർന്ന് വയലുകൾ തരിശിടൽ 29.28ൽ നിന്നും 31.40 ശതമാനമായി ഉയർന്നതും.

വരൾച്ചക്കാലത്ത് നെല്ല് അടിസ്ഥാനകൃഷി രീതികളെ പൊതുവെ പുഷ്ടിപ്പെടുത്തിയിരുന്നത് കനാലുകളും, ലിഫ്റ്റ്, ജലസേചനമാണ്. വേനൽക്കാലത്ത് അനുബന്ധ ജലസേചനത്തിന് സ്രോതസ്സുകളുണ്ടെങ്കിലും, നെല്ലിന്റെ ആദ്യ വിള ആരംഭിക്കുന്നത് മഴയെ ആശ്രയിച്ചും തുടർന്നു പരിപാലിക്കുന്നത് നനച്ചുമാണ്. കൃഷിയുടെ മൂർദ്ധന്യാവസ്ഥയിൽ തൊഴിലാളികളെ ലഭിക്കാത്തത് വികസിത കാർഷിക സാങ്കേതിക വിദ്യകൾ ഉപയുക്തമാക്കുന്നതിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

ഒരു പ്രോത്സാഹജനകമായ കാര്യം കാണുന്നത് കഴിഞ്ഞ 10 വർഷക്കാലയളവിൽ ഗൃഹവളപ്പുകളിലെ തെങ്ങു കൃഷി യൂണിറ്റുകൾ 51.24ൽ നിന്നും 62.36 ശതമാനമായി വർദ്ധിച്ചതാണ്. എന്നാൽ നെൽ കൃഷി കുറയുകയാണുണ്ടായത്. തെങ്ങ് അടിസ്ഥാന വിവിധ വിള ഗൃഹവളപ്പുകൾ, വാഴ, മരച്ചീനി, കുരുമുളക്, കവുങ്ങ്, പഴമരങ്ങൾ മുതലായവ ഇടവിളകളായി വളർത്തുന്നുണ്ട്. കൂടാതെ പച്ചക്കറികളും നിശ്ചിത സ്ഥലത്ത് കൃഷി ചെയ്യുന്നുണ്ട്. തെങ്ങു കൃഷി ചെയ്യപ്പെടുന്ന മുഴുവൻ സ്ഥലവും പരിഗണിച്ചാൽ ഇടവിളകളുടെ വ്യാപനം തൃപ്തികരമല്ല. തെങ്ങ് കൃഷിക്കായി ആകെയുള്ള 530 ഹെക്ടറിൽ 150 ഹെക്ടർ പ്രദേശത്ത് മാത്രമാണ് ഇടവിളകളുള്ളത്. (28.3 ശതമാനം). സാമ്പത്തിക ലാഭം നൽകുന്ന ഇടവിളകൾ ധാരാളമായി കൃഷി ചെയ്യുന്നതിനുള്ള സാദ്ധ്യതയുടെ സൂചനയുമാണിത്.

കൃഷി വകുപ്പ് (ഒല്ലുക്കര കൃഷിഭവൻ) നടത്തിയ ഒരു പഠനത്തിൽ വിവിധ തരം കൈവശ ഭൂമികളിൽ വളർത്തുന്ന തെങ്ങുകളുടെ സംഖ്യാ സാന്ദ്രത വ്യത്യസ്ഥമാണെന്ന് കാണുകയുണ്ടായി. (പട്ടിക എൻ ചിത്രം 16) . ഒരു ഏക്കറിൽ 70 തെങ്ങെന്ന ശുപാർശയ്ക്ക് വിരുദ്ധമായി സാന്ദ്രത 59 മുതൽ 88 വരെയാണ്.

അഞ്ച് സെൻറിൽ താഴെയും, 3 ഏക്കറിൽ കൂടുതലുള്ള വിഭാഗങ്ങളിലെ വിള നിലവാരം

പട്ടിക എൻ

വിവിധ തരം വളപ്പുകളിൽ തെങ്ങുകളുടെ സംഖ്യാ സാന്ദ്രതയും, വിളവ് സ്ഥിതി വിവരവും

കൈവശ ഭൂമിയുടെ തരം	ഏക്കറിൽ സംഖ്യാ സാന്ദ്രത	വർഷത്തിൽ തെങ്ങ് ഒന്നിൽ തേങ്ങ ഉല്പാദനം
1. 5 സെൻറിൽ താഴെ	80	37.32
2. 5-10 സെൻറ്	76	54.10
3. 10-50 സെൻറ്	88	69.10
4. 50 സെൻറ് - 1 ഏക്കർ	70	69.31
5. 1-2 ഏക്കർ	86	56.60
6. 2-3 ഏക്കർ	59	55.56
7. 3ൽ കൂടുതൽ ഏക്കർ	75	32.32
ശരാശരി	77	53.47

(അവലംബം: കൃഷിഭവൻ, മണ്ണുത്തി)

ചിത്രം 15

തെങ്ങുല്പാദനം- കൈവശഭൂമിയിൽ



കുറവാണ്. 5 സെൻറിൽ താഴെയുള്ള സാമ്പത്തിക മായി പിന്നോക്കാവസ്ഥയിലുള്ളവർ ശാസ്ത്രീയ കൃഷി രീതികൾ അവലംബിക്കാത്തതും, 3 ഏക്കറിൽ കൂടുതൽ തെങ്ങ് കൃഷിയുള്ളവർ തോട്ടം മോശമായി പരിപാലിച്ചതും ഇതിന് കാരണങ്ങളായി പറയാം. മോശമായ ജനിതക സ്വഭാവമുള്ള പാരമ്പര്യനം നടീൽ വസ്തുക്കൾ ഉപയോഗിക്കുന്നത് ഉല്പാദനക്കുറവിൻെറ മറ്റൊരു പൊതുഘടകമായി ചൂണ്ടികാട്ടാം.

വിളകളുടെ ഉത്പാദനക്ഷമത

പഞ്ചായത്തിലെ ഏതാനും വിളകളുടെ ഉത്പാദനക്ഷമത സംസ്ഥാന ശരാശരിയുമായി താരതമ്യം ചെയ്യുന്ന കണക്കുകൾ. പട്ടിക ഒ. യിൽ കാണാവുന്നതാണ്.

നെല്ലിനെ സംബന്ധിച്ച് വിരുപ്പുവിള (ഒന്നാം വിള) യാണ് പ്രയോജനപ്രദം. മുണ്ടകൻെറയും, പുഞ്ചയുടെയും പഞ്ചായത്തിൻെറ ശരാശരി ഉത്പാ

പട്ടിക ഒ.

ചില വിളകളുടെ ഉല്പാദനക്ഷമത

വിള		ഉല്പാദനക്ഷമത (കി.ഗ്രാം / ഹെക്ടർ)	
		പഞ്ചായത്ത്	കേരള സംസ്ഥാനം
1. നെല്ല് -	വിരിപ്പുകൃഷി -	3200	2301
	മുണ്ടകൻ കൃഷി -	2800	3414
	പുഞ്ച കൃഷി -	3000	3393
2. എള്ള് -		260	265
3. തെങ്ങ് -		54 തേങ്ങ / ഒന്നിന്	34 തേങ്ങ / ഒന്നിന്
4. വാഴ -		15000	7951
5. മരച്ചീനി -		15000	19866

(അവലംബം: കൃഷിഭവൻ, മണ്ണുത്തി)

ദനക്ഷമത സംസ്ഥാന ശരാശരിയിൽ താഴെയാണ്. എള്ളിന്റെ കാര്യത്തിൽ സംസ്ഥാന നിലവാരത്തിൽ നില്ക്കുമ്പോൾ മറ്റ് വിളകളുടെ ഉല്പാദനക്ഷമത സംസ്ഥാനത്തേക്കാൾ മുന്നിലാണ്. ശാസ്ത്രീയ. കൃഷി പരിപാലനത്തിലുള്ള വിളകളുടെ ഉത്പാദന ക്ഷമതയുമായി ഇപ്പോൾ കിട്ടി വരുന്ന വിളവ് തോത് തട്ടിച്ചു നോക്കുമ്പോൾ ആശാവഹമല്ല. അത് അഭിവൃദ്ധിപ്പെടുത്തേണ്ടത് അത്യന്താപേക്ഷിത മാണ്.

ജൈവവൈവിദ്ധ്യം

സൂക്ഷ്മജീവി മുതൽ മനുഷ്യവർഗ്ഗം വരെയുള്ള ഓരോ കണ്ണിയും വ്യത്യസ്തമാണ്. ഇതാണ് വൈവിദ്ധ്യം. കാലാവസ്ഥയുടെ പ്രത്യേകതയും, ഭൂമിശാസ്ത്രപരമായ കിടപ്പും ആണ് നമ്മുടെ ജൈവവൈവിദ്ധ്യത്തിന്നാധാരം. പ്രകൃതി സമ്പത്തിന്റെ അമിതമായ ചൂഷണം ജൈവ വൈവിദ്ധ്യ ശോഷണത്തിന് ഇടയാക്കുന്നു. ഏതെങ്കിലും ഒരു സസ്യത്തിന്റെയോ, മൃഗത്തിന്റെയോ വൈവിദ്ധ്യം നഷ്ടപ്പെടുമ്പോൾ സംഭവിക്കുന്നത് പരിണാമശൃംഖലയിലെ അതിപ്രധാനങ്ങളായ ആയിരക്കണക്കിന് കണ്ണികളുടെ തിരോധാനമാണ്. വൈവിദ്ധ്യമാണ് നമ്മുടെ നിലനില്പ്.

സങ്കര ഇനങ്ങൾ ഇന്ന് നാടൻ ഇനങ്ങളെ പിന്തള്ളിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ പഞ്ചായത്തിലെ വ്യാപകമായ അവസ്ഥയും ഇതിൽ നിന്നും വിഭിന്നമല്ല. വനനശീകരണം ഔഷധ സസ്യസമ്പത്തിന്റെ വൈവിദ്ധ്യത്തെ നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു. കാർഷിക വിളകളുടെ പാരമ്പര്യജനിതക സ്രോതസ്സിന്റെ നാശം ഗുരുതരമായ പ്രത്യാഘാതങ്ങൾക്കിടയാക്കും. ബ്രൗൺ ഹോപ്പറിന്റെ ആക്രമണം മൂലം കേരളത്തിലെ നെൽകൃഷിക്ക് സംഭവിച്ച വൻ നഷ്ടം ഇതിന്റെ ബീഭത്സമുഖമാണ്. കാർഷിക വിളകളിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന എല്ലാ കീടരോഗബാധകൾക്കും നമുക്ക് പ്രതിവിധി കണ്ടെത്താനായിട്ടില്ല. ഒരേ വിളയുടെ രോഗപ്രതിരോധ ശക്തിയുള്ള വൈവിദ്ധ്യമാർന്ന ഇനങ്ങൾ കൃഷി ചെയ്യുകയാണെങ്കിൽ ഇത്തരം പ്രശ്നങ്ങൾ കുറവായിരിക്കും. പ്രത്യേക സാഹചര്യങ്ങൾക്കനുയോജ്യമായതും, അത്യുല്പാദന ശേഷിയുള്ളതുമായ വിത്തിനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് ജനിതക ശേഖരം ആവശ്യമാണ്. ഇവിടെയാണ് പാരമ്പര്യ കാർഷിക വിളയിനങ്ങളുടെ സംരക്ഷണത്തിന്റെ പ്രാധാന്യം.

നമുക്ക് ചുറ്റുമുള്ള സസ്യവർഗ്ഗങ്ങളെ തിരിച്ചറിയുന്നതിനും, ഇവയെക്കുറിച്ചുള്ള ഗ്രാമസമൂഹങ്ങളുടെ പരമ്പരാഗതവും, സവിശേഷവുമായ നാട്ടറിവുകളെ ശേഖരിക്കുന്നതിനും പഠിക്കുന്നതിനും, രേഖപ്പെടുത്തുന്നതിനുമായുള്ള ഒരു സംരംഭം ഒല്ലൂക്കര പഞ്ചായത്തിലാവഷ്കരിക്കേണ്ടതുണ്ട്. ഇത്തരമൊരു പഠനം ഗ്രാമതല കമ്മ്യൂണിറ്റി രജിസ്റ്റർ തയ്യാറാക്കുന്നതിന് സഹായിക്കും.നമ്മുടെ നാട്ടിലെ ജൈവവിഭവങ്ങളുടെ പ്രമാണമായിരിക്കും ഈ രജിസ്റ്റർ. ജൈവവിഭവങ്ങളെക്കുറിച്ചും, അവയുടെ ഉപയോഗം സംരക്ഷണമുറകൾ ഇവ സംബന്ധിച്ച ഗ്രാമജനതയുടെ അറിവിനെ മുഴുവൻ നാടിന്റെയും നന്മക്കായി പ്രയോജനപ്പെടുത്താനാകും.

തൊഴിലാളികളുടെ വേതന നിലവാരം

1984 മുതൽ 1996 വരെയുള്ള കാലയളവിൽ മണ്ണുത്തി സർക്കാർ കൃഷി ഫാമിൽ പുരുഷ തൊഴിലാളികൾക്ക് നൽകിയ വേതന നിലവാരം പട്ടിക പി (ചിത്രം 17ൽ) കാണാവുന്നതാണ്.

കഴിഞ്ഞ ഒരു വ്യാഴവട്ട കാലത്തിനിടയിൽ ജീവിത വില സൂചികയുമായി ബന്ധപ്പെടുത്തി മണ്ണുത്തി കൃഷിഫാമിലെ തൊഴിലാളികൾക്ക് കൂലിയിൽ ക്രമാനുഗത വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഈ വർദ്ധനവ് സ്വകാര്യമേഖലയിലും കാണാൻ കഴിയും. എന്നാൽ സ്വകാര്യ കൃഷിയിടങ്ങളിൽ നൽകുന്ന കൂലി അനുപാതം സർക്കാർ നിരക്കിനേക്കാൾ 25-30 ശതമാനം കൂടുതലാണ്. 1984 മുതൽ 1996 വരെയുള്ള വേതന വർദ്ധനാ വ്യാപ്തി 270.60 ശതമാനം വരും. കാർഷിക മേഖലയിൽ തൊഴികളുടെ കൂലി പ്രബലമായ സ്വാധീനം ചെലുത്തുമ്പോൾ, ഇതിലുണ്ടാകുന്ന ഏതു വർദ്ധനവുംവിളകളുടെ ഉത്പാദനച്ചെലവിലെ സാരമായി ബാധിക്കും. ധാരാളം വിളകളുടെ ഉത്പാദനക്ഷമത മാറ്റമില്ലാതെ കഴിഞ്ഞ കുറെ വർഷങ്ങളായി തുടരുകയും , ഉത്പന്നങ്ങൾക്ക് അവശ്യവില ലഭിക്കാത്തതും, നിരവധി വിളകൾ പ്രത്യേകിച്ചും ഹ്രസ്വകാല വിളകൾ കൃഷിചെയ്യുന്നത് നഷ്ടത്തിൽ കലാശിക്കുകയാണ്.

പട്ടികജാതി കോളനികൾ

പഞ്ചായത്തിൽ 10 പട്ടിക ജാതിക്കാരുടെ കോളനികൾ ഉണ്ട്.

1. പട്ടാളക്കുന്ന് എച്ച്.ഡി.പി.കോളനി
2. മുല്ലക്കര ജാറം - എച്ച്.ഡി.പി.കോളനി
3. മുക്കാട്ടുകര പട്ടികജാതി കോളനി
4. പനഞ്ചകം കോളനി
5 നല്ലങ്കര പട്ടികജാതി വാസ കോളനി
6. നല്ലങ്കര സെറ്റിൽ മെൻറ് കോളനി (വൈലോപ്പിള്ളി നഗർ)
7. മുക്കാട്ടുകര 4 സെൻ്റ് കോളനി

പട്ടിക പി.

മണ്ണുത്തി സർക്കാർ വക ഫാമിൽ നൽകിയ തൊഴിലാളി വേതനം

വിശദാംശങ്ങൾ	കാലയളവ്								
	ജനു 84	ജനു 89	ജന 90	ജനു 91	ജനു 92	ജനു 93	ജനു 94	ജനു 95	ജനു 96
ദിവസവേതനം (രൂപ)	26.00	32.35	32.73	51.40	59.44	68.68	71.68	93.12	96.36
കഴിഞ്ഞ വർഷത്തോതിൽ നിന്നുമുള്ള ശതമാന വർദ്ധന	-	29.15	0.55	57.04	15.64	15.55	4.37	29.91	3.48

ജനുവരി 84നു മേൽ ജനുവരി 96 വരെ ഉണ്ടായിട്ടുള്ള മൊത്ത ശരാശരി വർദ്ധന (ശതമാനം)	270.61

(അവലംബം- സർക്കാർ കൃഷി ഫാം, മണ്ണുത്തി)

ചിത്രം 17

സർക്കാർ ഫാമിലെ കാർഷിക വേതന നിരക്ക്



8. നെട്ടിശ്ശേരി കോളനി
9. പ്ലാവളപ്പ് കോളനി
10. വി.വി.എസ്. ഹൈസ്കൂളിന് സമീപമുള്ള കോളനി

സഹകരണ കൃഷി സമിതികൾ

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട 9 സഹകരണ കൃഷിസമിതികൾ പ്രവർത്തിക്കുന്നുണ്ട്.

1. നെട്ടിശ്ശേരി പാടശേഖര സമിതി
(റജി. നമ്പർ - 122/89)

2. മുക്കാട്ടുകര പാടശേഖര സമിതി
(റജി. നമ്പർ - 307/89)

3. നല്ലെങ്കര പാടശേഖര സമിതി
(റജി.നമ്പർ-87/ 88)

4. വിൽവട്ടം പാടശേഖര സമിതി
(റജി. നമ്പർ- 569/88)

5. ഒല്ലൂക്കര കായൽ പാടശേഖര സമിതി
(റജി. നമ്പർ - 155/89)

6. പുഞ്ചപ്പാടം പാടശേഖര സമിതി
(റജി.നമ്പർ - 517/91)

7. എലഞ്ഞിപ്പാടം പാടശേഖര സമിതി
(റജി. നമ്പർ -243/89)

8. പുതുക്കുളങ്ങര പാടശേഖര സമിതി
(റജി. നമ്പർ - 286/89)

9. പറപ്പൂപാടം പാടശേഖര സമിതി
(റജി. നമ്പർ - 339/89)

ഇവ കൂടാതെ ഒല്ലൂക്കര പഞ്ചായത്ത് കേര വികസന സമിതിയും പ്രവർത്തിക്കുന്നു.

ഒല്ലൂക്കര സർവ്വീസ് സഹകരണ ബാങ്ക് സ്വന്തം ഫണ്ടിൽ നിന്നും നിശ്ചിത സെക്യൂരിറ്റിയിൻമേൽ 18 ശതമാനം പലിശ നിരക്കിൽ വായ്പകൾ നൽകി വരുന്നു. വാണിജ്യബാങ്കുകൾ, 'നബാർഡ്' നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ധനസഹായ പദ്ധതികൾക്ക് വായ്പ നൽകുന്നു.വായ്പക്കാരന്റെ തിരിച്ചടവു കഴിവ് നോക്കിയാണ് ഈ ബാങ്കുകൾ വായ്പ അനുവദിക്കുന്നത്.

നഴ്സറികൾ

കാർഷിക സർവ്വകലാശാലയുടെ സെൻട്രൽ നഴ്സറിക്കും, കൃഷിവകുപ്പിന്റെ ഒല്ലൂക്കര നഴ്സറിക്കും പുറമെ നാല്പതിൽ പരം സ്വകാര്യ നഴ്സറികൾ ലഭ്യമാണ്. ഇതിൽ നാല് എണ്ണം വൻകിട നഴ്സറികളാണ്. സ്വകാര്യ നഴ്സറികൾ അലങ്കാര ച്ചെടികളും ഒരളവോളം തെങ്ങ് കവുങ്ങ് തൈകളുമാണ് ഉത്പാദിപ്പിക്കുന്നത്. കച്ചവടംഏജൻറുമാർ മുഖാന്തിരവും വിതരണം പ്രധാനമായും തമിഴ്നാട്, ആന്ധ്ര സംസ്ഥാനങ്ങളിലേക്കുമാണ്. മിക്ക സ്വകാര്യ നഴ്സറികളും വാണിജ്യ ബാങ്കുകളിൽ നിന്നും വായ്പാ സഹായം അനുഭവിക്കുന്നവരാണ്.

വിപണനം

ഒല്ലൂക്കര പഞ്ചായത്തിൽ കാർഷിക വിഭവങ്ങൾ വിപണനം നടത്തുന്നതിനുള്ള സംവിധാനങ്ങൾ കുറവാണ്. പഞ്ചായത്ത്- സർക്കാർ തലത്തിലോ, സഹകരണമേഖലയിലോ വിപണനകേന്ദ്രങ്ങൾ ഇന്നുവരെ ഏർപ്പെടുത്തിയിട്ടില്ല.

മണ്ണുത്തി മാർക്കറ്റിൽ നാടൻ പച്ചക്കറികൾ പ്രധാനമായും മുളയത്തു നിന്നും, നടത്തറ പഞ്ചായത്തിൽ

വായ്പ നൽകുന്ന പ്രമുഖ ബാങ്കുകൾ

ബാങ്കിന്റെ പേര്		സേവന മേഖല
1. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, മണ്ണുത്തി		വാർഡ് 8,10,11
2. ഫെഡറൽ ബാങ്ക്, നെല്ലിക്കുന്ന്		വാർഡ് 1,2
3. പഞ്ചാബ് നാഷണൽ ബാങ്ക്, തൃശൂർ		വാർഡ് 12,13
4. സഹകരണ ബാങ്ക്, തൃശൂർ		വാർഡ് 3,4
5. സൗത്ത് ഇന്ത്യൻ ബാങ്ക്, തൃശൂർ		വാർഡ് 5,6
6. കനറാ ബാങ്ക്, തൃശൂർ		വാർഡ് 7,9
7. ഒല്ലൂക്കര സർവീസ് സഹകരണ ബാങ്ക്		എല്ലാവാർഡുകളും

നിന്നും, തൃശൂർ ടൌണിൽ നിന്നും എത്തുന്നു. കൂടാതെ മറുനാട്ടിൽ (പ്രധാനമായും തമിഴ്നാട്) നിന്നും ധാരാളം പച്ചക്കറികൾ തൃശ്ശൂർ ടൌൺ വഴി ഈ പഞ്ചായത്തിൽ വില്പനയ്ക്ക് എത്താറുണ്ട്. ഇവ വിപണനം നടത്തുന്നതിന് സഹകാരൃ വ്യക്തികൾ നടത്തുന്ന 6 പച്ചക്കറി സ്റ്റാളുകളും, 6 പഴക്കടകളും ഉണ്ട്.

നേന്ത്രവാഴ കൃഷി ഈ പഞ്ചായത്തിൽ ഓണക്കാലത്ത് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെയായതിനാൽ, നേന്ത്രവാഴപ്പഴത്തിന്റെ ദൌർലഭ്യം മറ്റ് കാലങ്ങളിൽ ഉണ്ടാകാറുണ്ട്. ഇത് നികത്തുന്നത് ''തമിഴ് നാട്ടിൽ നിന്നും ഇറക്കുമതി ചെയ്താണ്. മറ്റ് വാഴയിനങ്ങളും, പ്രത്യേകിച്ചും ' റോബസ്റ്റ', തമിഴ്നാട്ടിൽ നിന്നും വരുന്നുണ്ട്. ദിനം പ്രതി ഉദ്ദേശം 828 കി.ഗ്രാം. വിവിധയിനം പച്ചക്കറികൾ വില്പന നടത്തി വരുന്നുണ്ട്.

കൂടുതൽ ലഭ്യമാവുന്ന നാടൻ പച്ചക്കറികളും തമിഴ്നാട്ടിൽ നിന്നും ഇറക്കുമതി ചെയ്യുന്നവയും ഇവയാണ്.

നാടൻ ഇനങ്ങൾ	ഉദ്ദേശ പ്രതിദിന വില്പന (കി.ഗ്രാം)	ഇറക്കുമതി ചെയ്യപ്പെടുന്ന ഇനങ്ങൾ
കുമ്പളങ്ങ	75	കാരറ്റ്
പയറ്	125	കാബേജ്
കൂർക്ക	130	ബീറ്റ് റൂട്ട്
ചേന	70	കോളിഫ്ളവർ
മത്തങ്ങ	70	കൊത്തമര
പടവലങ്ങ	20	ബീൻസ്
ചെറുകായ	50	തക്കാളി
കരിവേപ്പില	15	വെള്ളരിക്ക
വെണ്ടയ്ക്ക	40	നേന്ത്രക്കായ
ചെമ്പ്	49	റോബസ്റ്റ് കായ
ആകെ	414	ചുരങ്ങ

നിലവിലുള്ള കൃഷിവകുപ്പ് പദ്ധതികളുടെ അവലോകനം

പദ്ധതിയുടെ പേര്	പദ്ധതി ലക്ഷ്യങ്ങൾ	അവലോകനം
1	2	3
1. സമഗ്ര നാളികേര വികസന പദ്ധതി	സാമൂഹ്യ ജലസേചന പദ്ധതി നടപ്പാക്കുന്നതിനുള്ള പരിപാടി. 1. കിണർ, പമ്പ്സെറ്റ്, സസ്യസംരക്ഷണത്തിനുള്ള സ്പ്രെയർ, തെങ്ങുകയറ്റ യന്ത്രം എന്നിവ വാങ്ങുന്നതിന് 331/3 ശതമാനം സബ്സിഡി നൽകൽ. 2. സാമൂഹ്യ ജലസേചന പദ്ധതി പ്രകാരം കുറഞ്ഞത് 5 ഹെക്ടർ ഭൂമിയും, 10 കർഷകരും ഉൾപ്പെടുന്ന യൂണിറ്റിന് ജലസേചന സൌകര്യം മെച്ചപ്പെടുത്തുന്നിന് ധനസഹായം . 85 ശതമാനം സബ് സിഡി	നല്ല പദ്ധതിയാണെങ്കിലും, അർഹരായ കർഷകർക്ക് 30 സെൻറ് തെങ്ങിൻ തോപ്പ് വേണമെന്ന നിബന്ധന കാരണം ഈ പദ്ധതിയുടെ പ്രയോജനം ഉദ്ദേശം 20 ശതമാനം മാത്രം പ്രയോജനപ്പെടുകയുള്ളൂ. സ്ഥലപരിമിതിയിൽ മാറ്റം വരുത്തണം. 5-10 സെൻറ് ഭൂമി കൈവശമുള്ള കർഷകരെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തണം.
2. പട്ടിക ജാതി, പട്ടിക വർഗ്ഗക്കാർക്ക് ഉതകുന്ന സ്പെഷൽ ഘടക പദ്ധതി	കാർഷിക സാമഗ്രികൾ, ചെറുകിട കർഷക യൂണിറ്റുകൾ വാങ്ങുന്നതിനും, ഫാം വീടുകൾ വയ്ക്കുന്നതിനും ധനസഹായം പട്ടിക ജാതി പട്ടികവർഗ്ഗ കർഷകർക്ക് നൽകൽ.	വളരെ ഉപകാരപ്രദമായ ഒരു പദ്ധതിയാണ്.
3. നെല്ല് കർഷകർക്ക് ഉല്പാദന ക്ഷമത ബോണസ്സ് പദ്ധതി	ഹെക്ടർ ഒന്നിന് 250 രൂപാ വീതം ഉല്പാദന ബോണസ്സ് നെല്ല് കൃഷിക്കു നൽകൽ	ഉപകാരപ്രദമായ ഒരു പദ്ധതി. ബോണസ്സ് പരിധി കൂട്ടേണ്ടതാണ്.
4. ജൈവവള ഉല്പാദന പദ്ധതി	10s1x3s1x3s1 വ്യാപ്തിയുള്ള കമ്പോസ്റ്റ് കുഴി കുത്തുന്നതിന് 25 രൂപാ വീതം സഹായധനം നൽകുക, പച്ചിലവള വിത്ത് വാങ്ങുന്നതിന് 50 ശതമാനം സബ്സ് സിഡി നൽകുക എന്നിവ	കമ്പോസ്റ്റ് കുഴി കുത്തുവാൻ മൊത്തം വരുന്ന ചിലവ് പരിഗണിക്കുമ്പോൾ നിലവിലുള്ള സഹായ ധനമായ കുഴി ഒന്നിന് 25ക. തീരെ കുറവാണ്.
5. ഒരു ലക്ഷം യുവാക്കൾക്ക് തൊഴിൽ ദാന പദ്ധതി	ജമന്തി, പച്ചക്കറി എന്നിവ കൃഷി ചെയ്യുവാൻ വേണ്ടിവരുന്ന ചിലവിനും, സസ്യസംരക്ഷണ ഉപാധികൾ വാങ്ങുന്നതിനും 50 ശതമാനം സബ്സിഡി	ഉപകാരപ്രദമായ ഒരു പദ്ധതിയാണ്. നടത്തിപ്പിൽ കൂടുതൽ ശ്രദ്ധ ആവശ്യമാണ്.
6. കാർഷിക ഉല്പാദനത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള പദ്ധതി	1. കർഷകർക്ക് സമ്മാനം നൽകുക. 2. കർഷകർക്ക് പരിശീലനം നൽകുക, കാർഷിക സെമിനാറുകൾ നടത്തുക.	നല്ല പദ്ധതിയാണ്. വാർഡ് അടിസ്ഥാനത്തിലും, പഞ്ചായത്ത് അടിസ്ഥാനത്തിലും സമ്മാനങ്ങൾ നൽകേണ്ടതാണ്.
7. കശുമാവ് വികസന പദ്ധതി	1. സൌജന്യമായി നല്ല നടീൽ വസ്തുക്കൾ നൽകുക. 2. തേയിലക്കൊതു നിയന്ത്രണത്തിന് ഹെക്ടർ ഒന്നിന് 300 രൂപ വീതം സഹായ ധനം നൽകുക.	ഉപകാരപ്രദമായ ഒരു പദ്ധതി

1	2	3
8. പയറു വർഗ്ഗങ്ങളുടെ വികസന പദ്ധതി	1. 50 ശതമാനം സഹായ വിലയിൽ വിത്ത് നൽകൽ 2. 50 ശതമാനം സഹായ വിലയിൽ സസ്യസംരക്ഷണ മരുന്നുകൾ നൽകൽ	നല്ല പദ്ധതിയാണ്.
9. കൊക്കോ വികസന കേന്ദ്ര പദ്ധതി	1. 50ശതമാനം സഹായ വിലയിൽ കൈക്കോ ഒട്ടുതൈകൾ നൽകുക. 2. പഴയ തോട്ടങ്ങൾ പുനർജ്ജീവിപ്പിക്കുവാൻ ഉതകുമാറ് സാധന സാമഗ്രികൾക്ക് വിലയിൽ 33 ശതമാനം സഹായധനം.	ഒരു നല്ല പദ്ധതിയാണ്. പക്ഷെ, കൊക്കോ ഒല്ലൂക്കര പഞ്ചായത്തിൽ അത്ര പ്രചാരമുള്ള വിളയല്ല.
10. സംയോജിത സുഗന്ധ വിള വികസന പദ്ധതി	1. കുരുമുളക് കൃഷിയുടെ വ്യാപ്തി കൂട്ടൽ. സാമഗ്രഹികൾ വാങ്ങുവാനായി സഹായധനം നൽകൽ. ഒന്നാംവർഷം 5000 രൂപയും , രണ്ടാം വർഷം 3000 രൂപയും മൂന്നാം വർഷം 2000 രൂപയും.	ദ്രുതവാട്ടം മുതലായ രോഗം മൂലം കുരുമുളക്കൃഷിയിൽ കർഷകർ അത്ര താല്പര്യം കാണിക്കുന്നില്ല.
	2. കുരുമുളക് പ്രദർശനതോട്ടങ്ങൾ- സാമഗ്രികൾ 50ശതമാനം സബ്സിഡിക്ക് 2 കൊല്ലം നൽകൽ.	
	3. ഇഞ്ചി, മഞ്ഞൾ എന്നിവയുടെ കൃഷി വികസനം- 25 ശതമാനം സബ്സിഡിക്ക് സാമഗ്രികൾ നൽകൽ. ഏറ്റവും കൂടുതൽ സബ്സിഡി 5000 രൂപ.	സഹായധനം വളരെ കുറവാണ്.
	4. ഇഞ്ചികൃഷിയിൽ പ്രദർശന ത്തോട്ടങ്ങൾ -സാമഗ്രികൾ 50 ശതമാനം സബ്സിഡിനൽകൽ. 25 സെൻറ് കൈവശമുള്ളവർക്ക് പ്ലോട്ടുകൾക്ക് 1200 രൂപ വീതം സഹായധനം.	5-10 സെൻറ് കൈവശമുള്ള കർഷകർക്ക് കൂടി പദ്ധതി പ്രയോജനപ്പെടുത്തണം.
	5. ഇഞ്ചികൃഷിയിൽ സസ്യസംരക്ഷണം മരുന്നുകൾക്ക് 50 ശതമാനം സഹായ ധനം.	5-10 സെൻറ് കൈവശമുള്ള കർഷകർക്കുകൂടി പദ്ധതി പ്രയോജനപ്പെടുത്തണം.
	6. മുളക് കൃഷിയിൽ പ്രദർശന ത്തോട്ടം-25 സെൻറ് പ്ലോട്ടുള്ള കർഷകർക്ക് സാമഗ്രികൾ വാങ്ങാൻ 700 രൂപ സഹായ ധനം.	5-10 സെൻറ് കൈവശമുള്ള ചെറുകിട കർഷകരെ കൂടി പദ്ധതിയിൽ പ്പെടുത്തണം.
	7. കുരുമുളക് ഇടകൃഷിയായി ചെയ്യുന്നതിന് പ്രചോദനമായി വേരുപിടിപ്പിച്ച കുരുമുളക് തൈകൾ വിതരണം ചെയ്യൽ.	5-10 സെൻറ് കൈവശക്കാർക്ക് കൂടി പദ്ധതി ഉപകരിക്കണം.

1	2	3
11. കവുങ്ങ് കൃഷി വികസന പദ്ധതി	1. സസ്യസംരക്ഷണമരുന്നുകൾ. 50 ശതമാനം സഹായത്തിൽ നൽകുക. 2. മാഹാളി രോഗത്തിന് പ്രതിവിധിയായി മരുന്നു തളിക്കുക.	ഉപയോഗ പ്രദമായ ഒരു പദ്ധതിയാണ്.
12. ഉഷ്ണമേഖല ഫലവർഗ്ഗ വികസന കേന്ദ്ര പദ്ധതി	ഫലവർഗ്ഗകൃഷി വികസിപ്പിക്കുന്നതിന് 50 ശതമാനം സഹായധനത്തോടെ സാമഗ്രികൾ 4 വർഷം നൽകുക.	ഉപയോഗപ്രദമായ ഒരു പദ്ധതിയാണ്.
13. മണ്ണ് പരിശോധന പദ്ധതി	കർഷകരുടെ പ്ലോട്ടുകളിലെ മണ്ണ് പരിശോധന നടത്തി വള പ്രയോഗത്തിൽ വേണ്ട ഉപദേശം നൽകുക.	ഊർജ്ജസ്വലതയിൽ നടത്തപ്പെടേണ്ട ഒരു പദ്ധതിയാണ്.
14. ജൈവവാതക വികസന പദ്ധതി	ജൈവവാതക പ്ലാൻറുകൾ പണിയുന്നതിന് ഓരോ പ്ലാൻറിനും 2400 രൂപ വീതം സഹായധനം നൽകൽ.	നല്ല പദ്ധതിയാണെങ്കിലും സബ്സിഡി സംഖ്യ വളരെ കുറവായതിനാൽ കൃഷിക്കാർ താല്പര്യം കാണിക്കുന്നില്ല. ഓരോ പ്ലാൻറ് നിർമ്മാണത്തിനും ഉദ്ദേശം 1200 രൂപ ചിലവ് വരുന്നതാണ്.
15. വിള ഇൻഷുറൻസ് പദ്ധതി	പ്രകൃതിക്ഷോഭം നിമിത്തം കാർഷിക വിളകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് കൃഷിക്കാർക്ക് നഷ്ട പരിഹാരം നൽകൽ.	നല്ല ഒരു പദ്ധതിയാണ്.
16. സംയോജിത ധാന്യ വിള വികസന പദ്ധതി	1. സംയോജിത സസ്യസംരക്ഷണം. - പ്രദർശനത്തോട്ടങ്ങൾ. 2. കർഷകർക്ക് നെൽകൃഷിയിൽ പരിശീലനം. 3. കാർഷിക ദിനാഘോഷങ്ങൾ.	നല്ല ഒരു പദ്ധതിയാണ്.
17. തെങ്ങ് കൃഷി വികസന പദ്ധതി- നാളികേരബോർഡ് സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി	നാളികേര കൃഷിവികസനത്തിന് ഹെക്ടറിന് 6000 രൂപ ധനസഹായം മൂന്ന് വർഷക്കാലം നൽകൽ.	തുടർന്നുകൊണ്ടു പോകേണ്ട ഒരു നല്ല പദ്ധതിയാണ്.

പ്രശ്നങ്ങളും ഗ്രാമസഭകളുടെ നിർദ്ദേശങ്ങളും

ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ താഴെ പറയും പ്രകാരം കാണിച്ചിരിക്കുന്നു. ബ്രാക്കറ്റിൽ വാർഡു നമ്പർ

❒ നെല്ല്

- ജലസേചന സ്രോതസ്സുകൾ മുഴുവൻ പ്രയോജനപ്പെടുത്തുന്നില്ല. കുളങ്ങൾ, കിണറുകൾ തുടങ്ങിയ സ്രോതസ്സുകളുടെ മണ്ണിടിച്ചിൽ മാറ്റണം. യഥാകാലം പരിപാലനം ആവശ്യമാണ്.
- വെള്ളം കെട്ടിനിൽക്കുന്നത് ചില പ്രദേശങ്ങളിൽ പൊതുസ്വഭാവമാണ്. ഇത് വിളയെനശിപ്പിക്കുകയും, യഥാസമയം വിളവെടുപ്പു നടത്തുന്നതും, വളകീടനാശിനി പ്രയോഗങ്ങളും അസാദ്ധ്യമാക്കുന്നു.
- പഞ്ചായത്തിന്റെ കിഴക്കും തെക്കും പ്രദേശങ്ങളിൽ വെള്ളത്തിന്റെ ലഭ്യതക്കുറവ് സാധാരണമാണ്, പ്രത്യേകിച്ചും കുത്തനെ ചെരിഞ്ഞ കുന്നിൻ പ്രദേശങ്ങളിൽ
- കൃഷിയിറക്കിനും വിളവെടുപ്പിനും ഏറ്റവും തിരക്കുള്ള കാലയളവിൽ തൊഴിലാളികളുടെ ലഭ്യത കുറവുണ്ട്. വിദ്യാഭ്യാസത്തിന്റെ വ്യാപനവും, അഭ്യസ്തവിദ്യർ കായികാദ്ധ്വാന പ്രവൃത്തികൾ ചെയ്യുന്നതിൽ നിന്നും മടിച്ചു നിൽക്കുന്നതും കാരണമാണിത്. കൂലി കുറവാണെങ്കിലും സാമൂഹ്യാംഗീകാരവും സുരക്ഷിതത്വവും കാംക്ഷിച്ച് സ്ത്രീകൾ പൊതുവേ നിർമ്മാണ മേഖലയിലും, പരമ്പരാഗത തൊഴിൽ മേഖലകളിലുമാണ് ജോലി തേടുന്നത്.
- കൃഷി സാമഗ്രികളുടെ വലിയ വിലയും, വലിയ കൂലി നിരക്കും ഉത്പാദനചെലവ് വളരെ വർദ്ധിപ്പിച്ചിട്ടുണ്ട്. ചെറുകിട കർഷകർക്ക് ഇത്രയും വലിയ ചെലവ് താങ്ങാനാവില്ല.
- കൃഷിച്ചെലവുകൾ പരിഗണിച്ചാൽ നെല്ലിന്റെ വിലയും ആകർഷകമല്ല. കൃഷിയിൽ നഷ്ടം ഉണ്ടാകുന്നതുമൂലം കർഷകർ ഭൂമി തരിശ്ശിടുവാൻ നിർബന്ധിതരാകുന്നു.
- രാസവളത്തിന്റെയും, കീടനാശിനികളുടെയും അമിതവിലയും, കൂലികൂടുതലും കർഷകരെ പാരമ്പര്യ നടീൽ വസ്തുക്കൾ അവലംബിക്കുവാൻ പ്രേരിപ്പിക്കുന്നു
- ജൈവവള ലഭ്യത കുറവാണ്
- മഴയില്ലാത്ത കാലയളവിൽ ഗണ്യമായ കൃഷിപ്രദേശങ്ങൾ തരിശിടുന്നു
- മണ്ണു പരിശോധന ഫലത്തിന്റെ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്താറില്ല.
- തൊഴിലാളികളെ ലഭിക്കുന്നത് വിഷമകരമാകുമ്പോൾ, കുറച്ചെങ്കിലും യന്ത്രവത്ക്കരണ സംവിധാനം ഏർപ്പെടുത്താമെന്നു വെച്ചാൽ തന്നെ കൃഷി ഉപകരണങ്ങളും ട്രാക്ടർ, ട്രില്ലർ തുടങ്ങിയവയും ഉടനെ ലഭ്യമല്ല.
- ഒരു മേഖലയിൽ വിവിധ തരം കാർഷിക പ്രയോഗങ്ങൾ നടത്തുന്നതിന് കർഷകരിൽ സഹകരണ കുറവുണ്ട്.
- നെൽപാടങ്ങൾ വ്യത്യസ്ഥ കാലങ്ങളിൽ തരിശിടുന്നു. (2,3,22)
- ജലദൗർലഭ്യം നെല്ലിന്റെ രണ്ടും മൂന്നും വിളകളെ ദോഷകരമായി ബാധിക്കുന്നു. (2,3,4,5,6,9)
- വെള്ളം കെട്ടി നിൽക്കുന്നതു മൂലം യഥാസമയം നെൽപാടങ്ങളിൽ പരിചരണം നടത്താൻ കഴിയാതെ വരുന്നതും വിരിപ്പ്, മുണ്ടകൻ വിളയെ ബാധിക്കുന്നു. (3,4,10)
- സംഘകൃഷി സംവിധാനം നിലവിലില്ലാത്തതും, ട്രാക്ടർ തുടങ്ങിയവ ആശ്വാസ നിരക്കിൽ ലഭിക്കാത്തതും പുഞ്ചകൃഷിയെ ദോഷകരമായി ബാധിക്കുന്നു . (3)
- ബ്ലോക്കു വഴി യഥാസമയം ഗുണമേൻമയുള്ള വിത്തുകൾ ലഭിക്കുന്നില്ല. (5)
- കീടശല്യവും, മറ്റുരോഗങ്ങളും (തണ്ടുതുരപ്പൻ, ഇലചുരുട്ടൻ, മഞ്ഞപ്പ്) ഗൗരവാവഹമാണ്. (3)
- വിസ്തൃതമായ ധാരാളം നെൽപാടങ്ങൾ പാർപ്പിട നിർമ്മാണത്തിനും തെങ്ങുകൃഷിക്കുമായി പരിവർത്തനം ചെയ്യപ്പെടുന്നൂ. (2,5,6)
- നെട്ടിശ്ശേരി അമ്പലത്തിലേക്ക് നയിക്കുന്ന റോഡിന്റെ ഇരുവശത്തുമുള്ള വയൽ പ്രദേശങ്ങൾ ചില സ്വകാര്യവ്യക്തികൾ തോപ്പുകളായി മാറ്റുന്നത് തടയണം. (12)

❒ തെങ്ങ്

- ഇടവിളകൃഷിക്കും, അവശ്യപരിചരണത്തിനും സാദ്ധ്യമാകും വിധമല്ല വീട്ടുവളപ്പുകളിലും തോട്ടങ്ങളിലുമുള്ള മരങ്ങളുടെ സംഖ്യാസാന്ദ്രത.

- തെങ്ങുകളിൽ ഭൂരിഭാഗവും നാടൻ ഇന ങ്ങളാണ്. അവയുടെ ആർജ്ജവശേഷിക്കുറവും, നാമമാത്ര പരിചരണവും വിളവ് മോശമായ നിലയിൽ തന്നെ നിർത്തുന്നു.
- കീടരോഗ പ്രതിരോധവും, ശാസ്ത്രീയ കൃഷി മുറകളും മഹാഭൂരിപക്ഷം ഉത്പാദകർക്കും അജ്ഞാതമാണ്
- വിളവെടുപ്പിനും, മരുന്നു തളിയ്ക്കും മറ്റും യഥാസമയം തൊഴിലാളികളെ കിട്ടുന്നില്ല.
- ആവശ്യാനുസരണം ഗുണമേൻമയുള്ള തൈകൾ ലഭിക്കുന്നില്ല.
- ജലദൗർലഭ്യം മൂലം വേനൽക്കാല ജലസേചനം അസാദ്ധ്യമാകുന്നു. ഡ്രിപ്പ് ഇറിഗേഷൻ പോലുള്ള ജലനിയന്ത്രിത ജലസേചന സമ്പ്രദായ ങ്ങൾ പ്രചാരത്തിലായിട്ടില്ല.
- കീടാക്രമണവും, മറ്റുരോഗങ്ങളും മൂലമുണ്ടാ കുന്ന തെങ്ങുകളുടെ നാശം ഗണ്യമാണ്. കീട രോഗ നിയന്ത്രണങ്ങൾക്ക് കൃഷിക്കാർ തക്ക സമയ നടപടികൾ സ്വീകരിക്കുന്നില്ല
- മാരകമായ കാറ്റുവീഴ്ചാ രോഗം പഞ്ചായത്തിൽ വ്യാപകമാകുകയാണ്.
- കീടങ്ങളേയും രോഗങ്ങളേയും ചെറുക്കുവാൻ വ്യക്തമായ സംവിധാനങ്ങൾ ഉണ്ടാകണം. (1,2)
- കർഷകരെ ശാസ്ത്രീയ കൃഷിരീതികൾ പഠിപ്പി ക്കണം (2)
- തരിശായി കിടക്കുന്ന ഭൂമി വിനിയോഗിച്ച് തെങ്ങുകൃഷിയുടെ വ്യാപ്തി വർദ്ധിപ്പിക്കണം. (3)
- ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ കിട്ടുവാൻ പ്രയാസമാണ്.

❒ പച്ചക്കറികൃഷി

- പച്ചക്കറി കൃഷി വളരെ കുറച്ചു പ്രദേശത്തു മാത്രമെ ചെയ്യുന്നുള്ളൂ. വൻ തോതിലുള്ള കൃഷിക്ക് ഉയർന്ന കൂലിക്ക് പുറമെ നിന്നും തൊഴിലാളികളെ കൊണ്ടുവരേണ്ടിവരും, അത് ലാഭകരമായിരിക്കുകയില്ല.
- ഒരേ സമയത്ത് വിളവെടുപ്പു നടത്തുന്ന അധികം വൈകാതെ കേടു സംഭവിക്കുന്നതുമായ പച്ചക്ക റികളുടെ വിപണനത്തിൽ പ്രയാസങ്ങൾ അനുഭ വപ്പെടുന്നുണ്ട്.
- പച്ചക്കറി കൃഷിയിടങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കണം (1)
- എല്ലാ വീട്ടുവളപ്പുകളിലും പച്ചക്കറിത്തോട്ടം വെച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി നട പ്പിലാക്കുകയും, ഇതിനാവശ്യമായ വസ്തുക്കൾ സൗജന്യമായി നല്കുകയും ചെയ്യണം (2,7.12,13)
- കർഷകരെ ആധുനിക കൃഷിമുറകൾ പഠിപ്പിക്കണം (13)

❒ വാഴ

- വളരെ കൂടുതലായി കണ്ടുവരുന്ന 'ബഞ്ചിടോപ്' രോഗത്തിനുള്ള പ്രതിരോധ നടപടികൾ സ്വീകരി ക്കണം.
- നേന്ത്രവാഴകൃഷി ഓണത്തിന് ഫലം നൽകുന്ന തിന് മാത്രമുള്ള ഏർപ്പാടായി ചുരുങ്ങിയിരി ക്കുന്നു. വർഷം മുഴുവനും പഴം നല്കുന്നതി നുള്ള തന്ത്രങ്ങൾ ആവിഷ്ക്കരിച്ചു നടപ്പിലാ ക്കണം.
- വീട്ടുവളപ്പുകളിലെ വാഴകൾക്ക് മുട്ട് കൊടു ക്കാത്തതുമൂലം നശിച്ചുപോകുന്ന വാഴകളുടെ എണ്ണം കൂടുതലാണ്.
- ആവശ്യാനുസരണം ആരോഗ്യമുള്ള കന്നുകൾ നടുന്നതിനായി ലഭ്യമല്ല. (1)
- വാഴ കൃഷിയിടങ്ങളിലെ വ്യാപ്തി വർദ്ധിപ്പിക്കു ന്നതിനുള്ള സാദ്ധ്യത കളുണ്ട് (11)
- രോഗപ്രതിരോധ ശേഷിയുള്ള വാഴയിനങ്ങൾ വികസിപ്പിച്ചെടുത്ത് അതിന്റെ കന്നുകൾ ഉൽ പാദകർക്ക് ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത യുണ്ട് (13)

❒ ധാന്യങ്ങളും എള്ളും

- നെൽവയലുകളിൽ നാണ്യവിളകളുടെ രൂപ ത്തിൽ ധാന്യങ്ങളും എള്ളും വളരെ കുറച്ചു സ്ഥലത്തേ കൃഷി ചെയ്യുന്നുള്ളൂ. സ്ഥലവ്യാപ്തി വർദ്ധിപ്പിക്കുന്നതിനുള്ള നല്ല സാധ്യതകളുണ്ട്.
- നിലവിലുള്ള ഉയർന്ന കൂലി നിരക്ക്, കാർഷിക യന്ത്ര സാമഗ്രികളുടെ ലഭ്യതക്കുറവ് തുടങ്ങിയവ ഈ മേഖലയിലെ പ്രശ്നങ്ങളാണ്.

❒ കൂൺ കൃഷി

- ഓരോ വീടുകളിലും കൂൺകൃഷി പ്രോത്സാഹി

പ്പിക്കണം. ശരിയായ കൃഷിക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും വിപണനത്തിനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. (2)

❒ വിത്തുകൾ, നടീൽ വസ്തുക്കൾ, വളങ്ങൾ, രാസവളങ്ങൾ, ചെടിസംരക്ഷക രാസകങ്ങൾ

ഗ്രാമസഭയുടെ നിർദ്ദേശങ്ങൾ

- നടീൽവസ്തുക്കൾ കുറഞ്ഞ വിലക്ക് വിതരണം നടത്തണം (1)
- യഥാസമയം സബ്സിഡി നിരക്കിൽ കർഷകന് ഗുണനിലവാരമുള്ള വിത്തുകളും, നടീൽ വസ്തുക്കളും ചെടിസംരക്ഷണ രാസകങ്ങളും നൽകുന്നതിനുള്ള ചുമതല കൃഷിഭവനുകൾ ഏറ്റെടുക്കണം. (2,5,14)
- പഞ്ചായത്ത് തലത്തിൽ ഒരു നഴ്സറി സ്ഥാപിക്കേണ്ടതിന്റെ ആവശ്യമുണ്ട്. വായ്പയും, സബ്സിഡിയും നൽകിക്കൊണ്ട് പഞ്ചായത്തിലെ എല്ലാ വാർഡുകളിലും സ്വകാര്യ നഴ്സറികൾ സ്ഥാപിക്കണം (8,10,13)
- റജിസ്ട്രേഷൻ പരിശോധനകളിലൂടെ സ്വകാര്യ നഴ്സറികളിൽ നിന്നും നൽകുന്ന നടീൽ വസ്തുക്കൾ ഗുണമേൻമയുള്ളതാണെന്ന് ഉറപ്പുവരുത്തണം (7)

❒ കാർഷിക യന്ത്ര സാമഗ്രികൾ

- ട്രാക്ടർ, ട്രില്ലർ, സ്പ്രേയർ, മെതിയന്ത്രം തുടങ്ങിയ കാർഷിക ഉപകരണങ്ങൾ സബ്സിഡി നിരക്കിൽ പഞ്ചായത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം (5, 7, 10, 13, 14)
- അൻപതുശതമാനം സബ് സിഡി നിരക്കിൽ 'ഗോബർ ഗ്യാസ്' സൗകര്യം ഒരു വർഷത്തിൽ ചുരുങ്ങിയത് പത്ത് കർഷകർക്കെങ്കിലും ലഭ്യമാക്കണം (10)
- വിപുലമായ തോതിൽ വീട്ടുമുറ്റപ്പുകളിൽ കിണർ കുഴിക്കുന്നതിന് സബ് സിഡി അനുവദിക്കണം. അൻപതുശതമാനം സബ്സിഡിയിൽ പമ്പസെറ്റുകൾ നൽകണം (10)
- തെങ്ങുകയറ്റ യന്ത്രവും, പൊതിയന്ത്രവും 50 ശതമാനം സബ്സിഡിയിൽ ലഭ്യമാക്കണം (10)

❒ മണ്ണു സംരക്ഷണം

- ഒൻപതാം വാർഡിലെ 'ഹിൽപാടി' മേഖലയിൽ മണ്ണുസംരക്ഷണ നടപടികൾ സ്വീകരിക്കണം. (9)

7ാം വാർഡിലും സംരക്ഷണ നടപടികൾ വേണം (7)

❒ ജൈവരാസവളങ്ങൾ

- കൂട്ടുവളങ്ങളുടേയും ജൈവവളങ്ങളുടേയും ഉത്പാദനത്തിൽ ശ്രദ്ധിക്കണം (11,14)

❒ ചങ്ങാതികൃഷി

- വിളകൾ ശരിയായി ഉത്പാദിപ്പിക്കുന്നതിന് ചങ്ങാതികൃഷി സമ്പ്രദായം നടപ്പിൽ വരുത്തണം (8)

❒ സംഘങ്ങൾ, സംഘടനകൾ

- 7-ാം വാർഡിലെ സേവനകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും പുനരാവിഷ്ക്കരിക്കുകയും ചെയ്യണം ഈ കേന്ദ്രത്തിന്റെ സഹായം എല്ലാ കർഷകർക്കും ലഭ്യമാക്കണം (7)
- വിവിധ ഫോമുകൾ വിതരണം ചെയ്യുന്നതിനും മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുന്നതിനുമായി പഞ്ചായത്ത് തലത്തിൽ ഒരു 'ബോധനകേന്ദ്രം' ആരംഭിക്കണം (7,8)
- കൃഷിഭവന്റെ സേവനങ്ങൾ ഉത്പാദകർ ആഗ്രഹിക്കുന്ന രീതിയിൽ ലഭ്യമല്ല, പ്രത്യേകിച്ചും തോട്ടകർഷകർക്ക്. ഫലപ്രദമായി വിജ്ഞാന വ്യാപനം നടത്തുന്നതിനും സെമിനാറുകളും മറ്റും സംഘടിപ്പിക്കുന്നതിനും ഇതിന് കഴിവുണ്ടാകണം. (1,4,7,10,11,12,13)
- പഞ്ചായത്ത് ആസ്ഥാനത്ത് എല്ലാ സജ്ജീകരണങ്ങളോടുകൂടിയ ഒരു 'അഗ്രോക്ലിനിക്ക് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയുണ്ട് (7)
- കർഷകർക്ക് സബ്സിഡി വിലയിൽ വിത്തും, വളങ്ങളും മറ്റും ലഭ്യമാക്കുന്നതിനും ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനും ഒരു വിപണനകേന്ദ്രത്തിന്റെ അനിവാര്യതയുണ്ട്. (8,9)

❒ തൊഴിലും തൊഴിലാളികളും

- അവശ്യജോലികൾക്ക് തൊഴിലാളികളെ ലഭിക്കാത്ത കഠിനമായ അവസ്ഥയുണ്ട്. ഈ അവസ്ഥ തരണം ചെയ്യാൻ കായികശേഷിയുള്ള തൊഴിലില്ലാത്തവരുടെ ഗ്രൂപ്പുകൾ (തൊഴിൽ സേന) സംഘടിപ്പിച്ച് പണിയെടുക്കുവാൻ കർഷകർക്ക് വിട്ടുകൊടുക്കണം (4,5,6,9,11)

❒ ആശ്വാസനടപടികൾ

- കാലാവസ്ഥപിഴ, കീടങ്ങളുടെ ആക്രമണം, മറ്റു

രോഗങ്ങൾ എന്നീ കാരണങ്ങളാൽ വിളവ് നഷ്ടപ്പെടുന്ന കർഷകന് ആശ്വാസം കൊടുക്കുന്ന നടപടികൾ വേണം (5)

- രോഗമുള്ള വാഴ, തെങ്ങുകൾ, കവുങ്ങുകൾ തുടങ്ങിയ വിളകൾ മാറ്റി വീണ്ടും കൃഷിചെയ്യുന്നതിന് കർഷകർക്ക് ധനസഹായം നൽകണം. (13)
- അൻപത് വയസ്സ് കഴിഞ്ഞ കർഷകർക്ക് പെൻഷൻ അനുവദിക്കണം (10)
- ഒരു കുടുംബത്തിന് കാർഷികാവശ്യങ്ങൾക്കായി ബാങ്കിൽ നിന്നും നിലവിൽ ലഭിക്കുന്ന വായ്പ 2000 രൂപയാണ്. ഇത് 10,000 രൂപയായി വർദ്ധിപ്പിക്കണം (12)

❒ പാഴ്സ്ഥലവും തരിശുഭൂമിയും

- പഞ്ചായത്തിലെ 9ാം വാർഡിലെ ഹിൽപാടി പ്രദേശത്ത് ജലസേചനം (വെള്ളം) ലഭ്യമാക്കിയാൽ ശൂന്യമായി കിടക്കുന്ന 100 ഏക്കർ ഭൂമിയിൽ കൃഷി സാധ്യതയുണ്ട്. ഇതു മൂലം 75 കർഷകർക്ക് പ്രയോജനം ലഭിക്കും. (9)
- പുള്ളുണ്ടി പാടത്തുള്ള ചിറയിടം തരിശുഭൂമി ലിഫ്റ്റ് ജലസേചനം വഴി കൃഷിക്ക് ഉപയുക്തമാക്കാം. (13)

❒ വിളനിലപാതകം

- താഴെ പറയുന്ന സ്ഥലങ്ങളിൽ ഫാം റോഡുകൾ നിർമ്മിച്ചാൽ ട്രാക്ടർ, ട്രില്ലർ എന്നിവകൊണ്ടുപോകുന്നതിനുള്ള സൗകര്യമുണ്ടാകും.
- ചിറയോടം മുതൽ മണ്ണോടിപാലം വരെ (!3)
- ചിറയോടം മുതൽ വല്ലായിപാലം വരെ (13)
- നല്ലെങ്കര മുക്കാട്ടുകര ഇരഞ്ഞി വഴി മണ്ണാർകുടചിറ വരെ (14)
- വൈലോപ്പിള്ളി നഗർ മുതൽ വലിയ തോടുവരെ (14)
- ആലുവ വഴി മുതൽ അമ്പാടത്തു തുടങ്ങി വലിയ തോടുവരെ (14)
- റൈസ് മിൽ മുതൽ മണ്ണോടിച്ചിറ വരെ 14)
- കായൽപാടം മധ്യഭാഗത്തുനിന്നും റോഡിന്റെ ദീർഘിപ്പിക്കൽ (3)
- 295,296 നമ്പർ വീടുകളുടെ മുന്നിലുള്ള ഒരു സെന്റ് ഭൂമി സമ്പാദിച്ച്, ഫാം റോഡ് നിർമ്മിക്കണം (3)
- മംഗലംപാറ തുടങ്ങി വല്ലാശ്ശേരി വഴി കനാൽ വരെ (8)

❒ പാലങ്ങളും കലിങ്കുകളും

- നെട്ടിശ്ശേരി കിഴക്കുഭാഗത്തെ പാടത്തുള്ളപാലം വീതി കൂട്ടി ട്രാക്ടറിനു കടന്നുപോകുന്നതിനു സജ്ജമാക്കണം (12)
- പുത്തൻ കുളത്തിനടുത്തം ചിറാടത്ത് 200 മീറ്റർ നീളത്തിൽ ഒരു പുതിയ പാലം പണിയണം (12)
- തമ്പുരാട്ടി പാലത്തിന്റെയും ചിറാടത്തു പാലത്തിന്റെയും അറ്റകുറ്റപ്പണികൾ നടത്തണം (13)

❒ കനാലുകൾ

- താഴെപ്പറയുന്ന കനാലുകളുടെ അറ്റകുറ്റപണികൾ അനിവാര്യമാണ്.
- 2ാം വാർഡിലെ പടിഞ്ഞാറൻ ഇറിഗേഷൻ കനാൽ
- 7ാ ം വാർഡിലെ പീച്ചി കനാൽ
- പീച്ചി, ''കാടാ''.കനാലുകളും, കോട്ടിലം പറമ്പിൽ വഴി ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് പോകുന്ന കനാലും. (8)
- ഗോസായി കുന്ന് വടക്കുനിന്നും കാർഷികസർവ്വകലാശാല വളപ്പിൽ കൂടി പനഞ്ചകം ചിറ വരെയുള്ള കനാലിന്റെ ഇരുവശങ്ങളുടെയും അറ്റകുറ്റപണികൾ (10)

❒ തോടുകൾ, ചാലുകൾ

- താഴെ പറയുന്ന ചാലുകളുടെ അറ്റകുറ്റപണികൾ നടത്തണം. 7-ാം വാർഡിലുള്ള ചാനൽ (7)
- വലിയ കുളം മുതൽ കാളത്തോടു വരെ - 1 കിലോമീറ്റർ (2)
- കുറ പാടം മുതൽ ദൃശ്യ വരെ 1/2 കി.മീ. (2)
- എടവണ്ട പാലം മുതൽ നല്ലങ്കര പാലം വരെ (3)
- ആനക്കുളത്ത് (5)
- 6ാം വാർഡിന്റെ അതിരുകളിലുള്ള ചാനലുകൾ (6)
- എടവണ്ടപാലം മുതൽ പുതിയ കനാലിന്റെ കിഴക്കു വരെ (3)
- പുഞ്ചപ്പാടത്തിന്റെ തോടുകൾ (8)
- നെട്ടിശ്ശേരി പണിക്കൻ പാലം മുതൽ ചിറോടം

പാലം വരെ (12)

- പുല്ലങ്കിപ്പാടത്തും കൈതവെട്ടി ബണ്ടിലുമുള്ള ചാലുകൾ (13)
- കായൽപ്പാടത്തിന്റെ തെക്കുഭാഗത്തുള്ള ചാനൽ (13)
- കായൽത്തോടുമുതൽ ഇരണ്ടച്ചാലുവരെ ചാലു നിർമ്മിക്കണം. (4)
- പുള്ളുണ്ടി തോടു മുതൽ ചിറവട്ടം തോടുവരെ ചാനൽ നിർമ്മിക്കണം (13).

❑ കയങ്ങളും കുളങ്ങളും

- നെൽപാടത്തിന്റെ നാലുഭാഗത്തും കുളം കുഴിക്കണം (3)
- കുന്നത്തുംകര കായൽ കയത്തിന്റെ ആഴം കൂട്ടൽ(3)
- വലിയ കുളത്തിന്റെ വികസനം (2). കൈതക്കുളത്തിന്റെ വികസനം (2)
- പാലക്കുഴി കുളത്തിന്റെ പരിഷ്കാരവും പമ്പ് സെറ്റ് വയ്ക്കലും (4)
- അറ്റകുറ്റപ്പണികൾ - പഞ്ചായത്ത് കുളം (4)
- അറ്റകുറ്റപ്പണികൾ - അറക്കുള ം (6)
- അറ്റകുറ്റപ്പണികൾ - എലഞ്ഞിക്കുളം (7)
- അറ്റകുറ്റപ്പണികൾ - വാത്തിക്കുളം (7)
- അറ്റകുറ്റപ്പണികൾ - ഗോസായിക്കുളം (10)
- അറ്റകുറ്റപ്പണികൾ - പുത്തൻകുളം (12)
- അറ്റകുറ്റപ്പണികൾ - വെള്ളായിച്ചിറ (13)
- അറ്റകുറ്റപ്പണികൾ - തെക്കേ കായൽകുളം (13)
- അറ്റകുറ്റപ്പണികൾ - വലിയ മാച്ചേരി കുളം (13)
- അറ്റകുറ്റപ്പണികൾ - ചെറിയ മാച്ചേരി കുളം (14)

❑ ജലനിർഗ്ഗമ സൗകര്യങ്ങൾ (ചീർപ്പ്)

- താഴെ പറയുന്ന ഇടങ്ങളിൽ ജലനിർഗ്ഗമസൗകര്യങ്ങൾ നിർമ്മിക്കണം.
- തൊട്ടിൽ പാടം (3)
- ഗോസായികുളം (10)

❑ ലിഫ്റ്റ് ജലസേചനവും കുഴൽ കിണറുകളും

- ഇതിന് താഴെ പറയും പ്രകാരമാണ് നിർദ്ദേശങ്ങൾ
- കണ്ടാത്തു മുക്കിൽ ലിഫ്റ്റ് ജലസേചനം (9)
- പുല്ലുണ്ടി പാടത്ത് ലിഫ്റ്റ് ജലസേചനം (13)
- എട്ടാം വാർഡിൽ ഒരു കുഴൽ കിണർ (8)

❑ തടയണകൾ, ചിറ

- താഴെക്കാണുന്ന സ്ഥലങ്ങളിൽ തടയണകൾ തയ്യാറാക്കണം
- പണ്ടാരച്ചിറ - മുളയം അരുവിയിൽ (8)
- പാടശേഖരം മൂന്ന് ബ്ലോക്കായി മാറ്റി ഓരോ ബ്ലോക്കിനും തടയണകൾ (14)

❑ പൊതുവായ മറ്റ് നിർദ്ദേശങ്ങൾ

- മുപ്പത് സെൻറിൽ ഭൂമിയുള്ളവർക്കേ കിണർ,കുളം കുഴിക്കുവാൻ ഇപ്പോൾ സബ്സിഡി നൽകുന്നുള്ളു. അഞ്ചു സെൻറു സ്ഥലം ഉള്ളവർക്കുപോലും പ്രയോജനം കിട്ടുന്ന വിധത്തിൽ പരിധിയിൽ മാറ്റങ്ങൾ ഉണ്ടാകണം (8)
- പമ്പ് സെറ്റ് സ്ഥാപിക്കുവാൻ വൈദ്യുതി നല്കുന്നതിന് നിലവിലുള്ള പരിധി മാറ്റി 5 സെൻറുള്ള ഉടമക്കുകൂടി ലഭ്യമാക്കുന്ന മാറ്റങ്ങൾ വരുത്തണം (എല്ലാ വാർഡുകളും)
- നിരവധി വൈദ്യുതി കണക്ഷനുകൾ ഇനിയും നല്കിയിട്ടില്ല. (13)
- നെട്ടിശ്ശേരി അമ്പലത്തിനോട് അനുബന്ധിച്ചുള്ള 10 ഏക്കർ സ്ഥലം കൃഷിചെയ്യാതെ പൂരം നടത്തുന്നതിനായി വേനൽക്കാലത്ത് വെറുതെ ഇടുന്നു. ഈ കീഴ്വഴക്കം ഉപേക്ഷിക്കണം.(12)
- മലിനീകരണ ഭീഷണിയുള്ളതിനാൽ 9ാം വാർഡിൽ കരിങ്കൽ പൊടിക്കുന്നതിനുള്ള യൂണിറ്റ് സ്ഥാപിക്കുന്നത് തടയണം. (9)

സംഗ്രഹം

1. ഭൂവിവരണ പരമായി 17.57 ചതുരശ്ര കിലോ മീറ്റർ വിസ്തീർണ്ണമുള്ള ഒല്ലൂക്കര പഞ്ചായത്തിൽ ഒല്ലൂക്കര, നെട്ടിശ്ശേരി എന്നീ രണ്ടു വില്ലേജുകൾ ഉൾക്കൊള്ളുന്നു. 50.86 ശതമാനം സ്ത്രീകളുള്ള പഞ്ചായത്തിന്റെ ജനസംഖ്യ 39.450 ആണ്. സാക്ഷരതാ നിലവാരം 82.11 ശതമാനമാണ്. ജനസാന്ദ്രതയിൽ 6.46 ശതമാനം പട്ടികജാതി ജനങ്ങളാണ്.

2. സ്ഥലവിവരണ പ്രകാരം ഭൂസ്രോതസ്സ് ഇടനാ ട്ടിൽ ഉൾക്കൊള്ളുന്നു. (സമുദ്രനിരപ്പിൽ നിന്നും 7.5 മുതൽ 75 മീറ്റർ വരെ). മക്കിക്ക ല്ലോടു കൂടിയ മണ്ണും, കരമണ്ണുമാണ് പ്രബലമായിരിക്കുന്നത്. ഇടുങ്ങിയതെങ്കിലും വിശാലമായ താഴ്വരക ളുള്ള നിമ്നോന്നത പ്രദേശമാണ്. പരിസ്ഥിതി ഗണനയനുസരിച്ച് പഞ്ചായത്ത് ഉത്തുംഗ-സമതല - അതിവർഷ ഉപമേഖലയിൽ ഉൾപ്പെ ടുന്നു.

   3.11.96ാം തിയ്യതി ഹിൽപാഡി റോഡ് മുതൽ നെല്ലിക്കുന്നു വരെ ഒരു പഠനയാത്ര നടത്തി യത് മൂലം ഒല്ലൂക്കര പഞ്ചായത്തിലെ മണ്ണ് ഇനങ്ങളുടെ ഏകദേശ രൂപം ലഭ്യമായി. ഈ പഞ്ചായത്തിൽ കൂടുതലായും മക്കിക്കല്ല് കലർന്ന കരമണ്ണും, ചളികലർന്ന മണൽ മണ്ണും, ചുവന്നതും കറുത്ത തുമായ പശിമ രാശി കരമണ്ണും, മണൽ കലർന്ന കളിമണ്ണും, ചതുപ്പ് നിലങ്ങളിൽ ചളി, മണൽ കലർന്ന ചളിമണ്ണുകളുമാണെന്നും മനസ്സിലായി.

3. ഒല്ലൂക്കര പഞ്ചായത്തിൽ മണ്ണ് സംരക്ഷണ യജ്ഞം 1964 ൽ ആരംഭിച്ചു. പ്രധാനമായും 3 പദ്ധതികൾ വിവിധ ഘട്ടങ്ങളിൽ ഏറ്റെടുത്ത തിൽ, രണ്ടെണ്ണം (മുടിക്കോട് പദ്ധതിയും, പട്ടാളക്കുന്ന് പദ്ധതിയും) പൂർത്തീകരിച്ചു. 8.3.96ൽ തുട ങ്ങിയ മുല്ലക്കര ജാറം കോളനി പദ്ധതി പൂർത്തി യായിട്ടില്ല. പൂർത്തിയാ ക്കിയ പദ്ധതികൾ മൂലം 287 പേർക്ക് പ്രയോജനമുണ്ടായി.

   പഴയ തിട്ടകളിലെ വിള്ളലുകൾ അടയ്ക്കുക, നീർച്ചാലുകൾ സംരക്ഷിക്കുക, കല്ലുകൾ ലഭ്യമാ കാത്ത സ്ഥലങ്ങളിൽ മണ്ണുകൊണ്ട് വരമ്പുകൾ ഉണ്ടാക്കുക, കിടങ്ങുകൾ കുഴിക്കുക, ബണ്ടുക ളിൽ തീറ്റപ്പുല്ല്, രാമച്ചം എന്നിവ നടുക എന്നിവ ആവശ്യമാണ്.

4. മണ്ണ് ഇടത്തരത്തിൽ നിന്നും ശക്തമായ അമ്ല സ്വഭാവമുള്ളതും, നൈട്രജൻ കുറഞ്ഞതും, ഭാവകം കൂടിയതും, ക്ഷാരാംശം ഗണ്യമായി വ്യത്യസ്ഥപ്പെട്ടുകൊണ്ടിരിക്കുന്നതുമാണ്. വളത്തിന്റെ ഉപഭോഗം സംസ്ഥാന ശരാശരിയേ ക്കാൾ കൂടുതലാണ്. വളത്തിന്റെ അമിതമായ വില വർദ്ധനവ് കഴിഞ്ഞ രണ്ടു വർഷമായി അതിന്റെ ഉപഭോഗം ഗണ്യമായി കുറച്ചിട്ടുണ്ട്. ജൈവവള ക്ഷാമവും കൂടുതലാണ്.

5. വർഷത്തിൽ 132 ദിവസങ്ങളിലായി വിനിയസിക്ക പ്പെട്ട് 2900 മി.മീ. ഉയർന്ന വർഷപാതം പഞ്ചായത്തിൽ കിട്ടുന്നുണ്ട്. ജൂൺ മാസം മുതൽ സപ്തംബർ വരെ തെക്ക് പടിഞ്ഞാറൻ കാലവർ ഷകാലയളവിലാണ് കൂടുതൽ മഴ കിട്ടുന്നത്.

6. ജലസേചന സ്രോതസ്സായി ആകെ 31 കുളങ്ങളും, ഒരു തടാകവും, ഒരു അരുവിയും ഏതാനും ചാലുകളുമുണ്ട്. വർഷക്കാലത്ത് താഴ്ന്ന പ്രദേശ ങ്ങളിൽ വെള്ളം കെട്ടി നില്ക്കുന്ന പ്രവണത യുണ്ട്. വേനൽക്കാലത്ത് കരയിലും, പാടത്തും ജല ദൗർലഭ്യമുണ്ട്. ആകെ കൃഷി ചെയ്യുന്ന ഭൂമി യിൽ 56.41 ശതമാനം സ്ഥലത്തേ ജലസേചന മുള്ളൂ. നിലവിലുള്ള സൌകര്യങ്ങൾ നന്നായി നോക്കേണ്ടതും, പരിഷ്ക്കരണം ആവശ്യമുള്ള തുമാണ്.

7. ഒല്ലൂക്കര പഞ്ചായത്തിൽ 293.54വ ഹെക്ടർ വനഭൂമിയുണ്ട്. സാമൂഹ്യ വനവൽക്കരണ ത്തിന്റെ ഭാഗമായി 0.2 ഹെക്ടർ സ്ഥലത്തും, 7.35 കി.മീറ്റർ നീളത്തിലും 'അക്കേഷിയ' മരങ്ങൾ വനം വകുപ്പ്നട്ട് പിടിപ്പിച്ചിട്ടുണ്ട്.

8. മൊത്തം വിളഭൂമി വിസ്തൃതി 1118 ഹെക്ടറും, (54.7%) , കൃഷി ചെയ്യാവുന്നത് 300.40 ഹെക്ടറും, പാഴ്ഭൂമി 57.31 ഹെക്ടറുമാണ് (ആകെ 17.5%)

9. കഴിഞ്ഞ 10 വർഷകാലയളവിൽ ഭൂമി കൈവശാ വകാശക്കാരുടെ എണ്ണം ക്രമാതീതമായി വർ ദ്ധിച്ചു. തല്ഫലമായി 1957 കുടിയാന്മാരുടെ എണ്ണം ഇന്ന് 11,955 ആയി പെരുകുകയും, വസ്തുവിന്റെ തുണ്ടവൽക്കരണം 0.92 ഹെക്ട റിൽ നിന്നും 0.15 ഹെക്ടറിലെത്തുകയും ചെയ്തു.

10. പ്രയോഗക്ഷമമായ ഭൂരിപക്ഷം കൈവശഭൂ മിയും 10 സെൻറിൽ താഴെയാണ്. (67.51- 74.65 %). ഇവ കാർഷിക ഉല്പാദനത്തിൽ വലിയ സംഭാവന നല്കുകയും ചെയ്യുന്നു.

11. പാർപ്പിട സൌകര്യത്തോടെയുള്ള ഗൃഹ വളപ്പുക ളിൽ വ്യത്യസ്ത ഇനം ഹ്യസ്വ-ദീർഘകാല വിളകൾ ഇടകലർത്തി പരിപാലിക്കുന്നു. ഏതാനും ഗൃഹവളപ്പിൽ കാലി പരിപാലനവും, കോഴിവളർത്തലും നടത്തുന്നുണ്ട്. ഉൽപന്ന ത്തിന്റെ 80 ശതമാനവും സ്വന്തം ഗാർഹികാവ ശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. 20 ശതമാനം അനുബന്ധ വരുമാനവുമാണ്.

12. പാടത്ത് കൃഷി ചെയ്യുന്ന ഏറ്റവും പ്രധാന വിള നെല്ലും, കരയിൽ തെങ്ങുമാണ്. ചെറിയൊരു വ്യാപ്തിയിൽ ഏകതല വിളയായി റബ്ബറും കൃഷി ചെയ്യുന്നുണ്ട്. കാലിക വിളകളിൽ ദാന്യങ്ങളും, എള്ളും, പച്ചക്കറികളും പാടങ്ങ ളിൽ കൃഷി ചെയ്യുന്നു. വാഴ, മരച്ചീനി, കുരുമുളക്, പച്ചക്കറിയും, കവുങ്ങും തെങ്ങിൻ

തോപ്പുകളിൽ ഇടകലർത്തിയാണ് കൃഷി ചെയ്യുന്നത്.

13. പത്തു വർഷകാലയളവിൽ (1985-95) തെങ്ങ് കൃഷി 73.77 ശതമാനവും, വാഴ 33.33 ശതമാനവും, റബ്ബർ 500 ശതമാനവും, കവുങ്ങ് 383.33 ശതമാനവും വർദ്ധിച്ചു. നെല്ല് ഉൽപാദന വിസ്തൃതി 20.55 ഉം, ധാന്യങ്ങൾ 55.56 ഉം, എള്ള് 93.59ഉം, പച്ചക്കറി 40ഉം ശതമാനമായി കുറഞ്ഞു.

14. താഴ്ന്ന സ്ഥലങ്ങളിൽ നെല്ലാണ് അടിസ്ഥാന കൃഷി. ഉയർന്ന ഭൂമിയിൽ പ്രത്യേകിച്ചും വീട്ടുവളപ്പിൽ തെങ്ങാണ് അടിസ്ഥാനവിള. പ്രധാന കൃഷിമുറകൾ ഇപ്രകാരമാണ്.

പാടങ്ങളിൽ:-

നെല്ല്-നെല്ല്-നെല്ല്
നെല്ല്-നെല്ല്-തരിശ്
നെല്ല്-നെല്ല്-പച്ചക്കറി
നെല്ല്-നെല്ല്-ധാന്യങ്ങൾ
നെല്ല്-നെല്ല്-എള്ള്

കരഭൂമിയിൽ

തെങ്ങ്-കുരുമുളക്-വിവിധ വീട് വളപ്പു വിളകൾ.

15. കഴിഞ്ഞ 10 വർഷങ്ങളിൽ വിളഭൂമി വിസ്തൃതി വർദ്ധിപ്പിക്കുന്നതിനോ, 1985ാം ആണ്ട് ഉണ്ടായിരുന്നത് നിലനിർത്തുന്നതിനോ കർഷകർ താല്പര്യം കാണിച്ചില്ല.

15.1 നെല്ലിന്റെ മൂന്ന് പൂവ് കൃഷി രീതി അമ്പരിപ്പിക്കും വിധം 338 ൽ നിന്ന് 0.88 ശതമാനമായി കുറഞ്ഞു.

15.2 പച്ചക്കറി, ധാന്യങ്ങൾ, എള്ള് തുടങ്ങി ഹൃസ്വകാലവിളകളുടെ വ്യാപന പരിധി ഗണ്യമായി കുറഞ്ഞു.

15.3 തരിശ് പാടങ്ങളുടെ പരിധി 29.28ൽ നിന്നും 31.40 ശതമാനമായി വർദ്ധിച്ചു.

15.4 നെൽകൃഷിയിൽ ഗണ്യമായ ഇടിവ് സംഭവിച്ചപ്പോൾ തെങ്ങ് അടിസ്ഥാനമായ കൃഷി 51.24ൽ നിന്നും 62.36 ശതമാനമായി വർദ്ധിച്ചു. എങ്കിൽ തന്നെയും ഇടവിളകളുടെ വ്യാപന തീവ്രത തൃപ്തികരമല്ല.

16. വിവിധ തരം വളപ്പുകളിൽ സ്വീകരിച്ചിരിക്കുന്ന തെങ്ങുകളുടെ സംഖ്യാസാന്ദ്രത വ്യത്യസ്തമാണ്. (ഒരു ഏക്കറിൽ 59 മുതൽ 83 തൈകൾ വരെ - ശരാശരി സാന്ദ്രത 0.77). അഞ്ച് സെന്റ് തോട്ടങ്ങളിൽ തെങ്ങിന്റെ എണ്ണം ഒരേക്കറിന് 80 എണ്ണമായി നിന്നപ്പോൾ 10-50 സെന്റ് തോട്ടങ്ങളിൽ അത് ഏക്കറിന്ന് 88 ആണ്.

അഞ്ച് സെന്റ് തോട്ടത്തിലും, 3 ഏക്കറിനു മേലുള്ള തോട്ടങ്ങളിലും നാളികേര വിളവ് കുറവാണ്. (തെങ്ങൊന്നിന് വർഷത്തിൽ 33.32 ഉം നാളികേരം).

അഞ്ച് സെന്റ് തോട്ടത്തിലെ മോശമായ വിളവിന് കാരണം മെച്ചപ്പെട്ട പരിചരണ മുറകൾ അവലംബിക്കാനുള്ള കർഷകന്റെ കഴിവില്ലായ്മയും, മറ്റുള്ളത് നാമമാത്രപരിചരണം മൂലവുമാണ്. നിലവാരം കുറഞ്ഞ പ്രാദേശിക വിത്തും, തൈകളും ഉപയോഗിക്കുന്നത് മറ്റൊരു കാരണവുമാണ്.

17. നെല്ലിന്റെ ഒന്നാം വിളയും, തെങ്ങിന്റെയും വാഴയുടേയും വിളവ് തോത് സംസ്ഥാന ശരാശരിയേക്കാൾ മുന്നിലാണ്. എന്നാലിത് രണ്ടും, മൂന്നും വിളകൾക്ക് സംസ്ഥാന ശരാശരിയിൽ താഴെയാണ്.

18. കഴിഞ്ഞ പന്ത്രണ്ട് വർഷങ്ങളിൽ തൊഴിലാളികളുടെ വേതന നിരക്ക് 270.61 ശതമാനമായി ഉയർന്നു. തൊഴിലാളി വേതനം കൃഷിയെ സാരമായി ബാധിക്കുന്ന പ്രധാനഘടകമാണ്. അമിതമായ വേതന വർദ്ധന കൃഷിചെയ്യുന്നതിൽ നിന്നും കർഷകരെ നിരുത്സാഹപ്പെടുത്തുന്നു.

19. കാർഷിക തൊഴിലാളികളുടെ ലഭ്യത വളരെ കുറവാണ്. കൃഷികളുടെ തിരക്കുള്ള കാലയളവിൽ ദുർലഭമായേ തൊഴിലാളികളെ കിട്ടുന്നുള്ളൂ. വിദ്യാഭ്യാസം ലഭിച്ചത് കൊണ്ട് ജനങ്ങൾ മറ്റു ജോലികൾ സ്വീകരിക്കുന്നു. വരുമാനം കുറവാണെങ്കിലും സാമൂഹ്യ അന്തസ്സ് ആഗ്രഹിച്ചും, തൊഴിൽ സുരക്ഷിതത്വം നോക്കിയും സ്ത്രീ തൊഴിലാളികൾ നിർമ്മാണപ്രവർത്തനമേഖലകളിലേയ്ക്കും മറ്റുമാണ് ജോലിക്ക് പോകുന്നത്.

20. ഹരിജൻ കോളനികളും, 8 സഹകരണ കൃഷി സമിതികളും പഞ്ചായത്തിലുണ്ട്. 7 ബാങ്കുകളുടെ പ്രവർത്തനവും നടക്കുന്നുണ്ട്.

21. ഈ പ്രദേശത്ത് 2 സർക്കാർ കാർഷിക സർവകലാശാല നഴ്സറികളും,4 0 സ്വകാര്യ നഴ്സറികളുമുണ്ട്. അലങ്കാരച്ചെടികളാണ് സ്വകാര്യ നഴ്സറികളുടെ പ്രധാന ഉല്പന്നം. അവ പ്രധാനമായും ഏജൻറുമാർ മുഖാന്തിരം അയൽ സംസ്ഥാനങ്ങളിലേയ്ക്ക് അയക്കുന്നു.

22. ഒല്ലൂക്കര പഞ്ചായത്ത് പ്രദേശത്തെ കൂട്ടാലയിൽ നിന്നുമാത്രമാണ് പ്രധാനമായും നാടൻ പച്ചക്കറിയിനങ്ങൾ മണ്ണുത്തിയിൽ വില്പനയ്ക്കു വരുന്നത്. മറുനാട്ടിൽ നിന്നും (തമിഴ്നാട്) ധാരാളം പച്ചക്കറിയിനങ്ങൾ തൃശ്ശൂർ വഴി

വിപണനത്തിന് എത്തുന്നുണ്ട്. പ്രതിദിനം 828 കി.ഗ്രാം. വിവിധ ഇനം പച്ചക്കറി വിപണനം നടത്തിവരുന്നുണ്ട്. കാർഷിക വിഭവങ്ങൾ വിപണനം നടത്തുവാനുള്ള സംവിധാനങ്ങൾ കുറവാണ്. പഞ്ചായത്തിന്റെയോ, സർക്കാരിന്റെയോ, സഹകരണമേഖലയുടെയോ ആഭിമുഖ്യത്തിൽ വിപണനകേന്ദ്രങ്ങളില്ല. പഴം പച്ചക്കറികൾ വില്പന നടത്തുവാൻ 6 പച്ചക്കറി സ്റ്റാളുകളും, 6 പഴക്കടകളും സ്വകാര്യ വ്യക്തികൾ മണ്ണുത്തിയിൽ നടത്തുന്നുണ്ട്.

23. കൃഷി ഡിപ്പാർട്ടുമെന്റ് ഒല്ലൂക്കര പഞ്ചായത്തിൽ 17 വികസന പദ്ധതികൾ കൃഷിഭവൻ മുഖാന്തിരം നേരിട്ട് നടത്തി വരുന്നുണ്ട്. ഭൂരിപക്ഷം പദ്ധതികളും വളരെ ഉപകാരപ്രദവും, വിളയുല്പാദന ഉയർച്ചയ്ക്ക് സഹായകരവുമാണ്. എന്നാൽ താഴെക്കൊടുത്ത ചില സംഗതികൾ പരിഗണിക്കേണ്ടതുണ്ട്.

23.1 മിക്ക പദ്ധതികളുടെയും പ്രയോജനം 30 സെൻറിനു മീതെ കൃഷിഭൂമി കൈവശമുള്ള കർഷകർക്കാണ ഇപ്പോൾ ലഭിക്കുന്നത്. എന്നാൽ ഒല്ലൂക്കര പഞ്ചായത്തിൽ 75 ശതമാനത്തോളം വരുന്ന കർഷകരുടെ കൈവശഭൂമിയുടെ വ്യാപ്തി 10 സെൻറിൽ താഴെയാണ്. അതുകൊണ്ട് പദ്ധതികളുടെ പ്രയോജനങ്ങൾ ആ ഗ്രൂപ്പുകാർക്കും ലഭ്യമാക്കണം.

23.2 ചില പദ്ധതികളിൽ നിർദ്ദേശിച്ചിട്ടുള്ള സഹായധനം നിലവിലുള്ള കൃഷിച്ചിലവുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ കുറവാണ്. സബ്സിഡി നിരക്കുകൾ കൃഷിച്ചിലവിന് ആനുപാതികമായി നിശ്ചയിക്കണം.

23.3 കൊക്കോ കൃഷി അത്ര പ്രചാരത്തിലുള്ള വിളയല്ല. അതിന്റെ വികസന പദ്ധതി വിജയകരമാണെന്ന് തോന്നുന്നില്ല.

23.4 പദ്ധതികളുടെ നടപ്പാക്കലിലും, വിലയിരുത്തലിലും കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നത് നന്നായിരിക്കും.

24. പഞ്ചായത്തിലെ കാർഷിക ഉല്പാദനമേഖലയിൽ നേരിടുന്ന പ്രശ്നങ്ങളും 14 വാർഡുകളിൽ സംഘടിപ്പിക്കപ്പെട്ട ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള നിരവധി നിർദ്ദേശങ്ങൾ ക്രോഡീകരിച്ചിട്ടുണ്ട്. ജലസേചനം, തൊഴിലും തൊഴിലാളികളും, കൃഷി, സാമഗ്രികളുടെ വില, ഉല്പന്നങ്ങൾക്ക് കിട്ടുന്ന വില, വളം, കൃഷിയന്ത്രങ്ങൾ, വിത്തും നടീൽ വസ്തുക്കൾ എന്നിവയുമായി ബന്ധപ്പെട്ടതാണ് പ്രധാന പ്രശ്നങ്ങൾ. കൃഷി കർമ്മത്തിൽ വിള ഉത്പാദനത്തിലേയ്ക്കും അതിന്റെ സ്ഥൂല പ്രശ്നങ്ങളിലേയ്ക്കും ഗ്രാമസഭകൾ ശ്രദ്ധ ക്ഷണിക്കുന്നു. എല്ലാ വിളകളെ സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്.

കൃഷി ആയുധങ്ങൾ, യന്ത്രങ്ങൾ, മണ്ണ് സംരക്ഷണം, കൂട്ടുകൃഷി, അഗ്രോ-ക്ലിനിക്ക്, തൊഴിലും -തൊഴിലാളികളും, കർഷകർക്കുള്ള ആശ്വാസനടപടികൾ, പാഴ് നില ഉപയോഗം, ഫാം റോഡുകളുടെ നിർമ്മാണം, പാലങ്ങൾക്കും, കലുങ്കുകൾക്കുമുള്ള നിബന്ധന ചാലുകൾ, തടാകം, കുളങ്ങൾ, തോടുകൾ, ലിഫ്റ്റ് ജലസേചനം തുടങ്ങി ജലസേചന സ്രോതസ്സുകളെ നവീകരിക്കാനുള്ള നിബന്ധന തുടങ്ങിയവ ചർച്ച ചെയ്യപ്പെട്ടതും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സബ്സിഡി നിർദ്ദേശങ്ങൾ, പ്രോത്സാഹനസംവിധാനം, മലിനീകരണ നിയന്ത്രണ നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

അനുമാനങ്ങൾ

കാർഷികാഭിവൃദ്ധി കൈവരിക്കണമെങ്കിൽ എല്ലാ വിളകളുടേയും വിളവ് വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ് . ശാസ്ത്രീയമായി കൃഷി ചെയ്യപ്പെടുന്ന വിളകളുടെ ഉല്പാദനക്ഷമതയുമായി താരതമ്യപ്പെടുത്തുമ്പോൾ ഇപ്പോൾ ലഭ്യമാകുന്ന വിളവിന്റെ തോത് വളരെ കുറവാണ്.

വിള വർദ്ധനയ്ക്കുള്ള ഒരു പ്രധാന ഘടകം മണ്ണിന്റെ ഫലഭൂയിഷ്ഠത നന്നാക്കലാണ്. മണ്ണു പരിശോധന നടത്തി, ആവശ്യാനുസരണം ജൈവവളങ്ങളും, രാസവളങ്ങളും ഉപയോഗിക്കുക വഴി ഇത് സാദ്ധ്യമാണ്. മറ്റൊരു പ്രധാന ഘടകം ജലസേചനമാണ്. ഇതിനായി നിലവിലുള്ള ജലസേചന ഉപാധികൾ പരിപൂർണ്ണമായി ഉപയുക്തമാക്കേണ്ടതാണ്. വയലിൽ കടും കൃഷി നടപ്പിലാക്കുക, വീട്ടുതോട്ടങ്ങളിൽ കൂടുതൽ ഇടവിളകൾ ചെയ്യുക എന്നിവ വിളവ് വർദ്ധിപ്പിക്കാൻ സഹായകമാകും. ഇവ സാദ്ധ്യമാക്കാൻ ജലസേചന സൗകര്യത്തോടെ ശാസ്ത്രീയ കൃഷി സമ്പ്രദായം പ്രയോഗത്തിൽ വരുത്തേണ്ടതാണ്. അത്യുല്പാദന ശേഷിയുള്ള വിത്തും, മറ്റ് നടീൽവസ്തുക്കളും ലഭ്യമാക്കേണ്ടതാണ്. ഇതിനായി നഴ്സറികൾ സ്ഥാപിക്കുകയും നിലവിലുള്ള നഴ്സറികളിൽ നിന്നും ഗുണമേൻമയുള്ള നടീൽ വസ്തുക്കൾ വിതരണം നടത്തുന്നുവെന്ന് ഉറപ്പു വരുത്തുകയും വേണം.

ഒല്ലൂക്കര പഞ്ചായത്തിൽ ഒരു കുടംബത്തിന്റെ കൈവശഭൂമിയുടെ ശരാശരി വിസ്തീർണ്ണം 0.15 ഹെക്ടറാണ്. എന്നാൽ 75% വരുന്ന കർഷകരുടെ കൈവശഭൂമി 10 സെൻറിനോടടുത്താണ്. ഇപ്പോൾ നിലവിലുള്ള പല പദ്ധതികളും 30 സെൻറിൽ കൂടുതൽ ഭൂമി കൈവശമുള്ള കർഷകരെ ഉദ്ദേശിച്ചുള്ളവയായതിനാൽ മേൽ സൂചിപ്പിച്ച (10 സെൻറ്

കൈവശമുള്ള) കർഷകർക്ക് യാതൊരു ആനുകൂല്യവും ലഭിക്കുന്നില്ല.

കൃഷിഭവന്റെ ദൗത്യം ബൃഹത്താണ്. കൃഷിഭവനിൽ നിക്ഷിപ്തമായിരിക്കുന്ന പ്രവർത്തനങ്ങൾ ശരിയാം വണ്ണം കൈകാര്യം ചെയ്യുവാനുതകുമാറ് കൃഷിഭവനെ വികസിപ്പിക്കുകയു വേണം.

വീട്ടുതോട്ടങ്ങളുടെ വിളപരിക്രമം ശ്രദ്ധയോടെ പഠിച്ച് അപഗ്രഥിക്കണം. പിന്നീട് ഓരോ പ്രദേശത്തിനും യോജിച്ച വിധം വിളവ് പദ്ധതികൾ തയ്യാറാക്കണം. പച്ചക്കറികൾക്കും, ഔഷധസസ്യങ്ങൾക്കും കൂടുതൽ പ്രാധാന്യം നൽകണം. നല്ലയിനം വിത്തുകൾ, തൈകൾ, വളങ്ങൾ, സസ്യസംരക്ഷണ മരുന്നുകൾ എന്നിവ യഥാക്രമം ആവശ്യമുള്ള സമയത്തും സ്ഥലത്തും നൽകുവാൻ ഏർപ്പാടുണ്ടാക്കണം.

കാർഷിക മേഖലയിൽ ഇന്ന് അനുഭവപ്പെടുന്ന രൂക്ഷമായ ഒരു പ്രശ്നമാണ് തൊഴിലാളികളുടെ ദൗർലഭ്യം. ഇതിന് മുഖ്യകാരണം, ജോലിസ്ഥിരത ഉറപ്പുവരുത്താത്തതും, സമയ പരിധി നിർണ്ണയിക്കാത്തതും, അദ്ധ്വാനഭാരത്തിന് അർഹമായ വേതനം (പ്രത്യേകിച്ച് സ്ത്രീ തൊഴിലാളികൾക്ക്) ലഭിക്കാത്തതും, മറ്റു മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് (വ്യാവസായിക തൊഴിലാളികൾക്ക്) ലഭിക്കുന്ന ജോല് സ്ഥിരത, പെൻഷൻ, ഗ്രാറ്റുവിറ്റി, പ്രൊവിഡൻറ് ഫണ്ട്, ഇ.എസ്.ഐ, ആദിയായ ആനുകൂല്യങ്ങൾ ലഭ്യമല്ലാത്തതുമാണ്.

തൊഴിൽ ലഭ്യത കുറവായതിനാൽ യന്ത്രവൽകൃത കൃഷിരീതി അവലംബിക്കേണ്ടതാണ്. ഇതിനുവേണ്ടിയുള്ള ട്രാക്ടർ, ട്രില്ലർ തുടങ്ങിയ കാർഷികോപകരണങ്ങൾ വാടക ഇളവിൽ ലഭ്യമാക്കണം. 10 സെൻറ് കർഷകർ സാമ്പത്തികമായി പിന്നോക്കമായതിനാൽ സാമ്പത്തികസഹായവും മിതമായ പലിശയ്ക്ക് പഞ്ചായത്ത് മുഖേന ലഭ്യമാക്കണം.

വയൽ കർഷകർക്ക് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടും, നിലം തരിശ് ഇടുന്നത് നിയമം മൂലം തടയണം. കർഷകൻ കൃഷി ചെയ്യാൻ തല്പരനല്ലെങ്കിൽ ആ സ്ഥലം പാട്ടത്തിനു നൽകുകയോ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുകയോ ചെയ്യണം. കൃഷിക്ക് അനുയോജ്യമായതും ഇപ്പോൾ നിലവിലുള്ളതുമായ ഉദ്ദേശ്യം 358 ഹെക്ടർ തരിശ് ഭൂമി ഒരു സൊസൈറ്റി രൂപീകരിച്ച് കൃഷി ചെയ്യുമാറാക്കേണ്ടതാണ്.

കാർഷികോത്പന്നങ്ങളുടെ വിപണനം പ്രാധാന്യമർഹിക്കുന്നു. ആയതിന് പഞ്ചായത്തിന്റെ കീഴിൽ ഒരു വിപണനകേന്ദ്രം തുടങ്ങേണ്ടതും കർഷകർക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കേണ്ടതുമാണ്. തന്നെയുമല്ല എല്ലാ സൗകര്യങ്ങളോടുകൂടിയ ബൃഹത്തായ ഒരു അഗ്രോക്ലിനിക്കും 'ഇൻഫർമേഷൻ സെൻററും' പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കേണ്ടതാണ്.

ജൈവവള നിർമ്മാണം, കണികജലസേചനം എന്നിവ നിലവിൽ വരുത്തേണ്ടതാണ്. വീട്ടമ്മമാരുടെ വരുമാനം കൂട്ടുവാൻ കൂൺ കൃഷി, തേനീച്ച വളർത്തൽ , മറ്റു കൈത്തൊഴിലുകൾ എന്നിവ നടപ്പിലാക്കണം.

നെല്ല്, തെങ്ങ്, വീട്ടുതോട്ടങ്ങൾ എന്നിവയുടെ സംഘം ചേർന്നുള്ള കൃഷി സമ്പ്രദായം, വെള്ളത്തിനു ക്ഷാമമുള്ള സ്ഥലങ്ങളിൽകൂട്ടായ ജലസേചന സമ്പ്രദായം എന്നിവ നടപ്പിലാക്കിയാൽ കൃഷിയിൽ നൂതന മാറ്റങ്ങൾ വരുത്തുവാൻ സാധിക്കും. കൂടാതെ തൊഴിൽ രഹിതരായ ചെറുപ്പക്കാരേയും, സ്ത്രീകളേയും സംഘടിപ്പിച്ച് കാർഷികവൃത്തിയുടെ എല്ലാ വശങ്ങളെക്കുറിച്ചും തീവ്ര പരിശീലനം നൽകി സന്നദ്ധ സേവക നിരയാക്കി അവരോധിക്കാവുന്നതാണ്. പുരുഷന്മാരുടേയും, സ്ത്രീകളുടേയും ഗ്രൂപ്പുകളായി തിരിച്ച് വീട്ടുതോട്ടസംരക്ഷണം കാര്യക്ഷമതയുള്ളതാക്കാൻ ശ്രമിക്കണം. സഹകരണ കൃഷി സമ്പ്രദായം നടപ്പിലാക്കി കൃഷിയില്ലാത്ത പൊതു സ്ഥലങ്ങളും, സ്വകാര്യസ്ഥലങ്ങളും ഉപയുക്തമാക്കണം. പദ്ധതികളുടെ വിലമതിപ്പ്, പ്രതിസന്ധി തരണം ചെയ്യൽ, ആസൂത്രണം, അവലോകനം എന്നിവ സാദ്ധ്യമാക്കാൻ പഞ്ചായത്ത് തലത്തിൽ ഒരു ഉപദേശകസമിതിയും വാർഡ് തലത്തിൽ സ്റ്റിയറിങ്ങ് സമിതികളും ഉണ്ടാകുന്നത് അഭികാമ്യമാണ്.

എല്ലാറ്റിനുമുപരി ഏറ്റവും പ്രാധാന്യമർഹിക്കുന്ന കാര്യമാണ് ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കൽ. ഗ്രാമസഭകൾ വളരെ വിലയേറിയ സംഭാവനകളാണ് നൽകിയിരിക്കുന്നത്. ഇവ കഴിയും വേഗം നടപ്പിലാക്കി ആസൂത്രണം ചെയ്യപ്പെടുന്ന പദ്ധതികളുടെ നടത്തിപ്പിന് അസ്ഥിവാരമിടുന്നത് വളരെ അഭിലഷണീയവും അത്യന്താപേക്ഷിതവുമാണ്.

കൃഷി ഡിപ്പാർട്ടുമെൻറ്, കൃഷിഭവൻ മുഖാന്തിരം നേരിട്ടു നടത്തിവരുന്ന പദ്ധതികൾ അവലോകനം ചെയ്യപ്പെട്ടതിൽ കാണാൻ കഴിഞ്ഞത് അവ വളരെ പ്രയോജനകരമാണെങ്കിലും ഗുണലഭ്യത ഭൂരിഭാഗം വരുന്ന കൃഷിക്കാർക്കും ഇല്ല എന്നതാണ്. പദ്ധതികളുടെ ഗുണം പത്ത് സെൻറ് കൈവശഭൂമിയുള്ള കർഷകർക്കും ലഭ്യമാക്കണം. പദ്ധതികൾ നടപ്പാക്കുന്നതിലും, വിലയിരുത്തുന്നതിലും കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു.

*

5.2 മൃഗസംരക്ഷണവും മത്സ്യബന്ധനവും



ഉള്ളടക്കം

- കന്നുകാലി സമ്പത്ത് 75
- പാൽ ഉൽപാദന സ്രോതസ്സുകൾ 76
- കോഴി സമ്പത്ത് 76
- ഇറച്ചിക്കോഴി 77
- കാടപക്ഷി 77
- ആട്/പന്നി/മുയൽ വളർത്തൽ 77
- മൽസ്യകൃഷി 77
- സംഗ്രഹം 78
- പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ 79
- ഗ്രാമസഭ നിർദ്ദേശങ്ങൾ 81

5 2 മൃഗസംരക്ഷണവും മത്സ്യബന്ധനവും

കാർഷിക അനുബന്ധ മേഖലയായ മൃഗസംരക്ഷണം ഇന്ന് ഉൽപാദന രംഗത്ത് തനതായ സ്ഥാനം കൈവരിച്ചിരിയ്ക്കുകയാണ്. പാൽ,മുട്ട,ഇറച്ചി എന്നിവയുടെ ഉൽപാദനത്തിന് ഒരു വ്യാവസായിക സ്വഭാവം രൂപപ്പെട്ടിട്ടുണ്ട്.ഈ പരിവർത്തനങ്ങൾ ഒരു വശത്തു നടക്കുമ്പോൾ തന്നെ കൃഷി വിളകളുടെ ഉൽപാദനം പ്രധാനമായും ഭക്ഷണത്തിനായി ആശ്രയിക്കുന്ന ഉൾനാടൻ ഗ്രാമ പ്രദേശങ്ങളിൽ മൃഗ പരിപാലനം കൃഷിയുടെ അനുബന്ധ മേഖലയായിത്തന്നെ തുടരുകയാണ്. സമഗ്ര ഗ്രാമീണ വികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളിൽ മൃഗസംരക്ഷണ മേഖലയ്ക്കുള്ള സ്ഥാനം നിർണ്ണായകമാണ്.

ഗ്രാമീണമേഖല കഴിഞ്ഞമൂന്നു-നാലു ദശാബ്ദങ്ങളായി വളരെ അധികം മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്. ഗ്രാമീണ പ്രദേശമായ ഒല്ലൂക്കര പഞ്ചായത്തിലും൦൦ ഈ മാറ്റങ്ങൾ ഗണ്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്, മാത്രമല്ല തൃശൂർ പട്ടണത്തിന്റെ പ്രാന്ത പ്രദേശമായതിനാലും, കാർഷിക സർവ്വകലാശാല പോലുള്ള സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം കൊണ്ടും ഒല്ലൂക്കര പഞ്ചായത്തിന്റെ ഗ്രാമീണ മുഖഛായ നഗര നാഗരീയതയുടെ സംസ്ക്കാരത്തിലേക്ക് അതിവേഗം നീങ്ങികൊണ്ടിരിക്കുകയാണ്. നഗരവൽക്കരണ പ്രവണത കൃഷിഭൂമിയുടെ വിസ്തൃതി പരിമിതമാക്കികൊണ്ടുവരുന്നതിനെ മാത്രമല്ല ലഭ്യമായ ഭൂമിയെ തന്നെ തുണ്ടവൽക്കരിക്കുകയും ചെയ്യുന്നു. ഈ യാഥാർത്ഥ്യം കാർഷിക മേഖലയെക്കുറിച്ചുള്ള റിപ്പോർട്ടിലെ പട്ടിക ജെ യിൽ നിന്നു വ്യക്തമാകുന്നു. മാത്രമല്ല നഗര നാഗരീകതയുടെ ഭാഗമായ ഉപഭോഗ സംസ്ക്കാരവും വളർന്നു വന്നിട്ടുണ്ട്.ഈ പശ്ചാത്തലത്തിൽ വേണം പഞ്ചായത്തിലെ മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ വിലയിരുത്തലും പദ്ധതി ആവിഷ്ക്കരണവും നടത്തേണ്ടത്.

ആദ്യകാലത്ത് കന്നുകാലി വളർത്തൽ കർഷകരുടെ ഒരു മുഖ്യ വരുമാന മാർഗ്ഗമായിരുന്നു. ഒല്ലൂക്കര വില്ലേജിൽ ധാരാളമായി കന്നുകാലികളുണ്ടായിരുന്നുവെന്ന് പഴയ സെറ്റിൽമെൻറ് രജിസ്റ്റർ സൂചിപ്പിക്കുന്നു. ഇന്ന് വടക്കേ ഫാമെന്ന പേരിലറിയപ്പെടുന്ന സർക്കാർ കൃഷിത്തോട്ടം ഒരു കാലി വളർത്തൽ കേന്ദ്രം കൂടിയായിരുന്നു. സർക്കാർ കൃഷിത്തോട്ടത്തിന് സമീപമുള്ള റോഡിന്റെ തെക്കൻ പ്രദേശത്താണ് പിന്നീട് കേരള വെറ്ററിനറി കോളേജ് സ്ഥാപിച്ചത്.

ഒല്ലൂക്കര പഞ്ചായത്തിലെ കന്നു കാലി സമ്പത്ത്.

പഞ്ചായത്തിന് അഭിമാനിക്കാവുന്ന തരത്തിൽ കന്നുകാലി സമ്പത്ത് ഉണ്ടങ്കിലും വെറ്ററിനറി കോളേജിനോടനുബന്ധമായി പ്രവർത്തിയ്ക്കുന്ന ഫാമുകളിലുള്ളവയുടെ എണ്ണം മാറ്റി നിർത്തിയാൽ പഞ്ചായത്തിലെ ജനങ്ങളുടെ കൈവശമുള്ള ഉപയോഗ്യമായ ഉരുക്കളുടെ എണ്ണം കുറവാണെന്ന് പട്ടിക I വ്യക്തമാക്കുന്നു.

പട്ടിക I

ക്രമ നമ്പർ	ഇന വിവരം	എണ്ണം
1	നാടൻ പശുക്കൾ	: 1733
2	സങ്കരഇനം പശുക്കൾ	: 2425
3	എരുമ	: 284
4	ആട്	: 2556
5	പന്നി	: 302
6	കോഴി	: 12,290
7	താറാവ്	: 2137

അവലംബം 1987-ലെ സെൻസസ്

മൊത്തമുള്ള പശുക്കളിൽ 58 ശതമാനത്തോളം ഉൽപാദന ക്ഷമത കൂടിയ സങ്കരഇനം പശുക്കളാണ്. വെറ്റിനറി കേന്ദ്രവും 6-ാം വാർഡിലെ കൃത്രിമ ബീജ സങ്കലനകേന്ദ്രവും സങ്കരയിനം പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ വിപുലമാക്കേണ്ടത് അനിവാര്യമാണ്.

പാൽ ഉൽപാദന ശ്രോതസുകൾ

ഒല്ലൂക്കര പഞ്ചായത്തിൽ മൂന്നു ക്ഷീര സഹകരണ സംഘങ്ങളാണ് പ്രവർത്തിക്കുന്നത്. ഇതിൽ ഒരു സഹകരണ സംഘത്തിന്റെ പ്രവർത്തനം നിലച്ചിരിയ്ക്കുകയാണ്. ഇതു കൂടാതെ മിൽമ ശക്തി, വലക്കാവ് ക്ഷീര സഹകരണ സംഘം, കാർഷിക സർവ്വകലാശാല കന്നുകാലിഫാം എന്നിവ മുഖേനയും പാലിന്റെ ഒരു ഭാഗവും പഞ്ചായത്തിൽ വിപണിയിലെത്തുന്നുണ്ട്. ഈ സ്രോതസുകളിൽ നിന്നു ലഭിക്കുന്ന പാലിന്റെ ശേഖരണ വിപണന വിവരങ്ങൾ പട്ടിക II-ൽ ചേർത്തിരിക്കുന്നു.

പട്ടിക II

ഒല്ലൂക്കര പഞ്ചായത്തിൽ ദിനം പ്രതി പാലിന്റെ ഉപഭോഗം (ലിറ്ററിൽ)

ക്രമ നമ്പർ	ശ്രോതസ്സ്	പ്രതിദിനം വിപണനം
1	സഹകരണ സംഘം, മിൽമ ശക്തി, വലക്കാവ് സൊസൈറ്റി	1725
2	സർവ്വകലാശാല	500

(അവലംബം സെക്കൻഡറി ഡേറ്റ)

പ്രശ്നങ്ങൾ

പഞ്ചായത്തിലെ ക്ഷീര കർഷകരെല്ലാം തന്നെ ക്ഷീര സഹകരണ സംഘത്തിൻ കീഴീൽ കൊണ്ടുവരപ്പെട്ടിട്ടില്ല എന്നാണ് ഗ്രാമസഭകളിലെ ചർച്ചകൾ വ്യക്തമാക്കുന്നത്. സംഘത്തിൽപെടാത്ത കർഷകർ ഉൽപാദിപ്പിക്കുന്ന പാലും വിപണനത്തിനെത്തുന്നുണ്ടെന്നു കണക്കാക്കിയാൽ പാൽ ലഭ്യത പട്ടിക II ൽ കാണുന്നതിനേക്കാളും കൂടുതലാണെന്നു അനുമാനിക്കാം. ഭാരത പോഷക ആഹാര സമിതി നിർദ്ദേശിച്ചിരിക്കുന്ന അളവിൽ വ്യക്തികൾക്ക് പാൽ ലഭ്യമാക്കണമെങ്കിൽ അതിന്റെ ഉൽപാദനവും ലഭ്യതയും ഇനിയും കൂട്ടേണ്ടതുണ്ട്.

ഭൂരിഭാഗം ക്ഷീര കർഷകരും കമ്പോളത്തിൽ നിന്നു ലഭിക്കുന്ന തീറ്റയെയാണ് ആശ്രയിക്കുന്നത്. തീറ്റപ്പുല്ലിന്റെ ലഭ്യത കുറവുമൂലം അതു നൽകുന്നതുമില്ല. ഇതിന്റെ ഫലമായി ഉൽപാദന മേഖലയിലേക്ക് കടന്നു വരുന്നവരെ നിരുത്സാഹപ്പെടുത്തുകയാണ്. ക്ഷീരസഹകരണ സംഘങ്ങളിൽ നിന്നു ലഭിക്കാതെ വരുന്നതും മൃഗസംരക്ഷണരംഗത്തിന് പുറ കോട്ടാടിയ്ക്ക് കാരണമായിട്ടുണ്ടെന്നും ഗ്രാമ സഭകളിലെ ചർച്ചകൾ വ്യക്തമാക്കുന്നു.

സംസ്ഥാനത്തെ കന്നുകാലി സമ്പത്തിനൊപ്പം വിപുലീകരിക്കാവുന്ന ഒരു ഊർജ്ജ ശ്രോതസ്സായിരുന്നു ഗോബർ ഗ്യാസ് ഊർജ പ്രതിസന്ധി നേരിടുന്ന ഈ കാലയളവിൽ പോലും അതിന്റെ നില നിറുത്തലും ഉപഭോഗവും കുറഞ്ഞു വരികയാണ്. പഞ്ചായത്ത് പരിധിയിൽ പത്തിൽ താഴെ ഗോബർ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവയിൽ ഗണ്യമായി പ്രവർത്തന ക്ഷമമല്ല.

സാങ്കേതിക പരിജ്ഞാനവും,സാമ്പത്തിക സഹായവും നല്കിയാൽ ഈ സംവിധാനം പ്രയോജനപ്പെടുത്തുവാൻ ആഗ്രഹിക്കുന്നവർ പഞ്ചായത്തിലുണ്ട്.

കോഴിസമ്പത്ത്

ഒല്ലൂക്കര പഞ്ചായത്തിൽ 12290 കോഴികളുണ്ടെന്നാണ് 1987 ലെ കണക്കുകൾ കാണിക്കുന്നത്.വെറ്ററിനറി കോളേജിന്റെ കീഴിലുള്ള രണ്ടു ഫാമുകളിലെ 6000 ത്തിലധികം കോഴികളുടെ എണ്ണം മാറ്റി നിർത്തിയാൽ ഈ പഞ്ചായത്തിലെ കോഴി സമ്പത്ത് 6000 ന് താഴെ മാത്രമാണ്. മുട്ടയുൽപാദനത്തെക്കുറിച്ച് വ്യക്തമായ കണക്കുകൾ ലഭ്യമല്ല. വെറ്ററിനറി കോളേജിലെ ഫാമുകളിൽ ദിനം പ്രതി 3000 മുട്ടയോളം ഉൽപാദിപ്പിയ്ക്കപ്പെടുന്നുണ്ട് പക്ഷെ ഇതിന്റെ 95 ശതമാനവും കുഞ്ഞുങ്ങളെ വിരിയിപ്പിച്ചെടുക്കാനാണ് പ്രയോജനപ്പെടുത്തുന്നത്. ഭക്ഷ്യ ഉപഭോഗത്തിനായി ഈ സ്ഥാപനങ്ങളിൽ നിന്നും

ലഭിക്കുന്ന മുട്ട തുലോം കുറവാണെന്നാണ് മേൽ കണക്കുകൾ വ്യക്തമാക്കുന്നത്. 15,000 മുട്ട ദിനം പ്രതി ഈ പഞ്ചായത്തിന്നു പ്രദേശത്തു കടകളിൽ കൂടി വിപണനം ചെയ്യപ്പെടുന്നു. വിപണിയിൽ എത്തുന്ന മുട്ടകളാകട്ടെ അയൽ സംസ്ഥാനത്തു നിന്നു ഇറക്കുമതി ചെയ്യപ്പെടുന്ന വയുമാണ്. ഇതു സൂചിപ്പിക്കുന്നത് മുട്ടയുൽപാദന മേഖല വികസിപ്പിക്കാനുള്ള സാദ്ധ്യതകളെയാണ്, യഥാസമയങ്ങളിൽ കോഴികളെ ലഭിക്കാത്തതും കോഴിത്തീറ്റയുടെ ക്രമാതീതമായ വില വർദ്ധനയും അസംഘടിത വിപണന രംഗവും മുട്ടയുൽപാദന വികസനത്തെ ദോഷകരമായി ബാധിക്കുന്ന ഘടകങ്ങളാണ്. എങ്കിൽകൂടി ഈ മേഖലയിലേക്ക് കടന്നുവരാൻ ജനങ്ങൾ തയ്യാറാണെന്ന് ഗ്രാമ സഭകളിലെ സംവാദങ്ങൾ തെളിയ്ക്കുന്നു.

ഇറച്ചിക്കോഴി

ഇറച്ചിക്കോഴി വളർത്തൽ പഞ്ചായത്തിൽ നാമമാത്ര വ്യക്തികളിൽ പരിമിതപ്പെട്ടിരിക്കുന്നു. വർദ്ധിച്ചു വരുന്ന ഉൽപാദനച്ചിലവ്, അതിനനുസൃതമായ വിപണന വില ലഭിക്കാത്തത്, യഥാസമയമുള്ള സാങ്കേതിക സഹായത്തിന്റെ അഭാവം എന്നിവ പ്രശ്നങ്ങളാണ്. എന്നാൽ ഗണ്യമായ തോതിൽ പഞ്ചായത്തിലുള്ളതിലുംകൂടുതൽ ഇറച്ചിക്കോഴി വിപണനത്തിനെത്തുന്നതായും കാണുന്നു. ഇറച്ചിക്കോഴി വളർത്തുന്നതിനുള്ള സാങ്കേതിക മാർഗ്ഗ നിർദ്ദേശങ്ങളുടെ അഭാവം, പരിശീലനത്തിന്റെ അഭാവം, ധനസഹായത്തിന്റെ ആവശ്യകത എന്നിവയാണ് പ്രശ്നങ്ങളായി ഗ്രാമ സഭ ചർച്ചകളിൽ ചൂണ്ടിക്കാണിക്കപ്പെട്ടത്.

കാടപക്ഷി

കാടപക്ഷികൾ അടുത്ത കാലത്തായി ഇറച്ചിയ്ക്കും മുട്ടയ്ക്കും വേണ്ടി വളർത്തിവരുന്നുണ്ട്. കാർഷിക സർവ്വകലാശാല ഒരു പരിധിവരെ ഈ സംരംഭത്തിന്നാവശ്യമായ ബോധവൽക്കരണം നടത്തിയിട്ടുണ്ട്. എന്നിരുന്നാലും സർവ്വകലാശാല സ്ഥിതിചെയ്യുന്ന ഒല്ലൂക്കര പഞ്ചായത്തിൽ 6-ാം വാർഡിൽ ഒരു സ്ഥലത്തൊഴിച്ച് ആരും തന്നെ കാട വളർത്തലിൽ ഏർപ്പെട്ടിട്ടില്ല. ഈ കാടപക്ഷി ഉൽപാദനം വികസിപ്പിക്കാനുള്ള നടപടികൾ വേണമെന്ന നിർദ്ദേശം ഗ്രാമസഭകളിൽ വന്നിട്ടുണ്ട്.

ആടു /പന്നി/മുയൽ വളർത്തൽ

ആടുവളർത്തൽ പന്നിവളർത്തൽ മേഖലകളിൽ പഞ്ചായത്തിലെ ജനങ്ങൾ വ്യാപൃതരല്ല. ഈ രംഗത്തു താല്പര്യമുള്ളവരുണ്ട് എന്നുള്ള വസ്തുത ഗ്രാമസഭ ചർച്ചകളിൽ നിന്നു കാണുന്നു.

അതുപോലെതന്നെ മുയൽ വളർത്തലിന് താല്പര്യമുള്ളതായി ഗ്രാമസഭ ചർച്ചകൾ ചൂണ്ടിക്കാട്ടുന്നു.

മൃഗ ചികിത്സരംഗത്തു വെറ്ററിനറി ആശുപത്രിയാണ് ഏക സ്ഥാപനം. ഈ സ്ഥാപനത്തിന്റെ 1995-96 ലെ മൃഗ ചികിത്സയുടെ സംക്ഷിപ്തവിവരവും അതുപോലെ തന്നെ കൃത്രിമ ബീജ സങ്കലന കേന്ദ്രത്തിന്റെ സംക്ഷിപ്തവും പട്ടിക III ൽ ചേർത്തിരിയ്ക്കുന്നു.

വെറ്ററിനറി കോളേജും അനുബന്ധ സ്ഥാപനങ്ങളുടെയും പ്രധാന ചുമതലകൾ, അദ്ധ്യായനം,ഗവേഷണം, വിജ്ഞാന വ്യാപനം എന്നിവ ആകയാൽ ആ സ്ഥാപനങ്ങൾക്ക് സേവന മേഖലയിൽ ഇടപെടാൻ പരിമിതികളുണ്ട്. ഇക്കാരണം കൊണ്ടുതന്നെയാവാം മൃഗസംരക്ഷണ ചികിത്സാരംഗത്ത് ബോധവൽക്കരണത്തിന്റെ അപര്യാപ്തത മിക്ക ഗ്രാമസഭ ചർച്ചകളിലും ചൂണ്ടിക്കാണിക്കപ്പെട്ടത്.

മത്സ്യകൃഷി

മത്സ്യകൃഷി ഒരു തൊഴിലായോ,ഉപതൊഴിലായോ സ്വീകരിച്ചിട്ടുള്ള ഭവനങ്ങൾ ഈ പഞ്ചായത്തിലില്ല. എന്നാൽ ചില ഗ്രാമ സഭകളിൽ നിന്നു വന്നിട്ടുള്ള നിർദ്ദേശങ്ങൾ ഈ പഞ്ചായത്തിലെ ജനങ്ങൾ ഈ മേഖലയുടെ സാദ്ധ്യതകളെക്കുറിച്ച് ബോധവാന്മാരാണെന്നാണ്. ഒല്ലൂക്കര പഞ്ചായത്തിൽ മത്സ്യകൃഷിക്ക് അനുയോജ്യമായ 5 കുളങ്ങളുണ്ട്. മത്സ്യകൃഷി വികസിപ്പിക്കാൻ ഇവ ഉപയോഗിക്കാവുന്നതാണ്.

ശാസ്ത്രീയമായ ഒരു അറിവുശാലയുടെ അഭാവം പഞ്ചായത്തിലുണ്ട്. അനധികൃതഇറച്ചി വിൽപന കേന്ദ്രങ്ങൾ മിക്ക വാർഡുകളിലുമുണ്ട്.

സംഗ്രഹം

1.1 ഉൾനാടൻ ഗ്രാമപ്രദേശങ്ങളിൽ മൃഗപരിപാലനം കൃഷിയുടെ അനുബന്ധ മേഖലയായി തുടരുകയാണ്. സമഗ്ര ഗ്രാമീണ വികസനത്തിൽ മൃഗസംരക്ഷണ മേഖലയുടെ സ്ഥാനം നിർണ്ണായകമാണ്.

1.2. ഒല്ലൂക്കര പഞ്ചായത്തിന്റെ ഗ്രാമീണ മുഖച്ഛായ നഗരനഗരീയകതയുടെ സംസ്ക്കാരത്തിലേയ്ക്ക് നീങ്ങുകയാണ്. നഗരവൽക്കരണ പ്രവണത കൃഷിയുടെ വിസ്തൃതി പരിമിതമാക്കുന്നതു കൂടാതെ ഭൂമി തുണ്ടവൽക്കരിക്കപ്പെടുകയും ചെയ്യുന്നു.

1.3. പഞ്ചായത്തിലെ കന്നുകാലി സമ്പത്ത് എണ്ണത്തിൽ കുറവാണ്. മൊത്തമുള്ള പശുക്കളിൽ 58 ശതമാനത്തോളം സങ്കരഇനങ്ങളാണ്. വെറ്റിറിനറി കോളേജിലും, 6ാം വാർഡിലും കൃത്രിമ ബീജ സങ്കലനകേന്ദ്രങ്ങളുണ്ട്. ഇവയുടെ പ്രവർത്തനം വിപുലീകരിക്കേണ്ടത് അനിവാര്യമാണ്.

1.4. ഒല്ലൂക്കര പഞ്ചായത്തിൽ മൂന്ന് ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ ഒരു സംഘത്തിന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. കൂടാതെ മിൽമ,ശക്തി, വലക്കാവ് ക്ഷീരസഹകരണ സംഘം, കാർഷികസർവ്വകലാശാല കന്നുകാലി ഫാം എന്നിയും പഞ്ചായത്തിൽ പാൽ വിപണനം നടത്തുന്നുണ്ട്.

1.5. പഞ്ചായത്തിലെ ക്ഷീര കർഷകരെയെല്ലാം സഹകരണ സംഘത്തിന്റെ കീഴിൽ കൊണ്ടുവന്നിട്ടില്ല. വിപണനം ചെയ്യുന്നതിനെക്കാൾ പാൽ ഉല്പാദനം കൂടുതലാണ്. എന്നിരിക്കിലും, ഭാരത പോഷക ആഹാരസമിതി നിർദ്ദേശിച്ച അളവിൽ പാൽ ലഭ്യമാക്കണമെങ്കിൽ ഉല്പാദനവും ലഭ്യമാക്കണമെങ്കിൽ ഉല്പാദനവും ലഭ്യതയും ഇനിയും കൂട്ടേണ്ടതുണ്ട്.

1.6. കമ്പോളത്തിൽ നിന്നു ലഭിക്കുന്ന കാലിതീറ്റയാണ് കർഷകർ ഉപയോഗിച്ചുവരുന്നത്. ഇത് പാൽ ഉല്പാദനശേഷി കുറയ്ക്കുകയാണ്.

1.7. ഉൽപാദനച്ചിലവിന് അനുസൃതമായി പാലിന് വില ലഭിക്കുന്നില്ല. ക്ഷീരസംഘങ്ങളിൽ അംഗങ്ങളല്ലാത്തതിനാൽ ആനുകൂല്യങ്ങൾ കിട്ടാത്തത് മൂലം വികസനം മന്ദഗതിയാലാണ്.

1.8. കന്നു കാലി സമ്പത്തിനൊപ്പം വിപുലീകരിക്കേണ്ട ഒരു ഊർജ ശ്രോതസ്സാണ് ഗോബർ ഗ്യാസ്സ്. നിലവിലുള്ള പ്ലാൻറുകൾ അത്ര പ്രവർത്തന ക്ഷമമല്ല.

2.കോഴിസമ്പത്ത്

2.1. ഈ പഞ്ചായത്തിലെ കോഴിസമ്പത്ത് ഉദ്ദേശം 6000 ആണ്. മുട്ടയുൽപാദനത്തെക്കുറിച്ച് വ്യക്തമായ കണക്കുകൾ ലഭ്യമല്ല. 15,000 മുട്ടകൾ ദിനം പ്രതി പഞ്ചായത്തിൽ വില്പനയുണ്ട്. ഇതിൽ ഭൂരിഭാഗവും അന്യസംസ്ഥാങ്ങളിൽ നിന്നും വരുന്നവയാണ്.

2.2. യഥാസമയത്ത് കോഴികളെ ലഭിക്കാത്തതും, കോഴിത്തീറ്റയുടെ ക്രമാതീതമായ വില വർദ്ധനയും അസംഘടിത വിപണനരംഗവും മുട്ട ഉല്പാദനത്തെ ദോഷകരമായി ബാധിക്കുന്നു.

2.3. ഇറച്ചിക്കോഴി വളർത്തൽ തലോം കുറവാണ്, വർദ്ധിച്ചു വരുന്ന ഉല്പാദനച്ചിലവ്, വിപണന വിലക്കുറവ്, സാങ്കേതിക സഹായത്തിന്റെ അഭാവം എന്നിവ പ്രശ്നങ്ങളാണ്. പക്ഷെ ഗണ്യമായതോതിൽ ഇറച്ചിക്കോഴികൾ വിപണനത്തിന് എത്തുന്നുണ്ട്.

3. കാടപക്ഷി സമ്പത്ത്.

3.1. കാടാപക്ഷികളെ അടുത്തകാലത്തായി ഇറച്ചിയ്ക്കും മുട്ടയ്ക്കും വേണ്ടി വളർത്തുന്നുണ്ട്. കാർഷിക സർവ്വകലാശാല ഇതിനു വേണ്ട ബോധവൽക്കരണം നൽകുന്നു. എന്നാൽ ആറാം വാർഡിൽ ഒരു സ്ഥലത്തു മാത്രമാണ് കാടപക്ഷികളെ വളർത്തുന്നത് വികസന സാദ്ധ്യതയുള്ള ഒരു രംഗമാണ് കാടപക്ഷിവളർത്തൽ.

4. ആട്,പന്നി,മുയൽ സമ്പത്ത്.

4.1. ആടു വളർത്തൽ,പന്നി വളർത്തൽ എന്നീ മേഖലകളിൽ പഞ്ചായത്തിലെ ജനങ്ങൾ ഉത്സുകരല്ല.

4.2 മുയൽ വളർത്തലിന് താല്പര്യം കാണുന്നുണ്ട്.

5.ചികിത്സാരംഗം

5.1. മൃഗചികിത്സാരംഗത്തെ ഏക സ്ഥാപനം കാർഷിക സർവ്വകലാശാലയുടെ ആശുപത്രിയാണ്. ഈ സ്ഥാപനത്തിന് സേവനമേഖലയിൽ ഇടപെടാൻ പരിമിതികളുണ്ട്. മൃഗസംരക്ഷണ ചികിത്സാരംഗത്ത് ബോധവൽക്കരണത്തിന്റെ അപര്യാപ്തത ഉണ്ട്.

6.മത്സ്യ സമ്പത്ത്

6.1. മത്സ്യകൃഷി ഒരു തൊഴിലായോ,ഉപതൊഴിലായോ സ്വീകരിച്ചിട്ടുള്ള ഭവനങ്ങൾ പഞ്ചായത്തിലില്ല.ഒല്ലൂക്കര പഞ്ചായത്തിൽ മത്സ്യകൃഷിക്ക് അനുയോജ്യമായ 5 കുളങ്ങളുണ്ട്. ഇവ വികസിപ്പിച്ച് മത്സ്യകൃഷിയാരംഭിക്കാം.

7.അറവുശാല

7.1 ശാസ്ത്രീയമായ ഒരു അറവ് ശാലയുടെ അഭാവം പഞ്ചായത്തിലുണ്ട്. മിക്കവാർഡുകളിലും അനധികൃതമായ ഇറച്ചി വില്പന സ്റ്റാളുകൾ നിലവിലുണ്ട്.

പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ.

● മൃഗസംരക്ഷണ പ്രവർത്തനങ്ങൾ ഏകീകരിച്ചു നടപ്പാക്കുവാൻ പഞ്ചായത്ത് തലത്തിൽ കൃഷിഭവൻ പോലെ മൃഗസംരക്ഷണഭവൻ സ്ഥാപിക്കുകയും വിവിധ മൃഗസംരക്ഷണ പദ്ധതികൾക്ക് ആവശ്യമായ സഹായവും പരിശീലനവും നല്കാനുള്ള സംവിധാനവും ഏർപ്പെടുത്തുക.

● മൃഗ ചികിത്സയും കൃത്രിമ ബീജസങ്കലന പ്രവർത്തനവും വിപുലീകരിക്കുവാനുള്ള സംവിധാനം പഞ്ചായത്തു തലത്തിൽ ഏർപ്പെടുത്തണം.

● തീറ്റപ്പുൽ കൃഷിയുൽപാദനത്തിന് അനുയോജ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുക. ഒരു ഇടവിള എന്ന രീതിയിലുള്ള സമീപനമായിരിക്കും അഭികാമ്യം. ഇതിന്റെ ശേഖരണം വിപണനം എന്നിവ ഒരു കേന്ദ്ര സംവിധാനത്തിൽ കൂടിയാകുന്നത് സന്തുലിതമായ വിതരണത്തിന് സഹായകമാകും.

● ക്ഷീര സഹകരണ സംഘങ്ങൾ പുഷ്ടിപ്പെടുത്തി എല്ലാ ക്ഷീര കർഷകരെയും അംഗങ്ങളാക്കുകയും ചെയ്യണം.

● പാലിൽ നിന്നും മൂല്യ വർദ്ധിത പദാർത്ഥങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകാനുള്ള പദ്ധതി ആവിഷ്ക്കരിക്കുക. ഈ പരിശീലന പരിപാടിയിൽ സ്ത്രീകൾക്ക് മുൻഗണന നൽകുകയും പരിശീലനത്തിന്റെ വെളിച്ചത്തിൽ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കി വിപണനം ചെയ്യാൻ ക്ഷീര സൊസൈറ്റികളിലോ മറ്റു കേന്ദ്രീകൃത സ്ഥാപനങ്ങളിലോ സംവിധാനം ഉണ്ടാക്കുക.

● ക്ഷീര സഹകരണ സംഘങ്ങൾ മുഖേനയോ മറ്റു കേന്ദ്രീകൃത സംവിധാനങ്ങളിൽ കൂടിയോ കാലിതീറ്റ നിർമ്മാണത്തിനും അതുപോലെ തന്നെ വൈയ്ക്കോൽ ഉപയോഗിച്ചു യൂറിയ മൊളാസസ്സ് കട്ടകൾ ഉണ്ടാക്കി വിപണനത്തിന്നുള്ള സംവിധാനം വേണം.

● നാലോ അഞ്ചോ കന്നുകാലികളിൽ കൂടുതൽ വളർത്തുന്നവരുടെ വീടുകളിൽ ഗോബർ ഗ്യാസ് പ്ലാന്റ് നിർമ്മിക്കാനുള്ള സാങ്കേതിക-സാമ്പത്തിക സഹായം ലഭ്യമാക്കണം. ഇത് ഗാർഹിക ഊർജ്ജഉപയോഗം കുറയ്ക്കാൻ സഹായകമാകും.

● വ്യാവസായിക അടിസ്ഥാനത്തിലുള്ള കോഴിമുട്ടയുൽപാദനം കേരളത്തിൽ പ്രാവർത്തികമല്ല. അതേ അവസരത്തിൽ വീട്ടുവളപ്പിൽ കോഴി വളർത്തൽ സമ്പ്രദായം പരമ്പരാഗതമായി സ്ത്രീകൾ മിക്ക വീടുകളിലും ഏർപ്പെട്ടുവരുന്നു. ഈ സമ്പ്രദായത്തിനനുയോജ്യമായി മുട്ടയിടാറായ അഞ്ചു കോഴികളെ ഓരോ വീടുകൾക്കും ലഭ്യമാക്കുക വഴി മുട്ടയുപാദനം വർദ്ധിപ്പിക്കാവുന്നതാണ്.

● ഒരു ദിവസം പ്രായമായ കോഴികുഞ്ഞുങ്ങളെ നൽകിമുട്ടയിടാറാവുന്ന പ്രായം വരെ വളർത്തുന്നതിനും സംഘ അടിസ്ഥാനത്തിൽ നടത്താനുള്ള പദ്ധതി ആവിഷ്ക്കരിക്കാവുന്നതാണ്. മഹിളാസംഘടനകൾക്ക് ഈ പദ്ധതിയിൽ പ്രാമുഖ്യം നൽകേണ്ടതാണ്.

● കോഴി ഇറച്ചി ഉൽപാദനത്തിന്നായി ശാസ്ത്രീയ രീതിയിലുള്ള ഇറച്ചിക്കോഴി വളർത്താനോ അല്ലെങ്കിൽ പൂവൻ കോഴിക്കുഞ്ഞുങ്ങളെ നൽകി വീട്ടുവളപ്പിൽ വളർത്തുന്ന സമ്പ്രദായത്തിൽ വളർത്താനോ ഉതകുന്ന പദ്ധതിക്ക് രൂപം നൽകാവുന്നതാണ്. ഈ സംരംഭങ്ങളിൽ സ്ത്രീകൾക്കായിരിക്കണം പ്രാമുഖ്യം.കോഴിവളർത്തൽ,സംസ്ക്കരണം എന്നീ മേഖലകളിൽ പരിശീലനം നൽകി

കേന്ദ്രീകൃത വിപണനത്തിനുള്ള സംവിധാനവും ഉണ്ടാകണം.

11.മുയൽ വളർത്തൽ, കാടവളർത്തൽ എന്നിവയിൽ പരീശീലനത്തിനും,ഉൽപാദനത്തിനും വിപണന ത്തിനും ഉതകുന്ന സാമ്പത്തിക സഹായം ലഭ്യമാ ക്കാനുള്ള പദ്ധതി ആവിഷ്ക്കരിക്കണം.

12.വ്യാപകമായ തോതിലല്ലെങ്കിലും ആടുവ ളർത്തൽ,പന്നിവളർത്തൽ എന്നിവയ്ക്കുള്ള സാങ്കേ തിക-സാമ്പത്തിക സഹായത്തിനനുയോജ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്.

13.പഞ്ചായത്തിലെ കുളങ്ങളിൽ മത്സ്യകൃഷി മാത്ര മായോ,താറാവ്-മത്സ്യസംയോജിത കൃഷിയായോ നടത്താവുന്നതാണ്.

14.ശാസ്ത്രീയമായ ഒരു അറവുശാല പൊതുജന ആരോഗ്യത്തിനു അത്യന്താപേക്ഷിതമാണ്. ഇതി നുള്ള പദ്ധതി ആവിഷ്ക്കരിക്കുകയും ഇറച്ചി വിപണന ശാലകളിൽ ആരോഗ്യകരവും ശുചിത്വ മുള്ള ഇറച്ചിയുടെ ലഭ്യത ഉറപ്പു വരുത്താനുള്ള സംവിധാനവും ആവിഷ്ക്കരിക്കണം.

15.പേ വിഷബാധ നിർമ്മാർജ്ജനം ലാക്കാക്കിയു ള്ള പ്രവർത്തനങ്ങൾക്കായി വളർത്തുനായ്ക്കൾക്ക് കുത്തിവെപ്പ് ഉറപ്പുവരുത്തുവാനും ഉടമസ്ഥ നില്ലാത്ത നായ്ക്കളെ നശിപ്പിക്കുവാനുള്ള പദ്ധതി ആവിഷ്കരിക്കണം.

ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ ഇതിനോടനുബന്ധമായി ചേർത്തിരിയ്ക്കുന്നു.

പട്ടിക IV

മൃഗസംരക്ഷണം - മത്സ്യകൃഷി ഗ്രാമസഭ നിർദ്ദേശങ്ങൾ

ഗ്രാമസഭ നിർദ്ദേശങ്ങൾ

നമ്പ്	നിർദ്ദേശങ്ങൾ	വാർഡ് നമ്പ്
A.	**കന്നു കാലി സംരക്ഷണം**	
	i) കാലി വളർത്തലിനുള്ള സഹായ സഹകരണങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും	I,II,VI
	ii) തീറ്റപ്പുല്ല്,കാലിതീറ്റ എന്നിവ പ്രാദേശിക മായുണ്ടാക്കാനുള്ള സംരംഭങ്ങൾ തയ്യാറാക്കണം	IV , XIII
	iii) കാർഷിക സർവ്വകലാശാലയിൽ തീറ്റപ്പുല്ല് വളർത്തി മിതമായ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കാനുള്ള പദ്ധതി ആവിഷ്ക്കരിക്കുക	VII
	iv) പുൽ വളർത്താൻ വേണ്ട വളം,നടീൽ വസ്തുക്കൾ എന്നിവ സൗജന്യമായി നൽകുക.	IX
	v) പാൽ സൊസൈറ്റി സ്ഥാപിക്കണം	
	vi)പാൽ സൊസൈറ്റിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി എല്ലാ ക്ഷിര കർഷകർക്കും സൊസൈറ്റിയുടെ ആനുകൂല്ല്യം ലഭ്യമാക്കുക	IV,IX VII, XII
	vii) ഒരു പാൽ സംഭരണി സ്ഥാപിച്ച് ക്ഷീര വിപണനത്തിനു സൗകര്യമുണ്ടാക്കുക.	XIV
	viii) ഗോബർ ഗ്യാസ് പ്ലാൻറ്-മാർഗ്ഗനിർദ്ദേശവും ധനസഹായവും.	I,VI,VII,XII
B.	**കോഴിവളർത്തൽ**	
	i) മുട്ടയുൽപാദനം വികസിപ്പിക്കാനുള്ള സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക.	II,VI,XII
	ii) ഓരോ വീടിനും കുറഞ്ഞത് 25 കോഴി, 25 താറാവ്, ഒരാട് എന്നിവ ലഭ്യമാക്കുക.	XIII
	iii) ഇറച്ചിക്കോഴി വളർത്താനുള്ള നിർദ്ദേളങ്ങളും സഹായവും.	IV,VI,XII

നമ്പ്	നിർദ്ദേശങ്ങൾ	വാർഡ് നമ്പ്
C.	**പന്നി വളർത്തൽ**	
	പന്നി വളർത്തലിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും ധനസഹായവും.	XIII
D.	മുയൽ വളർത്തൽ	
	മുയൽ വളർത്തലിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സഹായവും.	I,IV,XIII
E.	ഉൽപ്പന്ന വിപണനം	
	മുയൽ,കോഴി,കാട,പശു എന്നിവ വളർത്തുവാനും	
	ഉൽപ്പന്നങ്ങളുടെ വിപണനത്തിനും സഹകരണസംഘങ്ങൾ ഉണ്ടാക്കുക.	VII,IX
F.	**മത്സ്യകൃഷി**	
	i) മത്സ്യ രോഗത്തിനുള്ള പ്രതിവിധികൾ, മത്സ്യവളർത്തലിനുള്ള	II,IV
	സാങ്കേതിക സഹായം.	
	ii) നിലവിലുള്ള കുളങ്ങളിൽ മത്സ്യ കൃഷി	II,VII,XII
	നടത്തുവാനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും സഹായവും.	XIII
G.	**മൃഗാസ്പത്രി സ്ഥാപിക്കൽ**	
	i) പാൽ സൊസൈറ്റിയോടു ചേർന്നു	
	മൃഗ സംരക്ഷണവകുപ്പിന്റെ ഒരു സ്ഥാപനം കൂടി സ്ഥാപിക്കുക.	XII
	ii) ഒരു വെറ്ററിനറി ഡിസ്പൻസറി സ്ഥാപിക്കുക.	XIII
	iii) നിലവിലുള്ള കൃത്രിമ ബീജസങ്കലന കേന്ദ്രം ഒരു വെറ്ററിനറി	
	ഡിസ്പൻസറിയാക്കുക.	XIV
H.	**മറ്റവ**	
	i) വളർത്തു നായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തി കുത്തിവെപ്പ്	
	പ്രചരിപ്പിയ്ക്കുകയും അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികളെ	VII
	നശിപ്പിക്കുകയും ചെയ്യുക .	
	ii) അനധികൃത ഇറച്ചി വിൽപന ശാലകൾ നിയന്ത്രിക്കുക,വിപണന ശാലകൾക്ക്	
	ലൈസൻസ് ഏർപ്പെടുത്തുക,ശുചിയായ നടത്തിപ്പിനു നിർദ്ദേശങ്ങൾ നൽകുക.	VII
	iii) കംപോസ്റ്റ് വളം ഉണ്ടാക്കി വിൽക്കുവാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ	
	നൽകുക.	VII

5.3 വ്യവസായം



ഉള്ളടക്കം

- ആധുനിക ചെറുകിട വ്യവസായം 87
- പരമ്പരാഗത കുടിൽ വ്യവസായം 87
- ആധുനിക കുടിൽ വ്യവസായം 87
- വനിത വ്യവസായ സംരംഭങ്ങൾ 89
- പ്രശ്നങ്ങളും സാധ്യതകളും 89
- സംഗ്രഹം 89
- ഗ്രാമസഭനിർദ്ദേശങ്ങൾ 90
- പദ്ധതി നിർദ്ദേശങ്ങൾ 94 a

5 3 വ്യവസായം

അഭിമാനകരമായ ചരിത്രമെന്നും വ്യവസായരംഗത്ത് ഒല്ലൂക്കര ഗ്രാമപഞ്ചായത്തിന് അവകാശപ്പെടുവാനില്ല. പൊതുമേഖലയിലോ, സഹകാര്യമേഖലയിലോ, വൻകിടവ്യവസായ യൂണിറ്റുകൾ പഞ്ചായത്തിലില്ല. കയർ, കശുവണ്ടി, കൈത്തറി സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നില്ല. ഓട്-ഇഷ്ടിക നിർമ്മാണത്തിന് കേരളത്തിൽ തൃശൂർ ജില്ലാ പ്രസിദ്ധമാണല്ലോ. ഈ പരമ്പര്യമാകാം ഒല്ലുക്കര ഗ്രാമ പഞ്ചായത്തിൽ മുല്ലക്കര, മുക്കാട്ടുക്കര, മണ്ണൂത്തി കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന 3 ഓട്ടു കമ്പനികൾ ഉണ്ടാകുവാൻ കാരണം. ഈ വ്യവസായത്തിൽ സ്ത്രീകൾ ഉൾപ്പെടെ 63 പേർ തൊഴിലെടുക്കുന്നു.

കൃഷ്ണാപുരത്ത് ഗണ്യമായ തോതിൽ തൊഴിൽ ലഭിച്ചിരുന്ന കല്ലൊരവ്യവസായം ഇന്ന് നിലച്ചിരിക്കുന്നു. നാല്പതിലേറെ വർഷങ്ങൾക്ക് മുമ്പ് കുന്നംത്തുംകരയിലാരംഭിച്ച പോപ്പുലർ വർക്ക് ഷോപ്പ്, കുറ്റുക്കാരൻ മെഷ്യൻ ടൂൾസെന്ന പേരിൽ ഇപ്പോഴും പ്രവർത്തിക്കുന്നു. ഈ കാലയളവിൽ മണ്ണൂത്തിയിലാരംഭിച്ച. കേരളസ്റ്റീൽ ഇൻഡ്രീസ് പെർഫെക്ട് മെഷ്യൻ ടൂൾസ് എന്ന പേരിൽ നാമമാത്ര പ്രവർത്തനവുമായി ഇപ്പോഴും നിലനിൽക്കുന്നു.

35 കോടിരൂപയുടെ വിറ്റുവരവുള്ള സെവൻസീസ് ഡിസ്റ്റലറി 1981-ലാണ് മണ്ണുത്തിയിൽ സ്ഥാപിതമായത്. ബ്ലൻഡിംഗ്, ബോട്ടിലിംഗ്, യൂണിറ്റുകളള ഈ വ്യവസായത്തിൽ 20 വനിതകൾ ഉൾപ്പെടെ 150 പേർ ജോലി ചെയ്യുന്നു.

പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ 22 കരിങ്കൽ കപാറികളിൽ 156 സ്ത്രീകളും, 108 പുരുഷന്മാരുമടക്കം ഇതുമായി ബന്ധപ്പെട്ട് 264 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്.

കാർഷികോൽപന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള നഴ്സറി വ്യവസായം സംസ്ഥാനത്ത് മറ്റെ വിടേത്തേക്കാളും വർദ്ധിച്ചു വരുന്നത് ഒല്ലൂക്കര പഞ്ചായത്തിന്റെ സവിശേഷതയാണ്. കാർഷിക സർവ്വകലാശാലയുടെയും കൃഷിവകുപ്പിന്റെയും കഴിൽ രണ്ടു നഴ്സറികളും ഇപ്പോൾ സ്വകാര്യ മേഖലയിൽ 40 എണ്ണവും പ്രവർത്തിക്കുന്നു. കാർഷിക നഴ്സറി വ്യവസായവുമായി നേരിട്ടും, പരോക്ഷമായും ആയിരത്തോളം പഞ്ചായത്ത് നിവാസികൾ ഉപജീവന മാർഗം കണ്ടെത്തുന്നു. പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ് ഈ വ്യവസായവുമായി ബന്ധപ്പെട്ടിരിക്കുന്നതുമായ, തൊഴിലാളികളും വ്യവസായവും തിരിച്ചുള്ള വിവരങ്ങൾ പട്ടിക IIൽ വ്യക്തമാക്കിയിരിക്കുന്നു.

ഒല്ലൂക്കര ഗ്രാമപഞ്ചായത്തിലെ ഫാക്ടറികളും, ഫാക്ടറി തൊഴിലാളികളും വ്യവസായം തിരിച്ചുള്ള വിവരങ്ങൾ.

ക്രമ നമ്പർ	വ്യവസായം	ഫാക്ടറികളുടെ എണ്ണം	തൊഴിലാളികളുടെ എണ്ണം.
1	ആധുനിക ചെറുകിട	135	1208
2	പരമ്പരാഗത കുടിൽ	102	299.
3	ആധുനിക കുടിൽ	9	24
4	വനിത യൂണിറ്റ് (ഖാദി)	1	23
5	കരിങ്കൽ കപാറി	22	264

അവലംബം: പഞ്ചായത്ത് സർവ്വേ റിപ്പോർട്ട്.

പട്ടിക 1

പഞ്ചായത്തിലെ വ്യവസായങ്ങൾ തരംതിരിച്ച്

ക്രമനമ്പർ	വ്യവസായങ്ങൾ	ഉണ്ട്/ഇല്ല.
1	പൊതു മേഖല,വൻകിട	ഇല്ല
2	പൊതു മേഖല,ചെറുകിട	ഇല്ല
3	വൻകിട, സ്വകാര്യ മേഖല	ഇല്ല
4	വ്യവസായ സഹകരണ സംഘങ്ങൾ	ഇല്ല
5	പരമ്പരാഗത (ഓട്-ഇഷ്ടിക)	ഉണ്ട്
6	ആധുനിക ചെറുകിട	ഉണ്ട്.
7	പരമ്പരാഗത,കുടിൽ	ഉണ്ട്.
8	ആധുനിക,കുടിൽ	ഉണ്ട്.
9	നഴ്സറി	ഉണ്ട്.
10	വനിത യൂണിറ്റ്(ഖാദി)	ഉണ്ട്.

അവലംബം: പഞ്ചായത്ത് സർവ്വേ റിപ്പോർട്ട്.

ആധുനികചെറുകിട വ്യവസായം

ലഭ്യമായ സ്ഥിതി വിവരകണക്കുകൾ വ്യക്തമാക്കുന്നത് പഞ്ചായത്തിൽ ആധുനിക ചെറുകിട വ്യവസായങ്ങളാണ് കൂടുതൽ ഉള്ളത് എന്നാണ്.217 തൊഴിലാളികൾ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന 17 എഞ്ചിനീയറിങ്ങ് വ്യവസായ യൂണിറ്റുകളാണ് എണ്ണത്തിൽ മുൻപന്തിയിൽ നിൽക്കുന്നത്. എന്നാൽ സ്ത്രീകൾക്കുള്ള തൊഴിൽ സാദ്ധ്യത ഈ മേഖലയിൽ വളരെ കുറവാണ് ഇലക്ട്രോണിക് അസംബ്ളിംഗ് രംഗത്തും കോൺക്രീറ്റ് സാധനസാമഗ്രികൾ നിർമ്മിക്കുന്ന മേഖലയിലും ഉഴുന്ന് മാവ് നിർമ്മാണ മേഖലയിലും നഴ്സറികളിലും,ഓട് നിർമ്മാണ രംഗത്തും, കപാറികളിലും സ്ത്രീ തൊഴിലാളികളുടെ എണ്ണം പുരുഷൻമാരേക്കാൾ കൂടുതലാണ്. ബേക്കറി,ഭക്ഷ്യ സംസ്ക്കരണ രംഗത്തും സ്ത്രീകളുടെ തൊഴിൽ സാദ്ധ്യത ശ്രദ്ധേയമാണ്. ഉഴുന്ന് മാവ് മില്ലുകളിൽ ഉപയോഗിക്കുന്ന ഉഴുന്ന് അയൽസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവന്ന് മാവാക്കി ഭൂരിഭാഗവും ഇതര സംസ്ഥാനങ്ങളിലേക്ക് കയറ്റി അയക്കുന്നു.

ഇതുപോലെ തന്നെ പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന. ആധുനിക ചെറുകിട വ്യവസായങ്ങൾ ആയ കുറ്റുക്കാരൻ മെഷ്യൻ ടൂൾസ്,PVC പൈപ്പ് നിർമ്മാണ വ്യവസായശാലകൾ തുടങ്ങിയഅവരുടെ ഉൽപന്നങ്ങൾ മറ്റു സംസ്ഥാനങ്ങളിലേക്ക് വിപണനത്തിനായ കയറ്റി അയക്കുന്നുണ്ട്.

പഞ്ചായത്തിലെ ആധുനിക വ്യവസായ സ്ഥാപനങ്ങളും തൊഴിലാളികളും, പട്ടിക 3-ൽ കൊടുത്തിരിക്കുന്നു.

പരമ്പരാഗത കുടിൽ വ്യവസായം

പഞ്ചായത്തിലെ വ്യവസായങ്ങളിൽ ഗണ്യമായവ പരമ്പരാഗക കുടിൽ വ്യവയായ മേഖലയിൽ ആണ്. തൊഴിൽ സാദ്ധ്യത. കൂടുതൽ കാണുന്നത് ഈ മേഖലയിൽ ആണ്. എന്നാൽ ഈ മേഖലയിൽ സ്ത്രീകളുടെ തൊഴിൽ സാദ്ധ്യത പുരുഷൻമാരെ അപേക്ഷിച്ച് കുറവാണ്. വെറും 7 ശതമാനം മാത്രമാണ് സ്ത്രീകളുടെ തൊഴിൽ സാദ്ധ്യത ഈ മേഖലയിലെ ആകെ തൊഴിൽ ലഭ്യത ആധുനിക ചെറുകിട വ്യവസായങ്ങളെക്കാൾ തുലോം കുറവാണ്.

പരമ്പരാഗത കുടിൽ വ്യവസായ മേഖലയിലെ സ്ഥാപനങ്ങളുടെയും തൊഴിലാളികളുടെയും തരം തിരിച്ചുള്ള വിവരങ്ങൾ പട്ടിക IV - ൽ ശ്രദ്ധിക്കുക.

പരമ്പരാഗത കുടിൽ വ്യവസായങ്ങൾ പട്ടിക IV

ക്രമ നമ്പർ	വ്യവസായം	സ്ഥാപനങ്ങളുടെ	തൊഴിലാളി എണ്ണം	പുരു	സ്ത്രീ
1	ആഭരണനിർമ്മാണം	68	221	219	2
2	മരപണി	6	16	16	-
3	ചെരിപ്പ് നിർമ്മാണം	4	10	10	-
4	പപ്പട നിർമ്മാണം	20	43	11	32
5	പായനെയ്ത്ത്, ഓലമെടച്ചിൽ	4	9	2	7
		102	299	258	41

(അവലംഭം:പഞ്ചായത്ത് സർവ്വെ റിപ്പോർട്ട്)

ആധുനിക കുടിൽ വ്യവസായം

കുടിൽ വ്യവസായ യൂണിറ്റിൽപെടുത്താവുന്ന ഒരു സോപ്പുനിർമ്മാണ സ്ഥാപനവും 5 ബേക്കറി സംസ്ക്കരണയൂണിറ്റുകളും പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്നു. ഈ മേഖലയിലെ തൊഴിൽ ലഭ്യത പുരുഷൻമാരേക്കാൾ കൂടുതൽ സ്ത്രീകൾക്കാണ്. പട്ടിക V ൽ നിന്നും ഇത് വ്യക്തമാണ്.

ആധുനിക കുടിൽ വ്യവസായം പട്ടിക V

ക്രമ നമ്പർ		സ്ഥാപനങ്ങളുടെ എണ്ണം	തൊഴിലാളികളുടെ എണ്ണം	പുരു	സ്ത്രീ
1	സോപ്പ്	1	4	1	3
2	ബേക്കറി	5	13	2	11
3	കുട	3	7	4	3
		9	24	7	17

അവലംബം: പഞ്ചായത്ത് സർവ്വെ റിപ്പോർട്ട്.

പട്ടിക III

ആധുനിക ചെറുകിട വ്യവസായങ്ങൾ

ക്രമ നമ്പർ	വ്യവസായം	സ്ഥാപനങ്ങളുടെ എണ്ണം	തൊഴിലാളികളുടെ എണ്ണം	പുരുഷൻ	സ്ത്രീ
1	ആഭരണനിർമ്മാണം	11	27	24	3
2	പ്ലാസ്റ്റിക്ക് നിർമ്മാണം	10	52	26	26
3	എഞ്ചനീയറിങ്ങ് വ്യവസായം	17	217	197	20
4	മരപണി	9	36	34	2
5	ബേക്കറി,ഭക്ഷ്യ സംസ്കരണം	8	36	12	24
6	പ്രസ്സ്	10	32	10	22
7	സോഫ്റ്റ് ഡ്രിങ്ക്സ്	5	15	2	13
8	കോൺക്രീറ്റ് നിർമ്മാണ വസ്തുക്കൾ	8	63	27	36
9	ഇലക്ട്രോണിക് ഉൽപന്നങ്ങൾ	2	38	-	38
10	ഓട്	3	63	11	52
11	ഡിസ്റ്റിലറി (ഫോറിൻ ലിക്കർ)	1	150	130	20
12	ഉഴുന്നു മാവ്	6	49	15	34
13	ഒപ്റ്റിക്കൽസ്	2	13	10	3
14	നല്ലെണ്ണ (ഓയിൽമിൽ)	1	8	5	3
15	കൊപ്ര വ്യവസായം	1	3	1	2
16	കുട നിർമ്മാണം	1	6	2	4
17	നഴ്സറി	40	400	70	330
		135	1208	576	632

അവലംബം പഞ്ചായത്ത് സർവ്വെ റിപ്പോർട്ട്.

വനിത വ്യവസായം

ഒല്ലൂക്കര പഞ്ചായത്ത് പരിധിയിൽ 23 സ്ത്രീകൾ ജോലി ചെയ്യുന്ന ഒരു വനിത ഖാദി വ്യവ സായ സംരഭവും പ്രവർത്തനങ്ങത്തിൽ ഉണ്ട്. ഖാദി വ്യവസായം പോലെ തന്നെ സ്ത്രീകൾക്ക് ഏറ്റവും കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ള ഒരു മേഖലയാണ് റെഡിമെയ്ഡ് വസ്ത്രനിർ മ്മാണരംഗം, ഇത്തരം സംരംഭങ്ങൾ നമ്മുടെ പഞ്ചാ യത്തിൽ തുലോം കുറവാണ്. വനിത സഹകരണ സംഘത്തിന്റെ കീഴിൽ വീട്ടമ്മമാർക്ക് കൂടു തൽ തൊഴിൽ അവസരം കിട്ടുന്നതിന് കോഴി, കാട, താറവ്, മുയൽ, വളർത്തൽകേ ന്ദ്രങ്ങൾ, നഴ്സറി ചെടികളുടെ ഉൽപാദനവും എന്നിവ ആരംഭിക്കാവുന്നതാണ്.

സംഗ്രഹം

1. പൊതുവെ കേരള സംസ്ഥാനം വ്യവസായ രംഗ ത്ത് പിന്നോക്കാവസ്ഥയിലാണ്. ഒല്ലൂക്കര പഞ്ചായ ത്തിനും കാര്യമായി ഒന്നും അവകാശപ്പെടാനുമില്ല. മൂന്നു ഓട്ടു കമ്പനികൾ മാത്രം ഇവിടെ പ്രവർത്തി ക്കുന്നു. കൂടാതെ തൊഴിൽ ലഭ്യതയുണ്ടായിരുന്ന ''കല്ലൊര വ്യവസായം'' നിലച്ചിരിക്കുകയാണ്. കുറ്റുക്കാരൻ മെഷിൻ ടൂൾസ്, കേരള സ്റ്റീൽ ഇൻഡസ്ട്രീസ് (പെർഫെക്ട് മെഷിൻ ടൂൾസ്) എന്നിവയും ഉണ്ട് 35 കോടി രൂപ വിറ്റുവരവുള്ള സെവൻസീസ് ഡിസറ്റലറി 1981 ലാണ് വർഷം തുടങ്ങിയത് 20 വനിതകൾ ഉൾപ്പെടെ 150 പേർക്ക് ജോലി നൽകുന്നു.

2. കിഴക്കൻ പ്രദേശങ്ങളിൽ 22 കരിങ്കൽ ക്വാറിക ളുണ്ട്. ഇവിടെ 264 തൊഴിലാളികൾ (156 സ്ത്രീ, 108 പുരുഷന്മാർ) ജോലി എടുക്കുന്നു.

3.കാർഷിക നഴ്സറി വ്യവസായം വർദ്ധിച്ച തോതി ലുണ്ട്, കൃഷിവകുപ്പിൽ കീഴിൻ രണ്ടും, സ്വകാര്യ മേഖലയിൽ 40 എണ്ണവും പ്രവർത്തിക്കുന്നു. ഇവിടെ തൊഴിലാളികളിൽ സ്ത്രീകൾ കൂടുതലാണ്.

4. ആധുനിക ചെറുകിട വ്യവസായങ്ങളുണ്ട്-അ വയിൽ നഴ്സറിരംഗത്തും, എൻജിനീയറിംഗ് വിഭാഗത്തിലും കൂടുതൽ തൊഴിലാളികൾ ജോലി ചെയ്യുന്നു. തൊഴിലിൽ സ്ത്രീകൾക്കാണ് കുറച്ച് മുൻതൂക്കം

5. ആഭരണനിർമ്മാണം, മരപണി, ചെരുപ്പ് നിർമ്മാണം, പപ്പടനിർമ്മാണം, പായനെയ്ത്തു , ഓലമെടച്ചിൽ എന്നിവ പരമ്പരാഗത കുടിൽ വ്യവസായങ്ങളാണ്. ഇതിൽ ഏറ്റവും പ്രാധാന്യ മർഹിക്കുന്നത് ആഭരണനിർമ്മാണം ആണ്.

6. ആധുനിക കുടിൽ വ്യവസായ സ്ഥാപനങ്ങളായി ഒരു സോപ്പ് നിർമ്മാണ കമ്പനിയും 5 ബേക്കറി യൂണിറ്റുകളും ഉണ്ട്. ഇവയിൽ സ്ത്രീതൊഴിലാളുക ളാണ് കൂടുതൽ.

7. വനിതാവ്യവസായമായി ഒരു ഖാദി യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. ഇതിൽ 23 സ്ത്രീതൊഴിലാ ളികൾ ജോലി ചെയ്യുന്നുണ്ട്. കൂടുതൽ തൊഴിൽ സാദ്ധ്യതകളുള്ള റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റുകൾ, പക്ഷി,മുയൽ വളർത്തു കേന്ദ്രങ്ങൾ എന്നിവയില്ല.

പ്രശ്നങ്ങളും സാദ്ധ്യതകളും

ഒല്ലൂക്കര ഗ്രാമപഞ്ചായത്ത് അതിർത്തി യിൽ ആകെ 246 ചെറുകിട വ്യവസായ യൂണി റ്റുകൾ പ്രവർത്തിക്കുന്നു. ഇവയിൽ 841 പുരുഷൻമാരും 690 സ്ത്രീകളും കൂടി ആകെ 1531 തൊഴിലാളികൾ ജോലിചെയ്യുന്നു.

39,450 ജനസംഖ്യയുള്ള ഗ്രാമപഞ്ചാ യത്തിൽ അഭ്യസ്തവിദ്യർ ഉൾപ്പടെ ഗണ്യമായ ഒരു വിഭാഗം തൊഴിൽ അന്വഷകരായി നിൽക്കുമ്പോൾ വ്യവസായ സംരംഭങ്ങൾ താരതമ്യേനെ കുറഞ്ഞ് വരുന്നതായി കാണുന്നു,പ്രത്യേകിച്ച് തൊഴിൽ സാദ്ധ്യത കൂടിയ പരമ്പരാഗത മേഖലയിൽ,

ആധുനിക ചെറുകിട വ്യവസായമേഖ ലയിൽ തൊഴിൽ സാദ്ധ്യത വർദ്ധിച്ചിട്ടുണ്ട്.

ആഭരണനിർമ്മാണ വ്യവസായം പഞ്ചായ ത്തിലെ നെല്ലങ്കര പ്രദേശത്താണ് കേന്ദ്രീകരി ച്ചിരുക്കുന്നത്. ഈ രംഗത്ത് വിപുലികരണ തൊഴിൽ സാദ്ധ്യതകൾ ഉണ്ട്. കോൺക്രീറ്റ് കെട്ടിട നിർമ്മാണ യൂണിറ്റുകളുടെ വർദ്ധനവ് പഞ്ചായത്തിർ എല്ലായിടത്തും അനുഭവപ്പെടു ന്നുണ്ട്. മരപണി, ബേക്കറി, ഭക്ഷ്യവസ്തുക്കൾ ഇവയുടെ ഉൽപാദനത്തിൽ ആധുനികവൽക്കരണ ത്തിന്റെ സ്വാധീനം തൊഴിൽ ലഭ്യത വർദ്ധി പ്പിച്ചിട്ടുണ്ട്.

- പ്ലാസ്റ്റിക്ക്, പോളിത്തീൻ, PVC കാർഷിക നഴ്സറി, അച്ചടി രംഗങ്ങളിൽ സ്ത്രീകൾക്ക് തൊഴിൽ ലഭ്യത ഏറിയിട്ടുണ്ട്, തൊഴിൽ സാദ്ധ്യത ഈ മേഖലയിൽ വളരെ കൂടുതലാണ്.

- തൊഴിലാളികളുടെ കൂലി നിരക്ക് എല്ലാമേഖലയിലും ക്രമതീതമായി വർദ്ധിച്ചിവരുന്ന അനുഭവമാണ് ഉള്ളത്.1990 നെ അപേക്ഷിച്ച് ഇത് ശരാശരി 70 ശതമാനത്തോളം വർദ്ധിച്ചു. പട്ടിക VI ൽ നിന്നും ഇത് വ്യക്തമാകുന്നു.

പഞ്ചായത്ത് തലത്തിൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യതകുറവ്, വില വർദ്ധനവ്, തുടങ്ങിയ ഘടകങ്ങൾ നിലവിലുള്ള വ്യവസായങ്ങളെയും തൊഴിൽ സാദ്ധ്യതകളെയും ദോഷകരമായി ബാധിച്ചിട്ടുണ്ട്.

● വൈദ്യുതിയുടെ ലഭ്യതകുറവും, നിലവിലുള്ള നികുതി വ്യവസ്ഥതയുടെ ലൈസൻസ് സമ്പ്രദായത്തിന്റെയും ദോഷകരമായ വ്യവസ്ഥകൾ വ്യവസായ പുരോഗതിയെ ബാധിച്ചിട്ടുണ്ട്.

● എന്നാൽ പഞ്ചായത്ത് തൃശൂർ പട്ടണത്തിന്റെ സമീപത്ത് ആയതിനാൽ അസംസ്കൃത വസ്തുക്കളുടെ വാങ്ങലിനും, ഉൽപന്നങ്ങളുടെ വിപണനത്തിനും ചരക്കുകളുടെ കടത്ത് ഇറക്കിനും സൗകര്യമുള്ളത് അനുകൂല ഘടകമാണ്.

● പല അസംസ്കൃത വസ്തുക്കളുടെയും മൊത്ത വിതരണം ഇല്ലാത്തതിനാൽ അതിന്റെ വില വർദ്ധനവ് ഒരു തടസ്സമാണ്.

● പഞ്ചായത്തിൽ സുലഭമായിട്ടുള്ള നാളികേരത്തിനെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾകുറവാണ്.

● നാളികേരത്തിലെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള ഒട്ടെറെ സാദ്ധ്യതകൾ ഉണ്ട്.

● അയൽ പഞ്ചായത്തുകളിൽ സുലഭമായിട്ടുള്ള റബ്ബർ അടിസ്ഥാനമാക്കിയിട്ടുള്ള വ്യവസായങ്ങൾ ഇവിടെ നിലവിലില്ല എന്ന വസ്തുത ശ്രദ്ധിക്കേണ്ടതുണ്ട്.

● നിലവിലുള്ള ഗണ്യമായ വ്യവസായികൾ അവരുടെ വ്യവസായം വിപുലികരിക്കാൻ ആഗ്രഹിക്കുന്നവരാണ്. പുതിയ സംരംഭകരിൽ പലരും ''മാർജീൻ മണി'' സങ്കേതിക വൈദഗ്ദ്യമുള്ളവരും, ഇല്ലാത്തവരും, എന്നാൽ മുതൽ മുടക്കിന് കെൽപ്പില്ലാത്തവരുമായി ഏതാനും സംരംഭകരുണ്ട്.

● പഞ്ചായത്തിലെ വ്യാവസായിക വികസനത്തിന്റെ പ്രധാന പ്രശ്നം സ്ഥലത്തിന്റെ അഭാവം, മൂലധന സൗകര്യകുറവ് എന്നിവയാണ്. പഞ്ചായത്തിൽ ഒല്ലൂക്കരയിലോ,മുല്ലക്കരയിലോ,ഒരു ഇൻഡസ്ട്രിൽ എസ്റ്റേറ്റിന്റെ സ്ഥാപനവൽക്കരണം വ്യവസായിക വർദ്ധനവിനാ ആക്കം കൂട്ടും.

● വ്യാവസായ സംരഭകർക്ക് ആവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള ഒരു ഇൻഫർമേഷൻ കം ഇൻഡസ്ട്രക്ഷൻ സെന്ററിന്റെ അഭാവം.

● സ്വയം തൊഴിൽ സംരംഭകർക്ക് പ്രൈമിനിസ്റ്റേഴ്സ്റോസ്ഗാർയോജന) പോലുള്ള പദ്ധതി ആനുകൂല്യം നൽകുന്നതിന് ഈടുവ്യവസ്ഥകൾ ബാങ്കുകൾ അടിച്ച് ഏൽപ്പിക്കുകവഴി ഈ സഹായം അർഹതപ്പെട്ടവർക്ക് ലഭിക്കാതെ പോകുന്നു.

ഉൽപാദനം വർദ്ധിപ്പിക്കുന്ന ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്ന വരുമാനം വർദ്ധിപ്പിക്കുന്ന പ്രത്യേകിച്ചും സമൂഹത്തിൽ താഴെ തട്ടിലുള്ളവർക്ക് പ്രയോജനം ചെയ്യുന്ന നിർദ്ദേശങ്ങൾ ആണ് ഗ്രാമസഭകളിൽ നിന്നും വന്നിട്ടുള്ളത്. പുതിയ വ്യവസായ സംരംഭങ്ങളെ സംബന്ധിച്ച് പഞ്ചായത്തിലെ 14 ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ ക്രേഡികരിച്ചിരിക്കുന്നത് പട്ടിക VIII ൽ കാണുക.

ഗ്രാമസഭ നിർദ്ദേശങ്ങളുടെ ക്രോഡീകരണം

പട്ടിക VII

● വ്യവസായ നിർദ്ദേശങ്ങളെ 17 വിഭാഗങ്ങളായി തരം തിരിച്ചത് ശ്രദ്ധിക്കുക.

● തടിസംസ്ക്കരണം മുതൽ സഹകരണ സംവിധാനത്തിൻ കീഴിൽ തടിമര ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനിള്ള സംരംഭക യൂണിറ്റുകളുടെ നിർദ്ദേശങ്ങൾ ആണ് വാർഡ് III,IV,V,IX,

പട്ടിക VI

വിവിധ വ്യവസായങ്ങളിലെ കൂലി നിരക്ക് വർദ്ധന സംബന്ധിച്ച വിവരം

ക്രമനമ്പർ	വ്യവസായം1990-ലെ നിലവിലുള്ള	1990-ലെ കൂലി നിരക്ക്	നിലവിലുള്ള കൂലി നിരക്ക്
1	ആഭരണനിർമ്മാണം	35	35
2	പ്ലാസ്റ്റിക്ക് നിർമ്മാണം	25	60
3	എഞ്ചനീയറിങ്ങ് വ്യവസായം	40	65
4	മരപണി	65	125
5	ബേക്കറി	20	40
6	പ്രസ്സ്	40	65
7	സോഫ്റ്റ് ഡ്രിങ്ക്സ്	25	60
8	കോൺക്രീറ്റ് നിർമ്മാണ വസ്തുക്കൾ	25	50
9	ഉഴുന്ന് മാവ്	25/45	65/125
10	ഒയിൽമി ൽ	45	80
11	കൊപ്ര	20	40
12	കുട നി ർമ്മാണം	26	40
13	നഴ്സറി	20/30	50/60
14	ഓട് നിർമ്മാണം	32	60

അവലംഭം പഞ്ചായത്ത് സർവ്വെ റിപ്പോർട്ട്.

ഗ്രാമസഭകളിൽ നിന്നും വന്നിട്ടിള്ളത്. ഇതുമായി ബന്ധപ്പെട്ട 50 ഓളം പേർക്ക് തൊഴിൽ ലഭ്യതയുണ്ടാകും.

● 125 വനിതകൾക്ക് തൊഴിൽ ലഭ്യയുണ്ടാകുന്ന റെഡിമെയ്ഡ് ഗാർമെൻറ്സ് യൂണിറ്റിൻെറ വ്യക്തമായ നിർദ്ദേശങ്ങൾ III,IV,V,VI,VIII,IX എന്നി ഗ്രാമസഭകളിൽ നിന്നും ഉണ്ടായിട്ടിണ്ട്.

● പരമ്പരാഗത കുടിൽ വ്യവസായമായ പപ്പട നിർമ്മാണത്തിൻെറ ആധുനിക വൽകരണത്തെ സംബന്ധിച്ച നിർദ്ദേശമാണ് VIII,IX, ഗ്രാമസഭകൾ മുന്നോട്ട് വെച്ചിട്ടുള്ളത്. 20 ഓളം പേർക്ക് പുതിയതായി തൊഴിൽ സാദ്ധ്യത കാണുന്നുണ്ട്.

● 50 പേർക്ക് തൊഴിൽ ലഭ്യമാക്കുന്ന നാളികേരം അടിസ്ഥാനപ്പെടുത്തിയുട്ടുള്ള ആധുനിക ചെറുകിട വ്യവസായങ്ങൾ തുടങ്ങുവാനുള്ള നിർദ്ദേശങ്ങൾ ആണ് II,VI,VIII,XII എന്നിവാർഡ് ഗ്രാമസഭകളിൽ ഉണ്ടായത്.

● ജൈവവളം നിർമ്മാണം ഉൾപ്പെടെ നടീൽ വസ്തുക്കൾ ഉൽപാദിപ്പിക്കുന്നതിന് നഴ്സറികൾ തുടങ്ങുവാനാണ III,VIII,IX വാർഡ് ഗ്രാമസഭകൾ ആഗ്രഹിക്കുന്നത്.150 പേർക്ക് തൊഴിൽ സാദ്ധ്യതയുള്ള ഈ നിർദ്ദേശംപ്രവർത്തികമാക്കിയാൽ ഗണ്യമായതോതിൽ സ്ത്രികൾക്ക് തൊഴിൽ സാദ്ധ്യതയുള്ള മേഖലയാണ്.

● ഇലക്ട്രോണിക്സ് അസംബ്ലിയൂണിറ്റ് (വാർഡ് II,XIII) പ്ലംബ്ലിംങ്ങ് ഇലക്ട്രിക്ക് ട്രെനിങ്ങ് കേന്ദ്രം (വാർഡ VIII) ബാറ്ററി പ്ലെയറ്റ് നിർമ്മാണം (വാർഡ് IV),വിവിധ എഞ്ചിനിയറിങ്ങ് ജോലികൾ(വാർഡ് III),തുടങ്ങി 60 പേർക്ക് നേരിട്ട് തൊഴിൽ സാദ്ധ്യതയുള്ള നിർദ്ദേശങ്ങൾ ആണ് എഞ്ചിനിയറിങ്ങ് ജോലികൾ എന്ന ഉപവിഭാഗത്തിൽ ചേർത്തിരിക്കുന്നത്.

● സ്വർണ്ണപണി, സ്വർണ്ണം പൂശൽ,ഡൈവർക്സ് തുടങ്ങി15 പേർക്ക് തൊഴിൽ ലഭിക്കുന്ന നിർദ്ദേശങ്ങൾ IV,V വാർഡുകളിൽ നിന്നും ലഭിച്ചിട്ടുണ്ട്.

● കോഴിവളർത്തൽ (വാർഡ് VIII),തേനീച്ച വളർത്തൽ (വാർഡ് IX), ആടുവളർത്തൽ,പന്നി,മുയൽ,ഡയറിഫാം (വാർഡ് V) എന്നി നിർദ്ദേശങ്ങൾ മൃഗസമ്പത്ത് അടിസ്ഥാനപ്പെടുത്തിയിടിടുള്ള വ്യവസായ സംരംഭങ്ങളിൽ മുന്നോട്ടുവച്ചിട്ടുണ്ട്, 15 പേർക്ക് തൊഴിൽ സാധ്യത കാണുന്നു. തുകലും പ്ലാസ്റ്റിക്കും, റബ്ബറും, പേപ്പറും, അടിസ്ഥാപ്പെടുത്തി,45 പേർക്ക്, തൊഴിൽ ലഭിക്കുന്ന നിർദ്ദേശങ്ങൾ, താഴെ പറയുന്ന ഗ്രാമസഭകളിൽ നിന്നും ഉണ്ടായിട്ടുണ്ട്.

വാർഡ് IV - വാച്ച് സ്ട്രാപ്പ് നിർമ്മാണം

വാർഡ് V പ്ലാസ്റ്റിക്ക്, പേപ്പർബാഗ്, പാക്കിങ്ങ് കെയ്സുകൾ.

വാർഡ് VIII റബ്ബർപാൽ ഉപയോഗിച്ചിട്ടുള്ള മൃദുല കഠിന ഉൽപന്നങ്ങൾ.

● ഇഷ്ടിക ഹോളോബ്രിക്സ്,കിരിങ്കൽ, മൈക്ക നിർമ്മാണം, കോൺക്രീറ്റ് ക്രാസികൾ, കെട്ടിട നിർമ്മാണ വസ്തുക്കൾ ഉണ്ടാക്കുന്ന യൂണിറ്റുകൾ ആരംഭിക്കാനാണ്, VIII,VIII,VIV ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്ന നിർദ്ദേശങ്ങൾ,30 പേർക്ക് തൊഴിൽ സാദ്ധ്യതകാണുന്നു.

● സോപ്പ്,മെഴുകുതിരി,അച്ചാർ,മുളക് പൊടി, ചിപ്സ്,കറിപൗഡർ,കൗതുകവസ്തുക്കൾ,വാഴനാര് ഉൽപന്നങ്ങൾ, പായനെയ്ത്ത്, ചൂരൽ കസേരകൾ തുടങ്ങിയ ഉൽപന്നങ്ങൾ ഉണ്ടാക്കി വിപണനം ചെയ്യുവാൻ സഹായകമായ ഓരോ ഖാദിയൂണിറ്റുകൾ ഉണ്ടാക്കണമെന്ന ആവശ്യമാണ് VI,VIII,IX, ഗ്രാമസഭകൾ മുന്നോട്ട് വെയ്ക്കുന്നത്. ഇതുമൂലം 25 പേർക്ക് തൊഴിൽ ലഭ്യതയുണ്ടാകുന്നതാണ്.

● പെട്രോളിയം,കെമിക്കൽസ്, അടിസ്ഥാനമാക്കി പെയിൻറ് (വാർഡ് V) കർപ്പൂരവും(വാർഡ് IX) നിർമ്മിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുവാൻ നിർദ്ദേശങ്ങൾ ഉണ്ട്, 20 പേർക്ക് ഇതുമൂലം തൊഴിൽ സാദ്ധ്യതയുണ്ടാകും.

● വാർഡ് VIII ൽ ബേക്കറി വിപുലീകരണം മൂലം 5 പേർക്ക് അധിക തൊഴിൽ സാദ്ധ്യതയുണ്ടാകുന്ന നിർദ്ദേശമാണ് വന്നിട്ടുള്ളത്.

● 10പേർക്ക് തൊഴിൽ ലഭിക്കിന്ന അടയ്ക്ക അടിസ്ഥാനമാക്കിയുള്ള ഒരു യൂണിറ്റ് VIII ാം വാർഡിലെ നിർദ്ദേശങ്ങളിൽപ്പെടുന്നു.

ഗ്രാമസഭ നിർദ്ദേശങ്ങളുടെ ക്രോഡീകരണം

പട്ടിക VII

ക്രമനമ്പർ	ഉദ്ദേശിക്കുന്ന വ്യവസായം	നിർദ്ദേശിച്ച വാർഡുകർ	തൊഴിൽ സാദ്ധ്യത
1	ഫർണിച്ച ർ	Ward No.III (കോ-ഓപറേറ്റീവ്) Ward No.IV Ward No.V Ward No.IX Ward No.XIV (തടി സംസ്കരണം)	50
2	റെഡിമെയ്ഡ് ഗാർമെൻറ്സ് വനിത	Ward No.III Ward No.IV Ward No.V Ward No.VI Ward No.VIII Ward No.IX	125
3	പപ്പടം ആധുനീകരണം	Ward No.III Ward No.IV	25
4	നാളികേരം അടിസ്ഥാനപ്പെടുത്തി യിട്ടുള്ള വ്യവസായം	Ward No.IV Ward No.VIII Ward No.XII	50
5	നഴ്സറി (നടീൽ വസ്തുക്കൾ)	Ward No.III Ward No.VIII Ward No.IX (മൈവവള നിർമ്മാണം)	150
6	എഞ്ചിനിയറിങ്ങ് വ്യവസായം	Ward No.III Ward No.IV(ബാറ്ററി റിസെറ്റിങ്ങ് പൈപ്പ് ഫിറ്റിങ്ങ്) Ward No.V (ബാറ്ററി പ്ലെയ്റ്റ്സ്) Ward No.VI (പ്ലംബിങ്ങ്,ഇലക്ട്രിക്കൽ) Ward No.VIII(ഇലക്ട്രോണിക്സ്അസംബ്ലിങ്ങ്)	60
7	സ്വർണ്ണപണി	Ward No.IV(സ്വർണ്ണപണി ,ഡൈവർക്സ് സ്വർണ്ണ കവറിംങ്ങ്) Ward No.V (സ്വർണ്ണപണി ,ഡൈവർക്സ് സ്വർണ്ണ കവറിംങ്ങ്)	15
8	മൃഗസമ്പത്ത് അടിസ്ഥാന പ്പെടുത്തിയിട്ടുള്ള വ്യവസായം	Ward No.V(ബ്രോയിലർ കോഴി,ആടുവളർ ത്തൽ,പണി,മുയൽ,ഡയറി ഫാം) Ward No.IX Ward No.XIII (കോഴിവളർത്തൽ)	45
9	തുകലും,പ്ലാസ്റ്റിക്കും റബ്ബറും പ്പേപർ,ഫൈബർ ഗ്ലാസ് അടിസ്ഥാന വ്യവസായം	Ward No.IV(വാച്ച് സ്ട്രാപ്പ്) Ward No.V (പ്ലാസ്റ്റിക്ക്,പേപ്പർ ബാഗ്) (പാക്കിങ്ങ് കെയ്സ്) Ward No.XIII (റബ്ബർ പാൽ ഉപയോഗിച്ച് soft & Hard വസ്തുക്കൾ	45

ഗ്രാമസഭ നിർദ്ദേശങ്ങളുടെ ക്രോഡീകരണം

പട്ടിക VII

ക്രമനമ്പർ	ഉദ്ദേശിക്കുന്ന വ്യവസായം	നിർദ്ദേശിച്ച വാർഡുകർ	തൊട്ടിൽ സാദ്ധ്യത
10	കെട്ടിട നിർമ്മാണ വസ്തുക്കൾ	Ward No.VIII(കരിങ്കൽ,മൈക്ക,കോൺ ക്രീറ്റ്, ക്രാസി,കട്ടള etc. (മുളയം പാറമട) Ward No.XIII ഹോളോബ്രിക്സ് Ward No.XIV (ബ്രിക്സ്)	30
11	പെടോളിയം കെമിക്കൽസ് ഉപയോഗിച്ചുള്ള വ്യവസായം	Ward No.V (പെയ്ൻറസ്) Ward No.IX (കർ പ്പൂരം)	10
12	ബേക്കറി	Ward No. VIII (വിപുലീകരണം) .	5
13	അടയ്ക്കാകൊണ്ടുള്ള ഉല്പന്നങ്ങൾ	Ward No. VIII (സുപ്പാരി)	10
14	ഓലമടച്ചിൽ	Ward No.IV Ward No.IX	10
15	ബീഡി നിർമ്മാണം	Ward No.XIII	15
16	ഖാദിയൂണിറ്റുകൾ	Ward No.IV(അച്ചാർ സ്കാഷ ,കറി പൗഡർ, വാഴനാര്,ഉല്പന്നങ്ങൾ കൗതുക വസ്തുക്ക ൾ) Ward No.VIII(പായ നെയ്ത്ത്,ചൂരൽ,അച്ചാർ Ward No.IX(അച്ചാർ,പൊടികൾ,ചിപ്സ് മെഴുകുതിരി,സോപ്പ്)	
17	പൊതുനിർദ്ദേശം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് Ward No.I മുതൽ XIV വരെ		

ഗ്രാമസഭ നിദ്ദേശങ്ങൾ
അവലംബം പഞ്ചായത്ത് സർവ്വെ റിപ്പോർട്ട്

-10 സ്ത്രീകൾക്ക് തൊഴിലവസരമുണ്ടാക്കുന്നതിന് IV,IX വാർഡിലും ഓല മെടച്ചിൽ കേന്ദ്രങ്ങൾ തുടങ്ങുവാൻ നിർദ്ദേശമുണ്ട്.15 പേർക്ക് തൊഴിൽ സാദ്ധ്യത കാണുന്ന ബീഡിതെറുപ്പ് യൂണിറ്റ് XIII - ാംവാർഡിലെ നിർദ്ദേശത്തിൽപ്പെടുന്നു.

ഇഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പൊതുവിൽ ഉയർന്നു വന്നിട്ടുണ്ട്.

പദ്ധതി നിർദ്ദേശങ്ങൾ.

ഗ്രാമ സഭനിർദ്ദേശങ്ങൾ ആകെ പരിഗണിച്ച് പഞ്ചായത്തിൽ ആരംഭിക്കേണ്ട പുതിയ വ്യവസായ യൂണിറ്റുകളുടെ വ്യക്തമായ നിർദ്ദേശങ്ങൾ പട്ടിക VIII കൊടുത്തിരിക്കുന്നു.

പുതിയ ചെറുകിട വ്യവസായ സംരംഭകർക്കു കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുകയും നിലവിലുള്ള നികുതി വ്യവസ്ഥകളുടെയും,ലൈസൻസിങ്ങ് സമ്പ്രദായത്തിന്റെയും ദോഷകരമായ വശങ്ങൾ ഇല്ലാതാക്കികയും ചെയ്യണം

സ്വയം തൊഴിൽ സംരംഭകർക്ക് (P.M.R.Y) പോലുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് ബാങ്കുകൾ അടിച്ചേൽപ്പിക്കുന്ന ഈട് വ്യവസ്ഥകൾ ഉപേക്ഷിക്കണം.

നവ വ്യവസായ സ്വയം തൊഴിൽ സംരംഭകർക്ക് ആവശ്യമായ വ്യവസായ സംബന്ധമായ അറിവ് നൽകുന്നതിന് ഒരു ഇൻഫർമേഷൻ കം ഇൻസ്ക്ട്രഷൻ സെൻറർ പഞ്ചായത്ത് തലത്തിൽ അനിവാര്യമാണ്.236 സ്ത്രീകളും, 219 പുരുഷൻമാരും ഉൾപ്പെടെ 455 പേർക്ക് തുടക്കത്തിൽ തൊഴിൽ സാദ്ധ്യതയുള്ള നാടിൻെറ സമ്പദ്വ്യവസ്ഥയിൽ സ്വാധീനം ചെലുത്തുന്നു, സമൂഹത്തിൽ താഴെയിടയിൽഉള്ള വരെ സഹായിക്കുന്ന, വ്യവസായ സംരംഭങ്ങളുടെ നിർദ്ദേശങ്ങൾ ആണ് പദ്ധതി രൂപീകരണത്തിനായി സമർപ്പിക്കുന്നത്.

പുതിയ വ്യവസായ യൂണിറ്റുകളുടെ നിർദ്ദേശങ്ങൾ

പട്ടിക VIII കാണുക

പുതിയ വ്യവസായ യൂണിറ്റുകളുടെ നിർദ്ദേശങ്ങൾ

പട്ടിക VIII

ക്രമ നമ്പർ	വ്യവസായ വിശദാംശങ്ങൾ	പ്രദേശങ്ങൾ	മൂലധനം Lakhs/ 1 Unit	വിപണി	തൊഴിൽ സാധ്യത പു.	സ്ത്രീ
1	നാളികേരം അടിസ്ഥാനപ്പെടുത്തിയിട്ടുള്ള വ്യവസായം	ഒല്ലൂക്കര,മുളങ്കുന്നത്തുകാവ്	Rs:- 250,000 & above	തൃശൂർ ജില്ല	20	30
2	എഞ്ചിനിയറിങ്ങ് വ്യവസായം	കുന്നത്തുകര കാട്ടകാമ്പാൽ മുളങ്കുന്നത്തുകാവ്	Rs:- 225,000 & above	കേരള സംസ്ഥാനം	45	15
3	ആഭരണ നി ർമ്മാണം ഡൈവർക്സ്, ഗോൾഡ് കവറിങ്ങ്	കുന്നത്തുകര കൂർക്കഞ്ചേരി	Rs:- 1,00,000	തൃശൂർ ജില്ല	15	-
4	തുകൽ,പ്ലാസ്റ്റിക്ക്,റബ്ബർ കടലാസ്, ഫൈബർ ഗ്ലാസ് എന്നിവ കൊണ്ടുള്ള വ്യവസായങ്ങൾ	കുന്നത്തുകര കൂർക്കഞ്ചേരി മുളങ്കുന്നത്തുകാവ്	Rs:- 250,000 & above	കേരള സംസ്ഥാനം	30	30
5	ഫർണിച്ചർ	കുന്നത്തുകര കാട്ടകാമ്പാൽ മുളങ്കുന്നത്തുകാവ്	Rs:- 1,40,000	തൃശൂർ ജില്ല	50	-
6	റെഡിമെയ്ഡ് ഗാർമെൻസ്	കുന്നത്തുകര കൂർക്കഞ്ചേരി മുളങ്കുന്നത്തുകാവ്	Rs:- 150,000	തൃശൂർ ജില്ല	-	25
7	കെട്ടിട നിർമ്മാണ വസ്തുക്കൾ കരിങ്കല്ല്,മൈക്ക,കോൺക്രീറ്റ് ക്രാസി,കട്ടള ബ്രിക്സ്	മുളങ്കുന്നത്തുകാവ് മുള്ളൂർക്കര	Rs:- 1,75,000	തൃശൂർ ജില്ല	10	20
8	പെട്രാളിയം കെമിക്കൽസ് ഉപയോഗിച്ചുള്ള വ്യവസായം പെയ്ൻറ്, ക ർപ്പൂരം.		Rs:- 3,50,000	കേരള സംസ്ഥാനം	7	3
9	പപ്പടം (ആധുനിക രീതി)	മുളങ്കുന്നത്തുകാവ്	Rs:- 25,000		18	2

പുതിയ വ്യവസായ യൂണിറ്റുകളുടെ നിർദ്ദേശങ്ങൾ

പട്ടിക VIII

ക്രമ നമ്പർ	വ്യവസായ വിശദാംശങ്ങൾ	പ്രദേശങ്ങൾ	മൂലധനം Lakhs /1 Unit	വിപണി	തൊഴിൽ സാധ്യത പു.	സ്ത്രീ
10	ബേക്കറി വിപുലികരണം	മുല്ലക്കര	Rs:- 25,0000	തൃശ്ശൂർ ജില്ല	2	18
11	അടക്കാ ഉല്പന്നങ്ങൾ (സുപ്പാരി)	മുല്ലക്കര	Rs:- 75,000 & above	കേരള സംസ്ഥാനം	5	5
12	ബീഡി നി ർമ്മാണം	മുല്ലക്കര	Rs:- 10,000	കേരള സംസ്ഥാനം	2	5
13	മൃഗസമ്പത്ത്	കുഴിക്കണപുരം മുല്ലക്കര മുക്കാട്ടുകര	Rs:- 15,000	തൃശ്ശൂർ ജില്ല	-	5
14	നഴ്സറി (നടീൽ വസ്തുക്കളും ജൈവവള നിർമ്മാണവും)	കുന്നത്തുകര മുല്ലക്കര	Rs:- 50,000	തൃശ്ശൂർ ജില്ല	10	40
15	ഓലമടച്ചിൽ	കുന്നത്തുകര മുല്ലക്കര ഒല്ലൂക്കര	Rs:- 10,000	തൃശ്ശൂർ ജില്ല	-	10
16	ഖാദി യൂണിറ്റ് ഭക്ഷ്യ സംസ്ക്കരണം,കൗതുകവ-സ്തുക്കൾ,ചൂരൽ, മെഴുകുതിരി	മുല്ലക്കര ഒല്ലൂക്കര	Rs:- 25,000	തൃശ്ശൂർ ജില്ല	5	20

അവലംബം: പഞ്ചായത്ത് ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ

5.4 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്, വാർത്താവിനിമയം



ഉള്ളടക്കം

ഗതാഗതം

- മുഖവര 97
- അവലോകനം 97
- പൊതുവായ പ്രശ്നങ്ങൾ 98
- നിർദ്ദേശങ്ങൾ 99
- സംഗ്രഹം 100
- ഗ്രാമസഭാ നിർദ്ദേശങ്ങൾ 100
- മറ്റു പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും 102

ഊർജ്ജം 103

- വൈദ്യുതി 103
- മറ്റു ഊർജ്ജസ്രോതസ്സുകൾ 104
- പൊതു പ്രശ്നങ്ങൾ 108
- നിർദ്ദേശങ്ങൾ 108
- സംഗ്രഹം 109
- ഗ്രാമസഭാ നിർദ്ദേശങ്ങൾ 109

മാർക്കറ്റ് 111

വാർത്താവിനിമയം 111

5 4 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്, വാർത്താവിനിമയം

1. ഗതാഗതം

മുഖവുര

കേരള സംസ്ഥാനത്തെ നാലാമത്തെ കോർപ്പറേഷനാകാൻ കാത്തിരിക്കുന്ന തൃശൂർ നഗരസഭയുടേയും വളർന്നുവരുന്ന കേരള കാർഷികസർവ്വകലാശാലയുടേയും സാമീപ്യസമ്പർക്കങ്ങൾ കൊണ്ട് ഒല്ലൂക്കര പഞ്ചായത്തിന് ഒരു നാഗരിക മുഖഛായ കൈവന്നിട്ടുണ്ട്. തൃശൂർ -പാലക്കാട് ട്രങ്ക് റൂട്ടിലേയും N.H. 47 ന്റെ തൃശൂർ ബൈപ്പാസിലേയും അനുസ്യൂതം നീങ്ങുന്ന വാഹന തിരക്കുകളുടെ ഒഴുക്കുകൾ ഒല്ലൂക്കര പഞ്ചായത്തിന്റെ ഹൃദയഭാഗമായ മണ്ണുത്തിയിൽ ഒന്നായി വർദ്ധിക്കുമ്പോൾ ഗതാഗതത്തിന്റെ ആഴവും പരപ്പും വർദ്ധിക്കുന്നു. തൃശൂരിൽ നിന്ന് ബൈ-പാസ് ജങ്ക്ഷൻ വരെയുള്ള 5 കി.മ.ീ റോഡ് 3.5.1987നു മുമ്പ് നാഷണൽ ഹൈവേയുടെ ഭാഗമായിരുന്നു. ഇപ്പോൾ ഈ റോഡ് സ്റ്റേറ്റ് ഹൈവേയാണ്. ദിവസേന നൂറ് കണക്കിന് ബസ്സുകളും കാറുകളും ലോറികളും പഞ്ചായത്തിൽ കൂടി കടന്നു പോകുന്നതുകൊണ്ട് ഇവിടത്തെ ഗതാഗത സാന്ദ്രത വളരെ കൂടുതലാണ്. കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ വാഹനങ്ങളുടെ എണ്ണത്തിലുണ്ടായ അഭൂതപൂർവ്വമായ വർദ്ധന ഉൾക്കൊള്ളാൻ ഇവിടത്തെ നിരത്തുകൾക്ക് സാധിക്കുന്നില്ലായെന്നതാണ് യാഥാർത്ഥ്യം.

ഉന്തുവണ്ടികൾ

രണ്ടുവർഷങ്ങൾക്കു മുമ്പ് പഞ്ചായത്തിൽ മുപ്പതിൽ അധികം ഉന്തുവണ്ടികൾ ഉണ്ടായിരുന്നു. വിറക്, തടി, കമ്പി, സിമൻറ് മുതലായവ വീടുകളിലേക്കും, പണി സ്ഥലത്തേക്കും മറ്റും മനുഷ്യശക്തികൊണ്ട് തള്ളികൊണ്ടുപോകുന്നതിനാണ് ഉന്തുവണ്ടികൾ ഉപയോഗിക്കുന്നത്. മണ്ണുത്തി ബസാറിൽ തന്നെ രണ്ടു വർഷം മുമ്പ് 12 ഇന്തുവണ്ടികൾ ഉണ്ടായിരുന്നു. എന്നാൽ പെട്ടി ഓട്ടോകളുടേയും, ടെമ്പോ വാനുകളുടേയും പ്രചാരവും എണ്ണവും കൂടിയപ്പോൾ ഉന്തുവണ്ടികളുടെ എണ്ണം ക്രമമായി കുറഞ്ഞുതുടങ്ങി. മണ്ണുത്തി ബസാറിൽ ഇപ്പോൾ രണ്ട് ഉന്തുവണ്ടികൾ മാത്രമാണ് ഉള്ളത്. പഞ്ചായത്തിലെ മറ്റു കേന്ദ്രങ്ങളിലും ഇവയുടെ എണ്ണം വളരെ കുറഞ്ഞിട്ടുണ്ട്.

കാളവണ്ടികൾ

പണ്ടുകാലത്ത് നാട്ടിൻ പുറങ്ങളിൽ പ്രത്യേകിച്ചും കാളവണ്ടികൾ ഗതാഗതത്തിന്റെ ഒരു പ്രധാന ഭാഗമായിരുന്നു. ടെമ്പോ വാൻ, പെട്ടി ഓട്ടോ, ലോറി മുതലായവ സാധാരണമായതോടുകൂടി കാളവണ്ടികളും രംഗത്തു നിന്ന് പിൻമാറുകയാണ്. പഞ്ചായത്തിന്റെ ഉൾഭാഗങ്ങളിൽ ഇപ്പോഴും ചുരുങ്ങിയ എണ്ണം (കൃത്യമായ കണക്കെടുത്തിട്ടില്ല.) കാളവണ്ടികൾ ഉപയോഗത്തിൽ ഉണ്ട്. വണ്ടികാളകളെ സംരക്ഷിക്കുന്നതിനുള്ള ചിലവ് വർദ്ധിച്ചിരിക്കുന്നു. ഇക്കാലത്ത് കാളവണ്ടിയിൽ നിന്നുള്ള വരുമാനം കുറഞ്ഞുവരികയാണ്. യന്ത്രവാഹനങ്ങളുടെ മുന്നേറ്റത്തിൽ കാളവണ്ടിയും നമ്മുടെ നാട്ടിൽ അപ്രത്യക്ഷമായേക്കും.

അവലോകനം

ഒല്ലൂക്കര ഗ്രാമ പഞ്ചായത്തിൽ മെച്ചപ്പെട്ട ഒരു റോഡു ശൃംഖലയുണ്ട്. പഞ്ചായത്തിൽ വാഹന-ഗതാഗതത്തിനു പയുക്തമായ റോഡുകളുടെ മൊത്ത നീളം 147.200 കി.മീ. ആണ്. (1991ലെ കണക്ക്) പഞ്ചായത്തിൽ ഉള്ള വിവിധ തരം റോഡുകളെ സംബന്ധിച്ച വിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

നീളം കി.മീറ്ററിൽ 1991 ലെ കണക്ക്

പഞ്ചായത്ത് റോഡുകൾ			P.W.D.	N.H.	
കച്ച	പക്ക	മെറ്റൽ	ടാറിട്ടത്		
18.755	72.305	26.200	8.600	13.040	8.000

അവലംബം: ഒല്ലൂക്കര പഞ്ചായത്ത് ഓഫീസ്

ആകെ പഞ്ചായത്തിലുള്ള 147.2 കി.മീ. റോഡിന്റെ 85.7% പഞ്ചായത്ത് റോഡുകളാണ് (126.16 കി.മീ.) മൊത്തം 17.57 ച.കി.മീ. വിസ്തൃതിയുള്ള പഞ്ചായത്തിൽ ഒരു ച.കി.മീറ്ററിന് 8.38 കി.മീ.റോഡുക

ളുണ്ട്. മറ്റൊരു തരത്തിൽ പറഞ്ഞാൽ 39450 ജനസംഖ്യയുള്ള പഞ്ചായത്തിൽ ശരാശരി 1000 ജനങ്ങൾക്ക് 3.7 കി.മീ.റോഡാണുള്ളത്. ഭാരതത്തിൽ ഇത് 1000 ജനങ്ങൾക്ക് 0.687 കി.മീറ്ററും. കേരളത്തിൽ 3.495 കി.മീ. ആണ്. ഈ കണക്കനുസരിച്ച് ഒല്ലൂക്കര പഞ്ചായത്തിൽ റോഡ്-ജനസംഖ്യാനുപാതം കേരളത്തിലെ ശരാശരിയേക്കാൾ കൂടുതലാണെന്നു കാണാം. പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളുടെ 7% മാത്രമാണ് ടാറിട്ടിട്ടുള്ളത്. (ഇതെല്ലാം 1991 ലെകണക്ക്) ഇന്നത്തെ കണക്കനുസരിച്ച് ടാറിട്ട റോഡുകൾ ആകെയുള്ള പഞ്ചായത്തു റോഡുകളുടെ 40% ആണ്. പഞ്ചായത്തിൽ കൂടി കടന്നുപോകുന്ന P.W.D റോഡുകളുടെ നീളം 13.04 കി.മീ. ആണ്. നാഷണൽ ഹൈവേയുടെ 8. കി.മീ. റോഡ് പഞ്ചായത്തിന്റെ ഹൃദയഭാഗത്തുകൂടി കടന്നുപോകുന്നു. ഇത് പഞ്ചായത്തിന്റെ പൊതുവികസനത്തിനും ഗതാഗതമേഖലയുടെ വളർച്ചക്കും വളരെ സഹായകരമായിട്ടുണ്ട്. പഞ്ചായത്തിലെ റോഡുകളുടെ താരതമ്യദൈർഘ്യം കാണിക്കുന്ന ഡയഗ്രം താഴെ കൊടുത്തിട്ടുണ്ട്.

1995-96 കാലയളവിൽ കൃഷ്ണപുരം-തിരുവാണിക്കാവ്, സന്തോഷ് നഗർ, ഇന്ദിരാ നഗർ, വൈലോപ്പിള്ളി, വേലൻ കോളനി, ജാറം കോളനി, കണ്ടാത്ത് മുക്ക് റോഡുകളുടെ 2 കി.മീ. ദൂരം ടാറിങ്ങും നടത്തിയിട്ടുണ്ട്. പഞ്ചായത്തു ഫണ്ടുപയോഗിച്ചാണ് ഇതു ചെയ്തത്.

ജെ.ആർ.വൈ. ഫണ്ട് ഉപയോഗിച്ച് 1/2 കി.മീ. നീളത്തിൽ ഹിൽ പാടി -സൗത്ത് റോഡ് നിർമ്മാണം നടത്തിയിട്ടുണ്ട്. എം.എൽ.എ. ഫണ്ടുപയോഗിച്ച് ശ്രേയസ് നഗർ, പണ്ടാരപറമ്പ്, സിനിമാ തീയ്യറ്റർ റോഡ് സൈഡ് തുടങ്ങിയ റോഡുകളുടെ അറ്റകുറ്റപണിയും ടാറിങ്ങും നടത്തിയതായി കാണുന്നു.

ചിറടം, ദിൻഹ, സോഷ്യൽ ബസാർ, ജനകീയ സ്ട്രീറ്റ്, പോപ്പ് നഗർ, പാണഞ്ചേരി ലയിൻ റോഡുകളുടെ നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്.

3. പൊതുവായ പ്രശ്നങ്ങൾ

- പഞ്ചായത്തിലെ റോഡുശൃംഖല മെച്ചപ്പെട്ടതാണെങ്കിലും N.H. ഒഴികെ പല റോഡുകളുടേയും സ്ഥിതി മോശമാണ്. ചില റോഡുകൾക്ക് നല്ല നടപ്പാ തയും ഓവുചാലുകളും കലിങ്കുകളും ഇല്ല. പഞ്ചായ ത്തിന്റെ അധീനതയിലുള്ള പ്രധാന റോഡുകളെല്ലാം ടാറിട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ പഞ്ചായത്തിന് അഭിമാനിക്കാൻ വകയുണ്ടെങ്കിലും ഫണ്ടിന്റെ അഭാവം മൂലം റോഡുകളുടെ അറ്റകുറ്റപണികൾ പഞ്ചായത്ത് തക്കസമയത്ത് നടത്തുന്നില്ല.

- മഴക്കാലത്ത് ഒഴുകിവരുന്ന വെള്ളം വേഗത്തിൽ



ഒഴുകി പോകാത്തതുകൊണ്ട് റോഡുകൾക്ക് കേടു പാടുകൾ ഉണ്ടാകുന്നു. കാനകളുടെ കുറവും ഉള്ളവ. റിപ്പയർ ചെയ്തു വൃത്തിയാക്കാത്തതും കലിങ്കുകളുടെ അപര്യാപ്തതയും ആണ് ഇതിന് കാരണം.

- ടെലിഫോൺ, വാട്ടർ അതോറിറ്റി എന്നീ വകുപ്പുകൾ പലപ്പോഴും പരസ്പരധാരണയില്ലാതെ അവരുടെ വകുപ്പു ജോലികൾക്കായി റോഡുകൾ കുത്തിപ്പൊളിക്കുകയും തക്കസമയത്ത് റിപ്പെയർ ചെയ്യാതെ കിടക്കുകയും ചെയ്യുന്നു.
- ചില റോഡുകളുടെ ഇരുവശങ്ങളും സ്വകാര്യവ്യക്തികൾ കയ്യേറിയതുകൊണ്ട് റോഡുകളുടെ വീതികുറയുകയും ഗതാഗതകുരുക്ക് അനുഭവപ്പെടുകയും ഡ്രെയിനേജ് തടസ്സപ്പെടുകയും ചെയ്യുന്നു. മണ്ണുത്തി സെൻററിലെ റോഡ് പുറമ്പോക്ക് ഒഴിപ്പിച്ചെടുത്ത് കാനകെട്ടി റോഡിന് വീതി കൂട്ടേണ്ടതാണ്.
- റോഡുകളുടെ ഇരുവശവും N.H. ൻെറ പ്രത്യേകിച്ചും ഒന്നു രണ്ടടി താഴ്ന്നതാകയാൽ അപകട സാദ്ധ്യതകൾ കൂടുകയും ഗതാഗത തടസ്സങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു.
- പഞ്ചായത്ത് റോഡുപണികൾക്ക് ഗുണഭോക്താക്കളുടെ പങ്കാളിത്തം വേണ്ടത്ര ഇല്ല.
- മണ്ണുത്തി ബൈപാസ് ജംഗ്ഷനിൽ അനധികൃതമായി ലോറികൾ പാർക്കു ചെയ്യുന്നതുകൊണ്ട് ഗതാഗത തടസ്സവും ഫുട് പാത്ത് സഞ്ചാര യോഗ്യമല്ലാതാക്കുകയും ചെയ്യുന്നു.
- പഞ്ചായത്തിൻെറ പരിധിയിലുള്ള തൃശൂർ പാലക്കാട് റൂട്ടിൽ ഓവർ സ്പീഡ് നിയന്ത്രിക്കുന്നതിനുള്ള സംവിധാനങ്ങളില്ല.
- മണ്ണുത്തിയിൽ നിന്ന് N.H. ബൈപാസ്, വഴി തെക്കോട്ടും (ഒല്ലൂർ, പുതുക്കാട്ടുവരെ)മറ്റു പ്രധാന പഞ്ചായത്ത് റോഡുകളിലും ബസ്സ് സർവീസ് ഇല്ല.
- മണ്ണുത്തി സെൻററിലുള്ള ടാക്സി സ്റ്റാൻറും ടെലഫോൺ ബൂത്തും സുഗമമായ ഗതാഗതത്തെ ബാധിക്കുന്നു.
- പ്രധാന കവലകളിൽ (ഒല്ലുക്കര, മണ്ണുത്തി സെൻറർ, ഫാം ഗേറ്റ്) ഗതാഗത നിയന്ത്രണത്തിനും അപകടം ഒഴിവാക്കുന്നതിനും ട്രാഫിക്ക് ഐലൻറുകൾ / ട്രാഫിക് പോലീസ് സംവിധാനം ഇല്ല.

4. നിർദ്ദേശങ്ങൾ

- എല്ലാ റോഡുകൾക്കും കാനകൾ കെട്ടുകയും നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾ നടത്തുകയും വേണം. വെള്ളം കെട്ടിക്കിടക്കുന്ന ഭാഗങ്ങളിൽ കലിങ്കുകൾ ഉണ്ടാക്കി വെള്ളത്തിന് സുഗമമായ ഒഴുക്കുണ്ടാക്കണം.
- ടെലഫോൺ, വാട്ടർ അതോറിറ്റി എന്നീ വകുപ്പുകളുടെ റോഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ PWD/ പഞ്ചായത്ത് വകുപ്പുകളുമായി ഏകോപിപ്പിക്കണം.
- റോഡുപുറമ്പോക്കുകൾ (ഇരുവശവും) കയ്യേറിയ സ്വകാര്യവ്യക്തികളെ ഒഴിപ്പിച്ച് റോഡുകൾക്ക് കാനകൾ കെട്ടി വീതി കൂട്ടണം. ഇതിനുവേണ്ടി ഇത്തരം സ്ഥലങ്ങൾ റീസർവ്വേ നടത്തിച്ച് കയ്യേറ്റക്കാരെ ഒഴിപ്പിക്കുവാൻ PWD യും റീപഞ്ചായത്തും നടപടികൾ എടുക്കണം.

  ഉദാ: - മണ്ണുത്തി സെൻററിൽ N.H. മുതൽ മുക്കാട്ടുകര ജംഗ്ഷൻ വരെ.
- നാഷണൽ ഹൈവേയുടെയും പ്രത്യേകിച്ചും ബൈപാസ് ജംഗ്ഷൻ മുതൽ ഫാം ഗേറ്റ് വരേയും) സ്റ്റേറ്റ് ഹൈവേയുടേയും (പറവട്ടാനി മുതൽ ബൈപാസ് ജംഗ്ഷൻ വരെ) മറ്റു റോഡുകളുടേയും ഇരുവശങ്ങളും (ഷോൾഡേഴ്സ്) മണ്ണിട്ടും നികത്തി മനുഷ്യ സഞ്ചാരയോഗ്യമാക്കണം.

  NHൻെറ ഇരുവശങ്ങളിലുമുള്ള കൂർത്തു മൂർത്ത പാറക്കല്ലുകൾ പിഴുതുമാറ്റണം.
- റോഡ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഗുണഭോക്താക്കളുടെ കോൺട്രിബ്യൂഷനും (പണം, തൊഴിൽ, ഭൂമി, മറ്റുസഹായങ്ങൾ) ഉറപ്പുവരുത്തണം.
- മണ്ണുത്തി ബൈപാസിൽ പഴയ റോഡിലും പാൽ സൊസൈറ്റിയുടെ മുന്നിലും ചെടിച്ചട്ടികൾ കയറ്റുന്നതിനും മറ്റുമായി ലോറികൾ പാർക്കു ചെയ്യുന്നതുമൂലം ഗതാഗത തടസ്സവും അപകടങ്ങളും ഉണ്ടാകുന്നു. ഇതൊഴിവാക്കാൻ ബൈപാസ്സ് ജംഗ്ഷന് തെക്കുഭാഗത്ത് ധാരാളം ഒഴിഞ്ഞ സ്ഥലമുള്ളിടത്ത് മാത്രം ലോറികൾ പാർക്ക് ചെയ്യുവാൻ അനുവദിക്കേണ്ടതാണ്.
- തൃശൂർ - പാലക്കാട് റൂട്ടിൽ ബസ്സുകളുടെയും ലോറികളുടേയും ഓവർ സ്പീഡ് നിയന്ത്രിക്കാൻ സംവിധാനമുണ്ടാക്കണം.

- NH ബൈപാസിലും മറ്റു ബസ്സില്ലാത്ത പ്രധാന റൂട്ടുകളിലും ബസ്സ് സർവീസ് നടപ്പാക്കണം. ഇപ്പോൾഒല്ലൂരെ പഞ്ചായത്തിലുള്ളവർക്ക് ഒല്ലൂർ പോകണമെങ്കിൽ തൃശൂർ വഴി വളഞ്ഞോ, ലോറി മാർഗ്ഗമോ സഞ്ചരിക്കേണ്ടതുണ്ട്.

- മണ്ണുത്തി സെൻറിലുള്ള ടാക്സി-ഓട്ടോ -ടെമ്പോ സ്റ്റാൻറും ടെലഫോൺ ബൂത്തും ഗതാഗത സൗകര്യത്തിനു സൗകര്യമായ മറ്റൊരിടത്തേക്കും മാറ്റി സ്ഥാപിക്കേണ്ടതാണ്.

- പ്രധാന ജംഗ്ഷനുകളിൽ ട്രാഫിക് ഐലൻറുകളോ ട്രാഫിക് പോലീസ് സംവിധാനമോ ഏർപ്പെടുത്തണം.

സംഗ്രഹം

1 തൃശൂർ-പാലക്കാട് ട്രങ്ക് റൂട്ടിലൂടെയും, NH 47 ൻെറ തൃശൂരിൻെറ ബൈപാസ്സിലൂടെയും അനുസ്യൂതം നീങ്ങുന്ന വാഹനനിര പഞ്ചായത്തിൻെറ ഹൃദയഭാഗമായ മണ്ണുത്തിയിൽ സന്ധിക്കുന്നു. ഇവിടത്തെ ഗതാഗത സാന്ദ്രത വളരെ കൂടുതലാണ്. കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ വാഹനങ്ങളുടെ എണ്ണത്തിലുണ്ടായ അഭൂതപൂർവ്വമായ വർദ്ധന ഉൾക്കൊള്ളാൻ ഇവിടത്തെ നിരത്തുകൾക്ക് സാധിക്കുന്നില്ല.

2 പഞ്ചായത്തിൽ മെച്ചപ്പെട്ട ഒരു റോഡ് ശൃംഖലയുണ്ട്. (മൊത്തം നീളം 147.2 കി.മീറ്ററാണ്). ഇതിൽ 85.7% (126.16 കി.മീറ്റർ) പഞ്ചായത്ത് റോഡുകളാണ്. ഒരു ചതുരശ്ര കിലോമീറ്റർ സ്ഥലത്തിന് 8.38 കി. മീറ്റർ റോഡുകളുണ്ട്. 1000 ജനങ്ങൾക്ക് 3.73 കി.മീറ്റർ റോഡാണുള്ളത്. ഇവ കേരളത്തിലെ ശരാശരി യേക്കാൾ കൂടുതലാണ്. പഞ്ചായത്ത് റോഡിൽ 7 ശതമാനം മാത്രമാണ് ടാർ റോഡുകൾ.

3 പല റോഡുകളുടെയും സ്ഥിതി മോശമാണ്. ചില റോഡുകൾക്ക് നല്ല നടപ്പാതകളും, ഓവ് ചാലുകളും, കലിങ്കുകളും ഇല്ല. ഫണ്ടിൻെറ അഭാവം കാരണം അറ്റകുറ്റപണികൾ തക്കസമയത്ത് നടത്തുന്നില്ല.

4 മഴമൂലവും, ടെലിഫോൺ, വാട്ടർ അതോറിറ്റി യുടെ പ്രവർത്തനം മൂലവും റോഡ് കേടുവരുന്നുണ്ട്. റോഡ് കൈയ്യേറ്റങ്ങളും വിലങ്ങലാകുന്നു.

5 റോഡുകളുടെ ഇരു വശവും താഴ്ന്നതാകയാൽ അപകടസാധ്യത കൂടുന്നു.

6. പഞ്ചായത്ത് റോഡ് പണിക്ക് ഗുണമോക്തക്കളുടെ പങ്കാളിത്തം വേണ്ടത്ര ഇല്ല.

7. മണ്ണുത്തി ബൈപാസ് ജംഗ്ഷനിൽ അനധികൃതമായി ലോറി പാർക്കു ചെയ്യുന്നത് അപകടകാരണമായി മാറുന്നു. ബസ്സുകളുടേയും ലോറികളുടേയും അമിതവേഗവും അപകടങ്ങളുണ്ടാക്കുന്നു.

8. മണ്ണുത്തിയിൽ നിന്നും NH ബൈപാസ്സ് വഴി തെക്കോട്ടും, (ഒല്ലൂർ-പുതുക്കാട് വരെ) മറ്റു പ്രധാന പഞ്ചായത്ത് റോഡുകളിലും ബസ്സ് സർവ്വീസില്ല.

9. മണ്ണുത്തിയിലുള്ള ടാക്സി സ്റ്റാൻറും, ടെലഫോൺ ബൂത്തും സുഗമമായ ഗതാഗതത്തെ ബാധിക്കുന്നു.

10. പ്രധാന കവലകളിൽ ട്രാഫിക്ക് ഐലൻറുകളും, ട്രാഫിക്ക് പോലീസ് സംവിധാനവും ആവശ്യമാണ്.

5. ഗ്രാമസഭകളിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങൾ

1. *മെറ്റലിട്ടു ടാർ ചെയ്യേണ്ടതായ റോഡുകൾ*

   പ്രിയദർശിനി നഗറിലെ പാണഞ്ചേരി അങ്ങാടി, പള്ളി അങ്ങാടി റോഡുകൾ-$1^1/_2$ കി.മീ. (വാർഡ് 1) . (2) സോഷ്യൽ ബസാർ റിംഗ് റോഡ് (1 കി.മീ.) (വാർഡ് 2)

2. നവജ്യോതി മുതൽ സൗഹാർദ്ദനഗർ വരെ (1 കി.മീ.) പാക്സ് സ്ട്രീറ്റ് മുതൽ അപ്സര വരെ (1കി.മീ.) ഫ്രണ്ട്സ് ലെയിൻ മുതൽ നെല്ലിക്കുന്നു വരെ ദിൽഹവഴി (1 കി.മീ.) (വാർഡ് 2)

3. ടാറിടാത്ത വഴികൾ (3 കി.മീ.) ടാർ ചെയ്യണം (വാർഡ് 4)
   (പ്രസാദ് റോഡ്, സുഭാഷ് റോഡ്, കുണ്ടിൽ റോഡ്, ചാലക്കുടി റോഡ്) വാർഡ് :

4. ചാലാലത്തറ റോഡ് (1 കി.മീ) വാർഡ് 5

5. അഴിക്കോടൻ നഗർ റോഡുകൾ (800 മീ) തോപ്പ് റോഡ്, അമ്പലം റോഡ് (300 മീ), തിരുവാണിക്കാവ്-കൃഷ്ണംപുരം വെള്ളച്ചാൽ റോഡ് (200 മീ.) ഉഴുന്ന് കമ്പനി റോഡ് (750 മീ.) പെരുമ്പടപ്പ് മന - വിക്ടറി റോഡ് (700 മീ) കൈതച്ചാൽ റോഡ് (400 മീ) പണ്ടാരപ്പറമ്പ് നിന്ന് പടിഞ്ഞാട്ടുപോകുന്ന റോഡ് (750 മീ) കരയോഗം ഓഫീസ് -അമ്പലം റോഡ് (150 മീ).

6. ഗാന്ധി നഗർ റോഡ് (750 മീ.) ലെനിൻ നഗർ

റോഡ് (1 കി.മീ) അയ്യൻ കുന്ന് റോഡ് (500 മീ) ശ്മശാനം റോഡ് (500 മീ) റോയൽ സ്ട്രീറ്റ് റോഡ് (500 മീ) (വാർഡ് 7)

7. മുളയം റോഡ് -പോപ്പ് നഗർ റോഡ് (750 മീ) വെട്ടിക്കൽ -പോപ്പ് നഗർ റോഡ് ($1^1/_2$ കി.മീ) കുറുങ്കടം - മിച്ചഭൂമി റോഡ് (500 മീ) മുളയം റോഡ് - പണ്ടാരപ്പറമ്പ് റോഡ് (1 കി.മീ) (വാർഡ് 8)

8. റിക്രിയേഷൻ സെൻറിൽ നിന്ന തെക്കോട്ടുള്ള റോഡ് (150 മീ. -കനാൽ വരെ) ആനക്കൊട്ടിൽ റോഡ് (300 മീ). തോട്ടപ്പുട്ടി-കൂട്ടാല റോഡ് (1 കി.മീ) (വാർഡ് 9)

9. മൂപ്പൻ തെരുവ് റോഡ് (1 കി.മീ) പ്ലാവളപ്പ് കോളനി റോഡ് (700 മീ.) CMS സ്കൂളിൻെറ പുറകിൽ ഹോളിഫാമിലി മഠത്തിൻെറ പിൻഭാഗത്ത് കൂടിയുള്ള റോഡ് (500 മീ.) ഡോൺബോസ്കോ സ്കൂളിൻെറ മുന്നിൽ നിന്ന് വയലിലേക്കുള്ള റോഡ് (200 മീ) ഡോൺബോസ്കോ - പുതിയ മഠം വരെ (150 മീറ്റർ) രാജീവ് ഗാന്ധി നഗർ റോഡും (150 മീ) (വാർഡ് 10)

10. ഐപ്പാസ് ജംഗ്ഷൻെറ വടക്കുവശത്തെ പഴയ റോഡിൽ നിന്ന് വടക്കോട്ടുള്ള വഴി പഞ്ചായത്ത് ഹൈമാസറ്റ് കെട്ടിടത്തിൻെറ കിഴക്കുവശത്ത് ശാന്തിനഗർ റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് മെറ്റലിട്ടു ടാർ ചെയ്യണം (150 മീ.)

11. സൊസൈറ്റിക്കടുത്തുള്ള കുണ്ടുകുളം ഒന്നുകിൽ നന്നാക്കി സംരക്ഷിക്കുകയോ അല്ലെങ്കിൽ നികത്തിയെടുക്കുകയോ വേണം

12. നെട്ടിശ്ശേരി - വെള്ളാനിക്കര റോഡ് (1 കി.മീ.) നെട്ടിശ്ശേരി ആൽത്തറ മുതൽ വടക്കോട്ടുള്ള വഴി (300 മീ) മുക്കാട്ടുകര ഗ്രൗണ്ടിനടുത്തുള്ള പൈപ്പ് ലൈൻ വരെയുള്ള വഴി (100മീ).

മിനി നഗർ റോഡ് (400 മീ) ഹാച്ചറീസ് റോഡ് (200 മീ) മുക്കാട്ടുകര ഗ്രൗണ്ട് - അമ്പലം (200 മീ) നെട്ടിശ്ശേരി ആൽ മുതൽ പടിഞ്ഞാട്ടുള്ള വഴി (300 മീ) ചെറിയങ്ങാടിയിൽ നിന്ന് പൈപ്പ് റൈറ്റിംഗ് സ്ഥാപനം വഴി (200 മീ) മഞ്ഞില അങ്ങാടി -നെട്ടിശ്ശേരി അമ്പലം റോഡ് (1 കി.മീ) പാമ്പിൻ കാവ് റോഡ് (1 കി.മീ), വഴക്കുള്ളി ച്ചാലിലേക്കുള്ള വഴി (100 മീ) ആലുവഴി - അമ്പലം റോഡിൽ നിന്ന് ഇടത്തോട്ടുള്ള വഴി (100മീ) (വാർഡ് 12)

13. ചിരടം കിഴക്കു-പടിഞ്ഞാറ് റോഡ് ($1^1/_2$ കി.മീ.) ആറങ്ങാടി റോഡ് (700 മീ) മാച്ചേരിക്കുളം റോഡ് (600 മീ), കീർത്തിനഗർ റോഡ് (250 മീ), സെൻറ് ജോൺസ് സ്ട്രീറ്റ് (100മീ) വിഷ്ണു ക്ഷേത്രത്തിലേക്കുള്ള വഴി (200 മീ) (വാർഡ് 13)

14. ആലുവഴി റോഡ് (700മീ) റൈസ് മിൽ റോഡ് (1 കി.മീ) വൈലോപ്പിള്ളി നഗർ -ബാങ്ക് കോർട്ടേഴ്സ് റോഡ് (1 കി.മീ). ഹരിജൻ കോളനിയിൽ ബാക്കിയുള്ള 200 മീറ്റർ പള്ളി വഴിയുള്ള 150 മീറ്റർ (വാർഡ് 14)

കാനകെട്ടൽ, റോഡുയർത്തൽ അറ്റകുറ്റപ്പണികൾ

1. പ്രിയദർശിനി നഗറിൽ നിന്ന് മുനീശ്വർ പ്രദേശത്തേക്കുള്ള ഡ്രെയിനേജ് കനാൽ സ്ലാബിടണം. ജീസസ് ലെയിൻ വീതി കൂട്ടണം (വാർഡ് 1)

2. നെല്ലിക്കുന്ന് -വട്ടക്കിണർ പുളിപ്പറമ്പ് വരെ കാന കെട്ടി സ്ലാബിടണം.

3. ഉമാനഗർ, ചാലഞ്ച് കോർണർ, സൗഹാർദ്ദ വഴി - പാക്സ് സ്ട്രീറ്റ് അവസാനം, സ്വരാജ് നഗർ, മുസ്ലീം പള്ളി മുതൽ കുറാ പാടം വരെ റോഡുകൾ മണ്ണിട്ടു നികത്തണം. കാമരാജ് റോഡ് മദ്രസ വഴി ഇലവൻസ് ലെയിൻ, ഐശ്വര്യ സ്ട്രീറ്റ്, കുറാപാടം റോഡ്, ചുള്ളിപ്പറമ്പിൽ റോഡ്, ഹൈലാൻറ്, അപ്സര ഗാർഡൻ, ഫ്രണ്ട്സ് റോഡ്, ഹിദായത്ത് നഗർ, റോയൽ സ്ട്രീറ്റ്, കലാഭവൻ റോഡ് എന്നിവ കാനകെട്ടി സ്ലാബിട്ട് അറ്റകുറ്റപണികൾ നടത്തണം.

വിപിൻനഗർ റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് നന്നാക്കണം. (വാർഡ് 2)

4. ഗ്രീൻലാൻറ് സ്ട്രീറ്റ് - ചൈതന്യ നഗർ റോഡ് ഇവ ഗതാഗത യോഗ്യമാക്കണം.

5. ചക്കാലത്ത് റോഡ് കാന കെട്ടണം (വാർഡ് 3)

6. കാളത്തോടുനിന്ന് പാടുകുളങ്ങര പാടം വഴി റോഡ് കൃഷ്ണാപുരം റോഡുമായി ബന്ധിപ്പിക്കുക. കുറ്റിച്ചിറ റോഡിൽനിന്ന് ആനക്കുളത്തേക്കുള്ള അവന്യൂനഗർ റോഡ് നന്നാക്കണം (വാർഡ് 5)

7. മുളയം റോഡിൻെറ ഇരുഭാഗത്തുമുള്ള കയ്യേറ്റക്കാരെ ഒഴിപ്പിക്കണം (വാർഡ് 8)

8. വി.വി.എസ്. എച്ച്. എസ് ൻെറ പുറകുവശത്തെ റോഡ്, ചിറക്കാക്കോട് റോഡ് എന്നിവയിൽ ഓവുചാലുകൾ നിർമ്മിക്കണം.

പനഞ്ചകം ചിറയുടെ ഭിത്തി ഉയർത്തി കെട്ടണം.

ചിറക്കേക്കോട് റോഡിലെ പാലം പുതുക്കി പണിയണം.

വെട്ടിക്കൽ നിന്ന് ബോസ്കോനഗർ വരെ പുതിയ റോഡുണ്ടാക്കുക.

ടെ ൻസ് ഹാച്ചറി മുതൽ പ്ലാവളപ്പ് കോളനി വരെ പുതിയ റോഡുണ്ടാക്കുക.

മാരിയമ്മൻ കോവിലിന്റെ മുന്നിൽ വടക്കോട്ടിറങ്ങുന്ന റോഡിൽ സ്ലാബ് കെട്ടണം.

മുളയം ബസ് സ്റ്റോപ്പിൽ ഒരു ബസ് ബേ പണിയണം . (വാർഡ് 10)

9. മുക്കാട്ടുകര കോമ്പിൻ കനാൽ പാലത്തിന്റെ ഇരുവശവും കെട്ടി നികത്തണം.

പോസ്റ്റാഫീസിന്റെ ഇരുവശവും കാന കെട്ടണം

ബൈപാസിന്റെ പടിഞ്ഞാറുഭാഗത്ത് (തൃശൂർക്ക് പോകുന്നവയ്ക്ക്) ഒരു ബസ്സ് ഷെൽട്ടർ നിർമ്മിക്കണം.

റോഡുകളുടെ തുടക്കത്തിൽ സൈൻബോർഡുകൾ സ്ഥാപിക്കണം.

റോഡിനോട് ചേർന്നുള്ള ടെലഫോൺ - വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കണം.

10. മണ്ണുത്തി സെന്ററിൽ NH മുതൽ മുക്കാട്ടുകര റോഡുവരെയുള്ള റോഡ് കൈയ്യേറിയ റോഡ് ഒഴിപ്പിച്ചെടുത്ത് കാനകെട്ടി റോഡിന് വീതി കൂട്ടുക.

നെട്ടിശ്ശേരി - വെള്ളാനിക്കര റോഡ് വീതി കൂട്ടി ബസ്സ് അനുവദിക്കണം.

മുക്കാട്ടുകര പള്ള ി പരിസരത്ത് ഓട്ടോ സ്റ്റാൻറ് വേണം.

മുക്കാട്ടുകര -തൃശൂർ റോഡ് വീതികൂട്ടണം. (വാർഡ് 13)

നിലവിലുള്ള റോഡുകളുടെ ഇരവശങ്ങളിലും കാനകൾ കെട്ടി സ്ലാബിടണം. (14)

11. ബൈപാസ് ജംഗ്ഷന്റെ വടക്കു ഭാഗത്തുള്ള പഴയ റോഡിന്റെ വടക്കെ സൈഡ് കാനകെട്ടി സ്ലാബിട്ട് ഡ്രെയിനേജ് സൗകര്യം ഏർപ്പെടുത്തണം.

പൊതുപ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

ഗതാഗതവും വിദ്യാലയങ്ങളും

രാവിലെ 8.30 മുതൽ 9.30 വരെ പഞ്ചായത്തിന്റെ പല ഭാഗത്തുനിന്നും പ്രത്യേകിച്ച് മണ്ണുത്തിയിൽ നിന്നും നൂറുകണക്കിന് വിദ്യാർത്ഥികൾ പഠിക്കുന്നതിന് തൃശൂർ നഗരത്തിലേക്ക് യാത്ര ചെയ്യുന്നുണ്ട്. ഇതുപോലെ മണ്ണുത്തിയിലും പരിസരപ്രദേശങ്ങളിലു മുള്ള വെറ്ററിനറി കോളേജ്, ഹോർട്ടികൾച്ചർ കോളേജ്, സഹകരണ- ബാങ്കിംഗ് കോളേജ്, ഡോൺ ബോസ്കോ സ്കൂൾ, ഡോൺ ബോസ്കോ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, വി.വി.എസ്. ഹൈസ്കൂൾ, കാർഷിക സർവ്വകലാശാല ഹൈസ്കൂൾ, ബെത്ലഹെം ഹൈസ്കൂൾ, വിക്ടറി I.T.C. ഹോളി ഫാമിലി സ്കൂൾ മുതലായ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും വിദ്യാർത്ഥികൾക്ക് സ്വന്തം ബസ്സുകൾ ഉണ്ടെങ്കിലും പൊതുവെ വിദ്യാർത്ഥികൾക്ക് സ്വകാര്യ ബസ്സുകളെ ത്തന്നെ ആശ്രയിക്കണം. വലിയ സ്കൂൾ ബാഗുകളും പേറി സാധാരണ യാത്രക്കാരെ കൊണ്ടുതന്നെ നിറഞ്ഞ കവിഞ്ഞ ബസ്സിൽ വിദ്യാർത്ഥികളുടെ യാത്ര വളരെ ക്ലേശകരമാണ്. ഇതിനു പുറമെ ബസ്സ് കണ്ടക്ടർമാരുടെയും കിളികളുടേയും അവഹേളനവും കളിയാക്കലും മര്യാദയില്ലാത്ത പെരുമാറ്റങ്ങളും സഹിക്കേണ്ടതുണ്ട്. ഈ ക്ലേശം അല്പമെങ്കിലും പരിഹരിക്കുന്നതിന് രാവിലെ 8.30നും 9നും ഇടയിൽ വിദ്യാർത്ഥികൾക്ക് മാത്രമായി (Students Only) രണ്ടോ മൂന്നോ ബസ്സുകൾ മണ്ണുത്തിയിൽ നിന്ന് തൃശ്ശൂർക്കും വൈകിയിട്ട് 3.30നും 4.30 നും ഇടയ്ക്ക് തൃശൂര് നിന്നും മണ്ണുത്തിയിലേക്കും ഓടിച്ചാൽ നന്നായിരിക്കും. ഇതിന് KSRTC യെത്തന്നെ ആശ്രയിക്കേണ്ടിവരും.

മണ്ണുത്തി -തിരുവാത്ര ഹൈവേ

നാഷണൽ ഹൈവേകൾ 47നേയും 17നേയും ബന്ധിപ്പിച്ചുകൊണ്ട് മണ്ണുത്തിയിൽ നിന്നും തിരുവാത്രയ്ക്ക് ഒരു പുതിയ ഹൈവേ നിർമ്മിക്കുന്നതിന് സംസ്ഥാന ഗവൺമെൻറ് ഭരണാനുമതിവരെ നൽകിയിരുന്നു. ഈ പുതിയ പാതനടപ്പിലാവുകയാണെങ്കിൽ തൃശൂർ - മണ്ണുത്തി റൂട്ടിലുള്ള വർദ്ധിച്ചുവരുന്ന ഗതാഗത സാന്ദ്രതക്ക് കുറവുണ്ടാകും. അതുകൊണ്ടു ഈ പുതിയ ഹൈവേയുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് പഞ്ചായത്തിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്.

ബസ്സ് സ്റ്റേഷൻ, ബസ്സ് ബേ

മണ്ണുത്തി ബൈപ്പാസ് ജംഗ്ഷനിലുള്ള N.H. ന്റെ സ്റ്റോർ യാർഡ് ടാർ വീപ്പകൾ വെയ്ക്കുന്നതിന് മാത്രമാണ് ഉപയോഗിച്ചുവരുന്നത്. രണ്ടേക്കറില

ധികം വിസ്തൃതിയുള്ള ഈ സ്ഥലത്ത് ആധുനിക സൗകര്യങ്ങളോടുകൂടി ഒരു ബസ്സ് സ്റ്റേഷൻ നിർമ്മിക്കുകയാണെങ്കിൽ അത് ജനങ്ങൾക്ക് സൌകര്യപ്രദവും പഞ്ചായത്തിന്റെ വികസനത്തിന് ഒരു നാഴികക്കല്ലും ആയിരിക്കും. പാലക്കാട്ടേക്കും കൊച്ചിയിലേക്കും പോകുന്ന ബസ്സുകൾ ബൈപ്പാസ് സ്റ്റേഷനിൽ നിന്ന് യാത്ര ആരംഭിക്കുകയും തിരിച്ചു വരുകയും ആകാവുന്നതാണ്. മണ്ണുത്തി സെൻറിലോ സമീപത്തോ ഇതിന് പറ്റിയ സ്ഥലം കിട്ടുകയെന്നത് വിഷമകരമാണ്. ഇക്കാര്യം ബന്ധപ്പെട്ട ഉന്നതാധികാരികളുമായി ചർച്ച ചെയ്ത് നടപടികൾ സ്വീകരിക്കാവുന്നതാണ്.

തൃശൂർ ഭാഗത്തേക്ക് പോകുന്ന നൂറുകണക്കിന് യാത്രക്കാർക്ക് വെയിലും മഴയുമേറ്റ് ബൈപ്പാസ് ജംഗ്ഷനിൽ കാത്തു നില്ക്കേണ്ടിവരുന്നു. ഈ വിഷമം പരിഹരിക്കുന്നതിന് ജംഗ്ഷന്റെ പടിഞ്ഞാറുഭാഗത്ത് ഒരു ബസ്സ് ബേയും ബസ്സ് ഷെൽട്ടറും നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. ഇക്കാര്യം നാഷണൽ ഹൈവേ വകുപ്പുമായി പഞ്ചായത്ത് ബന്ധപ്പെട്ട് മേൽ നടപടി സ്വീകരിക്കാം.

കേരള കാർഷിക സർവ്വകലാശാലയിലേക്ക് ബസ്സുകൾ

തൃശ്ശൂരിൽ നിന്ന് കിഴക്കൻ പ്രദേശങ്ങളിലേക്കുള്ള നാമമാത്ര ബസ്സുകൾ മാത്രമേ കാർഷികസർവകലാശാല കാമ്പസിൽ പോകുന്നുള്ളൂ. പല ആവശ്യങ്ങൾക്കും ധാരാളം ജനങ്ങൾക്ക് സർവ്വകലാശാല ആസ്ഥാനത്തേക്ക് പോകേണ്ടതുണ്ട്. പീച്ചി, പാലക്കാട് ബസ്സുകളിൽ പോയാൽ NH ൽ ഇറങ്ങി അരകിലോമീറ്റർ നടന്നു വേണം കലാശാല ആസ്ഥാനത്തെത്തുവാൻ. ഈ വിഷമം പരിഹരിക്കുന്നതിന് തൃശൂരിൽ നിന്ന് കിഴക്കോട്ടു തിരിക്കുന്ന ഏതാനും ബസ്സുകൾ കാർഷിക സർവ്വകലാശാല കാമ്പസ്സിലെത്തി തിരിച്ചു പോരുന്ന വിധത്തിൽ ക്രമീകരിക്കപ്പെടേണ്ടതാണ്. കൂടുതലായി മൂന്നോ നാലോ ബസ്സുകൾ ഇടുകയാണെങ്കിലും യാത്രക്കാരുടെ കുറവുണ്ടാവുകയില്ല.

നാഷണൽ ഹൈവേയിലെ ഡ്രെയിനേജ്

നാഷണൽഹൈവേ ബൈപാസ് ജംഗ്ഷന്റെ വടക്കുഭാഗത്തെ പഴയ റോഡ് നശിച്ചുകൊണ്ടിരിക്കുകയാണ്. 1987 ൽ ബൈപാസ് തുറന്നപ്പോൾ പഴയ റോഡിന്റെ തെക്കുവശത്ത് അവന്യൂ വൃക്ഷങ്ങൾ നട്ടിരുന്നുവെങ്കിലും ശരിയായ പരിപാലനം ഇല്ലാത്തതിനാലും ലോറികൾ പാർക്കു ചെയ്യുന്നവരുടെ അശ്രദ്ധ കൊണ്ടും ഇപ്പോൾ കുഴികൾ മാത്രമാണ് ശേഷിച്ചിട്ടുള്ളത്. പഴയ റോഡിന്റെ വടക്കു വശത്തുണ്ടായിരുന്ന കാന തൂർന്നു പോയതുകൊണ്ട് റോഡ് പൊളിഞ്ഞു പോവുകയും മഴക്കാലത്ത് സമീപ പ്രദേശങ്ങളിൽവെള്ളം കെട്ടിക്കിടക്കുകയും ചെയ്യുന്നു. അതുകൊണ്ട് ഈ റോഡിന്റെ വടക്കെ അതിരിൽ കാന കെട്ടി സ്ലാബുകൾഇട്ടും, (പാൽ സൊസൈറ്റിയുടെ മുൻവശം മുതൽ ഡോൺബോസ്കോ ഇൻസ്റ്റിറ്റ്യൂട്ട് വരെ) ഡ്രെയിനേജ് സൗകര്യം ഉണ്ടാക്കണം. ഇപ്രകാരം ചെയ്താൽ കിഴക്കൻ പ്രദേശങ്ങളിൽ നിന്ന് വരുന്ന വെള്ളം സുഗമമായി ഒഴുകിപ്പോകും.

ബണ്ട് റോഡുകൾ

പീച്ചി അണക്കെട്ടിൽ തീർത്ത നെട്ടിശ്ശേരി കനാൽ പഞ്ചായത്തിൽ കൂടിയാണ് കടന്നുപോകുന്നത്. കനാലിന്റെ ബണ്ടുകൾവളരെ കാലമായി ജനങ്ങൾ റോഡുകളായി ഉപയോഗിക്കുന്നുണ്ട്. ഇത്തരം ബണ്ടുറോഡുകൾ, ഇറിഗേഷൻ ഡിപ്പാർട്ടുമെൻറുമായി ആലോചിച്ച്, മെറ്റലിട്ട് നന്നാക്കിയാൽ ജനങ്ങൾക്ക് ഉപകാരപ്രദമായിരിക്കും.

2.ഊർജ്ജം

ഊർജ്ജസ്രോതസ്സുകളിൽ പ്രമുഖസ്ഥാനം വൈദ്യുതിയ്ക്കാണ് എങ്കിലും സമഗ്രഊർജ്ജാസൂത്രണം ലക്ഷ്യമിടുമ്പോൾ, പെട്രോൾ, ഡീസൽ, മണ്ണെണ്ണ, പാചകവാതകം, കൽക്കരി, വിറക് തുടങ്ങിയ ഇന്ധനങ്ങളുടെ ഉൽപാദനവും വിനിയോഗവും തുല്യപ്രാധാന്യത്തോടെ പരിഗണക്കേണ്ടതുണ്ട്. ഊർജ്ജസ്രോതസ്സുകളുടെ കാര്യക്ഷമമായ വിനിയോഗത്തിന് മെച്ചപ്പെട്ട സംവിധാനങ്ങൾ വികസിപ്പിച്ചെടുക്കുന്നുണ്ടെങ്കിലും ഇവ സംബന്ധിച്ച അറിവ് ജനസാമാന്യങ്ങളിൽ വേണ്ടത്ര എത്തുന്നില്ല. ദക്ഷത കൂടിയ അടുപ്പ്, ഇന്ധനക്ഷമതയുള്ള സ്റ്റൗ, ഫ്ലൂറസൻറ് വിളക്കുകൾ, എന്നിവയുടെ വിതരണം അനർട് പോലുള്ള സ്ഥാപനങ്ങളുടെ സഹകരണത്തോടെ പഞ്ചായത്ത് അടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് ഏറെ പ്രസക്തി ഉണ്ട്.

1. വൈദ്യുതി

ഒല്ലൂക്കര പഞ്ചായത്തിലെ വൈദ്യുതി വിതരണം മാടക്കത്ര 400 കെ.വി. സബ്സ്റ്റേഷനിൽ നിന്നാണ്. നിലവിലുള്ള വിതരണ ശൃംഖലക്ക് ഒട്ടേറെ പരിമിതികൾ ഉണ്ട്. വോൾട്ടതയിൽ വരുന്ന കുറവാണ് മുഖ്യ പ്രശ്നം. കേന്ദ്രഗ്രിഡിനു പുറമെ ഇടുക്കിയിൽ നിന്നു ലഭിക്കുന്ന വൈദ്യുതിയും മാടക്കത്തറ സബ്സ്റ്റേഷൻ കേന്ദ്രീകരിച്ചുള്ള വിതരണത്തിനും വേണ്ടി പുനക്രമീകരിച്ചാൽ ഒട്ടേറെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാദ്ധ്യമാകുമെന്ന അഭിപ്രായമുണ്ട്.

പഞ്ചായത്തിലെ വൈദ്യുതിവിതരണ ചുമതല വൈദ്യുതി ബോർഡിന്റെ മൂന്ന് സെക്ഷനുകളാണ് ഇപ്പോൾ നിർവഹിക്കുന്നത്. വിതരണത്തിന്റെ 86 ശതമാനവും നിയന്ത്രിക്കുന്നത് മണ്ണുത്തിയിലുള്ള ഇലക്ട്രിക്കൽ മേജർ സെക്ഷൻ ആണ്.

നടത്തറ മേജർ സെക്ഷന് 12.2 ശതമാനവും, പട്ടിക്കാട് സെക്ഷന് 1.8 ശതമാനവുമാണ് വിതരണ ചുമതല. പഞ്ചായത്തിൽ അനുവദിച്ചിട്ടുള്ള 9211 കണക്ഷനുകളിൽ 76 ശതമാന ഗാർഹിക ആവശ്യങ്ങൾക്കാണ്. ഇവയുടെ വിശദാംശങ്ങൾ പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.

1995-96ലെ സ്ഥിതിവിവരക്കണക്കനുസരിച്ച് പഞ്ചായത്തിലെ മൊത്തം 10476 വീടുകളിൽ 7011 എണ്ണം (67 ശതമാനം) വൈദ്യുതീകരിച്ചവയാണ്. 17.57 ചതുരശ്ര കി.മീറ്റർ വിസ്തൃതിയുള്ള പഞ്ചായത്തിൽ 120 കി.മീറ്റർ നീളത്തിൽ വൈദ്യുതി ലൈനുകൾ ഉണ്ട്. ഇത് വിസ്തൃതിയുടെ 90 ശതമാനം പ്രദേശത്തുമാത്രമെ വിതരണത്തിനു പര്യാപ്തമാകുന്നുള്ളൂ.

വഴിവിളക്കുകൾ

പഞ്ചായത്തിൽ 1411 വഴിവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ 32 എണ്ണം സോഡിയം വേപ്പർ വിളക്കുകളാണ്.

ഈ ഇനത്തിൽ പഞ്ചായത്ത് പ്രതിവർഷം 2,55,684 രൂപ 9 5-96ൽ) വൈദ്യുതിബോർഡിന് കൊടുക്കുന്നു. ഇത് പഞ്ചായത്തിന്റെ വാർഷികവരുമാനത്തിന്റെ 6.45% മാണ്.

വൈദ്യുതിവിതരണം സുഗമമാക്കുന്നതിന് 48 ട്രാൻസ്ഫോർമറുകൾ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്. അവ സ്ഥാപിച്ചിട്ടുള്ള സ്ഥലവും അവയിൽ നിന്ന് കൊടുത്തിട്ടുള്ള കണക്ഷനുകളും, പട്ടിക 2ൽ കൊടുത്തിരിക്കുന്നു.

പട്ടികജാതി - പട്ടിക വർഗ്ഗ കോളനികൾ

ഏഴു പട്ടികജാതികോളനികൾ ആണ് വൈദ്യുതീകരിച്ചിട്ടുള്ളത്. കോളനികളിൽ മൊത്തം 153 കണക്ഷൻ നൽകിയിട്ടുണ്ട്. വിശദവിവരം പട്ടിക 3ൽ കൊടുത്തിരിക്കുന്നു.

കണക്ഷൻ ലഭിക്കാൻ ഇനിയും ബാക്കിയുള്ള വിവിധ തരത്തിൽപ്പെട്ട അപേക്ഷകളുടെ എണ്ണം 613 ആണ്. 1991 സെപ്തംബർ 30 മുതൽ ജനറൽ കാറ്റഗറിയിൽ അപേക്ഷിച്ചവരും 6.6.95 മുതൽ O.Y.C. വിഭാഗത്തിൽ അപേക്ഷ നൽകിയവർക്കും കണക്ഷൻ ലഭിച്ചിട്ടില്ല. കാർഷിക കണക്ഷനുകളുടെ (മോട്ടോർ) എണ്ണം 955 ആണ്. ഇത് മൊത്തം കണക്ഷന്റെ 10% വരും. കഴിഞ്ഞ 8ാം പദ്ധതി കാലത്ത് പഞ്ചായത്തിൽ ആകെ 12 കി.മീറ്റർ. ലൈനുകൾ വലിച്ചിട്ടുണ്ട്. ഇതിൽ തന്നെ 4.2 മീറ്റർ നീളം ലൈയിൻ വലിച്ചത് 95-96 കാലത്താണ്.

2. മറ്റു ഊർജ്ജ സ്രോതസ്സുകൾ

വിറക്

വീട്ടാവശ്യങ്ങൾക്കും വ്യാവസായിക ആവശ്യ

പട്ടിക 1

സെക്ഷന്റെ പേര്	ഗാർഹികം	വ്യാപാരം	വ്യവസായം	കാർഷികം	ആകെ
1. എലക്ട്രിക്കൽ മേജർ സെക്ഷൻ മണ്ണുത്തി	5984	1018	154	762	7918
2. നടത്തറ	989	54	14	67	1124
3. എലക്ട്രിക്കൽ സെക്ഷൻ, പട്ടിക്കാട്	38	2	3	126	169
ആകെ	7011	1074	171	955	9211
ആകെ കണക്ഷനുകളുടെ എണ്ണം 9211					

ങ്ങൾക്കും സാധാരണ വിറക് ഉപയോഗിക്കുന്നു. ഏറ്റവും ചെലവ് കൂടിയ ഇന്ധനമാണ് വിറക്. പാഴ്‌വിറകിന് ഒരു ക്ലോഗ്രാമിന് 1.25 രൂപയും നല്ല വിറകിന് 1.50 രൂപയാണ് വിലനിലവാരം ശരാശരി വീടുകളിൽ വിറക് ഉപയോഗിക്കുന്നതിന്റെ 60% ഊർജ്ജം പാഴായി പോകുന്നുണ്ട്. ഇതിന് പരിഹാരമായി ദക്ഷത കൂടിയ പുകയില്ലാത്ത അടുപ്പുകളും, കാസ്റ്റ് അയൺ അടുപ്പുകളും ഉപയോഗിക്കുന്നതിന്

പട്ടിക 2

ഒല്ലൂക്കര ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകളുടെ വിവരം

ക്രമനമ്പർ	ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുള്ള സ്ഥലം	കൊടുത്തിട്ടുള്ള കണക്ഷനുകളുടെ എണ്ണം
1	കിഴക്കുംപാട്ടുകര	15
2.	പുത്തൻ വെട്ടുവഴി	73
3.	നല്ലങ്കര	307
4.	മാർതിമോത്തിയോസ്, നല്ലങ്കര	25
5.	സി.പി.എ.ഓട്ടുകമ്പനി	267
6.	ബത്‌ലഹേം	153
7.	മുക്കാട്ടുകര	350
8.	മരക്കമ്പനി, സെൻറ് മേരീസ്	200
9.	നെട്ടിശ്ശേരി	193
10.	ചന്തുവാരം	360
11.	മണ്ണുത്തി	630
12.	എ.വി.എസ്.	90
13.	ന്യൂട്രീഷൻ	320
14.	വെറ്ററിനറി കോളേജ് ഗ്രൗണ്ട്	25
15.	വെറ്ററിനറി കോളേജ് ഡയറി	100
16.	വെറ്ററിനറി കോളേജ് വെച്ചൂർ	125
17.	വെറ്ററിനറി കോളേജ് വാട്ടർ വർക്സ്	146
18.	പട്ടാളക്കുന്ന്	260
19.	ഇന്ദിരാ നഗർ	270
20.	ടി.വി.എസ്സ്	2
21.	തിരുവാണിക്കാവ്	345
22.	സൌത്ത് ഇന്ത്യൻ	15
23.	മെർലിൻ ഗാർഡൻ	25
24.	കുന്നത്തുംകര	350
25.	ഹിന്ദുസ്ഥാൻ	270
26.	കൊച്ചിൻ ഫാസനേഴ്സ്	270
27.	ഓട്ടീസ്	300
28.	ഹിന്ദുസ്ഥാൻ	102
29.	കല്യാണമണ്ഡപം	246

ക്രമനമ്പർ	ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുള്ള സ്ഥലം	കൊടുത്തിട്ടുള്ള കണക്ഷനുകളുടെ എണ്ണം
30.	കുറ്റിച്ചിറ	142
31.	ഒല്ലൂക്കര	225
32.	ബ്ലോക്ക്	185
33.	ശ്രേയസ് നഗർ	45
34.	ഫാം ഗേറ്റ്	110
35.	പറക്കോട്	100
36.	എവറസ്റ്റ്	133
37.	വെട്ടിക്കൽ	180
38.	പ്രീമിയർ	25
39.	ഐ.ഇ.സി.	45
40.	സെവൻസീസ് (H.T.)	2
41.	മുളയം	200
42.	പോപ്പ് നഗർ	167
43.	ഡി.ഡി.പടി	400
44.	കാളത്തോട്	140
45.	കാച്ചേരി	200
46.	പ്രിയദർശിനി നെല്ലിക്കുന്ന് 1	450
47.	പ്രിയദർശിനി നം.2	474
48.	പട്ടിക്കാട്	169
	ആകെ	9211

ബോധവൽക്കരണം നടത്തേണ്ടതുണ്ട്. ഇത് കൂടാതെ വീടുകളിലും പുറമ്പോക്കുകളിലും വിറകിന് പറ്റിയ മരങ്ങൾ വെച്ച് പിടിപ്പിക്കുകയും, അതിനായി പഞ്ചായത്ത് തലത്തിൽ ഗ്രാന്റ് നൽകുന്നതിനെ കുറിച്ചും ആലോചിക്കാവുന്നതാണ്.

പട്ടിക 3

വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ

ക്രമ നമ്പർ	കോളനിയുടെ പേര്	കണക്ഷൻ ലഭിച്ച കുടുംബങ്ങളുടെ എണ്ണം	സൗജന്യസ്സാബിൽ വൈദ്യുതി ഉപയോഗിക്കാത്തവരുടെ എണ്ണം	പണം നൽകി വൈദ്യുതി ലഭിക്കാത്തവരുടെ എണ്ണം
1.	നല്ലങ്കര ഹരിജൻ കോളനി	35	10	3
2.	നെട്ടിശ്ശേരി ഹരിജൻ കോളനി	24	5	5
3.	മുക്കാട്ടുകര ഹരിജൻ കോളനി	20	5	6
4.	പനഞ്ചകം	14	4	8
5.	പ്ലാവളപ്പ് ഹരിജൻ കോളനി	20	3	5
6.	പട്ടാളക്കുന്ന് ഹരിജൻ കോളനി	20	3	6
7.	IHDP മുല്ലക്കര ജാറം കോളനി	20	3	24
	ആകെ	153		

മണ്ണെണ്ണ

മണ്ണെണ്ണ ഗാർഹിക ആവശ്യങ്ങൾക്കും വ്യാവസായിക ആവശ്യങ്ങൾക്കും ഉപയോഗിച്ച് വരുന്നു. പഞ്ചായത്തിൽ 12 പൊതുവിതരണ കേന്ദ്രങ്ങളിലൂടെ 39,700 ലിറ്ററും 5 സ്വകാര്യ ഏജൻസികൾ വഴി 5,300 ലിറ്ററും അടക്കം പ്രതിമാസം ശരാശരി 55,000 ലിറ്റർ മണ്ണെണ്ണ വിതരണം ചെയ്യുന്നു. പൊതുവിതരണ കേന്ദ്രത്തിൽ ലിറ്ററിന് 2.80 രൂപയും സ്വകാര്യ ഏജൻസികൾ ലിറ്ററൊന്നിന് 12.50 രൂപ വരെയും ഈടാക്കുന്നു. മണ്ണെണ്ണയുടെ ഉപഭോഗം കുറയ്ക്കുന്നതിന് ഇന്ധനക്ഷമത കൂടി സ്റ്റൗ, പ്രഷർ കുക്കർ എന്നിവ സൗജന്യ നിരക്കിൽ അനർട്ട് വഴി വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ പഞ്ചായത്ത് തലത്തിൽ എടുക്കേണ്ടതാണ്.

പാചകവാതകം

14.2 കിലോ വരുന്ന ഒരു കുറ്റി ഗ്യാസിന് പൊതുവിതരണ ഏജൻസിയിൽ 129 രൂപയും സ്വകാര്യ ഏജൻസി 175 രൂപയും ഈടാക്കുന്നു. ഉപഭോക്താക്കളുടെ വർദ്ധനക്കനുസരിച്ച് പാചകവാതകത്തിന്റെ ഉൽപാദനം വർദ്ധിക്കാത്തതിനാൽ പുതിയ സിലിണ്ടർ കിട്ടുന്നതിന് 30-40 ദിവസം വരെ കാത്തിരിക്കേണ്ടി വരുന്നു. പഞ്ചായത്തിൽ പ്രധാനമായും ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, ഭാരത് പെട്രോളിയം, ഹിന്ദുസ്ഥാൻ പെട്രോളിയം എന്നിവയും ചില സ്വകാര്യ ഏജൻസികളുമാണ് പാചകവാതകം വിതരണംനടത്തുന്നത്.

പെട്രോൾ, ഡീസൽ

പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന 3 പെട്രോൾ പമ്പുകളിലുമായി ഒരു മാസത്തിൽ ശരാശരി 84,000 ലിറ്റർ പെട്രോളും, 9 ലക്ഷം ലിറ്റർ ഡീസലും വിറ്റുവരുന്നു. എന്നാൽ ഇവിടെ വിൽക്കുന്ന പെട്രോളിന്റെ 75% വും ഡീസലിന്റെ 10% വും മാത്രമാണ് പഞ്ചായത്ത് പരിധിയിലുള്ള വാഹനങ്ങൾക്കു വേണ്ടി ഉപയോഗിക്കുന്നത്. പെട്രോളിന്റെ ക്രമാതീതമായ വില വർദ്ധനവ് മൂലം ഡീസലിന്റെ ഉപയോഗം വർദ്ധിച്ചിട്ടുണ്ട്.

ബയോഗ്യാസ്

ചാണകമോ, മറ്റു ജൈവവസ്തുക്കളോ ഉപയോഗിച്ച് ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുകയാണെങ്കിൽ പാചകത്തിനും വിളക്ക് കത്തിക്കുന്നതിനും ഇതിൽ നിന്നും ലഭിക്കുന്ന വാതകം ഉപയോഗിക്കാവുന്നതാണ്. കൃഷിഭവൻ വഴിയും ഖാദി ബോർഡ് വഴിയും ബയോഗ്യാസ് പ്ലാൻറുകൾ സബ്സിഡിയോടുകൂടി സ്ഥാപിച്ച് കൊടുക്കുന്നുണ്ട്. വേണ്ടത്ര ബോധവൽക്കരണം നടത്തി ഇത്തരം പ്ലാൻറുകൾ സ്ഥാപിക്കാൻകഴിയുന്നിടത്ത് ഒക്കെയും സ്ഥാപിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ശ്രമിക്കുന്നത് നന്നായിരിക്കും. വെറ്ററിനറി കോളേജ് കാലിവളർത്തൽ ഫാമിൽ രണ്ട് ബയോഗ്യാസ് പ്ലാൻറുകൾ കുറെക്കാലം പ്രവർത്തിച്ചിരുന്നു.

ഊർജ്ജസംരക്ഷണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനുവേണ്ടി പഞ്ചായത്ത് മുഖേന ജനങ്ങളിൽ ബോധവൽക്കരണ പരിപാടികൾനടപ്പിലാക്കേണ്ടതുണ്ട്. അനർട്ട് ഓഫീസുകൾ , ഐ.ആർ.ഡി.പി. ഓഫീസുകൾ, സന്നദ്ധ സംഘടനകൾ, കേരള ശാസ്ത്ര സാഹിത്യപരിഷത്ത് എന്നിവ മുഖേന സബ്സിഡിയോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ താഴെ കൊടുത്തിരിക്കുന്നു.

1. ***പുകയില്ലാത്ത അടുപ്പുകൾ*** (വിറകടുപ്പ്)

2. ***അടുപ്പ് നിർമ്മാണ പരിശീലനം*** (സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതി)

3. ***സോളാർ കുക്കർ*** (സൂര്യപ്രകാശം ഉപയോഗിച്ച് ആഹാരം പാകം ചെയ്യുന്നതിന് ഇന്ധനചെലവ് ഇല്ല. പാചകത്തിന്റെ ഗുണധർമ്മം വർദ്ധിപ്പിക്കുന്നു.

4. ***സോളാർ ഡ്രയർ:*** വൃത്തിയായും വേഗത്തിലും കാർഷികോല്പന്നങ്ങൾ ഉണ്ടാക്കിയെടുക്കുവാനുള്ള സംവിധാനമാണിത്. നേരിട്ട് വെയിലു തട്ടാത്തതിനാൽ ഉണക്കുന്ന സാധനങ്ങളുടെ നിറം മാറാതെയിരിക്കുകയും ചെയ്യും. കൊപ്ര, ധാന്യങ്ങൾ, മത്സ്യം , കുരുമുളക്, ഏലം തുടങ്ങിയവ ഉണ്ടാക്കുവാൻ ഉത്തമം. ഇന്ധനചെലവ് ഇല്ല.

5. ***സൂര്യ റാന്തൽ:*** സൂര്യപ്രകാശത്തെ വൈദ്യുതിയാക്കി ബാറ്ററികളിൽ ശേഖരിച്ച് ആവശ്യമുള്ളപ്പോൾ വിളക്കു തെളിയിക്കുന്ന സൂര്യവിളക്കുകൾ. കയ്യിൽ കൊണ്ടുനടക്കാവുന്ന റാന്തലുകളുടെ രൂപത്തിലാണിവ നിർമ്മിച്ചിട്ടുള്ളത്.

6. ***സൂര്യവിളക്ക്:*** സൗരതെരുവുവിളക്കുകൾ, സോളാർ പാനലുകളുപയോഗിച്ച് സൂര്യ പ്രകാശത്തിൽ നിന്നും വൈദ്യുതി ഉണ്ടാക്കി ബാറ്ററികളിൽ സംഭരിച്ച് രാത്രിയിൽ വിളക്ക് പ്രകാശിപ്പിക്കുന്ന സംവിധാനമാണിത്. കമ്പി വഴി വൈദ്യുതി എത്തിക്കാൻ ബുദ്ധിമുട്ടുള്ള ഒറ്റപ്പെട്ട സ്ഥലങ്ങളിൽ വഴിവിളക്കുകൾക്കും, വീട്ടു വിളക്കുകൾക്കും ഇത് ഉത്തമമാണ്.

7. ***ഗാർഹിക സൂര്യവിളക്ക്*** :- വെളിച്ചത്തിനായി സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി ലാഭിക്കൽ

8. ***സൗരവിളക്ക്:*** വൈദ്യുതി എത്താത്ത സ്ഥലങ്ങളി

ലുള്ള വീടുകൾക്ക് വൈദ്യുതി നൽകുന്നു. 10 മുതൽ 100 വീടുകൾ വരെയുള്ള ഗ്രൂപ്പുകളാണ് തെരഞ്ഞെടുക്കുക. പ്രകാശത്തിനുമാത്രമാണ് ഈ പദ്ധതി പ്രകാരം വൈദ്യുതി നൽകുക.

9. സോളാർ വാട്ടർ ഹീറ്റർ:- വെയിലിന്റെ ചൂടുപയോഗിച്ച് വെള്ളം പിറ്റെ ദിവസവും ചൂടായിത്തന്നെ സൂക്ഷിക്കാൻ ഉതകുന്ന രീതിയിലാണ് ഇതിന്റെ ടാങ്ക് നിർമ്മിച്ചിട്ടുള്ളത്.

10. സൗരപമ്പ് സെറ്റ്:- സൗരോർജ്ജം ഉപയോഗിച്ച് കുടിവെള്ളത്തിനും, ജലസേചനത്തിനും വെള്ളം പമ്പ് ചെയ്യുക. ഇന്ധനചെലവ് ഇല്ലാതാക്കുക.

11. പ്രഷർകുക്കറും, മണ്ണെണ്ണ സ്റ്റൗവും :- പാചകത്തിനായി ഉപയോഗിക്കുന്നു. ഇന്ധനം ലാഭിക്കാൻ.

3. പൊതുപ്രശ്നങ്ങൾ

- ക്ലേശകരമായ വോൾട്ടേജ് വ്യതിയാനം
- പല വഴികളിലും സ്ട്രീറ്റ് ലൈറ്റുകൾ എത്തിയിട്ടില്ല.
- ട്രാൻസ്ഫോർമറുകൾ കണക്ഷനുകളുടെ എണ്ണം അനുസരിച്ച് ക്രമീകരിച്ചിട്ടില്ല.
- ലൈനുകളിൽ കാലാകാലങ്ങളിൽ അറ്റകുറ്റപണി നടത്തുന്നില്ല.
- വഴികളിൽ തടസ്സമായി നിൽക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിച്ചിട്ടില്ല.
- കണക്ഷന് പണം അടച്ച് കാത്തിരിക്കുന്നവർക്ക് കണക്ഷൻ ലഭിക്കുന്നില്ല.
- കണക്ഷൻ കൊടുക്കുന്നതിന് ആവശ്യമായ പോസ്റ്റും, കമ്പിയും സ്റ്റോക്കില്ല.
- കേടുള്ള മീറ്ററുകൾ യഥാസമയത്ത് മാറ്റുന്നില്ല.
- വൈദ്യുതീകരിക്കാത്ത പട്ടിക ജാതിക്കാരുടെ വീടുകളുണ്ട്.
- പരിശീലനം ലഭിച്ച സാങ്കേതിക ജീവനക്കാരുടെ കുറവ് നികത്തുന്നില്ല.
- സോളാർ എനർജി വേണ്ടത്ര ഉപയോഗിക്കുന്നില്ല.
- ദക്ഷത കൂടിയ അടുപ്പ്, ഇന്ധനക്ഷമത കൂടിയ സ്റ്റൗ, എന്നിവയെപ്പറ്റിയുള്ള ബോധവൽക്കരണത്തിന്റെ കുറവ്. മണ്ണെണ്ണ, വിറക്, പാചക വാതകം, എന്നിവ മിതമായ വിലയ്ക്ക് വേണ്ടത്ര ലഭിക്കുന്നില്ല.
- ഉപഭോക്താക്കളുടെ അശ്രദ്ധമായ ഉപയോഗം മൂലം ഊർജ്ജസ്രോതസ്സുകൾക്ക് നേരിടുന്ന നഷ്ടം വലുതാണ്.
- ജാറം ഹരിജൻ കോളനി വഴിയുള്ള തോട്ടപ്പടി - നടത്തറ 11 കെ.വി. ലൈൻ പൊട്ടിവീഴുന്നതു കോളനി നിവാസികളുടെ ജീവനു ഭീഷണിയായിട്ടുണ്ട്.

4. നിർദ്ദേശങ്ങൾ

- തെരുവുവിളക്കുകൾ ഇല്ലാത്ത പഞ്ചായത്തിന്റെ എല്ലാ റോഡുകളിലും അവ സ്ഥാപിക്കുക. ഫ്യൂസാവുന്ന വിളക്കുകൾ യഥാസമയം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. തെരുവുവിളക്കുകൾ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ആക്കുക.
- ട്രാൻസ്ഫോർമറുകൾ കണക്ഷനുകളുടെ എണ്ണം അനുസരിച്ച് ക്രമീകരിക്കുക. ആവശ്യമായ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
- വൈദ്യുതി ലൈയിനുകളുടെ അറ്റകുറ്റപണികൾ നടത്തുക. ലൈനിൽ മുട്ടിനിൽക്കുന്ന കൊമ്പുകളും മറ്റും കാലാകാലങ്ങളിൽ വെട്ടി മാറ്റുക.
- പുതിയ കണക്ഷനുകൾ വലിക്കുന്നതിനും കേടായ പോസ്റ്റുകൾ മാറ്റുന്നതിനും വേണ്ടത്ര പോസ്റ്റും, കമ്പിയും സ്റ്റോക്ക് ചെയ്യുക.
- വൈദ്യുത ലൈയിനുകളിൽ നിന്നും ത്രീ ഫേയ്സ് ലൈയിനുകളിൽ കണക്ഷനുകളുടെ തുല്യത പാലിച്ചാൽ വോൾട്ടേജ് ക്ഷാമം ഒരു പരിധി വരെ പരിഹരിക്കാം. സിംഗിൾ ഫെയ്സ് ലെയിനുകൾ ത്രീ ഫേയ്സുകൾ ആക്കുക.
- കേടാകുന്ന മീറ്ററുകൾ യഥാസമയം മാറ്റിവയ്ക്കുമെന്നും അവ പ്രവർത്തനക്ഷമമെന്നും ഉറപ്പു വരുത്തണം. മീറ്റർ കേടാക്കുന്ന ഉപഭോക്താക്കളിൽ നിന്നും പിഴ ഈടാക്കാവുന്നതാണ്.
- ആർഭാടങ്ങൾക്കായി കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്താക്കളിൽ നിന്നും പ്രത്യേക സെസ്സ് ഈടാക്കാവുന്നതാണ്.
- ജനവാസം ഇല്ലാത്ത പാടങ്ങളിൽ കൂടി പോകുന്ന വൈദ്യുതി ലൈയിനുകൾ റോഡ് മാർഗ്ഗം മാറ്റി സ്ഥാപിക്കുകയാണെങ്കിൽ ലാഭകരമായിരിക്കും. തെരുവു വിളക്കുകൾ അവയിൽ സ്ഥാപിക്കാനും കഴിയും. മാറ്റി സ്ഥാപിക്കാനുളവ ചിലവ് പഞ്ചായത്ത് വഹിക്കേണ്ടിവരും.
- മാടക്കത്തറ 400 കെ.വി. സബ്സ്റ്റേഷനിൽ

നിന്നും ഒല്ലൂക്കര പഞ്ചായത്തിൽ വിതരണത്തിലുള്ള ലൈയിനിൽ കൂടി സമീപ പഞ്ചായത്തുകളിലേക്കും വൈദ്യുതി കൊടുക്കുന്നതുകൊണ്ട് ഒല്ലൂക്കര പഞ്ചായത്തിൽ വോൾട്ടേജ് കുറഞ്ഞു പോകുന്നു.ഈ പ്രശ്നം പരിഹരിക്കുന്നതിന് സമീപ പഞ്ചായത്തുകളിലേക്ക് മാടക്കത്തറയിൽ നിന്നും പ്രത്യേക ലൈയിനുകൾ സ്ഥാപിച്ചാൽ നന്നായിരിക്കും.

- പാഥമികചിലവ് കൂടുതലാണെങ്കിലും സോളർ എനർജിയുടെ ബോധവൽക്കരണം നടത്തേണ്ടതാണ്.
- ദക്ഷത കൂടിയ അടുപ്പ്, ഇന്ധനക്ഷമത കൂടിയ സ്റ്റൗ പ്രഷർകുക്കർ തുടങ്ങിയവ അനർട്ട് പോലുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തു മുഖേന ബോധവൽക്കരണം നടത്തുന്നതിലും പ്രഷർകുക്കർ ദരിദ്രജനവിഭാഗങ്ങൾക്ക് സൗജന്യമായി നൽകുകയും ചെയ്യണം.
- പുറമ്പോക്ക് സ്ഥലങ്ങളിലും വഴിയോരങ്ങളിലും വിറകിന് ഉപയോഗിക്കാവുന്ന മരങ്ങൾ വെച്ച് പിടിപ്പിക്കുന്നതിന് സാമൂഹ്യ വനവൽക്കരണപരിപാടിക്ക് പഞ്ചായത്തു തല പദ്ധതി തയ്യാറാക്കണം.
- കോംപാക്റ്റ് ഫ്ളൂറസൻറ് ലാംമ്പുകൾ സൗജന്യ നിരക്കിൽ വിതരണം ചെയ്യുകയാണെങ്കിൽ ഒരളവ് വരെ വൈദ്യുതി ലാഭിക്കാം.
- ജാറം ഹരിജൻ കോളനി നിവാസികളുടെ ജീവനു ഭീഷണി ഉയർത്തി നിൽക്കുന്ന തോട്ടപ്പടി - നടത്തറ 11 കെ.വി. ലൈൻ മാറ്റി സ്ഥാപിക്കുകയോ, പുതുക്കിപ്പണിയുകയോ ചെയ്യുന്നതിനുള്ള നടപടി വൈദ്യുതി ബോർഡുമായി ബന്ധപ്പെട്ടു സ്വീകരിക്കണം.

സംഗ്രഹം

1. ഒല്ലൂക്കര പഞ്ചായത്തിലേക്ക് ആവശ്യമായ വൈദ്യുതി മാടക്കത്തറ 400 കെ.വി. സബ്സ്റ്റേഷനിൽ നിന്നും ലഭിക്കുന്നു. ഇതു കാരണം വോൾട്ടേജ് കാര്യത്തിൽ ഒരു അനുഗ്രഹം തന്നെയാണ്. വൈദ്യുതി ലഭ്യതയും, വിതരണവും തൃപ്തികരമാണ് എന്നിരിക്കലും, വൈകുന്നേരം 6 മുതൽ 10 മണി വരെ ചില ഭാഗങ്ങളിൽ വോൾട്ടേജ് കുറവ് അനുഭവപ്പെടുന്നുണ്ട്.
2. പഞ്ചായത്തിലെ വൈദ്യുതി വിതരണം നിയന്ത്രിക്കുന്നത്, മണ്ണുത്തി വൈദ്യുതി മേജർ സെക്ഷൻ (86%) നടത്തറ മേജർ സെക്ഷൻ (12.2%), പട്ടിക്കാട് സെക്ഷൻ (1.8%) എന്നിവയാണ്. ആകെയുള്ള 9211 കണക്ഷനുകളിൽ 76 ശതമാനം ഗാർഹികമാണ്. പഞ്ചായത്തിന്റെ 90% വൈദ്യുതി എത്തിയിട്ടുണ്ട്. 120 കി.മീ. ദൈർഘ്യത്തിൽ വൈദ്യുതി ലൈൻ വലിച്ചിട്ടുണ്ട്.
3. വൈദ്യുതി വിതരണത്തിന് 48 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്.
4. മൊത്തം 1411 വഴിവിളക്കുകൾ ഉള്ളതിൽ 32 എണ്ണം സോഡിയം വാതക വിളക്കുകളാണ്. പഞ്ചായത്തിന്റെ വാർഷിക വരുമാനത്തിന്റെ 6.45 ശതമാനം വൈദ്യുതിക്കായി ചിലവഴിക്കുന്നു. 9
5. ഏഴ് പട്ടികജാതി പട്ടിക വർഗ്ഗ കോളനികളിലായി 153 ഗൃഹങ്ങൾക്ക് വൈദ്യുതി നൽകിയിട്ടുണ്ട്.
6. പുതിയ വൈദ്യുതി കണക്ഷനുകൾക്ക് 613 അപേക്ഷകർ ഉണ്ട്. കാർഷികമേഖലയിൽ മൊത്തം 955 കണക്ഷനുകൾ ഉണ്ട്.
7. എട്ടാം പദ്ധതിക്കാലത്ത് ആകെ 12 കി.മീ. നീളത്തിൽ ലൈനുകൾ വലിച്ചിട്ടുണ്ട്. 1995-96ൽ സ്ഥാപിച്ച ലൈനുകളുടെ നീളം 4.2 കി.മീ. ആണ്.
8. പ്രശ്നങ്ങളായി വോൾട്ടേജ് ക്ഷാമം തെരുവുവിളക്കുകളുടെ അഭാവം, ട്രാൻസ്ഫോർമറുകളുടെ കുറവ്, ലൈനുകളുടെ അറ്റകുറ്റപണികൾ, പുതിയ കണക്ഷനുകൾ കിട്ടുന്നതിനുള്ള കാലതാമസം, പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വെളിച്ചം നൽകാതിരിക്കൽ, പോസ്റ്റുകൾ, കമ്പി എന്നിവയുടെ ലഭ്യതക്കുറവ്, കേടുപറ്റിയ മീറ്ററുകൾ, വിദ്യുച്ഛക്തി ജീവനക്കാരുടെ കുറവ്, മറ്റ് ഊർജ്ജസ്രോതസ്സുകൾ മിതമായ വിലയ്ക്ക് ലഭ്യമാകാതിരിക്കുക എന്നിവ ചൂണ്ടിക്കാണിക്കപ്പെട്ടു.
9. തോട്ടപ്പടി-നടത്തറ 11 കെ.വി. ലൈൻ [illegible] ഴുന്നു. ഈ ലൈൻ ജാറം ഹരിജൻ കോളനി നിവാസികളുടെ ജീവനു ഭീഷണിയായിട്ടുണ്ട്.

ഗ്രാമസഭയിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങൾ

വഴിവിളക്കുകൾ സ്ഥാപിക്കേണ്ട റോഡുകൾ-വഴികൾ

1.വാർഡ് 1

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്ന സോളാർ എനർജിയൂണിറ്റ് വേണം. പള്ളിയങ്ങാടി റോഡിൽ 3 ഫെയ്സ് കണക്ഷൻ ലഭിക്കണം.

വാർഡ്2

കാമരാജ് റോഡ്, ഉമാനഗർ, മദ്രസയുടെ വഴി, ചാലഞ്ച് കോർണർ, ഇലവൻസ് ലൈൻ, കുറാപാടം വഴി, സൗഹാർദ്ദനഗറിന്റെ അവസാനം, പാക്സ് സ്ട്രീറ്റിന്റെ അവസാനം, സ്വരാജ് നഗറിന്റെ അവസാനം, അപ്സര ഗാർഡൻ, റോയൽ സ്ട്രീറ്റ്, ഹിദായത്ത് നഗർ, ദിൻഹാ റോഡ്, കലാഭവൻ സ്ട്രീറ്റ്, വിൻപി നഗർ എന്നിവഴികളിൽ വഴിവിളക്കുകൾ സ്ഥാപിക്കുക. വട്ടകിണർ മുതൽ പുളിപമ്പ് വരെയുള്ള മെയിൻ റോഡിൽ ട്യൂബ് ലൈറ്റ് ഇടുക. ചുങ്കം സെൻറർ മുതൽ കിഴക്ക് അതിർത്തി വരെ എൻ.എച്ച്. റോഡിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക.

വാർഡ്3

ഗ്രീൻലാൻറ് സ്ട്രീറ്റ്, ഇടവണ്ണ പാലം മുതൽ മാർത്തിമോഥിയോസ് ആശുപത്രി വരെ, പോപ്പുലർ വർക്ക്ഷോപ്പിന്റെ പിൻവശത്ത് സ്ട്രീറ്റ് ലൈൻ വലിച്ച് വഴിവിളക്കുകൾ സ്ഥാപിക്കുക. നിലവിലുള്ള ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കുക.

വാർഡ്4

വോൾട്ടേജ് പ്രശ്നം പരിഹരിക്കാൻ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക. ബ്രദേഴ്സ് ലൈനിൽ വഴിവിളക്കുകൾ സ്ഥാപിക്കുക. മെയിൻ സെൻററുകളിൽ ട്യൂബ് ലൈറ്റ് ഫിറ്റു ചെയ്യുക. മദ്രസയുടെ മുൻവശം ട്യൂബ് ലൈറ്റ് ഫിറ്റ് ചെയ്യുക.

വാർഡ്5

കാളങ്കോട് കുറ്റിച്ചിറ റോഡിൽ അവന്യൂ നഗറിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

വാർഡ്6

വഴിമുഖങ്ങളിൽ ട്യൂബ് ലൈറ്റ് ഇടണം. ഉള്ള ബൾബുകൾ കത്തിക്കണം. ശ്രേയസ് നഗർ, വെള്ളച്ചാൽ റോഡ്, തിരുവാണിക്കാവ് പാറപ്പുറത്തു നിന്നും കിഴക്കോട്ട് പോകുന്ന വഴി, ഉഴുന്നു കമ്പനി വഴി ഇലക്ട്രിക്ക് ലൈൻ വലിക്കുക. ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

വാർഡ്7

സുഭാഷ് നഗർ കോളനി റോഡ്, കുറ്റിച്ചിറ റോഡ്, ശ്മശാനം റോഡ്, ഇവിടെ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക, വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

വാർഡ്8

മുളയം റോഡുതുടങ്ങി പോപ്പ് നഗർ വരെ സ്ട്രീറ്റു ലൈറ്റ് സ്ഥാപിക്കുക. മുളയം റോഡ് ജംഗ്ഷനിൽ സോഡിയം വേപ്പർ ലാമ്പു സ്ഥാപിക്കുക, കൂട്ടാല ഭാഗത്ത് വൈദ്യുതി എത്തിക്കുക.

വാർഡ്9

വാർഡിൽ പട്ടിക ജാതി കുടുംബങ്ങളിൽ കുടിൽ ജ്യോതി പദ്ധതി നടപ്പിലാക്കുക. 100 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക. തോട്ടപ്പടി - നടത്തറ 11കെ.വി ലൈൻ മാറ്റി സ്ഥാപിക്കുകയോ, പുതുക്കിപണിയുകയോ ചെയ്യുക.

വാർഡ്10

സി.എം.എസ്. എൽ.പി.എസ്.ന്റെ പിൻവശം മാധവമേനോൻ വഴി. ചിറക്കാക്കോട് വഴി, രാജീവ് ഗാന്ധി നഗർ, മുല്ലക്കര മൂപ്പൻ തെരുവ് റോഡ് എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക. ജംഗ്ഷനുകളിൽ സോഡിയം വേപ്പർ ലാമ്പ് അല്ലെങ്കിൽ ട്യൂബ് ലൈറ്റ് സ്ഥാപിക്കുക. കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുക.

വാർഡ്11

വി.വി.എസ്. സ്കൂളിനു പുറകിൽ കനാൽ സൈഡു വഴി മുക്കാട്ടുകര റോഡു വരെ, ബൈപാസ് ജംഗ്ഷനിൽ രാജാ നേഴ്സറിക്ക് കിഴക്ക് പഴയ റോഡിൽ നിന്നു ം വടക്കോട്ടുള്ള വഴി കെ.എൻ. ആർ. റോഡിൽ നിന്നും നെട്ടിശ്ശേരി റോഡുവരെ ബൈപാസ് ജങ്ഷനിൽ പഴയ റോഡുവരെ, മുക്കാട്ടുകര റോഡിൽ യൂണിറ്റി റോഡുവരെ, ശാന്തി നഗർ റോഡ്, ലൈറ്റുകൾ എല്ലാം കത്തിക്കണം.

വാർഡ്12

മിനി നഗർ, നെട്ടിശ്ശേരി ആലിന്റെ പടിഞ്ഞാറു വശം റോഡ്, നെട്ടിശ്ശേരി റോഡ് ബൾബുകൾ മാറ്റി ട്യൂബ് ഇടണം. നെട്ടിശ്ശേരി റോഡിൽ ബൾബുകൾ കത്തിക്കുക. ഈ വാർഡിലെ മഹിളാ സമാജ കെട്ടിടത്തിന് സൗജന്യമായി വൈദ്യുതി നൽകുക.

വാർഡ്13

കീർത്തിനഗർ, കുരിശുപള്ളിക്ക് പടിഞ്ഞാറ് റോഡ്, ആറങ്ങാടി റോഡ്, വഴി വിളക്കുകൾ ഇല്ലാത്ത സ്ഥലത്ത വഴി വിളക്കുകൾ സ്ഥാപിക്കുക. ചിറടം ഭാഗത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

വാർഡ്14

വൈലോപ്പിള്ളി ഹരിജൻ കോളനിയിൽ ബാക്കി 280 മീറ്റർ റോഡും ഹരിജൻ കോളനി ലക്ഷം വീടു പ്രദേശം ലൈറ്റില്ലാത്ത 79 പോസ്റ്റുകളിൽ വഴിവിളക്കുകൾ സ്ഥാപിക്കുക. ആലിന്റെ കിഴക്കുവശം വൈലോപ്പിള്ളി നഗർ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

3. മാർക്കറ്റ്

പഞ്ചായത്തിലെ ഉത്പന്നങ്ങളുടെ വിപണനം പ്രധാനമായും തൃശൂർ പട്ടണത്തെ ആശ്രയിച്ചാണ് കാലങ്ങളായി നിലകൊള്ളുന്നത്. പുറം ദേശങ്ങളിലേക്കു വരെ വിപണനം നൽകുന്ന വ്യവസായ ഉൽപന്നങ്ങൾ ഇവിടെയുണ്ട്.

വലിയ വ്യവസായമായി വളർന്നുകൊണ്ടിരിക്കുന്ന നഴ്സറികൾ ഒന്നാം സ്ഥാനത്ത് നിൽക്കുന്നു. പ്രധാനമായും അലങ്കാരചെടികൾ തമിഴ്നാട്, ആന്ധ്ര, കർണ്ണാടകം തുടങ്ങിയ അയൽ സംസ്ഥാനങ്ങളിലേക്കാണ് കയറ്റി അയക്കുന്നത്. നാളികേര അടിസ്ഥാന ഉൽപന്നങ്ങളായ എണ്ണ, ഫർണീച്ചർ, ആഭരണങ്ങൾ, തുടങ്ങിയവ ആഭ്യന്തര വിപണിക്കു പുറത്തും വിപണനം ചെയ്യപ്പെടുന്നു. പഞ്ചായത്തിലെ മില്ലുകളിൽ ഉൽപാദിപ്പിക്കുന്ന പപ്പടത്തിന്റെ അടിസ്ഥാന ഘടകമായ ഉഴുന്നു പൊടിയുടെ വിപണനം സംസ്ഥാനത്തിന്റെ വടക്കൻ ജില്ലകൾ വരെ വ്യാപിച്ചുകിടക്കുന്നു.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഫാക്ടറികൾ ഉത്പാദിപ്പിക്കുന്ന പി.വി.സി. പൈപ്പുകൾ വിപണനം ചെയ്യപ്പെടുന്നതും പഞ്ചായത്തിനു പുറമെയാണ്.

കാർഷിക ഉൽപന്നങ്ങൾ വിറ്റഴിയുന്നതിനുള്ള ആഭ്യന്തര വിപണി ഉണ്ടാകേണ്ടതാണ്.

ഇതിനായി സഹകരണ വിപണിയോ, പൊതു മാർക്കറ്റോ, ആഴ്ചചന്തയോ തുടങ്ങാവുന്നതാണ്. ഈ ആവശ്യം ഗ്രാമസഭകളിൽ ഉയർന്നുവരുകയും ചെയ്തിട്ടുണ്ട്. വികസിച്ചുകൊണ്ടിരിക്കുന്ന മുടിക്കോട്, തോട്ടപ്പടി കേന്ദ്രങ്ങളിൽ ആഴ്ചചന്തകൾ ആരംഭിക്കുന്നതിനുള്ള സൗകര്യങ്ങൾ പഞ്ചായത്തു ചെയ്തു കൊടുക്കേണ്ടതാണ്. മാർക്കറ്റിന്റെ വിപുലീകരണം അനിവാര്യമാണ്.

4.വാർത്താവിതരണം

അത്യാധുനിക വാർത്താമാധ്യമങ്ങൾ ലോകത്തിന്റെ അകലം കുറച്ച് സാമീപ്യവും സഹകരണവും അതിവേഗത്തിൽ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന കാലമാണിത്. ഗ്രാമീണമേഖലകളും ഇതിന്റെ സ്വാധീനത്തിൽ നിന്നും ഭിന്നമല്ല.

ഒല്ലൂക്കര ഗ്രാമത്തിന്റെ ഉൾപ്രദേശങ്ങളിലും മലയോരങ്ങളിലും ടെലഫോൺ സൗകര്യങ്ങൾ കുറവാണ്. അങ്ങിനെയുള്ള പ്രദേശങ്ങളിൽ ടെലഫോൺ, പോസ്റ്റ് ഓഫീസ് സൗകര്യങ്ങൾ സജ്ജമാക്കുന്നതിന് പഞ്ചായത്തു തലത്തിൽ ശ്രമങ്ങൾ നടത്തണമെന്നാണ് ഗ്രാമസഭകളിൽ നിന്ന് പൊതുവായി ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾ.

കൂട്ടാല സെന്ററിനടുത്തും ആറാംകല്ലിലും രണ്ട് പൊതു ടെലഫോൺ ബൂത്തുകൾഅനുവദിക്കണമെന്ന് ഒമ്പതാം വാർഡ് ഗ്രാമസഭ ആവശ്യപ്പെട്ടിട്ടുണ്ട്. വനിതകൾക്കും വികലാംഗരായവർക്കും തൊഴിൽ ലഭിക്കുവാൻ ഇത് സഹായിക്കും.

ഇതിനും പുറമെ ടെലഫോൺ കണക്ഷന് കാത്തിരിക്കുന്ന നിരവധി അപേക്ഷകരുണ്ട്. ഇവർക്ക് കണക്ഷൻ ലഭിക്കുന്നതിനാവശ്യമായ ശ്രമങ്ങൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത് അഭികാമ്യമായിരിക്കും.

5.5 വിദ്യാഭ്യാസം



ഉള്ളടക്കം

- വിദ്യാർത്ഥി അദ്ധ്യാപക വിവരങ്ങൾ 116
- ഭൗതിക സൗകര്യങ്ങൾ 119
- പി.ടി.എ 120
- പ്രവർത്തന നിലവാരം 120
- സമാന്തര വിദ്യാലയങ്ങൾ 120
- സാങ്കേതിക വിദ്യാലയങ്ങൾ 120
- അനൗപചാരിക വിദ്യാഭ്യാസം 121
- പ്രശ്നങ്ങൾ 121
- നിർദ്ദേശങ്ങൾ 122
- സംഗ്രഹം 123
- ഗ്രാമസഭാ നിർദ്ദേശങ്ങൾ 123

5 വിദ്യാഭ്യാസം

സാംസ്കാരിക നഗരമായ തൃശ്ശൂർ പട്ടണത്തിനു സുമാർ നാല് കി.മീ. കിഴക്കായിട്ടാണ് ഒല്ലൂക്കര ഗ്രാമ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. കാർഷിക സർവ്വകലാശാലക്കു കീഴിൽ പ്രവർത്തിക്കുന്ന വെറ്ററിനറി, സഹകരണ മാനേജ്മെൻറ് കോളേജുകളും അനുബന്ധ വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളും ഫാമുകളും ഒല്ലൂക്കര പഞ്ചായത്തിൻെറ തിലക്കുറികളാണ്.

തൃശൂർ ജില്ലയിലെ മുഖ്യ സാംസ്കാരിക സ്ഥാപനങ്ങളായ സാഹിത്യ, സംഗീത, നാടക, ലളിത കലാ അക്കാദമികളും കലാമണ്ഡലവും പഞ്ചായത്തിൻെറ വിദ്യാഭ്യാസ രംഗത്തെ ഗണ്യമായി സ്വാധീനിച്ചിട്ടുണ്ട്.

വൈവിധ്യമാർന്ന ഈ വിദ്യാഭ്യാസ സാംസ്കാരിക മണ്ഡലത്തിൻെറ തണലിലാണ് ഒല്ലൂക്കരയുടെ വിദ്യാഭ്യാസ ചരിത്രത്തിൻെറ വികാസപരിണാമങ്ങൾ രൂപപ്പെട്ടത്.

പാശ്ചാത്യ മിഷനറിമാർ വിദ്യാഭ്യാസ മേഖലയിൽ ചെലുത്തിയ സ്വാധീനം ഒല്ലൂക്കര പഞ്ചായത്തിൻെറ വിദ്യാഭ്യാസ ചരിത്രാരംഭത്തിൽ തന്നെ കാണാം. ചർച്ച്സ് ഓഫ് സൗത്ത് ഇന്ത്യ (സി.എസ്.ഐ) 1886ൽ മണ്ണുത്തിയിൽ സ്ഥാപിച്ച ലോവർ പ്രൈമറി സ്കൂൾ ഒരു നൂറ്റാണ്ടിനുശേഷവും എൽ.പി.സ്കൂളായി തന്നെ തുടരുകയാണ്. പഞ്ചായത്തിൽ ഏഴ് ബാലവാടികൾ, നാല് പ്രീ-പ്രൈമറികൾ, ആറ് ലോവർ പ്രൈമറി സ്കൂളുകൾ, 4 അപ്പർ പ്രൈമറി ഹൈസ്കൂളുകൾ ഏഴ് സാങ്കേതിക - പ്രൊഫഷണൽ സ്ഥാപനങ്ങൾ ഉൾപ്പെടെ ഇരുപത്തെട്ട് വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

സ്ഥാപനങ്ങളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ പട്ടിക 1ൽ കാണുക.

പട്ടിക 1

പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ക്രമ നമ്പർ	സ്ഥാപനത്തിൻെറ പേര്	ഇനവിവരം
1.	സി.ഡി.ഡബ്ലിയു. യു.പി. സെൻറർ, കാളത്തോട്	ബാലവാടി
2.	സി.ഡി.ഡബ്ലിയു.യു.പി. സെൻർ, കൂട്ടാല	ബാലവാടി
3.	യു.ആർ.എഫ്.ഡി. സെൻറർ, കൃഷ്ണാപുരം	ബാലവാടി
4.	സി.ഡി.ഡബ്ലിയു. യു.പി. സെൻറർ, മുക്കാട്ടുകര	ബാലവാടി
5.	സി.ഡി. ഡബ്ലിയു. യു.പി. സെൻറർ, നെല്ലങ്കര	ബാലവാടി
6.	സി.ഡി. ഡബ്ലിയു. യു.പി.സെൻറർ, നെട്ടിശ്ശേരി	ബാലവാടി
7.	യു.ആർ.എഫ.ഡി. സെൻറർ, പനഞ്ചകം ചിറ	ബാലവാടി
8.	ഹോളി ഫാമിലി സ്കൂൾ, മണ്ണുത്തി	പ്രീ- പ്രൈമറി
9.	ഹോളി ഫാമിലി സ്കൂൾ, കുന്നത്തുംകര	പ്രീ-പ്രൈമറി
10.	ഡോൺ ബോസ്കോ സ്കൂൾ, മണ്ണുത്തി	പ്രീ.- പ്രൈമറി
11.	എസ്.എൻ.ഡി.പി. സ്കൂൾ, മണ്ണുത്തി	പ്രീ-പ്രൈമറി

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	വിഭാഗം
12.	ഹോളി-ഫാമിലി ഇംഗ്ലീഷ് മീഡിയം സ്കൂൾ ,മണ്ണുത്തി	ലോവർ പ്രൈമറി
13.	സി.എം.എസ്.എൽ.പി.സ്കൂൾ, മണ്ണുത്തി	ലോവർ പ്രൈമറി
14.	സി.എസ്.സി.സ്കൂൾ, നല്ലങ്കര	ലോവർ പ്രൈമറി
15.	ജി.എൽ.പി.സ്കൂൾ, മുക്കാട്ടുകര	ലോവർ പ്രൈമറി
16.	എ.എൽ.പി.സ്കൂൾ, കാളത്തോട്	ലോവർ പ്രൈമറി
17.	സെൻറ് ജോർജ്ജ്, എൽ.പി.സ്കൂൾ, മുക്കാട്ടുകര	ലോവർ പ്രൈമറി
18.	സെൻറ് ജോർജ്ജ് യു.പി.സ്കൂൾ, മുക്കാട്ടുകര	ലോവർ പ്രൈമറി
19.	ഡോൺ ബോസ്കോ ഹൈസ്കൂൾ, മണ്ണുത്തി	ഹൈസ്കൂൾ
20	വി.വി.എസ്.എച്ച്.എസ്. മണ്ണുത്തി	ഹൈസ്കൂൾ
21.	ബത്ലഹേം ജി.എച്ച്.എസ്. മുക്കാട്ടുകര	ഹൈസ്കൂൾ
22.	ഡോൺ ബോസ്കോ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, മണ്ണുത്തി	സാങ്കേതികം
23.	വെറ്ററിനറി കോളേജ് , മണ്ണുത്തി	പ്രൊഫഷണൽ
24.	സഹകരണ ബാങ്കിങ്ങ് മാനേജ് മെൻറ് കോളേജ് , മണ്ണുത്തി	പ്രൊഫഷണൽ
25.	വിക്ടറി ഇൻസ്റ്റിറ്റ്യൂട്ട്, ഒല്ലൂക്കര	സാങ്കേതികം
26.	ബാലവാടി ട്രെയിനിങ്ങ് സെൻറർ, കാളത്തോട്	സാങ്കേതികം
27.	അംഗനവാടി ട്രെയിനിങ്ങ് സെൻറർ, ഒല്ലൂക്കര	സാങ്കേതികം
28.	കെസ്സ്, നടത്തറ റോഡ് പട്ടാളകുന്ന് ,മണ്ണുത്തി	സാങ്കേതികം

1991ലെ സെൻസ്സസ് പ്രകാരം ഒല്ലൂക്കര പഞ്ചായത്തിലെ ജനസംഖ്യ 39,450ഉം, 1996ലെ ജനസംഖ്യ 45,450ഉം ആകുന്നു. ഉന്നത വിദ്യാഭ്യാസം ലഭിച്ചവരിൽ പി.എച്ച്.ഡി.എടുത്തിട്ടുള്ളവർ 75ഉം ബിരുദാനന്തര ബിരുദം (പി.ജി) ലഭിച്ചവർ 200 ഉം ബിരുദധാരികൾ (Graduates) 2000 ഉം ഉണ്ടെന്നാണ് ആരോഗ്യ വകുപ്പിന്റെ കണക്കുകളിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്. ആരോഗ്യവകുപ്പിന്റെ കണക്കനുസരിച്ച് 5 വയസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണം 2203 ആണ്. സാക്ഷരതാ ശതമാനം 82.11% ആണ്.

വിദ്യാർത്ഥി അദ്ധ്യാപക വിവരങ്ങൾ

ഒല്ലൂക്കര പഞ്ചായത്തിലുള്ള 10476 വീടുകളിൽ നിന്നും ഒരു വിദ്യാർത്ഥി വീതം എന്ന് കണക്കാക്കിയാൽ ഇവിടെ 10,476 വിദ്യാർത്ഥികൾ ഉണ്ടാകേണ്ടതാണ്. താഴെ കൊടുത്തിരിക്കുന്ന നിലവിലുള്ള വിദ്യാലയങ്ങളിലെ കണക്കനുസരിച്ച് 4908 വിദ്യാർത്ഥികളാണ് നമ്മുടെ പഞ്ചായത്തിൽ പ്രൈമറി, യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിൽ പഠിക്കുന്നത്. (പട്ടിക 1) ആകെയുള്ള കുട്ടികളിൽ പകുതിപേർക്കുള്ള പ്രാഥമിക വിദ്യാഭ്യാസ സൗകര്യം പോലും ഇവിടെ ഇല്ലെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഒട്ടാകെ 131 അദ്ധ്യാപകരുള്ളതിൽ 29 പേർ വനിതാ അദ്ധ്യാപകരാണ്. (അനുബന്ധം 1,2,3 കാണുക)

പട്ടിക - 1

സ്കൂൾ വിഭാഗം	ആൺ	പെൺ	ആകെ
ലോവർ പ്രൈമറി സ്കൂൾ	1295	1078	2373
അപ്പർ പ്രൈമറി സ്കൂൾ/ ഹൈസ്കൂൾ	1485	1050	2535
ആകെ	2780	2128	4908

അനുബന്ധം 1

വിദ്യാർത്ഥികളുടെ സ്ഥിതിവിവരക്കണക്ക്

സ്കൂളിന്റെ പേര്	സ്കൂളിന്റെ ഉടമസ്ഥത	കൊല്ലം	ആൺ	പെൺ	ആകെ
ജി.എൽ.പി.എസ്. മുക്കാട്ടുകര	സർക്കാർ	95-96	29	43	72
സി.എസ്.സി.എസ്. നല്ലങ്കര	എയിഡഡ്	95-96	66	38	104
എ.എൽ.പി. സ്കൂൾ കാളത്തോട്	എയിഡഡ്	95-96	200	172	372
സെ:ജോർജ് സി.എൽ.പി.എസ്. മുക്കാട്ടുകര	എയിഡഡ്	95-96	376	411	787
ഹോളി ഫാമിലി ഇംഗ്ലീഷ് മീഡിയം, മണ്ണുത്തി	അൺഎയിഡഡ്		398	155	553
സി.എം.എസ്. എൽ.പി.എസ്.	എയിഡ്ഡ്	95-96	226	259	485
ആകെ			1295	1078	2373

പ്രൈമറി സ്കൂൾ വിദ്യാർത്ഥികളുടെ സ്ഥിതിവിവരക്കണക്ക്

(സ്കൂൾ തലം)



അനുബന്ധം 2

വിദ്യാർത്ഥികളുടെ സ്ഥിതിവിവരക്കണക്ക്

സ്കൂളിന്റെ പേര്	ഉടമസ്ഥത	കൊല്ലം	ആൺ	പെൺ	ആകെ
ഡോൺ ബോസ്കോ, സ്കൂൾ, മണ്ണുത്തി	അൺ-എയിഡഡ്	95-96	841	-	841
സെ:ജോർജ്ജ് യു.പി.സ്കൂൾ മുക്കാട്ടുകര	എയിഡഡ്	95-96	281	468	749
വി.വി.എസ്.എച്ച്.എസ്. മണ്ണുത്തി	എയിഡഡ്	95-96	363	121	484
ബെഥലേഹം ഹൈസ്കൂൾ മുക്കാട്ടുകര	എയിഡഡ്	95-96	-	461	461
ആകെ			1485	1050	2535



അനുബന്ധം 3

സ്കൂളിന്റെ പേര്	ഉടമസ്ഥത	അദ്ധ്യാപകർ			അനദ്ധ്യാപകർ		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
ബി.ജി.എച്ച്.എസ്. മുക്കാട്ടുകര	എയിഡഡ്	-	14	14	-	4	4
വി.വി.എസ്.എച്ച്.എസ്. മണ്ണുത്തി	എയിഡഡ്	4	10	14	-	6	6
ഡോൺ ബോസ്കോ മണ്ണുത്തി	അൺ എയിഡഡ്	22	-	22	-	-	-
സെ:ജോർജ്ജ് യു.പി.സ്കൂൾ മുക്കാട്ടുകര	എയിഡഡ്	2	15	17	-	-	-
സി.എം.എസ്.എൽ.പി. സ്കൂൾ, മണ്ണുത്തി	എയിഡഡ്	-	15	15	-	-	-
ഹോളി ഫാമിലി ഇംഗ്ലീഷ് മീഡിയം മണ്ണുത്തി	അൺ എയിഡഡ്	-	14	14	-	-	-
സെ:ജോർജ്ജ് എൽ.പി. സ്കൂൾ, മുക്കാട്ടുകര	എയിഡഡ്	-	16	16	-	-	-
എ.എൽ.പി. സ്കൂൾ കാളത്തോട്	എയിഡഡ്	1	10	11	-	-	-
സി.എസ്.സി.എസ്. നല്ലങ്കര	എയിഡഡ്	-	4	4	-	-	-
ജി.എൽ.പി.എസ്. മുക്കാട്ടുകര	എയിഡഡ്	-	4	4	-	-	-
ആകെ		29	102	131	-	10	10

ഭൗതിക സൗകര്യങ്ങൾ

എൽ.പി.യു.പി.എച്ച്.എസ്. എന്നീ വിഭാഗങ്ങളിലായി പഞ്ചായത്തിലുള്ള എല്ലാ സ്കൂളിലും കൂടി ആകെ 107 ഡിവിഷനുകളാണ് ഉള്ളത്. ആകെയുള്ള ക്ലാസ് മുറികളുടെ എണ്ണം 138 ആണ്. ഇനിയും ആവശ്യമുള്ള ക്ലാസ് മുറികളുടെ എണ്ണം 8 ആണ്. നിലവിലുള്ള 30 മൂത്രപ്പുരകൾക്കു പുറമെ ആവശ്യപ്പെട്ടിരിക്കുന്ന മൂത്രപ്പുരകളുടെ എണ്ണം 9 ആണ്. കക്കൂസും കുടിവെള്ള സംവിധാനവും ഇല്ലാത്ത പഞ്ചായത്തിലെ ഏക സ്കൂൾ ജി.എൽ.പി. എസ്. മുക്കാട്ടുകരയാണ്. സ്റ്റാഫ് റൂം ഇല്ലാത്ത സ്കൂളുകൾ ജി.എൽ.പി.എസ്.മുക്കാട്ടുകര, സി.എസ്, സി.എസ്. നല്ലെങ്കര, സി.എം.എസ്, എൽ.പി. മണ്ണുത്തി, സെ:ജോർജ്ജ് എൽ.പി. എസ്. മുക്കാട്ടുകര എന്നിവയാണ്. മൊത്തം 7 സ്കൂളുകളിൽ ആവശ്യമായി പറഞ്ഞിരിക്കുന്ന ഫർണീച്ചറുകളുടെ എണ്ണം - 81 ഡെസ്ക്, 83 ബെഞ്ച്, 28 മേശ, 29 കസേര) ഇവയാണ്

എല്ലാ സ്കൂളുകളിലും ലൈബ്രറികൾ ഉണ്ട്. ലാബോറട്ടറി സൗകര്യങ്ങൾ 4 സ്കൂളുകളിൽ ഇല്ല. പഠനോപകരണങ്ങൾ (സെൻറ് ജോർജ്ജ്, യു.പി.എസ്, മുക്കാട്ടുകര) ഇല്ല. റേഡിയോ 3 സ്കൂളുകളിൽ ഇല്ല. ടേപ്പ് റിക്കോർഡർ ഇല്ലാത്ത സ്കൂളുകളുടെ എണ്ണം 3 ആണ്. അതുപോലെ ടി.വി . ഇല്ലാത്ത സ്കൂളുകളുടെ എണ്ണ് 8 ആകുന്നു. വി.സി.ആർ. ഇല്ലാത്ത സ്കൂളുകൾ 8. ഒരു സ്കൂളിലും സിനിമാ പ്രോജക്ടർ ഇല്ല. സ്ലൈഡ് പ്രോജക്ടർ ഉള്ള സ്കൂൾ ഒന്ന് മാത്രമാണ്. ഓവർ ഹെഡ് പ്രോജക്ടർ ഉള്ള സ്കൂൾ ഒന്ന്. ഡോൺബോസ്കോ സ്കൂളിൽ പതിനൊന്ന് കമ്പ്യൂട്ടറുകൾ ഉണ്ട്. എല്ലാ സ്കൂളുകളുടേയും അദ്ധ്യയന ദിവസം

190-200 വരെയാണ്. എല്ലാ സ്കൂളുകളിലും മാതൃ സംഗമങ്ങൾ നടത്താറുണ്ട്. പി.ടി.എ.നിലവിലുണ്ട്.

പി.ടി.എ.

സ്വകാര്യ മാനേജ് മെൻറ് സ്കൂളുകളിൽ മാനേജ് മെൻറിനേയും അദ്ധ്യാപക വിദ്യാർത്ഥികളേയും സഹായിക്കുന്നതിന് പി.ടി.എ. സജീവമായി പ്രവർത്തിക്കുന്നു മറ്റു സ്കൂളുകളിൽ പി.ടി.എ. നാമമാത്രമായേ പ്രവർത്തിക്കുന്നുള്ളൂ.

പ്രവർത്തന നിലവാരം

കുട്ടികൾക്ക് അവാർഡ് ലഭിച്ചിട്ടുള്ള സ്കൂളുകളുടെ എണ്ണം 4 ആണ്. (ഡോൺബോസ്കോ, ബി.ജി.എച്ച്.എസ്. ഹോളി ഫാമിലി എ.എൽ.പി. എസ്. കാളത്തോട്) ജില്ലാതലത്തിൽ22 ആൺകുട്ടികൾക്കും ഒരു പെൺകുട്ടിക്കും അവാർഡ് ലഭിച്ചിട്ടുണ്ട്. ഡോൺ ബോസ്കോയിൽ നിന്നും സംസ്ഥാനതലത്തിൽ 2 ആൺകുട്ടികൾക്കും ദേശീയ തലത്തിൽ 3 ആൺകുട്ടികൾക്കും അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ 10 സ്കൂളുകളിലായി (എൽ.പി; യു.പി.; എച്ച്.എസ്) മൊത്തം 516 കുട്ടികൾക്ക് 95-96 ൽ സാമ്പത്തികാനുകൂല്യം ലഭിച്ചിട്ടുണ്ട്.

എസ്.എസ്.എൽ.സി. പരീക്ഷ (1995-96)

മൊത്തം പരീക്ഷയ്ക്കിരുന്ന കുട്ടികൾ	- 397
വിജയ ശതമാനം	- 78
60 ശതമാനത്തിൽ കൂടുതൽ മാർക്കു നേടിയവർ	- 168
30 ശതമാനത്തിൽ താഴെ മാർക്ക് നേടിയവർ	- 87

ആൺ കുട്ടികൾക്ക് മാത്രമായിട്ടുള്ള ഹൈസ്കൂളാണ് ഡോൺബോസ്കോ. പെൺകുട്ടികൾക്ക് മാത്രമായുള്ള ഹൈസ്കൂളാണ് ബി.ജി. എച്ച്.എസ്. മുക്കാട്ടുകര. ആൺകുട്ടികളും പെൺകുട്ടികളും പഠിക്കുന്ന ഹൈസ്കൂളാണ് വി.വി. എസ്.എച്ച്.എസ്. ഇത് ഇപ്പോൾ ഭാഗികമായി സർക്കാർ ഉടമയിലാണ് പ്രവർത്തിക്കുന്നത്.

6 എൽ.പി.സ്കൂളുകളും 3 യു.പി. സ്കൂളുകളും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി പ്രവർത്തിച്ചുകൊണ്ടുവരുന്നു.

പ്രൈവറ്റ് മാനേജ് മെൻറുകളിൽ പാത വാർഷിക, അർദ്ധവാർഷിക, വാർഷിക പരീക്ഷകൾക്കു പുറമെ മിഡ് ടേം പരീക്ഷകൾ നടത്തി പോരുന്നു. ഇവയ്ക്ക് പുറമെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുവാൻ സ്കോളർഷിപ്പു പരീക്ഷയും നടത്തുന്നു. പഠിപ്പിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസുകളും പരീക്ഷകളും നടത്തി പഠന നിലവാരം ഉയർത്തുന്നു. സബ്ജില്ലാ അടിസ്ഥാനത്തിൽ നടത്തുന്ന (ഈസ്റ്റ് ജില്ല) സ്കൂൾ കോംപ്ലക്സ് പ്രവർത്തനങ്ങളിൽ എല്ലാ സ്കൂളുകളും പങ്കെടുക്കുന്നുണ്ട്.

പല സ്കൂളുകൾക്കും കായിക പരിശീലനം നല്കുന്നതിനുള്ള സ്ഥല സൗകര്യങ്ങളില്ലാത്തതിനാൽ വിദ്യാർത്ഥികൾക്ക് വേണ്ട വിധത്തിൽ പരിശീലനം നൽകുന്നതിനോ ജില്ല അടിസ്ഥാനത്തിൽ മൽസരങ്ങളിൽ പങ്കെടുക്കുന്നതിനോ സാധിക്കാതെ വന്നിട്ടുണ്ട്. ചുരുക്കം ചില സ്കൂളുകൾ മാത്രമെ സ്പോർട്ട്സ് ഗെയിംസിൽ സബ് ജില്ലാ - ജില്ലാ അടിസ്ഥാനത്തിൽ പങ്കെടുക്കുന്നുള്ളൂ.

ഗവൺമെൻറിൻെറ ഉച്ചഭക്ഷണ സമ്പ്രദായം പതിവു പോലെ നടത്തുന്നു.

ഹെൽത്ത് ഡിപ്പാർട്ടുമെൻറിൻെറ കണക്കനുസരിച്ച് പഞ്ചായത്തിലുള്ള 5,10 എന്നീ ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും ടെറ്റനസ്സിനുള്ള പ്രതിരോധ കുത്തിവയ്പ് നടത്തിയതായി കാണുന്നു.

സമാന്തര വിദ്യാലയങ്ങൾ

ഈ പഞ്ചായത്ത് പരിധിയിൽ പാരലൽ കോളേജുകൾ ഒന്നും തന്നെ ഇല്ല. ചെറിയ തരത്തിലുള്ള ട്യൂഷൻ സെൻററുകൾ മാത്രമാണ് ഇവിടെ പ്രവർത്തിക്കുന്നത് . തൃശൂർ ടൗണിലുള്ള കോളേജുകളേയും പാരലൽ കോളേജുകളേജുമാണ് പഞ്ചായത്തിലെ കുട്ടികൾ പ്ലസ് ടുവിനും , ഡിഗ്രിക്കും ആശ്രയിക്കുന്നത്. ഡോൺബോസ്കോ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ക്കു പുറമെ ഇവിടെയുള്ള 4 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും പ്രവർത്തിക്കുന്നുണ്ട്.

സാങ്കേതിക സ്ഥാപനങ്ങൾ

കാർഷികസർവകലാശാലയുടെ കീഴിലുള്ള വെറ്ററിനറി, സഹകരണ ബാങ്കിംഗ് മാനേജ് മെൻറ് കോളേജുകൾക്ക് പുറമെ ഒരു അംഗൻ വാടി ട്രെയിനിംഗ് സെൻററും ഒരു ബാലവാടി ട്രെയിനിങ്ങ് സെൻററും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ മാനേജ്മെൻറിനു കീഴിലുള്ള രണ്ടു സ്ഥാപനങ്ങളാണ് ഡോൺബോസ്കോ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയും വിക്ടറി ഇൻസ്റ്റിറ്റ്യൂട്ടും, സാങ്കേതിക വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുന്നു. സർക്കാരിൻെറ കീഴിൽ പ്രവർത്തി

ക്കുന്ന I.T.C. I.T.I. പോലുള്ള സ്ഥാപനങ്ങൾ പഞ്ചായത്തിൽ ഇല്ല. (കെസ്സിന്റെറ ആഭിമുഖ്യത്തിൽ മരപ്പണി വിഭാഗത്തിൽ 9 പേർക്കും ഇലക്ട്രോണിക് സ്സിൽ 38 പേർക്കും പരിശീലനം നൽകുന്നുണ്ട്.

ഡോൺ ബോസ്കോ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, മണ്ണുത്തി

ഈ സാങ്കേതിക സ്ഥാപനത്തിന്റെറ ആരംഭം 15-8-1987 ആണ്. ജോലി സാദ്ധ്യതകൾ നൽകുന്ന താഴെപ്പറയുന്ന കോഴ്സുകൾക്കുള്ള ട്രെയിനിംഗ് 350 വിദ്യാർത്ഥികൾക്ക് ഓരോ വർവും നൽകപ്പെടുന്നു.

കോഴ്സുകൾ

1. ഇലക്ട്രോണിക്സ്, മെക്കാനിക്ക്
2. എ.സി. ആൻറ് റഫ്രിജറേഷൻ
3. സിവിൽ എഞ്ചിനീയറിങ്ങ്
4. സെക്രട്ടേറിയൽ പരിശീലനം
5. ഡാറ്റാ പ്രിപ്പറേഷൻ ആൻറ് കമ്പ്യൂട്ടർ സോഫ്റ്റ്വെയർ
6. ഡി.സി.എ.; ബാച്ചിലർ ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷൻ
7. ഡി.സി.എ. ; ബാച്ചിലർ ഓഫ് കോമേഴ്സ്
8. ഡി.സി.എ .; പി.ഡി.സി. (IV)

സഹകരണബാങ്കിംഗ് ആൻറ് മാനേജ്മെൻറ് കോളേജ്, മണ്ണുത്തി

കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഈ പ്രൊഫഷണൽ കോളേജ് 1981 നവംബർ 16നാണ് ആരംഭിച്ചത്. ബിരുദബിരുദാനന്തര ഗവേഷണ പഠനങ്ങൾക്കായുള്ള 50 വിദ്യാർത്ഥികൾക്കാണ് ഇവിടെ വർഷം തോറും പ്രവേശനം നൽകുന്നത്. 31 അദ്ധ്യാപകരും 19 അനദ്ധ്യാപകരും ഈ കോളേജിൽ പ്രവൃത്തിയെടുക്കുന്നു.

വെറ്ററിനറി കോളേജ്, മണ്ണുത്തി

1957- ൽ കേരള സർവ്വകലാശാലയുടെ കീഴിലാരംഭിച്ച ഈ കോളേജ് ഇന്ന് കാർഷികസർവ്വകലാശാലയുടെ അധീനതയിലാണ്. അനാട്ടമി, അനിമൽ റ്റീ പ്രൊഡക്ഷൻ, അനിമൽ ബ്രീഡിംഗ്സ് ആൻറ് ജനറ്റിക്സ്, ബയോകെമിസ്ട്രി, ക്ലിനിക്കൽ മെഡിസിൻ, ഡയറി സയൻസ്, എക്സ്റ്റൻഷൻ ലൈവ് സ്റ്റോക്ക് പ്രൊഡക്ഷൻ മാനേജ്മെൻറ്, ലൈവ് സ്റ്റോക്ക് പ്രൊഡക്ട്സ് ടെക്നോളജി, മൈക്രോബയോളജി, ന്യൂട്രീഷൻ, പാരാ സൈറ്റോളജി, പാത്തോളജി, ഫാർമക്കോളജി ആൻറ് ടോക്സിക്കോളജി, ഫിസിയോളജി, പൗൾട്രി സയൻസ്, പ്രിവൻറീവ് മെഡിസിൻ, സർജറി, സ്റ്റാറ്റിക്സ്, വെറ്ററിനറി പബ്ലിക്ക് ഹെൽത്ത് തുടങ്ങിയ 20 പ്രധാന വകുപ്പുകളുടെ വിദ്യാഭ്യാസ ഗവേഷണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളാണ് ഇവിടെ നടക്കുന്നത്.

565 ബിരുദവിദ്യാർത്ഥികളും 71 ബിരുദാനന്തര പഠനം നടത്തുന്നവരും 16 ഗവേഷണവിദ്യാർത്ഥികളും ഇവിടെ ഉണ്ട്.

ഡയറി ടെക്നോളജിയിൽ 41 വിദ്യാർത്ഥികൾ ബിരുദപഠനം നടത്തുന്നുണ്ട്.

198 അധ്യാപകരും 145 അനദ്ധ്യാപകരും ഇവിടെ പ്രവർത്തിക്കുന്നു.

അനൗപചാരിക വിദ്യാഭ്യാസം

45,000 ന് മേൽ ജനസംഖ്യയുള്ള പഞ്ചായത്തിൽ ഗ്രന്ഥശാലകൾ 3 എണ്ണം മാത്രമാണുള്ളത്. ഈ ഗ്രന്ഥശാലകളിൽ പുസ്തകങ്ങളുടെയും വാരികകളുടേയും ദിനപത്രങ്ങളുടെയും എണ്ണം പരിമിതമാണ്. 90-91 കാലയളവിൽ സാക്ഷരതാ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടത്തിയിരുന്നു. നവസാക്ഷരരുടെ എണ്ണം വർദ്ധിച്ചുവെങ്കിലും തുടർ പ്രവർത്തനങ്ങൾ ഉണ്ടായിട്ടില്ല.

പ്രശ്നങ്ങൾ

- കൊച്ചുകുട്ടികൾക്കുവേണ്ടിയുള്ള ബാലവാടികളും, അംഗൻവാടികളും 14 വാർഡുകളിലേയ്ക്കായി 7 എണ്ണം മാത്രമെ ഉള്ളൂ. ഇത് അപര്യാപ്തമാണ്.
- നമ്മുടെ പഞ്ചായത്ത് പ്രീ.പ്രൈമറി സ്കൂളുകൾ 4 എണ്ണം മാത്രമെ ഉള്ളൂ.. ഇതും അപര്യാപ്തമാണ്.
- എല്ലാ കുട്ടികൾക്കും പഠിക്കുവാനുള്ള സൗകര്യങ്ങൾ പഞ്ചായത്തിലുള്ള സ്കൂളുകളാണ്. അതിനാൽ പഞ്ചായത്തിന് പുറമെയുള്ള സ്കൂളുകളിലേയ്ക്ക് പോകേണ്ടിവരുന്നു. നിലവിലുള്ള സ്കൂളുകളിൽ പഠനോപകരണങ്ങളും സൗകര്യങ്ങളും പഠന നിലവാരവും കുറവായി കാണുന്നു. പല സ്കൂളുകളും (എൽ.പി.യു.പി) അപ്ഗ്രേഡ് ചെയ്യേണ്ടതായിട്ടുണ്ട്.
- നിലവിലുള്ള പി.ടി.എ. പല സ്കൂളുകളിലും സജീവമല്ല.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് വേണ്ടി

സർക്കാർ സ്ഥാപനങ്ങൾ (ഐ.ടി.സി. ഐ.ടി.ഐ) ഒന്നും തന്നെ ഇല്ല.

- പഞ്ചായത്തിൽ ഹൈസ്കൂളുകളുടെ എണ്ണം 3 മാത്രമാണ്. അതിൽ കുട്ടികൾ കൂടുതലുള്ള മണ്ണുത്തി ഭാഗത്തുള്ള വി.വി.എസ്.എച്ച്. എസ്സിൽ 1970 ൽ 80ൽ പരം ഡിവിഷനുകളും 2000ൽ പരം കുട്ടികളും ഉണ്ടായിരുന്നു. 1996ൽ 484 കുട്ടികളും 14 അദ്ധ്യാപകരും മാത്രമായി ചുരുങ്ങി.
- പഞ്ചായത്തിൽ പ്ലസ് ടൂ വിദ്യാലയങ്ങളോ ഡിഗ്രി കോളേജുകളോ ഒന്നും തന്നെ ഇല്ല.
- കുട്ടികൾക്ക് ആരോഗ്യ സംരക്ഷണത്തിലും സാമൂഹ്യ തിന്മകൾക്കുമെതിരെ അവശ്യം വേണ്ടതായ വിദ്യാഭ്യാസം ലഭിക്കുന്നില്ല. പോപ്പുലേഷൻ ക്ലബ്ബുകൾ ഒരിടത്തും ഇല്ല.
- കലാകായിക വാസനകളെ പ്രോത്സാഹിപ്പിക്കുന്നതിന്നാവശ്യമായ കളിസ്ഥലം, സ്റ്റേഡിയം തുടങ്ങിയ പഞ്ചായത്തിന്റെ കീഴിൽ ഇല്ല.
- കേരളത്തിനകത്തും പുറത്തും വിദേശത്തും ഉള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ, ജോലി സാദ്ധ്യതകൾ എന്നിവയെ സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിനുള്ള ഇൻഫർമേഷൻ സെൻറർ ഇവിടെ ഇല്ല.
- കരിയർ ഗൈഡൻസിനും വ്യവസായ സംരംഭകർക്കും വേണ്ടതായ സെമിനാറുകൾ ഇടയ്ക്കിടയ്ക്ക് നടത്തുന്നതിന്നുള്ള സംവിധാനങ്ങൾ ഇവിടെ ഇല്ല.
- പഞ്ചായത്തിൽ ക്രഷുകൾ ഒരിടത്തും ഇല്ല.
- പഞ്ചായത്തിൽ പഠിക്കുന്ന കുട്ടികൾക്കാവശ്യം വേണ്ട ബുക്ക് ലൻറിങ്ങ് സംവിധാനങ്ങൾ ഇല്ല.
- പഞ്ചായത്തിൽ നീന്തൽ പരിശീലന കേന്ദ്രം ഇല്ല
- പഞ്ചായത്തിലുള്ള പല വിദ്യാർത്ഥികൾക്കും ഇവിടെയുള്ള വിദ്യാലയങ്ങളിൽ പ്രവേശനം ലഭിക്കുന്നില്ല.
- സാമ്പത്തികമായും വിദ്യാഭ്യാസ പരമായും പിന്നോക്കം നില്ക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും സാമ്പത്തിക സഹായവും സൗജന്യ ട്യൂഷനും ലഭിക്കുന്നില്ല.
- പഞ്ചായത്തിൽ പല വാർഡുകളിലും നിരക്ഷരർ ഉണ്ട് (വാർഡ് 3,5) .
- വിദ്യാർത്ഥികൾക്ക് പ്രത്യേകിച്ച് പെൺകുട്ടികൾക്ക് യാത്രാക്ലേശം അനുഭവപ്പെടുന്നു.

നിർദ്ദേശങ്ങൾ

- ബാലവാടികൾ, അംഗനവാടികൾ ഓരോ വാർഡിലും ഒരെണ്ണം വീതം ഉണ്ടാകേണ്ടതാണ്.
- കുട്ടികൾ കൂടുതലുള്ള വാർഡുകളെ കേന്ദ്രീകരിച്ച് പ്രീപ്രൈമറി പഠന കേന്ദ്രങ്ങൾ തുടങ്ങണം.
- ബി.ജി.എച്ച്.എസിൽ എൽ.പി., യു.പി. വിഭാഗങ്ങൾ ആരംഭിയ്ക്കണം - കാളത്തോട്, നല്ലെങ്കര, മുക്കാട്ടുകര, ജി.എസ്.എൽ.പി. എന്നിവിടങ്ങളിലെ പ്രൈമറി സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യണം. 1,2,3 വാർഡിനടുത്തുള്ള പറവട്ടാനി യു.പി. സ്കൂൾ ഹൈസ്കൂളാക്കി അപ് ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
- വി.വി.എസ്.എച്ച്.എസിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ ITC, ITI മാതൃകയിൽ ആരംഭിക്കുക.
- പോപ്പുലേഷൻ ക്ലബ്ബുകൾ എല്ലാ സ്കൂളുകളിലും തുടങ്ങി പ്രവർത്തനം ആരംഭിയ്ക്കുക.
- കലാ കായിക പ്രോത്സാഹനങ്ങൾക്ക് ആവശ്യമായ കളി സ്ഥലം അടക്കമുള്ള ഒരു പൊതു കേന്ദ്രം ഇവിടെ സ്ഥാപിക്കണം. ഇത് പഞ്ചായത്തിലെ പൊതുമൽസരത്തിനുള്ള (കുട്ടികൾക്ക്) വേദിയായും പൊതുജനങ്ങൾക്കുള്ള പൊതുവേദിയായും ഉപയോഗിക്കാവുന്നതാണ്. പഞ്ചായത്ത് ഓഫീസിനടുത്തുള്ള വിശാലമായ കുളം വൃത്തിയാക്കി നീന്തൽ കുളമാക്കി മാറ്റുകയാണ് എങ്കിൽ വിദ്യാർത്ഥികളുടെ നീന്തൽ പരിശീലനത്തിന് ഉപയോഗിക്കാവുന്നതാണ്.
- കരിയർ ഗൈഡൻസിനും വ്യവസായ സംരംഭകർക്കും വേണ്ടതായ സെമിനാറുകൾ സംഘടിപ്പിക്കുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ്
- പഞ്ചായത്തിൽ ഒരു ഇൻഫർമേഷൻ സെൻറർ ഉടൻ തുറന്ന് പ്രവർത്തിയ്ക്കേണ്ടതാണ്. (ഉയർന്ന വിദ്യാഭ്യാസ സൗകര്യങ്ങൾ, ജോലി സാദ്ധ്യതകൾ കേരളത്തിനകത്തും പുറത്തും വിദേശ രാജ്യങ്ങളിലും ലഭിയ്ക്കാവുന്ന വിവരങ്ങൾ)

- പഞ്ചായത്തിൽ മണ്ണുത്തി സെൻററിൽ ഒരു ക്രഷെ (ശിശുരാലയം) ആരംഭിയ്ക്കേണ്ടതാണ്.
- കുട്ടികൾക്ക് പഠിയ്ക്കാൻ ആവശ്യം വേണ്ട ബുക്ക് ലൻറിങ്ങ് ലൈബ്രറി പഞ്ചായത്തിൽ ഉടൻ ആരംഭിയ്ക്കണം.
- സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായവും സൗജന്യറ്റ്യൂഷനും നൽകാനുള്ള ഏർപ്പാടുകൾ ചെയ്യുക.
- നിരക്ഷരർക്കുവേണ്ടിയുള്ള സാക്ഷരതാ ക്ലാസുകൾ പുനരാരംഭിക്കണം.
- സ്കൂൾ പ്രവർത്തനങ്ങളെല്ലാം പി.ടി.എ. യുടെ നിയന്ത്രണത്തിൽ കൊണ്ടുവരേണ്ടതാണ് (പഠനാന്തരീക്ഷം സൃഷ്ടിക്കുക, പഠന നിലവാരം ഉയർത്തുക, തുടങ്ങിയവ). പി.ടി.എ. എക്സിക്യൂട്ടീവ് ബോഡിയിൽ പഞ്ചായത്തിൻെറ വിദ്യാഭ്യാസ വിദഗ്ദ്ധർ സ്ഥിരം അംഗങ്ങളാകേണ്ടതാണ്.

സംഗ്രഹം

1. പാശ്ചാത്യ മിഷനറിമാർ വിദ്യാഭ്യാസ മേഖലയിൽ വളരെയധികം സംഭാവന നല്കിയിട്ടുണ്ട്.
2. സി.എസ്.ഐ. കൃസ്ത്യൻ സഭാവിഭാഗമാണ് ഒല്ലൂക്കര പഞ്ചായത്തിൽ ആദ്യമായി എൽ.പി. സ്കൂൾ സ്ഥാപിച്ചത് (1886ൽ)
3. ഒല്ലൂക്കര പഞ്ചായത്തിൽ 7 ബാലവാടികൾ,4 പ്രീ പ്രൈമറി സ്കൂളുകൾ, 10 എൽ.പി/ യു.പി./ഹൈ സ്കൂളുകൾ, 7 സാങ്കേതിക വിദ്യാലയങ്ങൾ എന്നിവ ഉണ്ട്. പകുതിയലധികം കുട്ടികളും പട്ടണത്തിലോ, മറ്റു പഞ്ചായത്തുകളിലെ സ്കൂളുകളിലോ പഠിക്കുന്നു. സമാന്തര വിദ്യാലയങ്ങളോ പ്ലസ്ടൂ കോളേജുകളോ ഇല്ല.
4. ഭൗതിക സാഹചര്യം സാമാന്യം തൃപ്തികരമാണ്. കക്കൂസും കുടിവെള്ളവും ഇല്ലാത്ത ഏക സ്കൂൾ ജി.എൽ.പി.എസ്. മുക്കാട്ടുകരയാണ്.
5. എല്ലാ സ്കൂളിലും പി.ടി.എ. പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സജീവമല്ല.
6. പഠന നിലവാരം ഇനിയും ഉയർത്തേണ്ടതുണ്ട്. വിജയശതമാനം 78% ആണ്. എസ്.എസ്. എൽ.സി.യ്ക്ക് 60% കൂടുതൽ മാർക്കു വാങ്ങിയവർ 50ശതമാനത്തിൽ അധികമാണ്. ജില്ലാതലത്തിലു, സംസ്ഥാന തലത്തിലും, ദേശീയ തലത്തിലും അവാർഡ് വാങ്ങിയ വിദ്യാർത്ഥികൾ ഉണ്ട്. സ്കൂൾ കോംപ്ലക്സ് പ്രവർത്തനം ആരംഭിക്കണം. അക്കാദമിക് ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകണം.
7. കായിക രംഗത്ത് നിലവാരം വളരെ കുറവാണ്. മിക്ക സ്കൂളിലും കളിസ്ഥലങ്ങൾ ഇല്ല.
8. അനൗപചാരിക വിദ്യാഭ്യാസത്തിന് ലൈബ്രറികൾ 3 എണ്ണമേയുള്ളൂ.അത് അപര്യാപ്തവുമാണ്.
9. പോപ്പുലേഷൻ ക്ലബ്ബ്, ഇൻഫർമേഷൻ സെൻറർ, കരിയർ ഗൈഡൻസിനുള്ള സെമിനാറുകൾ സംഘടിപ്പിക്കുന്ന സംവിധാനങ്ങൾ, ബുക്ക് ബൈൻറിംഗ് സംവിധാനം, ഈവനിങ്ങ് ക്ലാസുകൾ നടത്തുന്നതിനുള്ള സംവിധാനങ്ങൾ എന്നിവ ഇല്ല.

വിദ്യാഭ്യാസം

ഗ്രാമസഭ നിർദ്ദേശങ്ങൾ

വാർഡ്1

1. ഇവിടത്തെ എല്ലാ വിദ്യാർത്ഥികൾക്കും അടുത്തുള്ള വിദ്യാലയങ്ങളിൽ പ്രവേശനം ലഭിക്കുന്നില്ല.
2. ഈ വാർഡിൽ പുതിയ ഒരു സ്കൂൾ തുടങ്ങണം.
3. പറവട്ടാനിയിലെ സെൻറ് ആൻറണീസ് സ്കൂൾ ഹൈസ്കൂളാക്കി അപ്ഗ്രേഡ് ചെയ്യിക്കുന്നതിന് ഒല്ലൂക്കര പഞ്ചായത്ത് തൃശൂർ മുനിസിപ്പാലിറ്റിയിലും ജില്ലാ പഞ്ചായത്തിലും ആവശ്യമായ സമ്മർദ്ദം ചെലുത്തേണ്ടതാണ്. ഇവിടത്തെ ഭൂരിപക്ഷം കുട്ടികളും സെൻറ് ആൻറണി സ്കൂളിലാണ് പഠിക്കുന്നത്.
4. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ സാമ്പത്തിക സഹായം നല്കണം.
5. പാവപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിന് സൗജന്യ ട്യൂഷൻ സെൻറർ വേണം.
6. സെൻറ് സെബാസ്റ്റ്യൻ സ്കൂളിൻേറയും എൽ.പി.സ്കൂളിൻെറയും, മുമ്പിലുള്ള റോഡിൽ വാഹനങ്ങൾ സ്പീഡു കുറയ്ക്കു

തൊഴിലധിഷ്ഠിത വിദ്യാഭ്യാസം (ITI, ITC തുടങ്ങണം.

3. സി.എം.എസ്.എൽ..പി. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തണം.

4. കലാ-കായിക വാസനകളെ പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്തിന്റെ കീഴിൽ ഒരു സ്റ്റേഡിയവും കൊല്ലം തോറും മത്സരങ്ങൾ സംഘടിപ്പിയ്ക്കേണ്ടതും ആവശ്യമാണ്. എല്ലാ വിഭാഗങ്ങളിൽ നിന്നും വരുന്ന സമ്മാനാർഹരായിട്ടുള്ളവർക്ക് വേണ്ടതായ സാമ്പത്തിക സഹായങ്ങൾ നൽകേണ്ടതും തുടർന്നുള്ള പഠനത്തിനുള്ള സൗകര്യങ്ങളും ചെയ്ത് കൊടുക്കേണ്ടതുമാണ്.

5. പഞ്ചായത്ത് തലത്തിൽ ഒരു കരിയർ ഗൈഡൻസ് ബ്യൂറോ തുടങ്ങണം.

6. പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ നിലവാരം ഉയർത്തുന്നതിനായി പഞ്ചായത്തിൽ നല്ല നിലയിലുള്ള ലൈബ്രറി തുടങ്ങേണ്ടതാണ്. എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടിയ റീഡിങ്ങ് റൂം തുടങ്ങേണ്ടതാണ്. ലൈബ്രറിയിൽ സ്കൂൾ കുട്ടികൾക്കായി സ്കൂൾബുക്ക് ലെൻറിംഗ് സ്കീം തുടങ്ങേണ്ടതാണ്.

7. എല്ലാ സർക്കാർ സ്കൂളുകളിലേയും പി.ടി.എ.കൾക്ക് സ്കൂളിന്റെ പ്രവർത്തനങ്ങളിലും മെയിൻറനൻസ് വിപുലീകരണം തുടങ്ങിയവയിൽ വിപുലമായ അധികാരങ്ങൾ നൽകേണ്ടതാണ്. സ്റ്റാറ്റ്യൂട്ടറി ബോഡിയായ പി.ടി.എ. കൾ എടുക്കുന്ന തീരുമാനങ്ങൾ വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കേണ്ടതാണ്. പഞ്ചായത്തിനും പി.ടി.എ. കളിൽ അർഹമായ പ്രാധിനിത്യംനൽകേണ്ടതാണ്. പഞ്ചായത്തിന്റെ ഫണ്ടിൽനിന്നും ഇവിടത്തെ സ്കൂളുകളുടെ പുനർ നിർമ്മാണത്തിനും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും വേണ്ടതായ സംവിധാനങ്ങൾ ഉണ്ടാക്കുന്നതിന് നല്ലൊരു തുക വക കൊള്ളിയ്ക്കേണ്ടതാണ്.

8. സ്കൂളുകളിലെ അക്രമങ്ങളും സമരങ്ങളും തടയുന്നതിനായി എല്ലാ പി.ടി.എ. കളുടേയും കീഴിൽ ഡിസിപ്ലിനറി കമ്മിറ്റികൾ ഉണ്ടാക്കേണ്ടതാണ്. കമ്മിറ്റികൾക്ക് വിപുലമായ അധികാരങ്ങൾ നല്കുന്നതിന് സർക്കാരിലേക്ക് നിവേദനം നൽകേണ്ടതാണ്.

9. അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും അതിൻ പ്രകാരം എന്തെല്ലാം കാര്യങ്ങൾ ചെയ്യണമോ അതിന് വിദ്യാഭ്യാസ അധികാരികളോട് ആവശ്യപ്പെടുവാനും കൊല്ലം തോറും അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടേയും പ്രവർത്തനങ്ങളെ വിലയിരുത്തി വിദ്യാഭ്യാസ അധികാരികൾക്ക് സമർപ്പിയ്ക്കുന്നതിനുള്ള നിയമപരമായ നിയമനിർമ്മാണങ്ങൾ ഉണ്ടാക്കാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതാണ്.

വാർഡ്9

1. ഒരു നഴ്സറി സ്കൂളും, എൽ.പി.സ്കൂളും, ഹൈസ്കൂളും തുടങ്ങണം. 4 കി.മീറ്റർ. സഞ്ചരിച്ചാണ് സ്കൂളിൽ പോകുന്നത്.

2. യൂണിവേഴ്സിറ്റി സ്കൂളിലും, ഡോൺബോസ്കോ സ്കൂളിലും ഇവിടത്തുകാർക്ക് മുൻഗണന നൽകണം.

3. വി.വി.എസ്.എച്ച്.എസ്. പഞ്ചായത്ത് ഏറ്റെടുത്ത് പുനരുദ്ധരിക്കണം. നിർത്തലാക്കാൻ അനുവദിക്കരുത്. പ്ലസ്ടൂ ആരംഭിയ്ക്കേണ്ടതാണ്.

വാർഡ്-10

1. വി.വി.എസ്.എച്ച്.എസ്. പഞ്ചായത്ത് ഏറ്റെടുത്ത് നവീകരിക്കേണ്ടതും, പുതിയ ഡിവിഷനുകൾ തുടങ്ങുകയും പ്ലസ് ടൂ ആരംഭിയ്ക്കുകയും ചെയ്യണം.

2. ഒരു ശിശുസംരക്ഷണ കേന്ദ്രം ആരംഭിയ്ക്കണം.

3. സാങ്കേതിക വിദ്യാഭ്യാസത്തിന് ഒരു I.T.I സ്ഥാപിക്കണം.

വാർഡ്11

1. ഈ വാർഡിലുള്ള അംഗനവാടി വിപുലീകരിക്കണം.

2. കൈത്തൊഴിൽ പരിശീലനത്തിന് ഒരു സ്ഥാപനം ആരംഭിയ്ക്കണം.

3. സ്കൂളിൽ പോകാത്തവരേയും നിർത്തിയവരേയും കണ്ടെത്തി അവർക്കായി വിദ്യാഭ്യാസ പരിപാടി ആരംഭിയ്ക്കണം. പഠിപ്പിൽ മോശമായവർക്കായി പ്രത്യേക ട്യൂഷൻ പരിപാടി നടപ്പിലാക്കണം.

വാർഡ് 12

1. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങണം.

2. ആൺകുട്ടികൾക്കായി ഹൈസ്കൂൾ തുടങ്ങണം

വാർഡ് 13

1. ബാലവാടി വിപുലീകരിക്കണം

2. പോഷകാഹാര വിതരണ പരിപാടി പി.ടി.എ.യുടെ കീഴിൽ ആക്കി വിപുലീകരിക്കണം.

3. നിലവിലുള്ള സ്കൂളുകളിലെ പ്രവേശനത്തിൽ ഇവിടത്തെ കുട്ടികൾക്ക് മുൻഗണന കൊടുക്കണം.

4. വിദ്യാർത്ഥികൾക്ക് വാർഡടിസ്ഥാനത്തിൽ എല്ലാ തലങ്ങളിലും പ്രോത്സാഹന സമ്മാനങ്ങൾ കൊടുക്കണം.

5. സാക്ഷരതാ തുടർ വിദ്യാഭ്യാസം നടപ്പിലാക്കണം.

6. ബതലഹേം സ്കൂളിന് പാഠ്യേതര വിഷയങ്ങൾക്ക് സാമ്പത്തിക സഹായം നല്കണം. സ്കൂളിന് കളിസ്ഥലമുണ്ടാക്കുന്നതിന് മുൻകൈ എടുക്കണം.

വാർഡ് 14

1. നെല്ലങ്കര എൽ.പി.സ്കൂൾ യു.പി.സ്കൂളാക്കി അപ് ഗ്രേഡ് ചെയ്യണം.

2. പഠനോപകരണങ്ങൾ, സ്കോളർഷിപ്പ് എന്നിവ യ്ക്ക് ഒരു വിദ്യാനിധി രൂപപ്പെടുത്തണം.

3. തൊഴിലധിഷ്ടിത വിദ്യാകേന്ദ്രങ്ങൾ ആരംഭിയ്ക്കണം.



5.6

കുടിവെള്ളവും പൊതുജനാരോഗ്യവും



ഉള്ളടക്കം

കുടിവെള്ളം 129

- നിർദ്ദേശങ്ങൾ 129
- പ്രശ്നങ്ങൾ 130
- സംഗ്രഹം 130

പൊതുജനാരോഗ്യം 131

- പൊതു അവലോകനം 132
- സംഗ്രഹം 135

5 6 കുടിവെള്ളവും പൊതുജനാരോഗ്യവും

അതിരൂക്ഷമായ കുടിനീർക്ഷാമമനുഭവപ്പെടുന്ന ഒരു പഞ്ചായത്താണ് ഒല്ലൂക്കര.ഭൂരിഭാഗം ആളുകളും സ്വന്തം കിണറുകളെ ആശ്രയിക്കുന്നവരാണ്. വരൾച്ചക്കാലത്ത് കുടിനീർക്ഷാമം വളരെ കൂടുതലും,ഇന്ന് നിലവിലുള്ള പൊതു ജലവിതരണ സമ്പ്രദായം തീരെ അപര്യാപ്തവുമാണ്. 45000 ലേറെ ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ 210 പൊതുടാപ്പുകളും 770 ഗാർഹിക കണക്ഷനുകളുമാണുള്ളത്. ഇതിൽ ദിവസത്തിൽ ചുരുങ്ങിയ സമയത്തു മാത്രമെ വെള്ളം ലഭിക്കുന്നുള്ളു. ഈ പഞ്ചായത്തിൽ 5 കുഴൽ കിണറുകൾ സ്ഥാപിച്ചിട്ടുള്ളതിൽ രണ്ടും പ്രവർത്തനരഹിതമാണ്. ഏകദേശം 56000 മീറ്റർ നീളത്തിൽ വിതരണ കുഴലുകൾ ഉണ്ട് , വെറ്ററിനറി കോളേജ് കാമ്പസിലേയ്ക്ക് തൃശൂർ ശുദ്ധജല വിതരണം വഴിവെള്ളം ലഭിക്കുന്നുണ്ട് 1014 അപേക്ഷകർക്ക് ഇനിയും ശുദ്ധജല കണക്ഷൻ നല്കുവാനുണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി.

കുടിജല ക്ഷാമം പരിഗഹരിക്കുന്നനു വേണ്ടി താഴെ പറയുന്ന നിർദ്ദേശങ്ങളാണ് ഗ്രാമസഭകളിൽ നിന്നും ഉണ്ടായത്.

1.തൃശൂർ ശുദ്ധജല വിതരണ പദ്ധതിയിൽ കൂർക്കഞ്ചേരി, അയ്യന്തോൾ, മണലൂർ, കിളളനൂർ, കോലഴി,നടത്തറ,വിൽവട്ടം,അടാട്ട്,അരിമ്പൂർ എന്നീ പഞ്ചായത്തുകളെ ഉൾപ്പെടുത്തിയപ്പോൾഒല്ലൂക്കരയെ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഒല്ലൂക്കര പഞ്ചായത്ത് പ്രദേശത്തെയും മേൽപറഞ്ഞ പദ്ധതിയിൽ ഉൾപ്പെടുത്തി ശുദ്ധ ജല വതരണ വിപുലീകരണം നടത്തുന്നതിനു നടപടികൾ സ്വീകരിക്കണം.

II. മുളയം പമ്പ് ഹൗസിന്റെ ശുദ്ധീകരണശേഷി വിപുലീകരിക്കുകയും അവിടെ കംപ്രസർ സിസ്റ്റം നടപ്പിൽ വരുത്തുകയും,വൈദ്യുതി നിലച്ചാൽ വെള്ളം പമ്പ്ചെയ്യുവാൻ ഒരു ജനറേറ്റർ സ്ഥാപിച്ച് ജനങ്ങൾക്ക് ഉപയുക്തമായ രീതിയിൽ ജലം എത്തിക്കാനുള്ള നടപടികൾ ആവശ്യമാണ്.

III. നിലവിലുള്ള പനഞ്ചകം ചിറ,ആനക്കുളം,പാടുക്കുളം, പാലക്കുളം, അങ്ങാടികികുളം, പാറക്കുളം, വലിയകുളം, മുതലായ പഞ്ചായത്തിലുള്ള കുളങ്ങളുടെ വിപുലീകരണം നടത്തി ശുദ്ധജല വിതരണ ശൃംഗലയുടെ പരിധി വർദ്ധിപ്പിക്കണം. പഞ്ചായത്തിൽ നിലവിലുള്ള എല്ലാ പൊതു കിണറുകളുംവൃത്തിയാക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ ചെയ്യണം.

IV. ഉയർന്ന പ്രദേശങ്ങളായ പട്ടാളക്കുന്ന്, ഹിൽപാടി, മുതലായ പ്രദേശങ്ങളിൽ ജലം എത്തിക്കുന്നതിനു വേണ്ടി ജന സംഭരണികൾ സ്ഥാപിച്ച് ജലവിതരണം പദ്ധതി ആവിഷ്കരിക്കണം.

V.വരൾച്ച അനുഭവപ്പെടുന്ന മാസങ്ങളിൽ പീച്ചിയിലെ ജലം പഞ്ചായത്തിലെ കനാലുകളിൽ (ഒല്ലൂക്കര നെട്ടിശ്ശേരി) കൂടി വിട്ട് ഒരു പരിധിവരെ കുടിനീർ ക്ഷാമം പരിഹരിക്കുന്നതിനുള്ള മാർഗ്ഗം അവലംബിക്കണം.

VI.ഈ പഞ്ചായത്തിലെ വാട്ടർ കണക്ഷനു വേണ്ടി അപേക്ഷിച്ചു കാത്തിരിക്കുന്നവർ കഴിവതും വേഗം കണക്ഷനുകൾ നൽകുവാ വേണ്ട മേൽ നടപ്പപടികൾ സ്വീകരിക്കണം.

VII. ശുദ്ധ ജല പിരശോധനയ്ക്കുവേണ്ടി കാലങ്ങളിൽ നടത്തി വരാറുള്ള പരിശോധനാക്രമങ്ങൾ വിട്ടുവീഴ്ചയില്ലാതെ നടത്തി ജല വിതരണം കാര്യക്ഷമമാക്കാം.

VIII. ഹിൽ പാടി,കൂട്ടാല തുടങ്ങിയ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമ പരിഹാരത്തിനായി ആ ഭാഗത്തെ പുഴയിൽ സ്ഥിരം

തടയണ കെട്ടി വെള്ളം ലിഫ്റ്റ് ജലസേചന പദ്ധതി പ്രകാരം നിലവിലുള്ള ഇറിഗേഷൻ കനാലുകളിൽ വിട്ട് കുടിവെള്ളം ക്ഷാമം പരിഹരിക്കാം ഒരളവു വരെ കൃഷിയ്ക്കും ഇത് ഉപയുക്തമാക്കാം.

IX. പീച്ചി കുടിവെള്ളം ലഭിക്കുന്ന സമയത്ത് പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്ത് ആ വെള്ളം കൊടുക്കുകയും പഞ്ചായത്തിന്റെ കിഴക്ക് ഭാഗത്തുള്ളവർക്ക് മുളയം പമ്പ് ഹൗസിൽ നിന്നു വെള്ളം ലഭിക്കുന്നതിനായി മണ്ണൂത്തി ഭാഗത്ത് ഒരു ഓവർഹെഡ് ടാങ്ക് നിർമ്മിച്ച് ആ പ്രദേശങ്ങളിൽ കൂടി വെള്ളം എത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

X. പഞ്ചായത്ത് വക കല്ല്യാണ മണ്ഡപത്തിന് സ്ഥിരമായ സംവിധാനം ഏർപ്പെടുത്തുക. പുളിപ്പറമ്പ് ഭാഗത്തുള്ള കുടിവെള്ളക്ഷാമം പരിഹാരിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക.

XI. നിലവിലുള്ള മുളയം പമ്പ് ഹൗസിനോടനുബന്ധിച്ച് ലഭിക്കുന്ന സർക്കാർ ഭൂമി ഉപയോഗിച്ച് അവിടെ ആധുനിക രീതിയിൽ ഒരു പമ്പ് ഹൗസ് സ്ഥാപിച്ച് ജലവിതരണം നടത്തുകയാണെങ്കിൽ ഒല്ലൂക്കര പഞ്ചായത്തിനു മാത്രമല്ല സമീപ പഞ്ചായത്തുകളായ നടത്തറ, പാണഞ്ചേരി എന്നീ പഞ്ചായത്തുകളുടെയും കുടിവെള്ള ക്ഷാമം ഒരു പരിധിവരെ പരിഹരിക്കാം പുഴ വെള്ളം സുലഭമായി ലഭിക്കുന്നതിനുവേണ്ടി പണ്ടാരച്ചിറയിൽ സ്ഥിരമായി ബണ്ട് സ്ഥാപിക്കണം.

XII. പ്രത്യേകം പറയുന്ന സ്ഥനങ്ങളിൽ പൊതു വിതരണ ടാപ്പുകൾ സ്ഥാപിച്ച് ശുദ്ധ ജല ലഭ്യത ഉറപ്പു വരുത്തുക.

ഐശ്വര്യ നഗർ, പ്രിയദർശിനി നഗർ, മദ്രസ വഴി പാക്സ് സ്ട്രീറ്റ്,ഹൈലാൻറ് നഗർ, വിൽപ്പി നഗർ മിനി സ്ട്രീറ്റ്, കുന്നത്തും കര, ചക്കാലത്തറ എന്നിവടങ്ങളിൽ ഓരോ ടാപ്പ് സ്ഥാപിക്കുക.

ജീസസ് ലൈൻ, ചക്കാലത്തറ, കുറ്റിച്ചിറ റോഡ് പ്രദേശങ്ങൾ കുരിഞ്ഞടം, പോപ്പ് നഗർ, മുളയം ജംഗ്ഷൻ, കൂട്ടാല, ഹിൽപാടി മണ്ണൂത്തി പോസ്റ്റ് ഓഫീസ് പരിസരം, സർവ്വീസ് സഹകരണ ബാങ്ക് പരിസരം, മുക്കാട്ടുക്കര മാടക്കത്തറ വഴി എന്നിവിടങ്ങളിൽ 2 ടാപ്പുകൾ വീതം സ്ഥാപിക്കുക.

9-ാം വാർഡിൽ റിക്രിയേഷൻ സെൻറിന്റെ മുകളിലുള്ള കനാൽ ഭാഗത്ത് പൈപ്പ് കണക്ഷൻ പടിഞ്ഞാറോട്ട് നീട്ടി ഒരു ടാപ്പ് സ്ഥാപിക്കണം മണ്ണൂത്തി കത്തോലിക്കാപള്ളി, സർക്കാർ ഫാമിന്റെ അടുത്തുള്ള വെള്ളം ,പ്ലാവളപ്പു കോളനി, ആറാങ്ങാടി, ചിരടം, അഞ്ചങ്ങാടിപ്പറമ്പ്, നല്ലങ്കര L P സ്കൂൾ പരിസരം എന്നിവടങ്ങളിൽ പൊതുടാപ്പുകൾ സ്ഥാപിക്കുക

പട്ടാളക്കുന്നിൽ 4 ടാപ്പ് സ്ഥാപിക്കുക.

സംഗ്രഹം

1. ഒല്ലൂക്കര പഞ്ചായത്ത് അതിരൂക്ഷമായ കുടിനീർ ക്ഷാമം അനുഭവപ്പെടുന്ന ഒരു പഞ്ചായത്താണ്. ജനങ്ങൾ കൂടുതലായും സ്വന്തം കിണറുകളെയാണ് ആശ്രയിച്ചു വരുന്നത്. ഇന്നു നിലവിലുള്ള പൊതു ജല വിതരണ സമ്പ്രദായം തീരെ അപര്യാപ്തമാണ്.

2. ഈ പഞ്ചായത്തിൽ 210 പൊതുടാപ്പുകളും,770 ഗാർഹിക കണക്ഷനുകളും ഉണ്ട്. മൂന്ന് കുഴൽ കിണറുകളിൽ രണ്ടണ്ണം പ്രവർത്തന രഹിതമാണ്. 1014 അപേക്ഷകർക്ക് ഇനിയും കണക്ഷൻ നൽകുവാനുണ്ട്.

3.കേരള കാർഷിക സർവ്വകലാശാലയ്ക്കും, വെറ്ററിനറി കോളേജ് കാമ്പസ്സിലേയ്ക്കും തൃശൂർ ശുദ്ധജല വിതരണം വഴി വെള്ളം ലഭ്യമാക്കുന്നുണ്ട്.

4. ഈ പഞ്ചായത്തിലെ ശുദ്ധജല ക്ഷാമം പരിഹരിക്കുന്നതിന് പല നിർദ്ദേശങ്ങളും ഗ്രാമ സഭ നൽകിട്ടുണ്ട്.

പൊതുജനാരോഗ്യം

മുഖവുര

പ്രാഥമികാരോഗ്യകേന്ദ്രത്തിലെ 1995ലെ രജിസ്റ്റർ രേഖകളം പ്രകാരം ഒല്ലൂക്കര പഞ്ചായത്തിലെ ജനസംഖ്യ 45450 ഉം, അതിൽ ഉല്പദന ശേഷിയുള്ള (Eligible Couples between 18 to 45) ദമ്പതികളം 5916 ഉം ആണ്. ഇവരിൽ 87 പുരുഷന്മാരും 3056 സ്ത്രീകളും ശാശ്വത കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ചിട്ടുള്ളവരാണ്. ഈ പഞ്ചായത്തിലെ ജനങ്ങളം വിദ്യാഭ്യാസത്തിൽ മുന്നിട്ടു നിൽക്കുന്നവർ ആയതിനാൽ ജനസംഖ്യാവർദ്ധനവ് കേരള സംസ്ഥാന ശരാശരിയേക്കാളം കുറവാണ് (ജനന നിരക്ക് 13%). അതുപോലെത്തന്നെ മരണനിരക്കും കുറവാണ്. ശിശുമരണനിരക്കും മാതൃമരണനിരക്കുംവളരെ കുറവുതന്നെ. പേഷകക്കുറവ് മൂലമുണ്ടാകുന്ന രോഗികളം ആരും തന്നെയില്ല. പകർച്ചവ്യാധി സംബന്ധമായ അസുഖങ്ങളും കാര്യമായിട്ടില്ല.

പൊതു അവലോകനം

ഈ പഞ്ചായത്തിൽ 1974 -ൽ ഒരു ഗ്രാമീണ ഡിസ്പൻസറി ആരംഭിച്ചത് 1986 ൽ പ്രാഥമികാരോഗ്യ കേന്ദ്രമായി വളർച്ച പ്രാപിച്ചു. ആരോഗ്യ കേന്ദ്രത്തിലെ സേവക മനുഷ്യശേഷി താഴെ നൽകിയ പ്രകാരണാണ്.

ഇപ്പോളം 5 സബ്സെൻററുകളിലായി 8ജൂനിയർ പബ്ളിക്ക് ഹെൽത്ത് നഴ്സുമാർ ജോലി ചെയ്യുന്നുണ്ട്. ഇവയിൽ രണ്ടെണ്ണം സർക്കാർ വക കെട്ടിടങ്ങളിലും മൂന്നെണ്ണം വാടകകെട്ടിടങ്ങളിലും സ്ഥിതിചെയ്യുന്നു. മൂന്നെണ്ണം മറ്റുള്ള സബ്സെൻററിനോട് ചേർന്ന് പ്രവർത്തിച്ചുവരുന്നു. ഈ പ്രാഥമിക ആരോഗ്യകേന്ദ്രം വെള്ളാനിക്കര ബ്ലോക്ക് പ്രൈമറിഹെൽത്ത് സെൻററിൻെറ സഹകരണത്തോടുകൂടി ഈ പഞ്ചായത്തിലെ പൊതുജന ആരോഗ്യ പ്രവർത്തനങ്ങളിൽ വ്യാപൃതമാണ്.

പഞ്ചായത്തിൽ പൊതുവെ കുട്ടികളുടെ ആരോഗ്യനില തൃപ്തികരമാണ്. അഞ്ച് വയസ്സിൽ താഴെയുള്ള 2203 കുട്ടികളും, ഒരു വയസ്സിന് താഴെയുള്ള 439 കുട്ടികളും ഉണ്ട്. ഇവർക്കെല്ലാം മാരകമായ രോഗങ്ങൾക്ക് പ്രതിരോധ കുത്തിവെയ്പുകളം സമയാസമയങ്ങളിൽ നടത്തിയിട്ടുള്ളതുമാണ്. ഇവരിൽ ഒരു വയസ്സിനു താഴെയുള്ളവർ 220 ആൺകുട്ടികളും 219 പെൺകുട്ടികളുമാണ്.കഴിഞ്ഞവർഷം (1995) ശിശുമരണം വെറും രണ്ടെണ്ണം മാത്രമാണ്. കൂടാതെ 620 ഗർഭിണികളം പേര് രജിസ്റ്റർ ചെയ്ത് ഗർഭശുശ്രൂഷ നടത്തിയിട്ടുണ്ട്. പഞ്ചായത്ത് തൃശ്ശൂർ പട്ടണത്തിൻെറ സമീപമായതിനാൽ അധിക പ്രസവങ്ങളും അടുത്തുള്ള ആശുപത്രികളിൽ നടന്നുവരുന്നു.

ഈ പഞ്ചായത്തിൽ ഒരു അംഗനവാടി ഉണ്ട്. നർസറി വിദ്യാലയങ്ങളം നല്ലരീതിയിൽ



പ്രവർത്തിച്ചുവരുന്നുണ്ട്. അവിടെ പി.എച്ച്.സി. യിലെ ഡോക്ടർമാരുടെ സേവനവും ലഭ്യമാണ്. അവിടങ്ങളിൽ എല്ലാ പ്രാഥമികാരോഗ്യ പരിശോധന നടത്തി, വേണ്ട പ്രതിരോധനടപടികളും എടുക്കാറും ഉണ്ട്.

പരമ്പരാഗത വൈദ്യൻമാർ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഒരു വിഷവൈദ്യശാല ഉണ്ടായിരുന്നു. വൈദ്യർ ശ്രീ. എം.ഒ. അന്തപ്പന്റെ മരണം മൂലം അത് പ്രവർത്തനരഹിതമായി. പരമ്പരാഗത ബാലചികിത്സകനും ഉണ്ട്.

പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ദാനമായ ഉപസെന്ററുകൾക്ക് അതാത് ആസ്ഥാനങ്ങളിൽസ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് അത്യാവശ്യമാണ്.

രണ്ടാംവാർഡിലെ MAR ആശുപത്രിയിൽ നിന്നും രോഗികളുടെയും, മറ്റും മാലിന്യങ്ങൾ അനാഥാശാല റോഡിലേക്കും, NH റോഡിലേക്കും തുറന്ന് വിട്ട് പരിസരമലിനീകരണമുണ്ടാക്കുന്ന സ്ഥിരം ഏർപ്പാട് നിർത്തൽ ചെയ്യുന്നതിനും, പ്രസ്തുത ആശുപത്രിയിൽ അഴുക്കുചാല് ശരിയായുംവണ്ണം പ്രവർത്തിപ്പിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങളും, അവ കൃത്യമായി പരിപാലിക്കുന്നതിന് സംവിധാനവും വേണം. കൂടാതെ സാനിറ്റേഷൻ സർട്ടിഫിക്കറ്റ്ഇല്ലാത്ത ആശുപത്രികളുടെ പ്രവർത്തനം നിർത്തലാക്കുന്നതിന് വേണ്ട നിയമനടപടികളും അത്യാവശ്യമാണ്.

1. പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ പ്രശ്നങ്ങളും, പരിഹാരമാർഗ്ഗങ്ങളും:

ഇപ്പോൾ പ്രവർത്തിക്കുന്ന ആരോഗ്യകേന്ദ്രത്തിന്റെ അറ്റകുറ്റ പണികൾ നടത്തണം. ഇംപേഷ്യന്റ് വാർഡിന്റെ പണിപൂർത്തീകരിക്കണം. ആരോഗ്യകേന്ദ്രത്തിലെ ശുദ്ധജല ദൗർലഭ്യം പരിഹരിക്കണം. എട്ട് ഉപകേന്ദ്രങ്ങളിൽ ഇപ്പോൾ 4 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ തസ്തികകൾ മാത്രമെ അനുവദിച്ചിട്ടുള്ളൂ, അയ്യായിരം ജനങ്ങൾക്ക് ഒരുപകേന്ദ്രം എന്ന അടിസ്ഥാനത്തിൽ ജൂനിയർ ഇൻസ്പെക്ടർമാരെ നിയമിച്ച് സേവനം തൃപ്തികരമാക്കണം. പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ ചുറ്റുമതിൽ നിർമ്മിച്ച് സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതാണ്. ആരോഗ്യകേന്ദ്രത്തിൽ രോഗികളെകിടത്തി ചികിത്സിക്കേണ്ട സാഹചര്യത്തിൽ ഡോക്ടർക്കും, മറ്റ് ജീവനക്കാർക്കും താമസസൗകര്യങ്ങൾ ലഭ്യമാക്കണം.

2. ആയുർവേദ ആശുപത്രി

പഞ്ചായത്തിൽ ഒരു ആയുർവേദ ആശുപത്രി തുടങ്ങേണ്ടതാണ്. ഈ ബ്ലോക്കിന്റെ സമീപ പഞ്ചായത്തുകളിലെല്ലാം ആയുർവേദസ്ഥാപനങ്ങൾ ഉണ്ട്. ഇത് പരിഗണിച്ച് പഞ്ചായത്ത് സജ്ജമാക്കിയിട്ടുള്ള ആശുപത്രി സൗകര്യങ്ങൾ സർക്കാരിന്റെ അനുമതി തേടി ജനങ്ങൾക്ക് അടിയന്തിരമായി ലഭ്യമാക്കണം.

3. ഹോമിയോ ആശുപത്രി

പഞ്ചായത്തിൽ സൗജന്യ ഹോമിയോചികിത്സാ കേന്ദ്രം തുടങ്ങണം.

4. അഴുക്കുചാലുകൾ

പഞ്ചായത്തിലെ അഴുക്കചാൽ സംവിധാനം വിപുലീകരണം നടത്തി പ്രവർത്തക്ഷമതയുള്ളതാക്കണം.

- പ്രിയദർശിനി നഗറിലെ അഴുക്കചാൽ നന്നാക്കണം.

- മുൻസിപ്പൽ പ്രദേശത്തുനിന്നും നസ്രത്ത് അങ്ങാടിയിലേക്ക് ഒഴുകുന്ന മലിനജലം തടയണം.

- നെല്ലിക്കുന്ന് പ്രദേശത്ത് സ്ഥിരം അഴുക്കുചാൽ സംവിധാനം ഏർപ്പെടുത്തണം.

- പഞ്ചായത്തുവക കല്ല്യാണമണ്ഡപത്തിൽ നിന്നും ഒഴുകിവരുന്ന മലിനജല നിർമ്മാർജ്ജനത്തിന് നടപടികൾ സ്വീകരിക്കണം.

- മഹാത്മാ സ്ട്രീറ്റിലെ അഴുക്കുചാൽ പ്രവർത്തനക്ഷമമാക്കണം.

- ബ്രദേഴ്സ് ലൈൻ അഴുക്കുചാൽ നന്നാക്കണം.

- ചക്കാലത്ത് റോഡിൽ മലിനജലം ഒഴുകിപോകാൻ സംവിധാനം വേണം.

- പട്ടാളക്കുന്നു പ്രദേശത്ത് സ്ഥിരം അഴുക്ക് ചാൽ സംവിധാനം ഏർപ്പെടുത്തുക.

- സുഭാഷ് നഗറിലെ ഡ്രൈനേജ് സംവിധാനം പരിഷ്ത്തരിക്കണം.

- പി.ഡബ്ലി.യു.ഡി പഴയറോഡ് സൈഡിലുള്ള ചാല് വൃത്തിയാക്കുകയും (വാർഡ് 10), കാലാകാലങ്ങളിൽ കാനകൾവൃത്തിയാക്കി പരിസരവാസികൾക്ക് ഉപയുക്തമാക്കുകയും, വി.വി. എസ്സ് ഹൈസ്ക്കൂളിന്റെ പുറക്വശത്തെ കാട്

വൃത്തിയാക്കുകയും ചെയ്യുക.

- 11-ാം വാർഡിലെ കച്ചവട സ്ഥാപനങ്ങളുടെ സമീപം നിലവിലുള്ള ഓടകളും വൃത്തിയാക്കുക, കാർപേട്ട ഓടകളും വൃത്തിയാക്കുക

- 12 ഉം 13 ഉം വാർഡുകളിൽ ആവശ്യമായ സ്ഥലങ്ങളിൽ ഡ്രെയിനേജ് വ്യവസ്ഥ ഉറപ്പുവരുത്തുക.

- നല്ലങ്കര ആലിന് സമീപമുള്ള ഡ്രെയിനേജ് വ്യവസ്ഥ പരിഷ്ക്കരിക്കുക.

- രണ്ടാംവാർഡിലെ ലക്ഷംവീട് കോളനിയിൽ സ്ഥിരം അഴുക്കുചാൽ സംവിധാനം ഏർപ്പെടുത്തുക.

ചപ്പുചവറുകളുടെ നിർമ്മാർജ്ജനം

പഞ്ചായത്തിൽ ചുരുങ്ങിയ സ്ഥലങ്ങളിൽ മാത്രമേ ഇത് പ്രവർത്തിച്ചുകാണുന്നുള്ളു. പീടികകളിൽ നിന്ന് വന്നടിയുന്ന ചപ്പുചവറുകളും മറ്റും ശേഖരിച്ച് നശിപ്പിക്കുന്നതിന് വേണ്ടമേൽ നടപടികളും എല്ലാപഞ്ചായത്തുഭാഗങ്ങളിലും സ്വീകരിക്കണം. സാധിക്കുമെങ്കിൽഒരു " സാനിട്ടറി ലാൻറ് ഫിൻ " പ്രവർത്തിക്കുന്നത് അഭികാമ്യമാണ്.

ഹിദായത്തുള്ള നഗറിൽ ചപ്പുചവറു ശേഖരണത്തിന് ഒരു കുട്ട (റബ്ബിഷ്ബിൻ) സ്ഥാപിച്ച് അവിടന്ന് ശേഖരണ നിർമ്മാർജ്ജനത്തിന് നടപടിയെടുക്കുക.

ചുങ്കം സെൻറർ, കൃഷ്ണപുരം കവല, പോപ്പ്നഗർ, മണ്ണുത്തി സെൻറിലെ പ്രധാന കവലകളും എന്നിവിടങ്ങളിൽ കുപ്പത്തൊട്ടികളും സ്ഥാപിക്കണം.

ആധുനിക അറവുശാല

പഞ്ചായത്തിൽ കഴിവതും വേഗം ഒരു ആധുനിക അറവുശാല പ്രവർത്തിപ്പിക്കേണ്ടതാണ്. പരിസരമലിനീകരണത്തിനും മറ്റും ഇടയാക്കുന്ന രീതിയിൽ അങ്ങിങ്ങായി പഞ്ചായത്തിൽവളരെ അപരിഷ്കൃതമായി നടത്തുന്ന അറവും അതിനോടനുബന്ധിച്ചുള്ള പ്രവർത്തനവും നിയമം മൂലം നിരോധിക്കേണ്ടതാണ്. അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി മാംസസംസ്ക്കരണ വകുപ്പിൻെറ അറവുശാലാപ്രവർത്തനം പഞ്ചായത്തിനു കൂടി ഉപയുക്തമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കാവുന്നതാണ്.

ചന്ത

ആധുനികരീതിയിൽ ഉള്ളതും എല്ലാപ്രാഥമിക സൗകര്യങ്ങളോടുകൂടിയതുമായ ഒരു മാർക്കറ്റ് സമുച്ചയം കഴിവതും വേഗം പഞ്ചായത്തിൽ തുടങ്ങേണ്ടതാണ്. പ്രത്യേകിച്ച് റോഡ് വക്കിലുള്ള മത്സ്യമാംസ കച്ചവടങ്ങളും ഒഴിവാക്കാൻ വേണ്ട മേൽനടപടികളും സ്വീകരിക്കണം.

നെല്ലിക്കുന്ന് സെൻറിലെ നിലവിലുള്ള മാർക്കറ്റ് പുനഃസ്ഥാപിക്കണം.

പൊതുശ്മശാനം

ഇന്ന് നിലവിലുള്ളതും പട്ടാളകുന്നു ഭാഗത്ത് സ്ഥിതിചെയ്യുന്ന പൊതുശ്മശാനം വേണ്ടരീതിയിൽ സംരക്ഷിക്കേണ്ടതാണ്. കൂടാതെ ആധുനികരീതിയിലുള്ള ഒരു വൈദ്യുതശ്മശാനം സ്ഥാപിച്ച് പ്രവർത്തിപ്പിക്കേണ്ടതാണ്. ഇപ്പോഴുള്ള ശ്മശാനത്തിൻെറ പോരായ്മകളും പരിഹരിക്കേണ്ടതാണ്.

കൂടാതെ ഒന്നാംവാർഡിൽ ജീസസ് നഗറിലുള്ള ശ്മശാനത്തിന് വേണ്ട ചുറ്റുമതിലും മറ്റും നിർമ്മിച്ച് പരിസരവാസികളുടെ പരാതി പരിഹരിക്കേണ്ടതാണ്.

ആരോഗ്യ വിദ്യാഭ്യാസം

ജനങ്ങളുടെ പ്രാഥമികമായിട്ടുള്ള ആരോഗ്യവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ആരോഗ്യ വിദ്യാഭ്യാസ സെമിനാറുകളും പൊതുചർച്ചാക്ലാസുകളും എല്ലാവാർഡുകളിലും സംഘടിപ്പിക്കാൻ വേണ്ട നടപടികളും സ്വീകരിക്കുക.

കക്കൂസുകൾ

പഞ്ചായത്തിലെ 75% വീടുകളിലും സാനിട്ടറികക്കൂസുകളും നിലവിലുള്ളതാണ്. എന്നാൽ ദാരിദ്ര്യരേഖയിൽ താഴെനിൽക്കുന്നവർക്ക് സാനിട്ടറി കക്കുസുകളും നിർമ്മിക്കുന്നതിനുവേണ്ട സാമ്പത്തിക സഹായങ്ങളും ചെയ്യേണ്ടതാണ്. സബ്സിഡി അടിസ്ഥാനത്തിൽ നിർമ്മിത സാനിട്ടറി സെഫ്ടിക് ടാങ്കുകളും ദരിദ്രവിഭാഗങ്ങൾക്ക് നൽകുകയും കക്കൂസുകളുടെ നിർമ്മാണോപയോഗങ്ങളും ഉറപ്പുവരുത്തുകയും ചെയ്യണം.

ലക്ഷംവീട് പോലുള്ള കോളനികളിൽ കക്കൂസുകൾക്ക് പൊതു സെഫ്ടി ടാങ്ക് നിർമ്മിച്ചുനൽകുന്ന പരിപാടി ആവിഷ്ക്കരിക്കണം.

പബ്ലിക് കുളിമുറിയും കക്കൂസും

മണ്ണുത്തി സെൻററിനുസമീപം ഷോപ്പിംഗ് കോപ്ലക്സിനുകിഴക്കുവശം കംഫർട്ട് സ്റ്റേഷൻ പ്രവർത്തിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം.

ചായക്കട, ബേക്കറി, റെസ്റ്റോറൻറ് ഇവയുടെ ശുചിത്വം

ഈ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കാലാകാലങ്ങളിൽ നിർബ്ബന്ധിത വൈദ്യപരിശോധനനടത്തി സർട്ടിഫിക്കറ്റുകൾ നൽകുകയും അവഹാജരാക്കീയാൽ മാത്രമെ ലൈസൻസ് പുതുക്കിനൽകേണ്ടതുള്ളു എന്ന് ഉറപ്പുവരുത്തുകയുംചെയ്യണം. ഹോട്ടൽ, ബേക്കറികളിൽനിന്നും മറ്റും നിർഗമിക്കുന്ന പുകയും മാലിന്യങ്ങളും ഉണ്ടാക്കുന്ന പരിസരമലിനീകരണം നിയന്ത്രിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണം.

പൊതുവിതരണത്തിനെത്തുന്ന പാനീയ നിർമ്മാണ സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന ജലം ക്രമമായി പരിശോധനയ്ക്ക് വിധേയമാക്കി സാക്ഷിപത്രം ഹാജരാക്കുവാനുള്ള നടപടികൾ സ്വീകരിക്കണം. പഞ്ചായത്തിൽ നിലവിലുള്ള ഇത്തിരിച്ചുള സമീപവാസികൾക്ക് ബുദ്ധിമുട്ടില്ലാത്തരീതിയിൽ പരിഷ്ക്കരിക്കേണ്ടതും മേലിൽ ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് അനുമതികൊടുക്കുന്നതിന് മുൻപ് സാനിട്ടറി സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമെ ലൈസൻസ് കൊടുക്കാവൂ എന്ന തീരുമാനം പ്രാവർത്തികമാക്കുകയും ചെയ്യേണ്ടതാണ്.

പേവിഷബാധ

പേവിഷബാധ നിയന്ത്രിക്കുന്നതിന് അലഞ്ഞുതിരിഞ്ഞ് നടക്കുന്ന നായ്ക്കളെ പിടിച്ചു കൊല്ലുകയും വീടുകളിൽ നായ്ക്കളെ വളർത്തുന്നതിന് പ്രത്യേകലൈസൻസ് ഏർപ്പെടുത്തേണ്ടതുമാണ്.

ഡെങ്കിപനി, മലേറിയ, മന്ത് മുതലായ മാരകരോഗങ്ങൾ ഉണ്ടാക്കുന്നതായ കൊതുകുകളെ നശിപ്പിക്കുന്നതിനായി കൊതുകുനിർമ്മാർജ്ജന പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതാണ്.

സിനിമാശാലശുചിത്വം

പഞ്ചായത്തിലുള്ള സിനിമാശാലകൾക്കു വേണ്ട പ്രാഥമികശുചിത്വ പരിപാലന നിയമങ്ങൾ കർശനമായി നടപ്പിൽ വരുത്തേണ്ടതും അവയുടെ സ്ഥലപരിമിതി നിർണ്ണയിച്ച് അവക്ക് മേലിൽ ലൈസൻസ് കൊടുക്കുന്നതിനുള്ള നിയമനിർമ്മാണം ചെയ്ത് പൊതുജന പരാതികൾ ഒഴിവാക്കേണ്ടതാണ്.

എയ്ഡ്സ്രോഗനിവാരണമാർഗ്ഗങ്ങൾ

ആധുനിക വൈദ്യശാസ്ത്രത്തിനു വെല്ലുവിളിയും, പൊതുജനങ്ങൾക്ക് ഭയവും ആശങ്കയും വളർത്തുന്ന എയ്ഡ്സ് എന്ന മാരകരോഗം പകരുന്നത് തടയുന്നതിനുവേണ്ട നടപടികളും ആ രോഗത്തെക്കുറിച്ചുള്ള ബോധവത്ക്കരണവും രോഗബാധിതരുടെ ശവസംസ്ക്കാരം ഏറ്റവും യുക്തമായ രീതിയിൽ നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം.

സാധുജനസംരക്ഷണം

നിർധനരായ രോഗികൾക്ക് ധനസഹായം നൽകുന്നതിലേക്ക് ഒരു പ്രത്യേക ധനസഹായ നിധി രൂപവത്ക്കരിക്കേണ്ടതാണ്.

സാമൂഹ്യക്ഷേമവകുപ്പിൻെറ കീഴിലുള്ള സമഗ്രശിശുസംരക്ഷണ പദ്ധതി പ്രവർത്തനം ഈബ്ലോക്കിൽ ആരംഭിക്കുന്നതിനു വേണ്ടുന്ന സത്വരനടപടികൾ സ്വീകരിക്കുകയും പഞ്ചായത്തും ബ്ലോക്കും ജില്ലാഭരണാധികാരികളും ഇക്കാര്യത്തിൽ ചർച്ചകൾ നടത്തി കഴിവതുംവേഗത്തിൽ മാതൃശിശു സംരക്ഷണത്തിന് മുൻഗണന നൽകുമാറുള്ള പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കേണ്ടതുമാണ്. മേൽവിവരിച്ചവയ്ക്ക് ശാശ്വതമായതും സുഗമവുമായ പരിപാടികൾ ആവിഷ്ക്കരിച്ച് വിജയിപ്പിക്കുകയും വേണം.

വയോജന ആരോഗ്യ കേന്ദ്രം

പഞ്ചായത്തിലെ പ്രായാധിക്യമുള്ള ജനവിഭാഗങ്ങൾക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഒരു വയോജന ആരോഗ്യകേന്ദ്രം സ്ഥാപിക്കേണ്ടതും അവരുടെ ശാരീരിക മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ കേന്ദ്രം പ്രയോജനപ്പെടുത്തുകയും വേണം.

സംഗ്രഹം

1. ഒല്ലൂക്കരപഞ്ചായത്തിൽ ജനസംഖ്യ 45450 ആണ്. ഇതിൽ ഉല്പാദനശേഷിയുള്ള ദമ്പതികൾ 5916 ആണ്. ഇവരിൽ 87 പുരുഷൻമാരും 3056 സ്ത്രീകളും സ്ഥിരം കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ചിട്ടുണ്ട്.

2. ജനസംഖ്യാവർദ്ധന സംസ്ഥാനശരാശരിയേക്കാൾ കുറവാണ്. അതുപോലെ തന്നെ മരണനിരക്കും കുറവാണ്. ശിശുമരണനിരക്കും മാതൃമരണനിരക്കും വളരെകുറവാണ്.

3. പോഷക ആഹാരകുറവുണ്ടായിക്കാണുന്ന രോഗികളില്ല. പകർച്ചവ്യാധി സംബന്ധിച്ച അസുഖങ്ങളും കാര്യമായിട്ടില്ല.

4. 1974 ൽ ഒരു ഗ്രാമീണ ഡിസ്പൻസറി ആരംഭിച്ച് 1986 ൽ അതിനെ പ്രാഥമികാരോഗ്യ കേന്ദ്രമാക്കി ഉയർത്തി. ഇപ്പോൾ 5 സബ്ബ് സെൻറുകളിലായി എട്ട് ജൂനിയർ നർസുമാർ ജോലി ചെയ്യുന്നുണ്ട്. ഇവയിൽ രണ്ടെണ്ണം സർക്കാർ കെട്ടിടത്തിലും മൂന്നെണ്ണം വാടകകെട്ടിടത്തിലും പ്രവർത്തിക്കുന്നു. ഈ പ്രാഥമിക ആരോഗ്യകേന്ദ്രം വെള്ളാനിക്കരബ്ലോക്ക് പ്രാഥമികാരോഗ്യ കേന്ദ്രവുമായി സഹകരിച്ച് പ്രവർത്തിക്കുന്നു.

5. പഞ്ചായത്തിൽ പൊതുവെ കുട്ടികളുടെ ആരോഗ്യനില തൃപ്തികരമാണ്. അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികൾ 2203 ഉം, ഒരു വയസ്സിൽ താഴെയുള്ള കുട്ടികൾ 439 ഉം ആണ്. പ്രതിരോധ കുത്തിവെയ്പ്പുകൾ യഥാസമയം നടത്താറുണ്ട്.

6. കഴിഞ്ഞവർഷം (1995) ശിശുമരണം ആകെ രണ്ട് മാത്രമാണ്.

7. ഒരു അംഗനവാടി പ്രവർത്തിക്കുന്നു. നർസറി സ്ക്കൂളുകൾ നല്ലരിതിയിൽ പ്രവർത്തിച്ചുവരുന്നു. അവിടെയും ഹെൽത്ത് സെൻറിൻെറ സേവനം ലഭ്യമാക്കാറുണ്ട്.

8. പരമ്പരാഗത വൈദ്യന്മാർ പ്രവർത്തിക്കുന്നുണ്ട്. പരമ്പരാഗത ബാലചികിത്സയും ഉണ്ട്.ഒരു വിഷവൈദ്യശാലയുണ്ടായിരുന്നത് വൈദ്യരുടെ മരണംമൂലം നിർത്തപ്പെട്ടു.

9. ഗ്രാമസഭ പല നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.



5.7 ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും



ഉള്ളടക്കം

ഭവന നിർമ്മാണം	139
◆ കോളനികൾ	141
◆ പ്രശ്നങ്ങൾ	142
◆ സാദ്ധ്യതകൾ	142
◆ സംഗ്രഹം	142
സാമൂഹ്യക്ഷേമം	143
◆ ക്ഷേമപദ്ധതി	145
◆ സംഗ്രഹം	152
◆ നിർദ്ദേശങ്ങൾ	153

5.7 ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും

ഭവന നിർമ്മാണം

ഒല്ലൂക്കര പഞ്ചായത്തിലെ പാർപ്പിടസ്ഥിതി പൊതുവെ തൃപ്തികരമാണ്. പ്രധാനമായും കാർഷിക മേഖലയിൽ നിന്നും തുടർന്ന് ഇതരമേഖലകളിൽ നിന്നുമുള്ള സമ്പത്താണ് ഈ പ്രദേശത്തെ നിർ മ്മാണ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടിയത്. തൃശൂർ പട്ടണത്തിനോട് ചേർന്നു കിടക്കുന്നതു കൊണ്ട് പഞ്ചായത്തും കേരള കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ പരിധിയിലാണ്.

പഞ്ചായത്തിലെ ആകെ വീടുകൾ 10476 ആണ്. വീടുകളുടെ സ്വഭാവം പട്ടിക ഒന്നിൽ വ്യക്തമാക്കിയിരിക്കുന്നു.

കേരള സർക്കാരിന്റെ കൈരളി തുടങ്ങിയ പദ്ധതികൾ വഴി 496 വീടുകളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്.

ഭവനനിർമ്മാണ രംഗവുമായി ബന്ധപ്പെട്ട് കഴിഞ്ഞ 5 വർഷങ്ങളിലെ കണക്കുകൾ പരിശോധിക്കുമ്പോൾ 1995-96 കാലയളവിലാണ് ഏറ്റവും കൂടുതൽ വർദ്ധനവ് ഉണ്ടായിരിക്കുന്നതെന്ന് പട്ടിക 2ൽ സൂചിപ്പിക്കുന്നു.

പട്ടിക 1

ആകെ വീടുകൾ

വാർഡ്	കെട്ടിട നിർമ്മാണങ്ങളുടെ എണ്ണം	ഒന്നിൽ കൂടുതൽ നിലകൾ ഉള്ളവ	കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ	വിവിധ നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ചവ
I	375	41	117	214	3	-	-
II	1100	83	350	627	27	13	24
III	496	23	98	321	38	16	-
IV	400	13	87	288	10	2	-
V	850	35	260	318	24	8	70
VI	1100	56	365	473	196	10	55
VII	1305	85	438	517	255	10	100
VIII	600	17	115	423	31	14	-
IX	750	16	202	448	84	-	50
X	600	55	200	319	24	2	-
XI	980	75	494	336	65	10	40
XII	650	40	189	400	14	7	-
XIII	690	65	236	353	21	15	6
XIV	580	54	139	373	13	1	108
ആകെ	10476	658	3290	5610	810	108	453

അവലംബം പഞ്ചായത്ത് രജിസ്റ്റർ

ചാർട്ട് 2

താമസഗൃഹനിർമ്മാണത്തിൽ വർദ്ധനവ്



ചാർട്ട് 3

കെട്ടിട നികുതി നൽകു[illegible]



ഈ കണക്ക് പ്രകാരം 1995-96ൽ മുൻവർഷത്തേ അപേക്ഷിച്ച് 1414 വീടുകൾവർദ്ധിച്ചിട്ടുണ്ട്.

കെട്ടിട നികുതിയിൽ നിന്ന് ഒഴിവാക്കിയ വീടുകളുടെ എണ്ണം 3271 വരും.കെട്ടിട നികുതിയുടെ നിലവിലുള്ള നിരക്ക് പട്ടിക 3ൽ കൊടുത്തിരിക്കുന്നു.

1976-77 ലെ സർവ്വേ പ്രകാരം പഞ്ചായത്തിലെ ഭൂരഹിതരുടെ എണ്ണം 459ഉം ഭവനരഹിതരുടെ എണ്ണം 458ഉം ആണ്. ഇപ്പോഴുള്ള കണക്ക് സാമൂഹ്യ-സാമ്പത്തിക വിവര ശേഖരണം കഴിഞ്ഞാൽ മാത്രമേ ലഭ്യമാകൂ.

നാലു സെൻറ് കോളനികൾ

പഞ്ചായത്തിൽ നാലുസെൻറ് കോളനികൾ 5 എണ്ണം ഉണ്ട്. മിക്ക കോളനികളും നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. ഇവയിൽ രാജീവ് കോളനി, പട്ടാളകുന്ന് കോളനി, മുക്കാട്ടുകര കോളനി എന്നിവിടങ്ങളിൽ റോഡുകൾനാളിതുവരെ ടാർ ചെയ്തിട്ടില്ല. രാജീവ് കോളനിയിൽ തെരുവുവിളക്ക് ഇല്ലാത്ത മേഖലകളും, സുഭാഷ് കോളനിയിൽ വൈദ്യുതി പോലും എത്താത്ത സ്ഥലങ്ങളും ഉണ്ട്. സുഭാഷ് നഗർ കോളനി, രാജീവ് കോളനി എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. പട്ടാളകുന്ന് കോളനിയിൽ ഇത് വളരെ രൂക്ഷമാണ്. ഈ കോളനികളിലെ ചില വീടുകൾ കക്കൂസ് ഇല്ലാത്തവയാണ്. കോളനികളിലെ വീടുവിരങ്ങൾ പട്ടിക 4ൽ ഉണ്ട്

പട്ടിക 4

കോളനികളിലെ ആകെ വീടുകൾ

നമ്പർ	കോളനിയുടെ പേര്	ആകെ
1.	തിരുവാണിക്കാവ്	37
2.	മുക്കാട്ടുകര	29
3.	പനഞ്ചേരി	17
4.	പട്ടാളകുന്ന്	40
5.	സുഭാഷ് നഗർ	20

അവലംബം : പഞ്ചായത്ത് രജിസ്റ്റർ

ലക്ഷം വീട് കോളനികൾ

ലക്ഷം വീട് കോളനികൾ നാല് എണ്ണമാണ് ഉള്ളത്. കൃഷ്ണാപുരം, കുറ, നല്ലങ്കര എന്നീകോളനികളിൽ ഇപ്പോഴും ഉൾപ്രദേശറോഡുകൾ ടാർ ചെയ്തിട്ടില്ല. ഇവിടെ കക്കൂസ് ഇല്ലാത്തതും വൈദ്യുതീകരിക്കാത്തതുമായ വീടുകൾ ഉണ്ട്. കൃഷ്ണാപുരം കോളനിയിൽ വെള്ളം കെട്ടിക്കിടക്കുന്നത് സമീപവാസികൾക്ക് വളരെയധികം പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്.ലക്ഷം വീട് കോളനി വിശദാംശങ്ങൾ പട്ടിക 5ൽ സമാഹരിച്ചിരിക്കുന്നു.

പട്ടിക 5

ലക്ഷം വീടു കോളനിയിലെ ആകെ വീടുകൾ

നമ്പർ	കോളനിയുടെ പേര്	എണ്ണം
1	ഒല്ലൂക്കര	10
2	കൃഷ്ണാപുരം	42
3	കുറ	20
4	നല്ലങ്കര	26

അവലംബം: പഞ്ചായത്ത് രജിസ്റ്റർ

ഹൗസിങ്ങ് കോളനി

പഞ്ചായത്തിൽ 3 ഹൗസിങ്ങ് കോളനികളുണ്ട് റോഡ്, വൈദ്യുതി, കുടിവെള്ളം, കക്കൂസ്, എന്നിവ തീരെ എത്താത്തപ്രദേശമാണ് കണ്ടാത്ത് മുക്ക് കോളനി. പോപ്പ് നഗർ കോളനിയിലും കുടിവെള്ള പ്രശ്നം രൂക്ഷമാണ്. പ്രിയദർശിനി കോളനി താരതമ്യേന മെച്ചമാണ്.

ചേരിപ്രദേശങ്ങളിലും പുറമ്പോക്കുകളിലുമായി കുടിൽ കെട്ടി താമസിക്കുന്ന ഏകദേശം 193 കുടുംബങ്ങളുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന തൊഴിലാളികളിൽ ഭൂരിഭാഗം പേർക്കും വീടുകൾ ഇല്ല. വിവിധ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവർ ഒന്നിച്ച് താമസിക്കുന്നുണ്ട്. കാളത്തോട്, മണ്ണുത്തി പ്രദേശത്ത് കടതിണ്ണകളിലും, ഷെഡ്ഡുകളിലും അന്തിയുറങ്ങുന്ന അന്യസംസ്ഥാനക്കാരെ കണ്ടുവരുന്നുണ്ട്.

പഞ്ചായത്തിൽ പുതുതായി ഉയർന്ന് വരുന്ന വീടുകളുടെ നിർമ്മാണ രീതി നോക്കുമ്പോൾ വളർന്നുവരുന്ന കോൺക്രീറ്റ് ഭ്രമവും, നിർമ്മാണ രംഗത്ത് അമിതമായ ചെലവു വർദ്ധനവും കാണാൻ കഴിയും. പട്ടിക 6ൽ കാണാം.

പട്ടിക 6

വർഷം	കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ	ആകെ
1994-95	274	36	13	5	328
1995-96	302	62	24	7	395
1996-97/ 8-9-96	159	33	28	5	225

അവലംബം: പഞ്ചായത്ത് രജിസ്റ്റർ

ഭവനങ്ങൾ മോടിപിടിപ്പിക്കുന്നതിനായി മാത്രം ധാരാളം പണം ചിലവഴിക്കുന്നുണ്ട്. ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നവർ നാമമാത്ര മാണ്. ചിലവ് കുറഞ്ഞ നിർമ്മാണ രീതിക്ക് പ്രചാരണം കൊടുക്കേണ്ടത് വളരെയധികം ശ്രദ്ധി ക്കേണ്ട കാര്യമാണ്.

കെട്ടിട നിർമ്മാണ സാമഗ്രികൾ പഞ്ചായത്തിനു പുറമേ നിന്ന് ലഭ്യമാണ്. ചിലവു കുറഞ്ഞ നിർ മ്മാണ സാമഗ്രികളായ കോൺ ക്രീറ്റ് - കട്ടിള, ജനൽ, ക്രാസി എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകൾ ഉണ്ടെ ങ്കിലും ആവശ്യാനുസരണം ലഭ്യമല്ല.

ഭവനനിർമ്മാണ രംഗത്ത് തൊഴിലാളികളെ പഞ്ചായ ത്തിന് പുറമേ നിന്ന് ധാരാളമായി കിട്ടാറുണ്ട്. സ്ത്രീ തൊഴിലാളിക്ക് നൂറ് രൂപയും പുരുഷന് നൂറ്റി ഇരുപത്തിയഞ്ച് രൂപയും ആണ്. ശരാശരി കൂലിനി രക്ക് 95% വീടുകളും കരാർ പ്രകാരമാണ് നിർമ്മാണം നടത്തുന്നത്.

1. പ്രശ്നങ്ങൾ

- പഞ്ചായത്തിൽ ഏകദേശം ആയിരത്തിന് മുക ളിൽ ഉള്ളവർ ഭവനരഹിതരാണ്.
- ജീസസ്സ് ലൈൻ, തിരുവാണിക്കാവ്, കുറിച്ചിടം, ഹിൽപാടി, ആനക്കൊട്ടിൽ, പനഞ്ചകം കോളനി, പട്ടാളകുന്ന് ഫോറസ്ട് ഭൂമി, കുറമെയിൻ റോഡ് എന്നിവിടങ്ങളിൽ താമസിക്കുന്നവർക്ക് പട്ടയം അനുവദിക്കേണ്ടതുണ്ട്.
- കുന്നത്തുകര, വി.വി.എസ്. സ്കൂൾ പരിസരം, കനാൽ തിട്ട, മുക്കാട്ടുകര, ചാഴിക്കുളം എന്നി വിടങ്ങളിലെ പുറമ്പോക്ക് താമസക്കാരെ പുനര ധിവസിപ്പിക്കേണ്ടതാണ്.
- പ്രിയദർശിനിനഗറിലെ ഹൗസിങ്ങ് കോളനി യിൽ ലോൺ അടച്ചുതീർത്തവർക്ക് ആധാരം തിരിച്ചു കൊടുത്തിട്ടില്ല
- സാധാരണക്കാർക്ക് വീടുപണിയുന്നതിനുള്ള ലോൺ വ്യവസ്ഥകൾ സുതാര്യമാക്കുക
- ഒല്ലൂക്കര - വിൽവട്ടം ഹൗസിങ്ങ് സഹകരണ സംഘത്തിന്റെ പ്രവർത്തനം സംഘത്തിന്റെ എല്ലാ മേഖലകളിലേക്കും വ്യാപിച്ചിട്ടില്ല.

സാധ്യതകൾ

- വിവിധ ഭവന രഹിതരെ പുനരധിവസിപ്പി ക്കുന്നതിനുവേണ്ടി ഒരു ഭവന നിർമ്മാണ ഫണ്ട് രൂപീകരിക്കുക.
- നിശ്ചിത തുകക്ക് ഉപരിയായി പണം ചിലവിട്ട് പണിയുന്ന വീടുകളുള്ളതിനാൽ കെട്ടിട നികുതിയോടൊപ്പം ഒരു നിശ്ചിതശതമാനം ഭവനനിർമ്മാണ ഫണ്ടിലേക്ക് ശേഖരിക്കുക.
- പ്ലാൻ പരിധി വിട്ട് ഭവന നിർമ്മാണം നടത്തു ന്നത്നിരുത്സാഹപ്പെടുത്തുക. എന്നാൽ വ്യത്യ സ്തമായ വീടുകൾ നിർമ്മിക്കുന്നവരിൽ നിന്നും ബന്ധപ്പെട്ട കമ്മിറ്റിയുടെ അംഗീകാര ത്തോടുകൂടി ഫൈൻ ഈടാക്കുകയും ചെയ്യുക.
- കോൺക്രീറ്റ് കെട്ടിടങ്ങൾ കൈമാറ്റം ചെയ്യു മ്പോൾ ഒരു നിശ്ചിത തുക പഞ്ചായത്തിലെ ഭവന നിർമ്മാണ ഫണ്ടിലേക്ക് അടപ്പിക്കുക.
- വിവിധ സംഘടനകളിൽ നിന്നും വ്യക്തികളിൽ നിന്നും സംഭാവന സ്വീകരിക്കുക.
- പഞ്ചായത്തിൽ സ്ഥല ദൗർലഭ്യം മൂലം കുന്ന ത്തുംകര മൂന്നാം വാർഡിലെ 50 സെൻറ് തരിശു ഭൂമിയിൽ ഫ്ളാറ്റ് സംവിധാനം ഏർപ്പെടുത്തി ഭവനരഹിതരെ പുനരധിവസിപ്പിക്കുക.
- ചിലവുകുറഞ്ഞ ഭവന നിർമ്മാണം പ്രോത്സാ ഹിപ്പിക്കുക.
- ഹൗസിംഗ് സഹകരണ സംഘത്തിന്റെ സേവനം പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങൾക്കും ബാധകമാക്കണം.

സംഗ്രഹം

1. ഒല്ലൂക്കര പഞ്ചായത്തിൽ പാർപ്പിട സ്ഥിതിപൊ തുവെ തൃപ്തികരമാണ്. പ്രധാനമായും കാർഷി കമേഖലയിൽ നിന്നും തുടർന്ന ഇതരമേഖല കളിൽ നിന്നുമുള്ള സമ്പത്താണ് ഇതിന് ആധാരം.

2. ആകെ വീടുകൾ 10476 ആണ്. കേരള സർക്കാരിന്റെ കൈരളി തുടങ്ങിയ പദ്ധതികൾ വഴി 496 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. വീടുനിർമ്മാണം 1995-96 കാലഘട്ടത്തിലാണ് ഏറ്റവു കൂടുതൽ വർദ്ധിച്ചിരിക്കുന്നത്.

3. കെട്ടിട നികുതിയിൽ നിന്ന് ഒഴിവാക്കിയ വീടുകളുടെ എണ്ണം 3271 ആണ്.

4. പഞ്ചായത്തിലെ ഭൂരഹിതരുടെ എണ്ണം 459ഉം, ഭവനരഹിതരുടെ എണ്ണം 458ഉം ആകുന്നു.

5. പഞ്ചായത്തിൽ 5 നാല് സെൻറ് കോളനികളുണ്ട്. ഇവയിൽ രാജീവ് കോളനി, പട്ടാളക്കുന്ന് കോളനി, മുക്കാട്ടുകര കോളനി എന്നിവയിൽ റോഡുകൾ ടാർ ചെയ്തിട്ടില്ല. രാജീവ് കോളനിയിൽ തെരുവ് വിളക്കില്ലായ്മ, സുഭാഷ് കോളനിയിൽ വൈദ്യുതിയുടെ അഭാവം എന്നിവ പോരായ്മകളാണ്. കുടിവെള്ളക്ഷാമം പട്ടാളക്കുന്നിൽ രൂക്ഷമാണ്. ഈ കോളനികളിൽ ചിലവീടുകളിൽ മലവിസർജ്ജന സൌകര്യങ്ങളില്ല.

6. ലക്ഷം വീട് കോളനികൾ 4 എണ്ണമാണ്. കൃഷ്ണപുരം. കുറ, നല്ലങ്കര എന്നീ കോളനികളിൽ ഉൾപ്രദേശറോഡുകൾ ടാർ ചെയ്തിട്ടില്ല. ഇവിടെ വൈദ്യുതീകരിക്കാത്ത വീടുകളും മല വിസർജ്ജന സൌകര്യമില്ലാത്ത വീടുകളും ഉണ്ട്. കൃഷ്ണപുരം കോളനി വെള്ളക്കെട്ട് പ്രദേശമാണ്.

7. പഞ്ചായത്തിൽ 3 ഹൌസിങ്ങ് കോളനികളുണ്ട്. പ്രിയദർശിനി കോളനി താരതമ്യേന മെച്ചമാണ്. മറ്റു കോളനികളിൽ റോഡ്, വൈദ്യുതി, കുടിവെള്ളം, കക്കൂസ് എന്നിവയുടെ അഭാവം ഒരു പരിധി വരെയുണ്ട്.

8. ചേരി പ്രദേശങ്ങളിലും, പുറംമ്പോക്കുകളിലുമായി കുടിൽ കെട്ടി താമസിക്കുന്നവർ ഏകദേശം 193 കുടുംബങ്ങളാണ്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്ന തൊഴിലാളികൾക്ക് ഭൂരിപക്ഷത്തിനും വീടുകൾ ഇല്ല. കാളത്തോട്, മണ്ണുത്തി പ്രദേശത്ത് കടതിണ്ണകളിൽ അന്തിയുറങ്ങുന്ന വരെ കാണാൻ കഴിയും.

9. പുതിയതായി ഉയർന്നു വരുന്ന വീടുകളിൽ കോൺക്രീറ്റ് ഭ്രമവും, അമിതചെലവും ദൃശ്യമാകുന്നു. ചിലവ് കുറഞ്ഞ വീടുകൾ ഉണ്ടാക്കുന്ന വർ വിരളമാണ്.

10. കെട്ടിട നിർമ്മാണ സാമഗ്രികൾ പഞ്ചായത്തിന്റെ പുറമെനിന്നും ലഭ്യമാണ്. കോൺക്രീറ്റ് കട്ടിള, ജനൽ, ക്രാസി എന്നിവയുടെ നിർമ്മാണയൂണിറ്റുകളുണ്ടെങ്കിലും ആവശ്യാനുസരണം ലഭ്യമല്ല.

11. ഭവന നിർമ്മാണത്തിന് തൊഴിലാളികളെ പഞ്ചായത്തിന് പുറത്തുനിന്നും ധാരാളമായി ലഭ്യമാകാറുണ്ട്. സ്ത്രീ തൊഴിലാളിക്ക് 100 രൂപയും, പുരുഷന് 125 രൂപയുമാണ് വേതന നിരക്ക്.

12. ഏകദേശം ആയിരത്തിൽ പരം ആളുകൾക്ക് വീടില്ലായ്മ, പുറമ്പോക്ക് താമസക്കാരെ മാറ്റി താമസിപ്പിക്കൽ, ലോൺ അടച്ചു തീർത്തവർക്കു ആധാരങ്ങൾ തിരിച്ചു നൽകാതിരിക്കുന്നത്, സാധാരണക്കാർക്ക് വീടുകൾ പണിയുവാൻ സാമ്പത്തിക സഹായത്തിന്റെ ലഭ്യത ഇല്ലായ്മ എന്നിവ പ്രശ്നങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

2. സാമൂഹ്യക്ഷേമം

ഒല്ലൂക്കര പഞ്ചായത്തിൽ 1992ലും തുടർന്ന് നടന്ന അനുബന്ധസർവ്വേകളിൽ നിന്നുള്ള വിവരമനുസരിച്ച് ദാരിദ്രരേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ സ്ഥിതി വിവരക്കണക്കുകൾ പട്ടിക 1 ൽ കാണിച്ചിരിക്കുന്നു.

പട്ടിക 1

വാർഡ് നമ്പർ	ആകെ കുടുംബങ്ങൾ	പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ	സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	സാമ്പത്തിക സഹായം ലഭിച്ച SC/ST കുടുംബങ്ങൾ	സഹായം വഴി ദാരിദ്ര രേഖക്ക് മുകളിൽ എത്തിയ കുടുംബങ്ങൾ	സഹായം വഴി ദാരിദ്ര രേഖക്ക് മുകളിൽ എത്തിയ SC/ST കുടുംബങ്ങൾ
I	79	1	6	-	3	-
II	245	11	14	7	6	-
III	79	-	4	-	1	-
IV	87	-	7	-	3	-
V	226	12	24	4	11	-
VI	282	13	22	9	12	4
VII	357	22	61	20	28	6
VIII	81	17	23	13	8	3
IX	1036	30	28	12	9	4
X	80	20	25	13	8	3
XI	125	14	29	19	12	4
XII	182	22	22	13	14	6
XIII	147	36	23	15	12	5
	3006	**198**	**288**	**125**	**127**	**35**

അവലംബം ഒല്ലൂക്കര ബ്ലോക്ക് രജിസ്റ്റർ.

അനുബന്ധ സർവ്വേയിലെ 18 കുടുംബങ്ങൾ കൂടി ആകെ ദാരിദ്രരേഖക്ക് താഴെ 3024 കുടുംബങ്ങൾ കണ്ടെത്തുകയുണ്ടായി ഇതിൽ 197 പട്ടികജാതി കുടുംബവും, ഒരു പട്ടികവർഗ്ഗ കുടുംബവും ഉൾപ്പെടുന്നു. 2 മുതൽ 96 വരെ 288 പേർക്ക് ധനസഹായം നല്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ കീഴിൽ 95-96 കാലയളവിൽ 41 കുടുംബങ്ങൾക്ക് വായ്പ നൽകിയിട്ടുണ്ട്. (1.56 ലക്ഷം രൂപ സബ്സിഡിയും, 4.52 ലക്ഷം രൂപ വായ്പയും) 96-97 വർഷത്തെ ലക്ഷ്യം 78 കുടുംബങ്ങൾക്കായി 3.78 ലക്ഷ രൂപയാണ് വകയിരിത്തിയിരിക്കുന്നത്. പദ്ധതിയുടെ സബ്സിഡിയിൽ 50% കേന്ദ്രസർക്കാരും 50% സംസ്ഥാന സർക്കാരും നൽകുന്നു. ദേശസാൽകൃത സഹകരണ, ഗ്രാമീണ, ഷെഡ്യൂൾഡ് ബാങ്കുകൾ മുഖേനയാണ് ഈ വായ്പ വിതരണം നടത്തുന്നത്. ഓരോ ഗുണഭോക്താവിനും 15.000 രൂപയെങ്കിലും സഹായം നല്കിയിരിക്കണം. ഈ പദ്ധതിയിൽ 30.000 രൂപയുടെ സഹായം നൽകേണ്ടതുമാണ്. ചെറുകിട കർഷകർക്ക് 25 ശതമാനം സബ്സിഡിയും പരിമിത കർഷകർ, കർഷകതൊഴിലാളികൾ, കൈതൊഴിലുകാർ തുടങ്ങിയവർക്ക് 31 1/3 സബ്സിഡിയും നല്കുന്നു.

ദാരിദ്രരേഖക്ക് താഴെയുള്ളവരിൽ 1304 കുടുംബങ്ങൾ കർഷക തൊഴിലാളികുടുംബങ്ങൾ ആണ് ഇത് മൊത്തം ദാരിദ്ര രേഖക്ക് താഴെയുള്ള വരുടെ 43.1% വരുന്നു. ഇതിൽ തന്നെ വലിയൊരു വിഭാഗം കർഷകതൊഴിലാളികൾ 6,7,9,12,13,14 എന്നീ വാർഡുകളിലാണ് ഇതിൽ തന്നെ 7,9,14 എന്നീ വാർഡുകളിൽ പട്ടിക ജാതി/പട്ടികവർഗ്ഗ കോളനികൾ ഉണ്ട്. കുന്നത്തുംക്കര 2 വാർഡുകളിലും ആശാരിപണിയെടുക്കുന്ന കുടുംബങ്ങളും,പട്ടാളകുന്ന് വാർഡിൽ ചെരിപ്പു നിർമ്മിക്കുന്നവരും കൂടുതൽ ഉണ്ട്. മൊത്തം ദാരിദ്ര രേഖക്ക് താഴെയുള്ള വിവിധ മേകഖലകളിലുള്ള കുടുംബങ്ങളുടെ വിവരങ്ങൾ II പറയുന്ന വിധമാണ്.

ട്രൈസം - പദ്ധതി

ഗ്രാമീണ യുവജനങ്ങൾക്ക് ചെറുകിട, കുടിൽ,വ്യവസായാസർവീസ് മേഖലകളിൽ തൊഴിൽ പരിശീലനം നൽകി അവർക്ക് ഐ.ആർ.ഡി.പിയുടെ പൂർണ്ണ പ്രയോജനം ലഭിക്കാൻ ഉദ്ദേശിക്കുന്നതാണ് ഈ പരിപാടി. ൽ പരിശീലനം നല്കുന്നു പരിശീലനം കഴിഞ്ഞ അതേ ട്രെയ്ഡിൽ വായ്പയെടുത്താൽ 7500 രൂപ വരെ സഹായധനം ലഭിക്കും.

ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരങ്ങൾ പട്ടിക III ൽ ചേൽക്കുന്നു.

ഒരു വർഡിൽ തന്നെ വിവിധ വിഷയങ്ങളിൽ പരിശീലനം കാണും, ഒരോ വാർഡിന്റെയും വിവരം എഴുതിയതിനുശേഷം അടുത്ത വാർഡിന്റെ എഴുതുക.

ഇതിൽ 20 പേർക്ക് സമഗ്രവികസനപദ്ധതി (IRDP) ധനസഹായം നൽകുകയും 10 പേർ ഇതര തൊഴിലുകളിൽ ഏർപ്പെടുകയും ബാക്കി വരുന്ന 10 പേർ വായ്പക്ക് അപേക്ഷിക്കാത്തവരുമാണ്

(വിവാഹം കഴിഞ്ഞവരും, താൽപര്യമില്ലാത്തവരും).

ഗ്രാമീണ വനിത-ശിശു വികസനപരിപാടി

IRDP. യുടെ അനുബന്ധമായിനടപ്പിലാക്കുന്ന ഒരു പരിപാടിയാണിത് 83-84 ൽ ആരംഭിച്ച ഈ പരിപാടി വനിതകളുടെ സ്വാശ്രയത്വം മുൻനിറുത്തി അവരുടെ കുടുംബവരുമാനം വർദ്ധിപ്പിക്കാൻ കൂട്ടായി പ്രവർത്തിക്കുകയും അങ്ങനെ രൂപീകരിക്കുന്ന സംരംഭങ്ങൾക്ക് സബ്സിഡിയും വായ്പയും നൽകി ജീവിത പുരോഗതി ഉണ്ടാക്കികൊടുക്കുകയുമാണ് ലക്ഷ്യം. പഞ്ചായത്തിൽ ഇതുപ്രകാരംമുള്ള പരിശീലനം 23 ഗുണഭോക്താക്കൾക്ക് നൽകിയെങ്കിലും പരിശീലനം ലഭിച്ചവരുടെ നിസ്സഹകരണം മൂലം നടപ്പാക്കുന്ന കാര്യത്തിൽ വീഴ്ചയംഭവിച്ചിട്ടുണ്ട്. ഒരു യൂണിറ്റ് മാത്രമാണ് ഇപ്പോൾ ആരംഭിക്കാൻ തയ്യാറായിവന്നിട്ടുള്ളത്.

ഗ്രാമീണ കൈതൊഴിലുകാർക്കുള്ള നവീന തൊഴിലുപകരണ വിതരണ പരിപാടി

ഇത് ഒരു കേന്ദ്രാവിണ്കരണ പരിപാടിയാണ് പാവപ്പെട്ട കുടുംബങ്ങളിലെ കരകൗശല തൊഴിലാളികൾക്ക് പരിഷ്കൃതമായതും വിദ്യുച്ഛക്തി ഉപയോഗിച്ച് പ്രവർത്തിക്കുന്നതുമായ

പട്ടിക 2

കുടുംബങ്ങളുടെ തൊഴിൽ തോത്



പട്ടിക-3

11.2 മെസ്രം-തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

വാർഡ് നമ്പർ	പരിശീലന വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയ വരുടെ എണ്ണം	ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ	അവശേഷിക്കുന്നവർ
1	2	3	4	5	6
I					
II		Nil			
III					
IV					
V	എംബ്രോയ് ഡറി	1	1	-	-
VI	ബുക്ക് ബൈഡിങ്ങ്	15	3	10	2
	അഗ്രി നഴ്സറി	8	-	-	8
VII	എംബ്രോയ് ഡറി	1	1	-	-
	ഫോട്ടോഗ്രാഫി	1	1	-	-
VIII	ബുക്ക് കീപ്പിംഗ്				
	അകൗണ്ടൻസി	5	5	-	-
IX	ഫോട്ടോഗ്രാഫി	3	3	-	-
X	ഡയമണ്ട് കട്ടിംഗ്	4	4	-	-
XI	-	-	-	-	-
XII	-	-	-	-	-
XIII	ഡയമണ്ട് കട്ടിംഗ്	2	2	-	-

ഉപകരണങ്ങൾ നല്കുകയുമാണ് ഈ പരിപാടിയുടെ ലക്ഷ്യം 95-96 വർഷത്തിൽ പഞ്ചായത്തിൽ 3 പേർക്ക് മാത്രമാണ് ഇത്തരത്തിൽ തൊഴിലുപകരണങ്ങൾ നല്കിയത്.

കേന്ദ്ര ഗ്രാമ ശുചിത്വപരിപാടി

ഗ്രാമങ്ങളിലെ ശുചിത്വസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടിയാണ് ഇത്. ഈ പദ്ധതി പ്രകാരം പഞ്ചായത്തിൽ 95-96 ൽ 28 കക്കുസുകൾ അനുവദിക്കുകയും 27 കക്കൂസുകൾ പണിപൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട് 96-97ൽ 29 കക്കൂസുകൾ അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമേ പഞ്ചായത്തിൽ അനുവദിച്ച 200 കക്കൂസുകളും പൂർത്തിയായിട്ടുണ്ട്.

ജവഹർ തൊഴിൽദാനപരിപാടി (ജെ.ആർ.വൈ)

തൊഴിൽ രഹിതരായഗ്രാമീണർക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് ഈ പരിപാടിയുടെ മുഖ്യ ഉദ്ദേശം

ഈ പരിപാടി അനുസരിച്ച് പഞ്ചായത്തിൽ 4.56 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ വർഷം പഞ്ചായത്തിന് 3.208 ലക്ഷം രൂപയും, ഡി.ആർ.ഡി.എ. പദ്ധതിയിൽ അനുസരിച്ച് 0.84 ലക്ഷം രൂപയും 12 ഡി.ആർ.ഡി.എ കക്കൂസുകളും അനുവദിച്ചിട്ടുണ്ട്.

മില്ല്യൻ വെൽസ്കീം

ദാരിദ്ര രേഖക്ക് താഴെയുള്ള പട്ടികജാതി,പട്ടികവർഗ്ഗ ഗുണഭോക്താക്കൾ,അടിമപണിയിൽ നിന്ന് മോചനം ലഭിച്ചവർ,ചെറുകിട നാമമാത്രകർഷകർ തുടങ്ങിയവർക്ക് ഈ പദ്ധതിയിൽ സഹായത്തിന് അർഹതയുണ്ട്. ഇതുപ്രകാരം പഞ്ചായത്തിൽ പട്ടാളകുന്ന് പ്രദേത്ത് ഒരു കിണർ കുഴിച്ചുനൽകിയിട്ടുണ്ട്.

ഇന്ദിരാഭവനനിർമ്മാണ പദ്ധതി. (ഐ.എ.വൈ)

ദാരിദ്ര രേഖക്ക് താഴെയുള്ള പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും ഇതരസമുദായത്തിൽപ്പെട്ട പാവപ്പെട്ടവർക്കും സ്വന്തമായി വീടുകൾ നിർമ്മിച്ചു നൽകുന്നപദ്ധതിയാണ് ഇത്. ഈ പദ്ധതിയിൻ കീഴിൽ കഴിഞ്ഞവർഷം പഞ്ചായത്തിൽ 20 വീടുകൾ അനുവദിച്ചു കഴിഞ്ഞ വർഷം 8 വീടുകളും, ഈ വർഷം 6 വീടുകളും പണിപൂർത്തികരിച്ചു.

96-97 വർഷത്തിൽ ഈ പദ്ധതിപ്രകാരം പഞ്ചായത്തിൽ പട്ടികജാതി,പട്ടികവർഗ്ഗത്തിനു മാത്രമായി 12 വീടുകളും മറ്റുള്ളവർക്ക് 9 വീടുകളാണ് അനുവദിച്ചിട്ടുള്ളത് ഈ പദ്ധതി 9-ാം പഞ്ചവൽസരപദ്ധതിയുലും തുടരേണ്ടതാണ് എന്ന അഭിപ്രായം നിലവിൽ ഉണ്ട്.

വനിത ശിശുപരിപാടികൾ

ഈ പരിപാടി പ്രകാരം ശിശുപരിചരണത്തിനും,പ്രീപ്രൈമറി വിദ്യാഭ്യാസത്തിനുമുള്ള ബാലവാടികൾ, പോഷകാഹാര വിതരണകേന്ദ്രങ്ങൾ, സമഗ്ര മാതൃശിശുസംരക്ഷണ കേന്ദ്രങ്ങൾ തുടങ്ങിയവയിലൂടെ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഒട്ടേറെ ഗുണങ്ങൾ ലഭിക്കുന്നു.

ഈ പരിപാടി പ്രകാരം പഞ്ചായത്തിൽ 7 കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.(പട്ടിക 5 കാണുക)

ബാലവാടികളുടെ സുഗമമായ നടത്തിപ്പിന് സാമ്പത്തിക ഞെരുക്കം ഒരു പ്രശ്നമാകുന്നുണ്ട്. കെട്ടിടങ്ങൾ സ്വന്തമായി നിർമ്മിക്കുന്നതിനും,കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾക്കും,പഠന സഹായികൾക്കുമെല്ലാം സാമ്പത്തിക സഹായം അവശ്യം ചെയ്യേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിൽ സാമൂഹ്യക്ഷേമ വകുപ്പ് വഴിയും ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ മുഖേനയും വിതരണം ചെയ്യുന്ന സഹായപദ്ധതികളുടെ വിവരം പട്ടിക IV സൂചിപ്പിക്കുന്നു.

തൊഴിലില്ലായ്മ വേതനം വാങ്ങുന്നവരിൽ അനർഹരുണ്ടോ എന്നപരിശോധിക്കേണ്ടിയിരിക്കുന്നു.

അവശകലാകാര സാഹിത്യകാര പെൻഷൻ അവശകായികതാര പെൻഷൻ എന്നവ വാങ്ങുന്നവ പഞ്ചായത്തിൽ ആരും തന്നെയില്ല.4 പേർ സ്വാതന്ത്ര്യസമര പെൻഷൻ വാങ്ങുന്നുണ്ട്.

പട്ടിക - 5

[illegible] പരിപാടി കേന്ദ്രങ്ങൾ

ക്രമ നമ്പർ	കേന്ദ്രം	സ്വന്തമായി കെട്ടിടം ഉണ്ടോ എന്ന്.
1.	[illegible]	ഉണ്ട്
2.	[illegible]	ഉണ്ട്
		ഇല്ല
		ഉണ്ട്
		ഉണ്ട്
		ഉണ്ട്
		ഇല്ല.

പട്ടിക-4

സഹായധനത്തിന്റെ ഇനം	ലഭിക്കുന്നവരുടെ എണ്ണം	തുക	തീരുമാനമാകാത്ത അപേക്ഷകളുടെ എണ്ണം
അഗതിപെൻഷൻ	80	85	-
വിധവാപെൻഷൻ	36	85	-
വികലാംഗപെൻഷൻ	24	100	1
വാർദ്ധക്യപെൻഷൻ	60	85	-
ക്ഷയരോഗിപെൻഷൻ	7	100	-
കുഷ്ഠരോഗിപെൻഷൻ	3	100	-
കാൻസർരോഗി പെൻഷൻ	2	100	-
കർഷകതൊഴിലാളി പെൻഷൻ	140	70	-
തൊഴിലില്ലായ്മ പെൻഷൻ	480	70	-

വികലാംഗ ക്ഷേമപദ്ധതി.

വികലാംഗ സ്കോളർഷിപ്പിന് പഞ്ചായത്തിൽ നിന്നും അപേക്ഷകരില്ല. ഇത്തരം ക്ഷേമ പദ്ധതികളിലേക്ക് അർഹരായവരെ കണ്ടെത്തണം.

മിശ്രവിവാഹ ധനസഹായപദ്ധതി (SC/ST ഒഴികെ)

1984 മുതൽ പഞ്ചായത്തിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിനു വേണ്ടി ഇത്തരത്തിൽ 4 പേർക്ക് 2000 രൂപ വീതം ധനസഹായം നല്കിയിട്ടുണ്ട്.

ജില്ലാപഞ്ചായത്ത് വഴി സഹായം ലഭിച്ചവർ

സ്ത്രീകൾക്ക് സ്വയം തൊഴിൽസഹായപദ്ധതി പ്രകാരം പഞ്ചായത്തിൽ 2 പേർക്ക് 1200 രൂപ വീതം സഹായം ലഭിച്ചിട്ടുണ്ട്.

ഉദ്യോഗസ്ഥ വനിതഹോസ്റ്റൽ

പഞ്ചായത്തിൽ കാളത്തോട് മഹിളാസമാജത്തിന്റെ കീഴിൽ 1988 ൽ ആരംഭിച്ച ഒരു ഉദ്യോഗസ്ഥ വനിതാഹോസ്റ്റൽ ആണ് ഉള്ളത് 86 വനിതകൾക്ക് പരമാവുധിതാമസിക്കുവാനുള്ള അനുവാദം ഉണ്ട് 3 നിലകളുള്ള ഈ കെട്ടിടത്തിന്റെ ഏറ്റവും മുകളിലത്തെ നില ബാലസേവിക ട്രെയിനിംഗ് സെൻററിന് വാടകക്ക് കൊടുത്തിരിക്കുകയാണ് ബാക്കി 2 നിലകളിലായി ഇപ്പോൾ 16 പേർ താമസിക്കുന്നു ഈ ഹോസ്റ്റൽ നിർമ്മിക്കുന്നതിന് 12 ലക്ഷം രൂപ ഗ്രാൻറ് നല്കിയിട്ടുണ്ട്.

വിവിധ ക്ഷേമനിധികൾ (കർഷകതൊഴിലാളി ക്ഷേമനിധി)

18നും 60 നും ഇടയിലുള്ള കർഷകതൊഴിലാളികളെ ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്. പഞ്ചായത്തിൽ ആകെ ക്ഷേമനിധി അംഗങ്ങൾ 645 ആണ്.

വിദ്യഭ്യാസ സ്കോളർഷിപ്പ്.

94-95 ൽ പഞ്ചായത്തിൽ നിന്നും 2 അപേക്ഷകളും 95-96 ൽ ഒരു അപേക്ഷയും പരിഗണിച്ചപ്പോൾ അർഹതഇല്ലാത്തതുമൂലം ലഭിച്ചില്ല.

നിർമ്മാണതൊഴിലാളിക്ഷേമനിധി

അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി രൂപികൃതമായതാണ് ഇത്. 537 അംഗങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. ഇനിയും ധാരാളം പേർ ക്ഷേമനിധിയിൽ അംഗങ്ങളാവത്തവർ ഉണ്ട്.

പെൻഷൻ

ക്ഷേമനിധിയിൽ അംഗങ്ങളായ 60 വയസ്സ് പൂർത്തിയാക്കുന്ന എല്ലാ തൊഴിലാളികൾക്കും അർഹതയുണ്ടായിരിക്കും. പഞ്ചായത്തിൽ 9 പേർക്ക് ഇപ്പോൾ പെൻഷൻ നല്കുന്നു. 11 അപേക്ഷകൾ തീരുമാനമാകാതെ കിടക്കുന്നുണ്ട്. ഇത് കാലതാമസം ഒഴിവാക്കി തീരുമാനം എടുക്കേണ്ടതാണ്.

വിവാഹധനസഹായം

ക്ഷേമനിധി അംഗങ്ങളുടെ പെൺമക്കളുടെയും വിവാഹം കഴിയാത്ത വനിതാ അംഗങ്ങൾക്കും ലഭിക്കുന്ന ആനുകൂല്യമാണ്ഇത്. ഇടുവരെയായി 9 പേർക്ക് സഹായം നല്കിയിട്ടുണ്ട്. 5 പേരുടെ അപേക്ഷ തീരുമാനമാകാതെ കിടക്കുന്നുണ്ട്. കാലതാമസം ഒഴിവാക്കി അപേക്ഷകളിൽ തീരുമാനം ഉണ്ടാകണം.

മാരക രോഗസഹായം.

ക്ഷേമനിധി അംഗങ്ങളിൽ മാരകരോഗം ഉള്ളവർക്ക് ലഭിക്കുന്ന സഹായമാണിത്. ഇതുവരെയായി 2 പേർക്ക് സഹായം ലഭിച്ചിട്ടുണ്ട്.

പ്രസവകാലധനസഹായം.

ക്ഷേമനിധിയിലെ സ്ത്രീതൊഴിലാളികൾക്ക് നല്കുന്ന പ്രസവകാലധനസഹായം ഇതുവരെയായി 5 പേർക്ക് നല്കിയിട്ടുണ്ട്.

സ്കോളർഷിപ്പ്.

നിർമ്മാണതൊഴിലാളികളുടെ കുട്ടികളിൽ ഉയർന്ന മാർക്ക് വാങ്ങി ഉന്നത വിദ്യാഭ്യാസത്തിന് ചേരുമ്പോൾ 300 രൂപ മുതൽ 1200 രൂപ വരെ സഹായം നല്കുന്ന പദ്ധതിയാണിത്. 94 മുതൽ 96 വരെ 5 പേർക്ക് ലഭിച്ചിട്ടുണ്ട്.

ചികിൽസാസഹായം

അംഗങ്ങളിലെ തൊഴിലാളികൾക്ക് ചികിൽസക്ക് ലഭിക്കുന്ന ഈ സഹായം 92 മുതൽ 96 കാലയളവ് വരെ 5 പേർക്ക് ലഭിച്ചിട്ടുണ്ട്.

മരണാനന്തരസഹായം

ക്ഷേമനിധി അംഗങ്ങൾ മരണമടയുമ്പോൾ അവകാശികൾക്ക് ലഭിക്കുന്ന ഈ സഹായം 92 മുതൽ 96 വരെ 4 പേർക്ക് ലഭിച്ചിട്ടുണ്ട്.

അനാഥാലയങ്ങൾ

മാർതിമോത്തിയോസ് അനാഥാലയം,കാളത്തോട്, സെൻറ്മേരീസ് അനാഥാലയം മുക്കാട്ടുക്കര എന്നിവയാണ് പഞ്ചായത്തിലെ അനാഥാലയങ്ങൾ.

1961 സ്ഥാപിച്ച മാർതിമോത്തിയോസ് അനാഥാലയത്തിൽ പരമാവുധി 70 പേർക്ക് താമസിക്കുവാനുള്ള അനുവാദം ഉണ്ട്. നിലവിൽ 66 കുട്ടികൾ താമസിക്കുന്ന ഈ അനാഥാലയം 3 വർഷമായി സർക്കാർ ഗ്രാൻറ് വാങ്ങുന്നില്ല. വിദേശ രാജ്യങ്ങളിൽ നിന്നും, വ്യക്തികളിൽനിന്നും സംഭാവനകൾ ശേഖരിച്ച് ഇതിൻെറ പ്രവർത്തനം നടത്തുന്നു.

1960-ൽ സ്ഥാപിച്ച സെൻറ് മേരീസ് അനാഥാലയത്തിൽ പരമാവധിതാമസക്കാർ 75 ആണ് നിലവിൽ 65 കുട്ടികൾ ഇവിടെ താമസിക്കുന്നു. ഈ അനാഥാലയത്തിന് 94-95 സർക്കാർ സഹായധനമായ 74863 രൂപയും സ്പെഷൽ ഫീസ് ഇനത്തിൽ 566 രൂപയും അനുവദിച്ചെങ്കിലും ഇതുവരെ ലഭിച്ചിട്ടില്ല. ഇത്തരത്തിലുള്ള കാലതാമസം ഒഴിവാക്കണമെന്ന അഭിപ്രായം ഉയന്നിട്ടുണ്ട്.

വൃദ്ധമന്ദിരങ്ങൾ

പഞ്ചായത്തിൽ 2 വൃദ്ധമന്ദിരങ്ങൾ ഉണ്ട് സന്തോഷം ഹാപ്പിഹോം കുന്നത്തുംക്കരയും ഹോളിഫാമിനിവൃദ്ധമന്ദിരം മണ്ണൂത്തിയിലും ഇതിൽ കുന്നത്തുംക്കരയിലും വൃദ്ധമന്ദിരംയാതൊരുതരത്തിലുള്ള സഹായധനം കൈപ്പറ്റുന്നില്ല.

1972 ൽ സ്ഥാപിച്ച ഹോളിഫാമിലി വൃദ്ധമന്ദിരത്തിൽ പരമാവധി 50 പേർക്ക് താമസിക്കുവാനുള്ള അനുവാദം ഉണ്ടെങ്കിലും നിലവിൽ 25 പേർ ഇവിടെ താമസിക്കുന്നു. ആകെ അനുവദിച്ച 22880 രൂപഗ്രാൻറിൽ നിന്നും 16901 രൂപ മാത്രമാണ് നല്കിട്ടുള്ളത്. സർക്കാർ സഹായം യഥാസമയം ലഭിക്കണമെന്ന അഭിപ്രായം ഉയർന്നിട്ടുണ്ട്.

സംഗ്രഹം

1. ഒല്ലൂക്കര പഞ്ചായത്തിൽ ദാരിദ്ര രേഖക്ക് താഴെ 3024 കുടുംബങ്ങൾ ഉണ്ട്. ഇതിൽ 197 പട്ടികജാതി കുടുംബവും, ഒരു പട്ടികവർഗ്ഗ കുടുംബവും ഉൾപ്പെടുന്നു. 1304 കുടുംബൾ കർഷക തൊഴിലാളികളാണ ഇവരിൽ വലിയ ഒരു വിഭാഗം 6,7,9,12,13,14 വർഡുകളിൽ വസിക്കുന്നു. ഈ കുടുംബങ്ങൾക്ക് സബ്സിഡിയോടെ വായ്പ നല്കുന്നുണ്ട്. കേന്ദ്രസർക്കാറും, സംസ്ഥാന സർക്കാരും, സബ്സിഡി അനുവദിച്ചിട്ടുണ്ട്.

2. ട്രൈസം പദ്ധതിയിൽ 90 ഇനങ്ങളിൽ പരിശീലനം നല്കുന്നു. പരിശീലനം കഴിഞ്ഞവർക്ക് 7500 രൂപ ധനസഹായം ലഭിക്കുന്നു.

3. ഗ്രാമീണ വനിത-ശിശുവികസനപരിപാടി 1983-84 ൽ ആരംഭിച്ചു. ഇതിൻെറ ഭാഗമായി 23 പേർക്ക് പരിശീലനം നല്കിയെങ്കിലും പരിശീലനം ലഭിച്ചവരുടെ നിസ്സഹകരണംമൂലം പദ്ധതി വിജയിച്ചിട്ടില്ല.

4. ഗ്രാമീണ കൈതൊഴിലുകാർക്ക് നവീന തൊഴിലുപകരണ വിതരണ പദ്ധതി (കേന്ദ്രപദ്ധതി) പ്രകാരം 3 പേർക്ക് ആനുകൂല്യങ്ങൾ ലഭിക്കുകയുണ്ടായി.

5. കേന്ദ്ര ഗ്രാമശുചിത്വ പരിപാടി പ്രകാരം 27 കക്കുസുകളുടെ പണിപൂർത്തികരിച്ചിട്ടുണ്ട്. 96-97 -ൽ 20 കക്കൂസുകൾ അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമെ പഞ്ചായത്തിന് അനുവദിച്ച 2 CD കക്കൂസുകളും പൂർത്തികരിക്കപ്പെട്ടു.

6. ജവഹർ തൊഴിൽദാന പരിപാടിനടപ്പിലാക്കിട്ടുണ്ട്.

7. മില്യൺ വെൽസ്കീം പ്രകാരം ഒരു കിണർ കുഴിച്ചു നല്കിയിട്ടുണ്ട്.

8.ഇന്ദിരാഭവനിർമ്മാണ പദ്ധതിപ്രകാരം 96-97 വർഷത്തിൽ പട്ടികജാതി പട്ടികവർഗ്ഗത്തിന് 12 വീടുകളും, മറ്റുള്ളവർക്ക് 9 വീടുകളും നിർമ്മിച്ചു നല്കിയിട്ടുണ്ട്.

9.വനിതാശിശു പദ്ധതിയിൻ കീഴിൽ പഞ്ചായത്തിൽ 7 കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. സാമ്പത്തിക പ്രശ്നം ഇവ അനുഭവിക്കുന്നുണ്ട്.

10.വികലംഗക്ഷേമ പദ്ധതിയിലേക്ക് ആരും അപേക്ഷിച്ചിട്ടില്ല.

11. മിശ്ര വിവാഹധനസഹായ പദ്ധതിപ്രകാരം 4 പേർക്ക് 2000 രൂപ വീതം ധനസഹായം നല്കിയിട്ടുണ്ട്.

12.സ്ത്രീകൾക്ക് സ്വയം തൊഴിൽ സഹായപദ്ധതി പ്രകാരം പഞ്ചായത്തിൽ നിന്നും 2 പേർക്ക് സഹായധനം ലഭ്യമായിട്ടുണ്ട്.

13. 1988ൽ കാളത്തോട് മഹിളസമാജത്തിൽ കീഴിൽ ഒരു ഉദ്യോഗസ്ഥ വനിതഹോസ്റ്റൽ ഉണ്ട്. 86 വനിതകൾക്ക് താമസ സൗകര്യമുണ്ട്. ഏറ്റവും മുകളിലത്തെ നില ബാലസേവിക ട്രെയിനിങ്ങ് സെൻറ്റിന് വാടകയ്ക്കു നൽകിയിരിക്കുകയാണ് ഇപ്പോൾ ഈ ഹോസ്റ്റലിൽ 16 പേർ താമസിക്കുന്നുണ്ട്.

14.പഞ്ചായത്തിൽ 2 അനാഥാലയങ്ങൾ ഉണ്ട്.

15. പഞ്ചായത്തിൽ 2 വൃദ്ധമന്ദിരങ്ങളുണ്ട് ഒരു വൃദ്ധ മന്ദിരം യാതൊരു സഹായധനവും കൈപ്പറ്റുന്നില്ല.

പ്രശ്നങ്ങൾ

വിവിധ പെൻഷനുകൾ ലഭിക്കിന്നതിനുള്ള കാലതാമസം

ബാലവാടി, അംഗൻ വാടി, വായനശാല തുടങ്ങിയ വയുടെ അപര്യാപ്തത.

ധനകാര്യസ്ഥാപനങ്ങൾ വായ്പ നൽകാതിരിക്കുന്ന അവസ്ഥ.

നിർദ്ദേശങ്ങൾ

വികലാംഗർക്ക് പഞ്ചായത്ത് തലത്തിൽ ഗ്രൂപ്പ് വ്യവസായം നടപ്പിലാക്കണം(റസിണ്ടൻഷ്യൻ സേവന കേന്ദ്രം തുടങ്ങിയവ)

വിധവകൾക്ക് ഗ്രൂപ്പ് വ്യവസായം ആരംഭിക്കുന്നതിനുള്ള പ്രോൽസാഹനം നൽകുക.

ഗ്രാമീണ കൈതൊഴിലുക്കാരുടെ ചെറുകിട സംഘങ്ങൾ രൂപികരിച്ച് വ്യവസായം ആരംഭിക്കുക (ഫാർണീച്ചർ,ചെരിപ്പു നിർമ്മാണം)

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

പഞ്ചായത്തിൽ നിരവധി അഗ്രി. നഴ്സറി തൊഴിലാളികൾ ഉണ്ട് അവർക്ക് വേണ്ടി പ്രത്യേക ക്ഷേമപരിപാടികൾ നടപ്പിലാക്കുക.

5.8 സംസ്ക്കാരം



ഉള്ളടക്കം

- പൊതുവിവരണം 157
- ഉൽസവങ്ങളും ആഘോഷങ്ങളും 158
- ഗ്രന്ഥശാലകൾ 160
- വായന - ചില കണക്കുകൾ 161
- കലാസമിതികൾ 161
- കായികരംഗം 161
- പ്രശ്നങ്ങൾ 161
- നിർദ്ദേശങ്ങളും സാദ്ധ്യതകളും 162

5 സംസ്ക്കാരം

പൊതുവിവരണം

63 രു ജനതയുടെ സംസ്ക്കാരം അവർ ജീവിക്കുന്ന കാലയളവിന്റെ സ്വഭാവത്തേയും ജീവിത വീക്ഷണത്തേയും ആശ്രയിച്ചിരിക്കുന്നു. സാഹിത്യം, കല, സംഗീതം, നൃത്തം, പൈതൃക സംരക്ഷണം, വാദ്യാഭ്യാസം, ആചാരാനുഷ്ടാനങ്ങൾ, പരിസ്ഥിതി സംരക്ഷണം എന്നിവയൊക്കെ ജനങ്ങളുടെ സംസ്ക്കാരം ഉയർത്തിപ്പിടിക്കുന്ന ഘടകങ്ങളാണ്. ബോധപൂർവ്വമായ അദ്ധ്വാനവും സാംസ്ക്കാരിക വളർച്ചയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ജീവിതത്തിന്റെ സമസ്തമേഖലകളിലും വ്യാപിച്ച് അതിന് അർത്ഥവും ലക്ഷ്യവും പ്രദാനംചെയ്യുന്നതാണ് സംസ്ക്കാരം. സമൂഹത്തിന്റെ നിരന്തരമായ പരിവർത്തന പ്രക്രിയയോടൊപ്പം സംസ്കാരവും പരിവർത്തന വിധേയമാണ്. സംസ്ക്കാരത്തിന്റെ വാഗനം, സംവേദനം മാധ്യമങ്ങളാണ്. സംവേദനത്തിൽ മൂന്ന് രൂപങ്ങളുണ്ട്. വാമൊഴി, വരമൊഴി, ബിംബം എന്നിവയാണ് അവ. വരമൊഴിയിൽ നിന്നുള്ള സാംസ്ക്കാരിക സംക്രമണം തലമുറകളിൽ നിന്ന് തലമുറകളിലേക്ക് നടന്നുകൊണ്ടിരിക്കുന്നു. അച്ചടിയും ഇലക്ട്രോണിക് മാധ്യമങ്ങളുടെ പ്രചാരവും സംവേദനത്തിന്റെ സാധ്യതയും വ്യാപ്തിയും വർദ്ധിച്ച ഇന്നത്തെ സാഹചര്യങ്ങളിൽ ഒരു പഞ്ചായത്തിന്റെ സാംസ്ക്കാരിക അവസ്ഥയെ വിലയിരുത്തുക എന്നത് ശ്രമകരമെങ്കിലും ആവേശകരമാണ്.

പെരുമനം ഗ്രാമത്തിൽപ്പെട്ട 'ഒല്ലൂർക്കര' ലോപിച്ച് 'ഒല്ലൂക്കര'യായി മാറി എന്നതാണ് ഐതിഹ്യം. യജ്ജൂർവ്വേദം പ്രധാനമായിട്ടുള്ള ഓത്തൂട്ട് എന്ന സാംസ്ക്കാരിക മേള പെരുമയാർജ്ജിച്ച പ്രദേശമാണിത്.

യജ്ഞങ്ങളോട് ബന്ധപ്പെട്ട ശ്രൗതസാഹിത്യങ്ങളുടെ ഈറ്റില്ലമായിരുന്നുവത്രേ ഈ പ്രദേശം. 1980 വരെ ഇവിടെ ഓത്തൂട്ട് നടന്നിരുന്നു.

പഴയപട്ടാളനായകനായ മാങ്കുഴികുറുപ്പിന്റെ കളരിയാശാൻ പേരാറ്റുപുറത്ത് നമ്പൂതിരിയുടെ ജന്മദേശം നെട്ടിശ്ശേരി വില്ലേജിലായിരുന്നു. നാടൻ കലാരൂപങ്ങളായ വല്ല്യാം വേല, മൂതംകളി, കാളക്കളി, പാന, കരിങ്കാളി നൃത്തം, മലവായാട്ടം, ഭദ്രകാളിനൃത്തം, തീക്കോലം, നീലകാളി തുടങ്ങിയ കലാരൂപങ്ങൾകൊണ്ട് സമൃദ്ധമായിരുന്നു ഈ പ്രദേശം. പറയരും, പുലയരും അടക്കമുള്ള അടിയാളവർഗ്ഗമാണ് ഈ കലാരൂപങ്ങൾ അവതരിപ്പിച്ചിരുന്നത്. ഇവയിൽ പലതും നമുക്ക് ഇന്ന് അന്ന്യം വന്നിരിക്കുകയാണ്.

സ്വാതന്ത്ര്യസമരത്തിൽ ആവേശംകൊണ്ട ഒരു ഗ്രാമപ്രദേശത്തെ ജനത മഹാത്മജിയിലാണ് നേതാവിനെകണ്ടെത്തിയത്. സ്വാതന്ത്ര്യസമരത്തിന്റെ തീക്ഷ്ണതയിലേക്ക് എടുത്തുചാടാനായില്ലെങ്കിലും, കള്ളുഷാപ്പ് പിക്കറ്റ്ചെയ്യുക തുടങ്ങിയ സമരധാരയിലേക്ക് നമ്പൂതിരിമാരടക്കം യുവാക്കൾ ഇറങ്ങിതിരിച്ചു. മഹാത്മജി എന്നപേർ നൽകി അവർ ആർട്ട്സ്ഫൗൻറ് സ്പോർട്ട്സ് ക്ലബ്ബ്, വായനശാല, ട്യൂട്ടോറിയൽ എന്നിവയെല്ലാം സ്ഥാപിച്ചു. തകർച്ചയുടേയും വളർച്ചയുടേയും പാതയിൽസഞ്ചരിച്ച മണ്ണുത്തിയിലെ മഹാത്മാ ലൈബ്രറിക്ക് തലമുറകളുടെ കഥകൾ പറയാനുണ്ട്.

പോലീസ് / പട്ടാള പരിശീലനം നടന്നിരുന്ന പട്ടാളകുന്നിന് ഒവെദേശികാധിപത്യത്തിന്റെയും, രാജഭരണത്തിന്റേയും അനുഭവങ്ങൾ പങ്കിടാനുണ്ട്.കൊച്ചി മഹാരാജാവ് സ്ഥാപിച്ച സർക്കാർ കൃഷിത്തോട്ടം, കൊച്ചി - തിരുവിതാംകൂർ - മലബാർ പ്രദേശങ്ങലിലെ കാർഷികവളർച്ചയ്ക്കായി മാതൃകാപരമായ പ്രവർത്തനങ്ങൾ

കാഴ്ചവെച്ചത് ശ്രദ്ധേയമാണ്.

'മണ്ണുകുത്തി' 'മണ്ണുത്തി' യായി ലോപിച്ചുവെങ്കിലും കാർഷിക കേരളത്തിന്റെ മുഖമുദ്രയായിമാറിയ ഈ പ്രദേശത്തിന്റെ സാംസ്ക്കാരിക വളർച്ച അഭിമാനപൂർവ്വം ഓർക്കാൻ കഴിയും 1957 ൽ സ്ഥാപിതമായ കേരളത്തിലെ ഏകവെറ്റിനറി കോളേജ് കൃഷിയോടൊപ്പം മൃഗസംരക്ഷണത്തിന്റെ ശാസ്ത്രീയ വശങ്ങളും ജനതയ്ക്ക് പകർന്നു നൽകിയിട്ടുണ്ട്. കേരള കാർഷികസർവ്വകലാശാലയുടേയും തൃശ്ശൂർ മെഡിക്കൽകോളേജിന്റെയും ആദ്യ ആസ്ഥാനം മണ്ണുത്തിയായിരുന്നു. പുരാതന കാലം മുതലുള്ള കൃഷിഫാമും കാർഷികസർവ്വകലാശാലയുടെ സാമിപ്യവുമാണ് നേഴ്സറിവ്യവസായം ഇവിടെ തഴച്ചുവളരുവാൻ കാരണമായത്. ഒല്ലൂക്കര പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശം കാർഷിക പ്രാധാന്യമുള്ളതായതിനാൽ കൂടുതൽ ഗ്രാമീണമായ സാംസ്ക്കാരിക പാരമ്പര്യം നിലനിർത്തുന്നുണ്ട്. എന്നാൽ പടിഞ്ഞാറൻ പ്രദേശങ്ങൾ തൃശ്ശൂർ നഗരത്തിന്റെ സമീപത്ത് സ്ഥിതിചെയ്യുന്നതിനാൽ നഗരസംസ്കാരത്തിന്റെ എല്ലാ രൂപങ്ങളും ഈ പ്രദേശത്തെ ജനങ്ങളുടെ ജീവിതരീതിയിൽ പ്രകടമാകുന്നുണ്ട്. നഗരത്തെ ആശ്രയിച്ച് വിവിധ ജോലികളിൽ ഏർപ്പെട്ടിട്ടുള്ള ഈ പ്രദേശത്തെ ജനങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ പോലും യാന്ത്രികമാകുന്നുണ്ട്. കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെറ്റിനറികോളേജ്, കമ്മ്യൂണിക്കേഷൻ സെൻറർ, സഹകരണ ബാങ്കിങ്ങ് മാനേജ്മെൻറ് കോളേജ് എന്നിവയിലെ ഗണ്യമായ ജീവനക്കാർ മണ്ണുത്തി പ്രദേശത്താണ് താമസിക്കുന്നത്. കേരളത്തിന്റെ വിവിധ പ്രദേശത്തു നിന്ന് വന്ന് താമസിക്കുന്നവർ വിവധ സംസ്ക്കാരങ്ങളുടെ സങ്കലനത്തിന് ഇടയാക്കിയിട്ടുണ്ട്.

കാർഷികവൃത്തിയിലധിഷ്ഠിതമായ ജനതയുടെ സംസ്കാരം കരു പിടിപ്പിക്കുന്നതിൽ ഈ പ്രദേശത്തെ വിദ്യാലയങ്ങൾ ,കലാസമിതികൾ, ഗ്രന്ഥശാലകൾ എന്നിവ സ്വാധീനം ചെലുത്തിയിട്ടുള്ള കാർഷിക മാറ്റങ്ങൾക്കായുള്ള പോരാട്ടങ്ങൾ ജനങ്ങളുടെ ജീവിതരീതിയിൽ വലിയ പരിവർത്തനങ്ങൾ സൃഷ്ടിക്കുകയുണ്ടായി. ഒരു കാലത്ത് സവർണ്ണഹിന്ദുക്കൾക്ക് പ്രാമുഖ്യമുണ്ടായിരുന്ന ഈ പ്രദേശത്ത് മുസ്ലീം- ക്രൈസ്തവൻ സമുദായങ്ങളെ സ്വാഗതം ചെയ്യുന്നതിനും അവരുടെ ദേവാലയങ്ങൾ സ്ഥാപിക്കുന്നതിനും ആരും അസഹിഷ്ണുത കാണിച്ചില്ല. ക്രൈസ്തവൻ പള്ളിയും മുസ്ലീം ദേവാലയവും നിർമ്മിക്കുന്നതിന് അവർ എല്ലാ സഹായവും ചെയ്തുകൊടുത്തിരുന്നു.നാനാ ജാതി മതസ്ഥർ സ്നേഹത്തോടേയും സമഭാവനയോടേയും വസിച്ചിരുന്ന ഈ പ്രദേശത്ത് ഇപ്പോഴും അവർ തമ്മിൽ ഐക്യവും സ്നേഹവും നിലനിൽക്കുന്നു എന്നുള്ളത് അഭിമാനകരമാണ്.

ഒല്ലൂക്കരയുടെ സംസ്കാരിക പാരമ്പര്യം ഉയർത്തിപിടിക്കുന്നതിൽ ഇവിടത്തെ പ്രാഥമിക വിദ്യാലയങ്ങൾ മുതൽ സർവ്വകലാശാല വരെയുള്ള സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, ഗ്രന്ഥശാലകൾ, കലാസമിതികൾ, സഹകരണസംഘങ്ങൾ, നാട്ടുകൂട്ടങ്ങൾ എന്നിവയുടെ സ്വാധീനം നിർണ്ണായകമാണ്. വാസ്തുശിൽപ്പത്തിന് പ്രശസ്തിയാർജ്ജിച്ച മനകൾ, പള്ളികൾ, അമ്പലങ്ങൾ എന്നിവയ്ക്കും ഒല്ലൂക്കരയുടെ സാംസ്കാരിക ചരിത്രത്തിൽ ഗണ്യമായ സ്ഥാനമുണ്ട്. പഞ്ചായത്ത്-ബ്ലോക്ക്-ജില്ലാതലങ്ങളിൽ നടക്കുന്ന കേരളോത്സവത്തിന്റെ കലാകായികമത്സരങ്ങൾ പഞ്ചായത്തിലെ സംസ്കാരികനിലവാരത്തെ ഉയർത്തുന്നതിന് സഹായിച്ചിട്ടുണ്ട്.

ഉത്സവങ്ങളും ആഘോഷങ്ങളും

നാനാജാതി മതസ്ഥരുടെ ഉത്സവങ്ങളും ആഘോഷങ്ങളും ഒല്ലൂക്കരയെ എക്കാലവും സജീവമാക്കുന്നു. പെരുമനം ദേശത്തിന്റെ ഉത്സവം നമ്പൂതിരിമാരുടെ എല്ലാ അമ്പലങ്ങളിലും ആചരിച്ചു വന്നിരുന്നു. (മനകളോട് അനുബന്ധിച്ചുള്ള അമ്പലങ്ങളിൽ). വിളവെടുപ്പിനു ശേഷമുള്ള ഉത്സവങ്ങളുടെ ഭാഗമായി വിവിധ പ്രദേശങ്ങളിൽ പൂരം പുറപ്പാടുകൾ മാർച്ച് മാസത്തിൽ ആരംഭിക്കുന്നു. ഒല്ലൂക്കര പഞ്ചായത്തിലെ നെട്ടിശ്ശേരിപൂരം പുറപ്പാട് പ്രസിദ്ധമാണ്. ഈ പൂരപുറപ്പാടിനു ശേഷം അരയ്ക്കാൽ പൂരംവരെ ഉത്സവാഘോഷങ്ങൾ തുടരും.

വിവിധ അമ്പലങ്ങളുമായി ബന്ധപ്പെട്ട് പ്രത്യേക ഉത്സവങ്ങളും നടന്നു വരുന്നുണ്ട്. ക്ഷേത്രകലകളുടെ പരമ്പര്യമുള്ള പ്രദേശമാണിത്. ഈ കലകളുമായി ബന്ധപ്പെട്ട് ചെണ്ട, മദ്ദളം തുടങ്ങി വിവിധതരം വാദ്യങ്ങൾ ഉപയോഗിച്ചിരുന്ന കലാകാരൻമാരുടെ എണ്ണം കുറഞ്ഞ് വരുന്നു. പഞ്ചായത്ത് പരിധിയിലുള്ള അമ്പലങ്ങളുടെ അവയോടനുബന്ധിച്ച് നടത്തുന്ന ഉത്സവങ്ങളുടെ പട്ടിക 1 കാണുക.

പട്ടിക 1

അമ്പലങ്ങൾ	ഉത്സവങ്ങൾ
ശ്രീ ധർമ്മശാസ്താ ക്ഷേത്രം	ഉത്രം വിളക്ക്, കാവടിയാട്ടം, പൂരം, മകരവിളക്ക്.
ശ്രീനാരായണ ധർമ്മസമാജം ക്ഷേത്രം എരിത്തേരി ദേവസ്വം	ചതയാഘോഷം കളമെഴുത്ത് പാട്ടു ഉത്സവം പൂരം
ചെറുക്കുളങ്ങര ഭഗവതി ക്ഷേത്രം, ശിവക്ഷേത്രം, വേട്ടക്കാടൻ അമ്പലം, തിരുവാണിക്കാവ്ക്ഷേത്രം	കുംഭഭരണി വേല
മണ്ണുത്തി കൊടുങ്ങല്ലൂർ ഭഗവതിക്ഷേത്രം	മകര ചൊവ്വ ആഘോഷങ്ങൾ
മാരിയമ്മൻ കോവിൽ,	മാരിയമ്മ പൂരം
ആനക്കൊട്ടിലിൽ അയ്യപ്പക്ഷേത്രം	
നെട്ടിശ്ശേരി ശിവക്ഷേത്രം	ശിവരാത്രി
കോക്കുളങ്ങര ഭഗവതി ക്ഷേത്രം	മകരമാസത്തെ അവസാന ദിവസം കാവടി, പൂരം
മഹാവിഷ്ണു ക്ഷേത്രം മുക്കാട്ടുകര	
ദുർഗ്ഗാദേവി ക്ഷേത്രം നെല്ലങ്കര	മീനമാസത്തിലെ പ്രതിഷ്ഠ ദിനം

200 ലേറെ വർഷം പഴക്കമുള്ള കാളത്തോട് ജുമഅത്ത് പള്ളിയിലും അതിന്റെ കീഴിലുള്ള കൃഷ്ണപുരം, കുന്നത്തുംകര, മണ്ണുത്തി ജമാഅത്തുപള്ളികളിലും നടന്നു വരുന്ന പെരുന്നാളുകളിലും ചന്ദനകുടം നേർച്ചയിലും ജാതി മതഭേദ്യമന്യേ ജനങ്ങൾ പങ്കെടുക്കുന്നു. വിവിധ പള്ളികളിലും അവിടെ നടന്നു വന്നിരുന്ന ഉത്സവ പെരുന്നാൾ ആഘോഷങ്ങളും താഴെ പട്ടിക 2 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 2

മുസ്ലീം പള്ളികൾ

പള്ളികൾ	ആഘോഷങ്ങൾ
1. കാളത്തോട്ജുമായത്ത് പള്ളി	എല്ലാ വെള്ളിയാഴ്ചയും ഉള്ള നിസ്കാരചടങ്ങ് ചന്ദനക്കുടം.
2. കുന്നത്തുംകാര ജുമായത്ത് പള്ളി	നിസ്ക്കാരചടങ്ങ്
3. കൃഷ്ണാപുരം ജുമായത്ത് പള്ളി	നിസ്ക്കാരചടങ്ങ്
4. മണ്ണുത്തി ജുമായത്ത് പള്ളി	നിസ്ക്കാരടചങ്ങ്
5. മുല്ലക്കര ജുമായത്ത് പള്ളി (ജാറം പള്ളി)	നിസ്ക്കാരടചങ്ങ് ചന്ദനക്കുടം

പട്ടിക 3

ക്രിസ്ത്യൻ പള്ളികൾ

പള്ളികൾ	ആഘോഷങ്ങൾ
സെൻറ് സെബാസ്റ്റ്യൻ ചർച്ച് നെല്ലിക്കുന്ന്	ജനുവരി ആദ്യ ഞായറാഴ്ച അമ്പ് പെരുന്നാൾ
യാക്കോബറ്റ് പള്ളി N.H ന് സമീപം.	
സിഎസ്.ഐ. ചർച്ച് മണ്ണുത്തി.	ന്യൂ ഇയർ
കത്തോലിക്ക പള്ളി മണ്ണുത്തി	അമ്പു പെരുന്നാൾ
മുക്കാട്ടുകര പള്ളി	അമ്പു പെരുന്നാൾ
മാർ എസ്തപനോസ് സഹദ്പള്ളി നല്ലങ്കര	ഫെബ്രുവരിയിൽ പെരുന്നാൾ
സെൻറ് സെബാസ്റ്റ്യൻ പള്ളി നെല്ലങ്കര	ജനുവരി അവസാനം. പെരുന്നാൾ

ക്രൈസ്തവ സമുദായത്തിന്റെ ആഘോഷങ്ങൾ പെരുന്നാളുകളായിട്ടാണ് നടന്നുവരുന്നത്. ഇവിടെയും മതമൈത്രിയുടെ സാന്നിധ്യം ഉണ്ട്. പഞ്ചായത്തിലെ വിവിധ പള്ളികളും അതുമായി ബന്ധപ്പെട്ട് വരുന്ന പെരുന്നാൾ ആഘോഷങ്ങൾ പട്ടിക 3 ൽ കാണുക .

ഇവ കൂടാതെ പഞ്ചായത്തിലെ മുല്ലക്കര പ്രദേശത്ത് മുപ്പൻ, പണ്ടാരസമുദായങ്ങൾ അവരുടെ പ്രത്യേക ആരാധനാലയങ്ങളിൽ ഉത്സവങ്ങൾ നടത്തി വരുന്നുണ്ട്. ശ്രീ നാരായണധർമ്മ പരിപാലന സംഘത്തിന്റെ നേതൃത്വത്തിലുള്ള ആഘോഷങ്ങളും നടന്നു വരുന്നു.

ഗ്രന്ഥശാലകൾ

മണ്ണുത്തിയിലെ മഹാത്മാ വായനശാല, മുക്കാട്ടുക്കര നെട്ടിശ്ശേരി ഗ്രാമീണ വായനശാല, ഒല്ലൂക്കര ഗ്രാമപഞ്ചായത്ത് ഗ്രന്ഥശാല, നെല്ലങ്കര പട്ടികജാതി കോളനിയിലെ വായനശാല തുടങ്ങിയവയാണ് ഗ്രന്ഥാലയങ്ങൾ. മുക്കാട്ടുക്കര നെട്ടിശ്ശേരി വായനശാല 1940 -ൽ ആണ് ആരംഭിച്ചത്. മഹത്മവായനശാലയുടെ ഉത്ഭവം ഈ കാലയളവിൽ തന്നെയാണ്. ചന്തുവാരത്ത് കൃഷ്ണൻകുട്ടി മേനോൻ ആണ് മഹാത്മാവായനശാലയ്ക്ക് തുടക്കം കുറിച്ചത്. പിന്നീട് പ്രവർത്തനം നിലച്ചുവെങ്കിലും സ്വാതന്ത്ര്യാനന്തരം ഈ ഗ്രന്ഥശാലയുടെ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തി. പടിഞ്ഞാറേത്തടം ശ്രീ. മാധവൻ നമ്പൂതിരി വായനശാലയ്ക്കായി 3 സെൻറ് സ്ഥലം സംഭാവന ചെയ്തുവെങ്കിലും അത് വെറ്റിനറി കോളേജിനായി എടുത്തുപോയി. പിന്നീട് വന്ന ജനകീയ കമ്മിറ്റി ഇപ്പോൾ ഉള്ള ഇരുനില കെട്ടിടം വായനശാലയ്ക്ക് സ്വന്തമായി നിർമ്മിച്ചു. ഇപ്പോൾ ഈ ഗ്രന്ഥശാല പ്രവർത്തിക്കുന്നില്ല. കേരളഗ്രന്ഥശാല സംഘത്തിന്റെ ഗ്രാൻറ് യഥാവിധി വിനിയോഗിക്കാനും കൂടുതൽ പേർക്ക് അംഗത്വം നൽകി ഈ ഗ്രന്ഥശാലയുടെ പ്രവർത്തനം നവീകരിക്കാനും ജനങ്ങളുടെ കൂട്ടായ പ്രവർത്തനം ആവശ്യമാണ്. 7-ാം വാർഡിലാണ് മഹത്മ വായനശാല സ്ഥിതി ചെയ്യുന്നത്.

വാർഡ് 12-ൽ സ്ഥിതി ചെയ്യുന്ന മുക്കാട്ടുക്കര നെട്ടിശ്ശേരി ഗ്രാമീണ വായനശാലയുടെ നിലവിലുള്ള അംഗസംഖ്യ 1444 ആണ്. എങ്കിലും സജീവ അംഗങ്ങൾ 647 മാത്രമാണ്. പുസ്തകങ്ങളുടെ എണ്ണം 7688 ആണ്. ഈ ഗ്രന്ഥശാലയ്ക്ക് വേണ്ടിയുള്ള കെട്ടിട നിർമ്മാണം പൂർത്തികരിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് വായനശാല സംസ്കാരിക നിലയത്തിലാണ് പ്രവർത്തിക്കുന്നത്. 3944 പുസ്തകങ്ങളുള്ള ഈ ഗ്രന്ഥശാലയിൽ 126 അംഗങ്ങളാണ് ഉള്ളത്. 7 ദിനപത്രങ്ങളും പതിനൊന്ന് ആനുകാലിക പ്രസിദ്ധകരണങ്ങളും വരുത്തുന്നുണ്ട്. ഒരു മുഴുവൻ സമയ ലൈബ്രേറിയന്റെ സേവനം ലഭ്യമായ ഈ വായ

നശാല ജനങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ല.

പഞ്ചായത്തിലെ മറ്റു വാർഡുകളിൽ ഗ്രന്ഥശാലകൾ ഇല്ലെന്നുള്ളതു ശ്രദ്ധിക്കപ്പെടേണ്ടതാണ്.

നെല്ലങ്കരയിലുള്ള പട്ടികജാതികോളനിയിലെ വായനശാല ഇപ്പോൾ പ്രവർത്തിക്കുന്നില്ല. കെട്ടിടത്തിനു വേണ്ട അറ്റകുറ്റപ്പണികൾ ചെയ്ത് വേണ്ടരീതിയിൽ പ്രവർത്തിപ്പിക്കേണ്ടതാണ്.

വായന- ചില കണക്കുകൾ

പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ വായിക്കുന്നവരുടെ എണ്ണം താരതമ്യേന വർദ്ധിച്ചിട്ടുണ്ടെങ്കിലും ഗൗരവപൂർവ്വമായ പുസ്തകവായന കുറഞ്ഞു വരുന്നതായിട്ടാണ് സാംസ്കാരിക ഗ്രൂപ്പ് നടത്തിയ സർവ്വേയിൽ വ്യക്തമാകുന്നത്. മൂന്നിൽഒന്നിന് വീടുകളിൽ പത്രം വരുത്തുന്നുണ്ട്. ജനസംഖ്യയിൽ പകുതി പേർ ഏതെങ്കിലും മാസികകളോ, വാരികകളോ വായിക്കുന്നവരാണ്.

കലാസമിതികൾ

ഒല്ലൂക്കര പഞ്ചായത്തിലെ മിക്ക വാർഡുകളിലും കലാസമിതികൾ പ്രവർത്തിച്ചു വരുന്നുണ്ട്. എന്നാൽ ഇവയിൽ ഭൂരിപക്ഷവും സജീവമല്ല. രജിസ്റ്റർ ചെയ്തിട്ടുള്ള കലാസമിതികളുടെ എണ്ണം പൊതുവെ കുറവാണ്. ഈ കലാസമിതി പ്രവർത്തനങ്ങളെ ബന്ധിപ്പിക്കുവാനും പരിപോഷിപ്പിക്കുവാനും ഉള്ള സംവിധാനം ഇന്ന് നിലവിലില്ല. അനുഷ്ഠാന കലകളും, നാടൻ കലകളും ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

ഏഴാം വാർഡിലെ ഇൻസാറ്റ് സംസ്കാരികവേദി ആകർഷകമായ രണ്ടു കൈ എഴുത്തു മാസികകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മറ്റു വാർഡുകളിലൊന്നും ഇത്തരത്തിലുള്ള ബഹുമുഖപ്രവർത്തനങ്ങൾ നടത്തുന്ന സംസ്കാരിക വേദികൾ നിലവിലില്ല.

നല്ലങ്കരയിലെ 'ഡി.എഫ്' കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ആർട്ടസ് ഏൻറ് സ്പോർട്ട്സ് ക്ലബ്ബ് ആ പ്രദേശത്തെ സംസ്കാരികരംഗങ്ങളിൽ ഗണ്യമായ പങ്കു വഹിച്ചിട്ടുണ്ട്. നല്ലങ്കരയിലെ കുമ്മാട്ടിക്കളി, കുന്നത്തുംകരയിലെ ഉടുക്കൊട്ടും പാട്ടും, ഒല്ലൂക്കരയിലെ പ്രാചീന കലാരൂപങ്ങളും തോട്ടപ്പടിയിലെ അറമനമുട്ടും കോൽക്കളിയും പഞ്ചായത്തിൻെറ സാംസ്കരിക വളർച്ചയ്ക്ക് സംഭാവന നല്കിയിട്ടുണ്ട്.

കായികരംഗം.

കായികരംഗങ്ങളിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ചവച്ചിട്ടുള്ള പഞ്ചായത്താണിത്. കേരളോത്സവത്തിലെ കായികമത്സരങ്ങളിൽ സംസ്ഥാനതലം വരെ ഈ പഞ്ചായത്തിലെ കായികപ്രതിഭകൾ മുന്നേറിയിട്ടുണ്ട്. സ്പോർട്ട്സ് ക്ലബ്ബുകൾ ഉണ്ടെങ്കിലും പ്രവർത്തനം സജീവമാക്കുന്നതിന് വേണ്ടത്ര പരിപാടികളില്ല.

പ്രശ്നങ്ങൾ:-

1. 7, 8, 12 വാർഡുകളൊഴിച്ച് പഞ്ചായത്തിലെ 11 വാർഡുകളിലും വായനശാലാ സംവിധാനങ്ങളില്ല.

2. 12-ാം വാർഡിലെ ഗ്രാമീണവായനശാലയുടെ കെട്ടിടപണി പൂർത്തീകരിച്ചിട്ടില്ല.

3. ഗ്രന്ഥശാലാസംഘത്തിൻെറ ഗ്രാൻറ് യഥാവിധി വിനിയോഗിക്കാനും കൂടുതൽ പേർക്ക് അംഗത്വം നല്കി മഹാത്മാ വായനശാലയുടെ പ്രവർത്തനം നവീകരിക്കാനും ജനങ്ങളുടെകൂട്ടായ പ്രവർത്തനത്തിൻെറ അഭാവം.

4. ഗ്രാമപഞ്ചായത്ത് വായനശാലയുടെ സേവനം ജനങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നില്ല.

5. കേരളോത്സവങ്ങളിലും മറ്റും ജനങ്ങളുടെ പങ്കാളിത്തവും സഹകരണവും കുറഞ്ഞു വരുന്നു.

6. ഒന്നാം വാർഡിൽ പ്രിയദർശിനി ഗ്രൗണ്ട് അറ്റകുറ്റപണി നടത്തി പ്രയോജനപ്പെടുത്തണം. ഈ വാർഡിൽ ഒരു ഓഡിറ്റോറിയത്തിൻെറ ആവശ്യമുണ്ട്.

7. മൂന്നാം വാർഡിലെ വായനശാല പ്രവർത്തനരഹിതമാണ്. പൊതു ടി. വി. യും റേഡിയോവും ഇല്ല.

8. എട്ടാം വാർഡിൽ ഒരു പൊതു വിനോദ കേന്ദ്രത്തിൻെറ അഭാവമുണ്ട്.

9. പത്താം വാർഡിലെ മുല്ലക്കര റിക്രിയേഷൻ ക്ലബ്ബിന് പഞ്ചായത്ത് ഗ്രാൻറ് തുടർന്ന് ലഭിക്കുന്നില്ല.

10. മണ്ണുത്തി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് പ്രവർത്തനരഹിതമാണ്.

നിർദ്ദേശങ്ങൾ, സാധ്യതകൾ.

1. കലാകായിക സാംസ്കാരിക രംഗങ്ങളിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുപോകുവാൻ പഞ്ചായത്ത് തലത്തിൽ ഒരു സംവിധാനം ഉണ്ടാകണം. ഇതിന്റെ പ്രവർത്തനം ഉടനെ തുടങ്ങണമെന്നും കേന്ദ്രം നിലവിലുള്ള സാംസ്കാരികനിലയമാക്കണമെന്നും നിർദ്ദേശിക്കുന്നു.

2. പഞ്ചായത്തിലെ എല്ലാ കലാകായിക പ്രവർത്തനങ്ങൾക്കുമുള്ള ആസൂത്രണത്തിനും മേൽനോട്ടത്തിനും ഒരു വിദഗ്ദ്ധസമിതി പഞ്ചായത്ത് തലത്തിൽ രൂപീകരിക്കപ്പെടണം.

3. വായനയെ എല്ലാതരത്തിലും പരിപോഷിപ്പിക്കുവാൻ ഉതകുന്ന സംവിധാനത്തിനു രൂപം നൽകണം. വായനശാലകൾ ഇല്ലാത്ത പതിനൊന്ന് വാർഡുകളിലും അത് ആരംഭിക്കണം.

4. പന്ത്രണ്ടാം വാർഡിലെ ഗ്രാമീണ വായനശാലയുടെ കെട്ടിടം പണിപൂർത്തീകരിക്കുന്നതിനുള്ള സാമ്പത്തികസഹായം പഞ്ചായത്ത് നൽകണം.

5. റിക്രിയേഷൻ ക്ലബ്ബുകളോടനുബന്ധിച്ചുള്ള വായനശാല ആരംഭിക്കുന്നതിനുള്ള സഹായം നൽകണം.

6. എല്ലാ വാർഡുകളിലും ജനസമ്പർക്ക കേന്ദ്രങ്ങൾ ആരംഭിക്കുകയും ഇതിനോടനുബന്ധിച്ച് കുട്ടികളുടെയും വനിതകളുടെയും കൂട്ടായ്മകൾക്കും ക്രിയാത്മക പ്രവർത്തനങ്ങൾക്കും സൗകര്യങ്ങൾ ഉണ്ടാക്കണം.

7. ഒന്നാം വാർഡിലെ പ്രിയദർശിനി ഗ്രൗണ്ടിന്റെ അറ്റകുറ്റപണിനടത്തി ഉപയോഗയോഗ്യമാക്കണം.

8. ടി. വി. യും റേഡിയോവും എല്ലാ വാർഡിലേയും ജനസമ്പർക്ക കേന്ദ്രങ്ങൾക്ക് വിതരണം ചെയ്യണം.



5.9 വനിത



ഉള്ളടക്കം

- തൊഴിൽ പങ്കാളിത്തം 165
- പ്രശ്നങ്ങൾ 168
- സംഗ്രഹം 169
- സാധ്യതകൾ 170
- ഗ്രാമസഭാ നിർദ്ദേശങ്ങൾ 171

5 ൭ വനിത

മല്ലൂക്കര പഞ്ചായത്തിലെ ജനസംഖ്യ 1991 ലെ കാനേഷുമാരി കണക്കനുസരിച്ച് 39450 ആണ്. 19386 പുരുഷന്മാർ -20064 സ്ത്രീകളും. പട്ടികജാതി പട്ടികവർഗ്ഗക്കാരിലും സ്ത്രീകൾക്കാണ് മുൻതൂക്കം. ആകെ 2547 ൽ സ്ത്രീകൾ 1327- പുരുഷന്മാർ 1220. മൊത്തം 10476 കുടുംബങ്ങളിൽ 270 കുടുംബങ്ങൾ സ്ത്രീകളുടെ നിയന്ത്രണത്തിലാണ്. (വാർഡു പരിശോധനയിൽ നിന്ന്)

വിദ്യാഭ്യാസ രംഗത്ത് സ്ത്രീകൾ പൊതുവെ പിന്നിലാണെന്ന് കണക്കുകൾ കാണിക്കുന്നു. 1991 ലെ കണക്കു പ്രകാരം 16356 പുരുഷന്മാരും 16038 സ്ത്രീകളുമാണ് സാക്ഷരർ. പഞ്ചായത്തിലെ ആറ് ലോവർ പ്രൈമറി സ്ക്കൂളികളിൽ 1295 ആൺകുട്ടികളും 1078 പെൺകുട്ടികളും നാല് അപ്പർപ്രൈമറി, ഹൈസ്ക്കൂൾ വിഭാഗങ്ങളിൽ 1344 ആൺകുട്ടികളും 1010 പെൺകുട്ടികളും പഠിക്കുന്നു. 1991 മുതൽ 1995 വരെയുള്ള കാർഷിക സർവ്വകലാശാല വാർഷിക റിപ്പോർട്ട് അനുസരിച്ച് പഞ്ചായത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പെൺകുട്ടികൾ താരതമ്യേന കുറവാണ്.

സംസ്ഥാന നിരക്കുമായി താരതമ്യപ്പെടുത്തുമ്പോൾ പഞ്ചായത്തിലെ ജനനനിരക്കും പ്രസവാന്തരമരണവും വളരെ കുറവാണ്. ശുചിത്വ പരിപാലനത്തിൽ വനിതകൾ ബോധവതികളായതിനാൽ ഈ പഞ്ചായത്തിലെ വനിതകളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെട്ടതാണ്.

തൊഴിൽ മേഖലയിൽ സ്ത്രീ പങ്കാളിത്തം കുറവാണ്. ഇവിടത്തെ സ്ത്രീ പുരുഷ തൊഴിൽ അനുപാതം 12 1/2 : 100 ആണ്. 17567 വനിതകൾ തൊഴിലില്ലാത്തവരാണ്. എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറിൽ നിന്നും വാർഡനുസരിച്ചുള്ള സർവ്വെയിൽ നിന്നും ലഭിച്ച വിവരമനുസരിച്ച് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് പട്ടികയിൽ ചേർത്തിരിക്കുന്നു.

പട്ടിക 1

തൊഴിൽ പങ്കാളിത്തം

തൊഴിൽമേഖല	സ്ത്രീ	പു
1. സഹകാര്യസ്ഥാപനങ്ങളിലെ തൊഴിലാളികൾ	65	235
2. സർക്കാർ അർദ്ധസർക്കാർ പൊതു മേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികൾ	1113	1697
3. കർഷകതൊഴിലാളികൾ	675	525
4. കെട്ടിടനിർമ്മാണ തൊഴിലാളികൾ	200	685
5. വനം മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾ	140	331
ആകെ	2193	3473

തൊഴിൽ മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീകളിൽ കാർഷിക രംഗത്തും കെട്ടിട നിർമ്മാണ രംഗത്തുമാണ് ഏറ്റവും അധികം വയൽ നികത്തി കെട്ടിടം നിർമ്മിക്കുന്നതു മൂലം കാർഷിക രംഗത്തെ സ്ത്രീ തൊഴിലാളികളും മറ്റു തൊഴിൽ മേഖലകളിലേക്ക് മാറി കൊണ്ടിരിക്കുന്നു. സർക്കാർ അർദ്ധസർക്കാർ പൊതുമേഖല സ്ഥാപനങ്ങളിൽ ഒഴികെ മറ്റെല്ലാ തൊഴിൽ മേഖലകളിലും സ്ത്രീകൾക്ക് പൊതുവെ കൂലി കുറവാണ്. പുരുഷകർഷക തൊഴിലാളികൾക്ക് 125 രൂപയും സ്ത്രീക്ക് 50 രൂപയുമാണ് കൂലി. കെട്ടിടനിർമ്മാണ രംഗത്ത് പുരുഷന് 150 രൂപ ലഭിക്കുമ്പോൾ സ്ത്രീക്ക് 100 രൂപയേ ലഭിക്കുന്നുള്ളൂ. പട്ടണ സമീപ പഞ്ചായത്തായതിനാൽ വളരെയധികം പെൺകുട്ടികൾ പട്ടണത്തിലെ സ്വകാര്യ സ്ഥാപനങ്ങളിലേക്ക് ജോലിക്കു പോകുന്നു. 300 രൂപ മുതൽ 600 രൂപ വരെ കൂലിയാണ് അവർക്ക് ലഭിക്കുന്നത്. പഞ്ചായത്തിൽ പുരുഷന്മാരെ അപേക്ഷിച്ച് ഖാദി നേഴ്സറി തൊഴിലുകളിൽ കൂടുതൽ സ്ത്രീകൾ ഏർപ്പെട്ടിട്ടുണ്ടെങ്കിലും അവർക്ക് കൂലി വളരെ കുറവാണ്.

കാർഷിക, മൃഗസംരക്ഷണ, കുടിൽവ്യാവസായിക വ്യാപാര മേഖലകളിലും സ്ത്രീ പങ്കാളിത്തം കുറവാണ്. ഇതു സംബന്ധിച്ച് കൃഷിഭവനിൽ നിന്നും വാർഡു തോറും നടത്തിയ സർവ്വേകളിൽ നിന്നും ലഭിച്ച കണക്കുകൾ താഴേ ചേർക്കുന്നു.

കർഷകരിൽ ആകെ 4019 പേർ ഉള്ളതിൽ 20% സ്ത്രീകളാണ്. അതിൽ വനിതാ നേതൃത്വത്തിൽ 42 കുടുംബങ്ങൾ വിജയപ്രദമായി കൃഷി ചെയ്തു വരുന്നുവെന്ന് എടുത്ത് പറയേണ്ടതാണ്.

പട്ടിക 2

തൊഴിൽമേഖല	സ്ത്രീ	പുരുഷൻ
കാർഷികം	803	3216
മൃഗസംരക്ഷണം	185	165
കുടിൽ വ്യവസായം	98	-
വ്യാപാരം	40	1067
ഇതരമേഖലകൾ	30	15

മൃഗസംരക്ഷണത്തിനാവശ്യമായ പുല്ല്, വൈയ്ക്കോൽ എന്നിവയുടെ കുറവു മൂലവും, കാലിത്തീറ്റയുടെ വിലക്കയറ്റം മൂലവും മൃഗങ്ങളെ വളർത്താൻ സാധിക്കാതെ വരുന്നു. കൂടാതെ പാലിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനങ്ങൾ സ്ത്രീകൾക്ക് കൊടുക്കുകയാണെങ്കിൽ പാലുല്പാദന മേഖല കൂടുതൽ അഭിവൃദ്ധിപ്പെടുത്താൻ കഴിയും.

വ്യാവസായിക രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം കുറവായി കാണുന്നു. തൊഴിൽ സാധ്യതയുള്ള മേഖലകളെക്കുറിച്ച് വനിതകൾക്ക് വേണ്ട വിധത്തിലുള്ള അറിവില്ലാത്തതാണ് ഇതിനു കാരണം.

പഞ്ചായത്തിലെ സ്ത്രീകൾക്ക് 1995-96 ൽ ലഭിക്കുന്ന പെൻഷൻകളും ധനസഹായവും സംബന്ധിച്ച വിവരങ്ങൾ പട്ടിക 3ൽ ചേർക്കുന്നു. (വില്ലേജ് കണക്കനുസരിച്ച്)

പട്ടിക 3

	സ്ത്രീ	പുരു
വിധവാപെൻഷൻ	36	-
വികലാംഗപെൻഷൻ	20	4
വാർദ്ധക്യപെൻഷൻ	35	25
ക്ഷയരോഗപെൻഷൻ	2	5
കുഷ്ഠ രോഗ പെൻഷൻ	1	2
കാൻസർ രോഗ പെൻഷൻ	1	1
കർഷക തൊഴിലാളി പെൻഷൻ	90	50
തൊഴിലില്ലായ്മ വേതനം	340	140
അഗതി പെൻഷൻ	45	35
ആകെ	570	262

പഞ്ചായത്തിൽ ഏഴ് മഹിളാ സമാജങ്ങൾ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല. ഇവയിൽ അഞ്ചെണ്ണത്തിനു മാത്രമെ കെട്ടിടമുള്ളൂ. ഇതിന്റെ കീഴിൽ 6 ബാലവാടികൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ മഹിളാ സമാജങ്ങളേയും അവയുടെ കീഴിൽ പ്രവർത്തിക്കുന്ന ബാലവാടികളേയും സംബന്ധിക്കുന്ന വിവരങ്ങൾ വാർഡ് തിരിച്ചു പട്ടിക 4 ൽ ചേർത്തിരിക്കുന്നു (ബ്ലോക്കിൽ നിന്ന് കിട്ടിയ കണക്ക്)

പട്ടിക 4

വാർഡ് നമ്പറും പേരും	ആരംഭിച്ച വർഷം	കെട്ടിടം	അംഗത്വം	ക്ഷേമപ്രവർത്തനം
1				
2. കാളത്തോട്	1974	ഉണ്ട്	40	ബാലവാടി, ഫീഡിങ്ങ്
3				
4				
5. കൃഷ്ണപുരം	1980		35	ഫീഡിങ്ങ്
6. ഒല്ലൂക്കര, മുക്കാട്ടുക്കര	1976		180	ബാലവാടി ഫീഡിങ്ങ്
7				
8				
9. കൂട്ടാല	1974	ഉണ്ട്	70	ബാലവാടി ഫീഡിങ്ങ്
10.				
11. പനഞ്ചകം ചിറ	1981	ഇല്ല	45	ബാലവാടി ഫീഡിങ്ങ്
12. നെട്ടിശ്ശേരി	1979	ഉണ്ട്	90	ബാലവാടി ഫീഡിങ്ങ്
13. നല്ലങ്കര മുക്കാട്ടുക്കര	1976	ഉണ്ട്	120	ബാലവാടി ഫീഡിങ്ങ്
14.				

തൃശൂർ ജില്ലയിലെ ബാലവാടി അംഗൻവാടി ട്രെയിനിംഗ് സെൻററുകളും ഒല്ലൂക്കര പഞ്ചായത്തിലാണ് (കാളത്തോട് ,ഒല്ലൂക്കര പ്രദേശങ്ങളും). സംസ്ഥാനത്തെ പല ഭാഗത്തു നിന്നും വിദ്യാർത്ഥിനികളും ഇവിടെ വന്ന് പരിശീലനം നടത്തുന്നു. ഈ വിദ്യാർത്ഥികൾക്ക് വേണ്ടത്ര താമസ സൗകര്യമില്ല. ട്രെയിനിംഗ് സെൻററിനോടനുബന്ധിച്ച് മഹിളാസമാജത്തിൻെറ കീഴിൽ ഒരു വനിതാ ഹോസ്റ്റൽ നിർമ്മിക്കണം.

ഗ്രാമീണ വനിത ശിശുവികസന പരിപാടിയുടെ (DWCRA) ഭാഗമായി 1996-97 വർഷത്തേക്ക് ഈ പഞ്ചായത്തിൽ ഒരു യൂണിറ്റ് തുടങ്ങാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. മുൻവർഷം പരിശീലനം നൽകിയെങ്കിലും ഈ ഗ്രൂപ്പിൽപ്പെട്ട സ്ത്രീകളുടെ നിസ്സഹകരണംമൂലം പദ്ധതി നടപ്പാക്കാൻ കഴിഞ്ഞില്ല. ട്രൈസം പദ്ധതി മുഖേന വനിതകൾക്ക് പരിശീലനം കൊടുത്തതിൻെറ വിവരങ്ങൾ പട്ടിക 5ൽ വ്യക്തമാക്കിയിരിക്കുന്നു.(ബ്ലോക്കിൽ നിന്നു ലഭിച്ച കണക്കുകൾ)

പട്ടിക 5

തൊഴിൽ മേഖല	പരിശീലനം ലഭിച്ച വനിതകളുടെ എണ്ണം
1. ബുക്ക് ബൈൻറിങ്ങ്	15
2. അഗ്രി നേഴ്സറി	8
3. ഫോട്ടോഗ്രാഫി	2
4. ഹാൻറി ക്രാഫ്റ്റ്	2
5. ലെതർ വർക്ക്	2
6. ഹാൻലൂം വീവിങ്ങ്	5
7. ഡൈമൻറ് കട്ടിങ്ങ്	4
ആകെ	38

സമഗ്ര വികസന പദ്ധതി പ്രകാരം പഞ്ചായത്തിൽ 220 പേർക്ക് സഹായം ലഭിച്ചിട്ടുണ്ട്. 1992 മുതൽ 1996 വരെയുള്ള കാലയളവിൽ സമഗ്ര ഗ്രാമ വികസന പദ്ധതി പ്രകാരം സഹായം

ലഭിച്ച ഗുണഭോക്താക്കളുടെ സ്ത്രീ പുരുഷ കണക്കുകൾ താഴെ പട്ടികയിൽ കാണിച്ചിരിക്കുന്നു.

പട്ടിക 6

കൊല്ലം	സ്ത്രീ	പുരുഷൻ	ആകെ
92-93	22	44	66
93-94	27	41	68
94-95	11	35	46
95-96	22	18	40
ആകെ	82	138	220

അവലംബം :- ഒല്ലൂക്കര ബ്ലോക്ക് റിപ്പോർട്ട് .

പഞ്ചായത്തിൽ ട്രൈസം പദ്ധതി മുഖേന ആകെ 38 വനിതകൾക്ക് പരിശീലനം കൊടുത്തിട്ടുണ്ടെങ്കിലും 7 പേർ മാത്രമെ വായ്പ എടുത്തിട്ടുള്ളൂ- 6 പേർ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു.

ഒല്ലൂക്കര പഞ്ചായത്തിൽ 1992 ൽ പ്രവർത്തനം ആരംഭിച്ച ഒരു വനിതാ സഹകരണ സംഘം ഉണ്ട്. ആകെ 304 അംഗങ്ങളുള്ള ഈ വനിത സംഘം ക്രെഡിറ്റ്/ നോൺ ക്രെഡിറ്റ് കാർഷികേതര സൊസൈറ്റിയാണ്. ഈ സംഘം ഇപ്പോൾ വേണ്ട വിധത്തിൽ പ്രവർത്തിക്കുന്നില്ല.

1991 മുതലുള്ള പോലീസ് കേസ്സുകളെടുത്തു നോക്കിയാൽ വനിതകൾക്ക് നേരെയുള്ള ആക്രമണങ്ങളോ സ്ത്രീധനത്തിന്റെ പേരിലുള്ള പീഡനങ്ങളോ നടന്നിട്ടില്ലെന്ന് കാണാം. വിവാഹത്തിനു ശേഷമാണ് അധികവും സ്ത്രീ ആത്മഹത്യകൾ നടന്നിട്ടുള്ളത് എന്ന് പോലീസ് റിപ്പോർട്ട് വെളിപ്പെടുത്തുന്നു. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പോസ്റ്റുകൾ ഈ പഞ്ചായത്തിലെ റോഡുവക്കുകളിൽ ഇടയ്ക്കിടെ പ്രത്യക്ഷപ്പെടാറുണ്ട്. നിയമം മൂലം ഇത് തടയുക എന്നത് പ്രായോഗികമല്ലാത്തതിനാൽ ജനപങ്കാളിത്തത്തോടെ മാത്രമെ ഇത് തടയാൻ സാധിക്കുകയുള്ളൂ.

ഒല്ലൂക്കര പഞ്ചായത്തിൽ സാമൂഹ്യ രാഷ്ട്രീയ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ വേണ്ടത്ര വനിതകൾ മുന്നോട്ട് വന്നിട്ടില്ല. സാംസ്ക്കാരിക രംഗത്തും കലാകായികരംഗത്തും വനിതകളുടെ പ്രാതിനിധ്യം പൊതുവെ കുറവാണ്. ഗ്രന്ഥശാലാരംഗത്തും വനിതകളുടെ പങ്കാളിത്തം ഇനിയും കൂട്ടേണ്ടിയിരിക്കുന്നു. കാർഷിക സർവ്വകലാശാലയോട് അനുബന്ധിച്ചുള്ള കോളേജുകളിലും മറ്റും ഉന്നത വിദ്യാഭ്യാസമുള്ള ധാരാളം വനിതകൾ ഉണ്ട്. ഉന്നതവിദ്യാഭ്യാസമുള്ള വനിതകളേക്കാൾ സാമാന്യ വിദ്യാഭ്യാസമുള്ള തൊഴിലാളികളും താഴ്ന്ന വരുമാനക്കാരുമാണ് സാമൂഹ്യ പ്രവർത്തനങ്ങളെങ്കിലും നടത്തുന്നതെന്നാണ് വസ്തുത. മാനസികവും കായികവുമായ വികസനത്തിനുതകുന്ന നാടൻ കലാ രൂപങ്ങളും (കുമ്മി, തിരുവാതിര) നാടൻ പാട്ടുകളും (ഞാറ്റു പാട്ട് തുടങ്ങിയവ) ഒരു കാലത്ത് ഇവിടെയുണ്ടായിരുന്നു. അതെല്ലാം വനിതകൾ ഉപയോഗപ്പെടുത്തിയിരുന്നു. പക്ഷെ നാടൻ ശീലുകളും കലാരൂപങ്ങളുമൊക്കെ ഇന്ന് നഷ്ടമായതോടെ ഈ രംഗത്ത് വനിതകൾ നിഷ്ക്രിയരായിട്ടുണ്ട്.

പ്രശ്നങ്ങൾ

1. തൊഴിലവും സ്ത്രീകളും തൊഴിലില്ലാത്തവരാണ്

2. സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിലൊഴികെ ഇതര മേഖലകളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് പുരുഷന്മാരേക്കാൾ കുറഞ്ഞ വേതനമേ ലഭിക്കുന്നുള്ളൂ.

3. ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള സ്ത്രീകൾക്കുവേണ്ടി വനിതാശിശു വികസനപദ്ധതി, പട്ടികജാതി/വർഗ്ഗയുവജന സ്വയംതൊഴിൽ പദ്ധതി എന്നിവയെക്കുറിച്ച് അറിവില്ലായ്മ

4. കാർഷിക മൃഗസംരക്ഷണ മേഖലയിൽ സ്ത്രീകളെ ബോധവതികളാക്കിയാൽ ഈ രംഗത്ത് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്ത്രീകൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു.

5. സ്വയം തൊഴിൽ പദ്ധതി പ്രകാരം സ്ത്രീകൾക്ക് ചെയ്യാൻ കഴിയുന്ന വ്യവസായ രംഗങ്ങളിലേക്ക് കടന്നു വരാൻ സ്ത്രീകൾ മുതിരുന്നില്ല.

6. വീട്ടമ്മമാർക്ക് പൊതുടാപ്പുകളിൽ കൂടി ആവശ്യസമയത്ത് വെള്ളം കിട്ടാതിരിക്കുന്ന സാഹചര്യം നിലനിൽക്കുന്നു. രാത്രി സമയത്ത് വെള്ളം ലഭ്യമാക്കുമ്പോൾ വീട്ടമ്മമാർക്ക് റോഡിലിറങ്ങി വെള്ളം ശേഖരിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

7. പഞ്ചായത്തിന്റെ കേന്ദ്രബിന്ദുവായ

മണ്ണുത്തിയിൽ കൂടി വിവിധ ഭാഗങ്ങളിലേക്ക് ബസ്സ് സർവ്വീസുകളും ഉണ്ടെങ്കിലും പട്ടണത്തിനടുത്തായ ഈ പഞ്ചായത്തിൽ നിന്നുള്ള വനിതകൾക്ക് യാത്രാപ്രശ്നം കൂടുതൽ അനുഭവപ്പെടുന്നു. സ്കൂൾ, ഓഫീസ് സമയത്ത് ഇവിടത്തെ വിദ്യാർത്ഥിനികൾക്കും ഉദ്യോഗസ്ഥകൾക്കും ബസ്സ് സർവ്വീസുകളിൽ വളരെ യാത്രാക്ലേശം അനുഭവപ്പെടുന്നുണ്ട്.

8. മണ്ണുത്തി സെൻറിൽ സ്ത്രീകൾക്ക് പ്രാഥമിക സൗകര്യങ്ങൾ ഇല്ല.

9. വനിത സഹകരണ സംഘങ്ങളുടേയും മഹിളാസമാജങ്ങളുടേയും ജീർണ്ണാവസ്ഥ

10. ബാലവാടി അംഗൻവാടി ട്രെയിനിംഗ് സെൻറുകൾക്ക് സ്ഥിരമായ കെട്ടിടങ്ങൾ ഇല്ല.

11. വനിതകൾക്ക് വേണ്ടത്ര താമസ സൗകര്യങ്ങൾ ഇല്ല.

സംഗ്രഹം

1. ഒല്ലൂക്കര പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 39450 ആണ് 1991 ഇതിൽ 19386 പേർ പുരുഷന്മാരും, 20064 പേർ സ്ത്രീകളുമാണ്. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ അംഗസംഖ്യ 2547 ഉം, ആയതിൽ സ്ത്രീകൾക്ക് മുൻതൂക്കവും ഉണ്ട്. 10476 കുടുംബങ്ങളിൽ 270 കുടുംബങ്ങൾ സ്ത്രീകളുടെ നിയന്ത്രണത്തിലാണ്.

2. വിദ്യാഭ്യാസനിലവാരത്തിൽ സ്ത്രീകൾ പൊതുവെ പിന്നോക്കമാണ്. ഈ പഞ്ചായത്തിൽ 6 ലോവർ പ്രൈമറി സ്കൂളുകളും, 4 അപ്പർ പ്രൈമറി- ഹൈസ്കൂളുകളും നിലക്കൊള്ളുന്നു. ലോവർ പ്രൈമറി തലത്തിൽ 2373 വിദ്യാർത്ഥികൾ (1295 ആൺ 1078 പെൺ) പഠിക്കുമ്പോൾ, അപ്പർപ്രൈമറി-ഹൈസ്കൂൾ തലത്തിൽ 2354 വിദ്യാർത്ഥികൾ (1344 ആൺ+1010 പെൺ) പഠിക്കുന്നു. ഉന്നത വിദ്യാഭ്യാസം തേടി വരുന്നതിൽ പെൺകുട്ടികൾ താരതമ്യേന കുറവാണ്.

3. ജനനനിരക്കും, പ്രസവാനന്തര മരണനിരക്കും കുറവാണ്. ശുചിത്വപരിപാലനത്തിൽ വനിതകൾ ബോധവതികളും അവരുടെആരോഗ്യസ്ഥിതി മെച്ചപ്പെട്ടതുമാണ്.

4. തൊഴിൽ മേഖലയിൽ സ്ത്രീ പങ്കാളിത്തം കുറവാണ്. സ്ത്രീ പുരുഷ തൊഴിൽ അനുപാതം 12.1/2 :100 ആണ്. 17567 സ്ത്രീകൾ തൊഴിലില്ലാത്തവരാണ്. സ്ത്രീകൾ കാർഷികരംഗത്തും, കെട്ടിടനിർമ്മാണരംഗത്തും ജോലി കൂടുതലായി ചെയ്യുന്നു. കാർഷിക തൊഴിലാളികൾ മറ്റ് മേഖലയിലേയ്ക്ക് മാറിക്കൊണ്ടിരിയ്ക്കയാണ്.

5. പൊതു മേഖലാസ്ഥാപനങ്ങളിൽ ഒഴികെ മറ്റു സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് വേതനം കുറവാണ്. കെട്ടിട നിർമ്മാണ മേഖലയിൽ കർഷകമേഖലയിലേക്കാൾ വേതനം കൂടുതലാണ്. പട്ടണത്തിനടുത്ത് കിടക്കുന്ന പഞ്ചായത്ത് ആയതിനാൽ പെൺകുട്ടികൾ കൂടുതലായി പട്ടണത്തിലെ സഹകാര്യ സ്ഥാപനങ്ങളിലേക്ക് ജോലിക്ക് പോകുന്നുണ്ട്.

6. ഖാദി, നെഴ്സറി തൊഴിലുകൾ സ്ത്രീ പങ്കാളിത്തം കൂടുതലാണ്. പക്ഷെ, അവിടെ വേതനം കുറവാണ്.

7. കൃഷി, മൃഗസംരക്ഷണം, കുടിൽവ്യവസായം, വ്യാപാരം എന്നീ മേഖലകളിലും സ്ത്രീ പങ്കാളിത്തം കുറവാണ്. കർഷകരിൽ 20 ശതമാനം സ്ത്രീകളും 42 കുടുംബങ്ങൾ കൃഷി വൃത്തി നടത്തിയും വരുന്നു.

8. വീട്ടുമൃഗങ്ങളെ വളർത്തൽ ദുഷ്കരമാണ്. പുല്ല്, വൈക്കോൽ എന്നിവ കുറവും, കാലിത്തീറ്റയ്ക്ക് വില കൂടുതലും ആണ്.പാലിൽ നിന്നുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം സ്ത്രീകൾക്ക് ആവശ്യമാണ്.

9. വ്യവസായ രംഗത്തും സ്ത്രീ പങ്കാളിത്തം തൃപ്തികരമല്ല. തൊഴിൽ, സാധ്യതകളെക്കുറിച്ചുള്ള ബോധവും കുറവാണ്.

10. പഞ്ചായത്തിൽ മൊത്തം വിവിധതരം പെൻഷൻ ലഭിക്കുന്നവർ 832 പേരാണ് (570 പുരുഷന്മാർ + 262 സ്ത്രീകൾ)

11. ഏഴ് മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നു. അവ കാര്യക്ഷമമല്ല. അഞ്ചെണ്ണത്തിനു മാത്രമെ കെട്ടിട സൗകര്യമുള്ളൂ.

12. മഹിളാ സമാജങ്ങളുടെ കീഴിൽ ബാലവാടികൾ പ്രവർത്തിക്കുന്നുണ്ട്. തൃശൂർ ജില്ലയിലെ ബാലവാടി -അംഗൻവാടി ട്രെയിനിംഗ് കേന്ദ്രം ഒല്ലൂക്കര പഞ്ചായത്തിലാണ്. സംസ്ഥാനത്തെ പലേ ഭാഗത്തു നിന്നും വിദ്യാർത്ഥിനികൾ ഇവിടെ പരിശീലനം നേടുന്നുണ്ട്. ഈ വിദ്യാർത്ഥികൾക്ക് ഒരു ഹോസ്റ്റൽ പണിയേണ്ടത് അത്യാവശ്യമാണ്.

13. 1996-97 വർഷത്തിൽ ഗ്രാമീണ വനിത ശിശു വികസന പരിപാടിയുടെ (DWCRA) ഭാഗമായി ഒരു തൊഴിൽ യൂണിറ്റ് തുടങ്ങാൻ അനുവദിച്ചിട്ടുണ്ട്. മുൻവർഷം 38 സ്ത്രീകൾക്ക് പരി

ശീലനം നൽകിയെങ്കിലും, തൊഴിൽ യൂണിററ് ആരംഭിക്കാൻ സ്ത്രീകളുടെ നിസ്സഹകരണം മൂലം സാധിച്ചിട്ടില്ല.

14. 1992 ൽ ഒരു കാർഷികേതര വനിതാ സഹകരണസംഘം 304 അംഗങ്ങളോടെ ആരംഭിച്ചു. ഇതിൻെറ പ്രവർത്തനം ആശാവഹമല്ല.

15. സ്ത്രീ പീഡനം, സ്ത്രീധന പീഡനം എന്നിവ ഇല്ലെന്നു തന്നെ പറയാം. വിവാഹശേഷമുള്ള ആത്മഹത്യകൾ നടന്നിട്ടുണ്ട്.

16. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പോസ്റ്റുകൾ കാണപ്പെടുന്നത് ജനപങ്കാളിത്തത്തോടെ തടസ്സപ്പെടുത്തണം.

17. സാമൂഹ്യ രാഷ്ട്രീയ രംഗത്ത് പ്രവർത്തിക്കാൻ സ്ത്രീകൾ പൊതുവെ വിമുഖരാണ്. സാംസ്ക്കാരിക, കലാകായിക രംഗങ്ങളിലും സ്ഥിതി ഇതുതന്നെ. ഗ്രന്ഥശാല രംഗത്തും സ്ത്രീ പങ്കാളിത്തം കൂടണം. ഉന്നത വിദ്യാഭ്യാസമുള്ളവരേക്കാൾ സാമാന്യ ജനങ്ങളാണ് സാമൂഹ്യ പ്രവർത്തനത്തിൽ മുൻപന്തിയിൽ. നാടൻ ശീലുകളും കലാരൂപങ്ങളും നഷ്ടപ്പെട്ടുവരികയാണ്.

സാധ്യതകൾ

1. ആരോഗ്യം, വിദ്യാഭ്യാസം ,സാമൂഹ്യകാര്യങ്ങൾ ഇവയെകുറിച്ച് വനിതകളെ ബോധവത്ക്കരിക്കുവാൻ പ്രത്യേക പരിപാടികൾ ആവശ്യമാണ്.

2. വിവിധ മേഖലകളിൽ സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സാമ്പത്തിക സാങ്കേതിക പരിശീലനം ആവശ്യമാണ്. ഇതിനുവേണ്ടി വാർഡുതോറും ബോധവത്ക്കരണ പരിശീലന ക്ലാസ്സുകൾ ആരംഭിക്കേണ്ടതാണ്. വനിത/ശിശു വികസന സമിതി, പട്ടികജാതി/ വർഗ്ഗ യുവജന തൊഴിൽദാന പദ്ധതികളെപ്പറ്റി വനിതകളെ ബോധവത്ക്കരിക്കണം.

3. പഞ്ചായത്തടിസ്ഥാനത്തിൽ വനിതാ സഹകരണസംഘം രൂപീകരിച്ച് അതിൻെറ കീഴിൽ വിട്ടമ്മമാർക്ക് കാർഷിക വ്യവസായ വിഭവങ്ങളും പക്ഷി മൃഗാദികളും ലഭ്യമാക്കുകയും ഉല്പന്നങ്ങളുടെ വിപണനസൗകര്യങ്ങൾ സംഘം വഴി ഏർപ്പെടുത്തുകയും വേണം.

4. പൊതു ടാപ്പുകളിൽ രാവിലെ 6 മുതൽ 8 വരെയും വൈകീട്ട് 5 മുതൽ 7 വരേയുംജലം സുലഭമായി ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

5. പഞ്ചായത്തിലെ സ്ത്രീകളുടെ യാത്രാ പ്രശ്നം പരിഹരിക്കുന്നതിന് അവർക്കു മാത്രമായി ബസ്സ് സർവ്വീസ് ഏർപ്പെടുത്തണം.

6. മണ്ണുത്തി സെൻറ്ററിൽ സ്ത്രീകൾക്കാവശ്യമായ പ്രാഥമിക സൗകര്യത്തിനുള്ള സംവിധാനംവേണം.

7. വാർഡുതോറും മഹിളാ സമാജങ്ങളും അതിനു വേണ്ട കെട്ടിടങ്ങളും ഉള്ള കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുകയും വേണം. കുട്ടികൾക്ക് ശാരീരികവും മാനസികവുമായ വളർച്ചക്ക് വേണ്ടതായ സൗകര്യങ്ങൾ വേണം.

8. മഹിളസമാജത്തിൻെറ കീഴിലുള്ള നേഴ്സറി സ്കൂൾ, ടൈപ്പ് [illegible] സെൻറർ, പ്രസ്സ്, വനിതാഹോസ്റ്റൽ ഇവ [illegible] പ്രവർത്തിക്കുന്നതിന് [illegible] പഞ്ചായത്ത് അതിൻെറ ഉത്തരവാദിത്വം [illegible] ഏറ്റെടുക്കണം.

9. റിക്രിയേഷൻ [illegible] ലകളിലും കൂടുതൽ സ്ത്രീ [illegible] അംഗത്വം കൊടുത്ത് അതിൽ കൂടി [illegible] കലാകായിക രംഗത്തും സാംസ്ക്കാരിക [illegible] വാനും അതുവഴി [illegible] ക്കാനും സാധിക്കും.

10. പഞ്ചായത്തിൻെറ [illegible] പ്രവർത്തന രഹിതമായി കിടക്കുന്ന [illegible] പുനഃരുദ്ധരിച്ച് [illegible] ങ്ങുകയാണെങ്കിൽ വനിതകൾക്ക് [illegible] ലഭ്യതകൂടും.

11. ദാരിദ്ര്യരേഖക്ക് [illegible] കുടുംബനാഥകളെ കണ്ടെത്തി [illegible] പ്രത്യേക പരിഗണന [illegible] സ്വരൂപിച്ച് ധന സഹായം ചെയ്യുകയും വേണം.

12. വാർദ്ധക്യ കാല, വിധവ, കർഷകതൊഴിലാളി, വികലാംഗ പെൻഷനുകളുടെ ലഭ്യത സുഗമമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം. അംഗവൈകല്യമുള്ള [illegible] ഭവന നിർമ്മാണത്തിന് [illegible] നടപടികൾ സ്വീകരിക്കണം.

13. തൊഴിലെടുക്കാൻ സാധിക്കാതെ അവശരായിട്ടുള്ള വൃദ്ധകളെ സംരക്ഷിക്കുന്നതിന് വേണ്ടി 'വൃദ്ധമന്ദിരം' സ്ഥാപിക്കണം.

14. സ്ത്രീധനത്തിൻെറ പേരിൽ പീഡനം അനുഭവിക്കുന്ന നിരവധി സ്ത്രീകൾ ഉണ്ട്. സ്ത്രീധനപീഡനം തടയുന്നതിനുള്ള നിയമങ്ങൾ

കർക്കശമാക്കുകയും ശിക്ഷ ഉറപ്പുവരുത്തുകയും ചെയ്യണം.

ഉപേക്ഷിക്കപ്പെടുന്ന സ്ത്രീകൾക്ക് നീതി ലഭിക്കുന്നതിന് കേസ് ഫയൽ ചെയ്താൽ കാലതാമസം കൂടാതെ കേസ് തീർപ്പ് കൽപ്പിക്കണം.

സ്ത്രീലംഘനങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം സാർവ്വത്രികമാക്കണം.

15. സ്ത്രീകളെ അധിക്ഷേപിക്കുന്ന അശ്ലീല പോസ്റ്റുകൾ പ്രത്യക്ഷപ്പെടുന്നത് തടയാൻ ശ്രമിക്കണം.

16. മദ്യപാനം മൂലം ദുരിതമനുഭവിക്കുന്ന സ്ത്രീകൾ കൂടുതലാണ്. അതിന്റെ ഫലമായി സ്ത്രീകൾ കുടുംബസംരക്ഷണ ചുമതല ഏറ്റെടുക്കേണ്ടി വരുന്നു. ചാരായ നിരോധനം മാത്രമല്ല സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തണം.

ഗ്രാമസഭ വാർഡ് തല നിർദ്ദേശങ്ങൾ

വാർഡ് 1

തൊഴിൽ രഹിതരായ വനിതകൾക്ക് വേണ്ടി തൊഴിൽ പരിശീലന കേന്ദ്രങ്ങളും തൊഴിൽ ലഭിക്കുന്നതിനുള്ള സൗകര്യങ്ങളും ചെയ്തു കൊടുത്തണം. ഒരു റെഡിമെയ്ഡ് ഗാർമെൻറ്യൂണിറ്റോ കല്ലൊര കമ്പനിയോ തുടങ്ങാവുന്നതാണ്.

വാർഡ് 2

കാളത്തോട് മഹിളാസമാജത്തിന്റെ കീഴിലുള്ള നഴ്സറി സ്കൂൾ, ടൈപ്പ് റൈറ്റിങ്ങ് സെൻറർ,പ്രസ്സ്, വനിതാ വർക്കിങ്ങ് വിമൻസ് ഹോസ്റ്റൽ തുടങ്ങിയവ ഒരു പ്രത്യേക വ്യക്തി സ്വന്തമാക്കിവെച്ചിരിക്കുന്നു. കൂടുതൽ അംഗങ്ങളെ ചേർത്ത് ഇതിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുവേണ്ടി ഒല്ലൂക്കര ബ്ലോക്കും സാമൂഹ്യക്ഷേമ വികസന വകുപ്പും ശ്രദ്ധിക്കണം. സ്വയം തൊഴിലിന് തയ്യാറുള്ള 10 സ്ത്രീകളെ വീതം ഉൾപ്പെടുത്തി ഒരു ചെറുകിട കുഴിൽ വ്യവസായ യൂണിറ്റ് തുടങ്ങുന്നതിന് വേണ്ട ധനസഹായം ബ്ലോക്ക്മുഖേന ലഭ്യമാക്കണം. തയ്യാറുള്ള കുടുംബിനികൾക്ക് കൃഷിഭവൻ മുഖേന അടുക്കളത്തോട്ടങ്ങൾ പണിയുന്നതിനു വേണ്ട വിത്ത്, വളം, കീടനാശിനി, ഉപദേശനിർദ്ദേശങ്ങൾ നൽകുക.

വാർഡ് 3.

വാർഡിൽ വനിതകളുടെ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ ധാരാളം പേർ തയ്യാറാണ്. അതിനുള്ള സ്കീമുകൾ തയ്യാറാക്കുക, പഞ്ചായത്ത് റിക്രിയേഷൻ സെൻറർ ചിലസഹകാര്യ വ്യക്തികൾ കയ്യടക്കി വച്ചിരിക്കയാണ്. അത് വിട്ടുകിട്ടുകയാണെങ്കിൽ അവിടെ ഒരുക്രഷ് തുടങ്ങുവാൻ തയ്യാറാണ്. സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ സാമ്പത്തിക- സാങ്കേതിക സഹായങ്ങളും അതിനു വേണ്ട പരിശീലന ക്ലാസുകളും നല്കണം.

കോഴിവളർത്തൽ, പശുവളർത്തൽ, തൈലറിങ്ങ്, പുസ്തകനിർമ്മാണം തുടങ്ങിയ മേഖലകളിൽ വനിതകൾക്ക് താൽപര്യമുണ്ട്. ബ്ലോക്കിന്റെ കീഴിൽ ഒരു മഹിളാസമാജവും ഒരു പ്രാഥമികാരോഗ്യകേന്ദ്രവും ആരംഭിക്കണം .

വാർഡ് 4

വനിതാക്ഷേമം മുൻനിർത്തി ഒരു ക്ഷീര വ്യവസായ സഹകരണസംഘം രൂപീകരിക്കുക, വനിതതൊഴിൽ സഹകരണസംഘങ്ങൾ രൂപീകരിക്കുക, വിധവ, കർഷകതൊഴിലാളി, വാർദ്ധക്യ പെൻഷനുകൾ അർഹതപ്പെട്ടവർക്ക് യഥാസമയം കിട്ടുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക. ഒരു മഹിളാസമാജം തുടങ്ങുക. സമ്പൂർണ്ണ മദ്യനിരോധനം കേരളത്തിൽ നടപ്പിലാക്കുക.

വാർഡ് 5

അംഗനവാടി തുടങ്ങണം. ഉള്ള സമാജം നല്ല നിലയിൽ പ്രവർത്തിക്കുകയും കെട്ടിടം പണിയുകയും വേണം. നിലവിലുള്ള ആശുപത്രിയുടെ പണിപൂർത്തീകരിക്കണം. ക്ഷീരസഹകരണസംഘം (വനിത) സ്ഥാപിക്കുക. ഗ്രൂപ്പ് അടിസ്ഥാനത്തിൽ പശുവിനെ നൽകുക.

വാർഡ് 7

വനിത സഹകരണസംഘം സ്ഥാപിച്ച് ഗ്രാമീണ വനിതകൾക്ക് തൊഴിൽ കണ്ടെത്തുക. കുട, വസ്ത്രം, മുയൽ വളർത്തൽ, കൂൺ വളർത്തൽ, പായനെയ്ത്ത്, പാലുല്പന്ന നിർമ്മാണംഎന്നീ മേഖലകളിൽ തൊഴിൽ സാദ്ധ്യത ഉണ്ട്. സാക്ഷരതപ്രവർത്തനങ്ങളിൽ പങ്കാളികളായ വനിതകൾ തുടർ വിദ്യാഭ്യാസത്തിനും മറ്റു ബോധവൽക്കരണ പരിപാടികൾക്കും നേതൃത്വം നൽകണം. മഹിള സമാജം നിർമ്മിച്ച് പ്രവർത്തനം ശക്തമാക്കണം. വനിതകൾ മുൻകയ്യെടുത്ത് സ്ത്രീകളുടെ പ്രശ്നങ്ങളെ കുറിച്ച് സർവ്വേ നടത്തി പ്രശ്നപരിഹാരം കണ്ടെത്തണം.

വാർഡ് 8

വനിതകൾക്ക് കൂടുതൽ തൊഴിലവസരം നൽകുന്ന തരത്തിൽ സഹകരണാടിസ്ഥാനത്തിൽ വ്യവസായ യൂണിറ്റ് സ്ഥാപിക്കുക.

1. ഖാദി വ്യവസായം, ടൈപ്പ്റൈറ്റിങ്ങ്, തയ്യൽ പരിശീലനം, റെഡിമെയ്ഡ് ഡ്രസ് നിർമ്മാണം.

2. ചൂരൽ, പായനെയ്ത്ത്, അച്ചാർ നിർമ്മാണ യൂണിറ്റ് തുടങ്ങുക.

വാർഡ് 9

15 വനിതകൾ ജോലി ചെയ്യുന്ന റെഡിമെയ്ഡ് ഗാർമെൻറ്സ് യൂണിറ്റ് നിലവിലുണ്ട്. വിപുലീകരണത്തിനാവശ്യമായ സഹായം നൽകുക. വനിതകൾക്ക് ഓലമെടച്ചലിന് സാദ്ധ്യതയുണ്ട്. അതിന് ധനസഹായം നൽകണം. ഖാദി വില്ലേജ് ഇൻഡസ്ട്രിന്റെ ഒരുയൂണിറ്റ് തുടങ്ങി സോപ്പ്, മെഴുകുതിരി, തേനീച്ച വളർത്തൽ തുടങ്ങിയവ ആരംഭിക്കണം. വൃദ്ധമന്ദിരം സ്ഥാപിക്കുക, ക്രഷ്, അംഗനവാടി ഇവ സ്ഥാപിക്കുക, മഹിളാസമാജം രൂപീകരിച്ച് പ്രവർത്തനങ്ങൾ ശക്തമാക്കുക. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, അച്ചാർ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കണം. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കി സമൂഹത്തെ രക്ഷിക്കണം. സ്ത്രീധനം കൊടുക്കുന്നതും വാങ്ങുന്നതും കർശനമായി തടയണം.

വാർഡ് 10

വാർഡ് തലത്തിൽ ഒരു മഹിളാസമാജം രൂപീകരിക്കണം. വനിതകൾക്ക് വീട്ടിലിരുന്ന് ചെയ്യാവുന്ന പപ്പടപണി, നേഴ്സറി, കൊട്ടനെയ്ത്ത്, ബ്രഷ് നിർമ്മാണം, പായനെയ്ത്ത് തുടങ്ങിയ കുടിൽ വ്യവസായ യൂണിറ്റുകൾക്ക് വായ്പ ലഭ്യമാക്കണം. റിക്രിയേഷൻ ക്ലബിൽ വനിതകൾക്ക് അംഗത്വം നൽകണം. ഈയിടെ രൂപീകരിക്കപ്പെട്ടിട്ടുള്ള വനിതാ സഹകരണസംഘത്തിന്റെ വളർച്ച പരിശോധിക്കേണ്ടതും പ്രവർത്തനങ്ങൾ ഈ വാർഡിലേക്കും വ്യാപിക്കേണ്ടതുമാണ്.

വാർഡ് 11

മഹിളാസമാജം, ബാലവാടി ഇവയുടെ പ്രവർത്തനം വിപുലീകരിക്കണം. വനിതാസഹകരണസംഘത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം. പ്രിൻറിംഗ്, ടൈലറിങ്ങ് മേഖലകളിൽ വനിതസഹകരണസംഘങ്ങൾ രൂപീകരിക്കുക.

വാർഡ് 12

വനിതകളുടെ സഹകരണസംഘങ്ങൾ രൂപീകരിച്ച് വിവിധ ജോലികളിൽ കൂടുതൽ സ്ത്രീകളെ പങ്കെടുപ്പിക്കണം. മഹിളാസമാജത്തിൽ കൂടുതൽ സ്ത്രീകളെ ഉൾപ്പെടുത്തി സംസ്കാരിക പ്രവർത്തനത്തിൽ അവരെ ഉയർത്തികൊണ്ടു വരണം. വനിതാവ്യവസായ യൂണിറ്റുകൾ ഇവിടെ വരണം.

വാർഡ് 13

വനിതാസഹകരണസംഘം തുടങ്ങണം. റെഡിമെയ്ഡ് നിർമ്മാണം, അച്ചാർ നിർമ്മാണം തുടങ്ങിയ മേഖലകളിൽ തൊഴിൽ സാദ്ധ്യത ഉണ്ട്. ഖാദി ബോർഡിന്റെ കീഴിലുള്ള നൂൽനൂൽപ്പ് കേന്ദ്രമുണ്ട് ഇത് വികസിപ്പിക്കണം. വാർഡിലെ മഹിളാസമാജത്തിന്റെ പ്രവർത്തനം കൂടുതൽ മഹിളകളിലേക്ക് വ്യാപിപ്പിക്കണം.

വാർഡ് 14

വനിതാ സഹകരണസംഘം സ്ഥാപിച്ച് അതിന്റെ കീഴിൽ തൊഴിൽ നൽകുന്നതിന് ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങണം. തുന്നൽ പരിശീലനകേന്ദ്രവും അതിനോടനുബന്ധിച്ച്ഒരു റെഡിമെയ്ഡ് നിർമ്മാണത്തിനുള്ള ഒരു കേന്ദ്രവും തുടങ്ങാം. വനിതകൾക്കുവേണ്ടി ഇലക്ട്രോണിക് ഉപകരണങ്ങളുടെ അസംബ്ലിങ്ങ് യൂണിറ്റ് ആരംഭിക്കുക. അച്ചാർ, പലഹാരങ്ങൾ നിർമ്മാണം ഇവയ്ക്ക് സാദ്ധ്യതയുണ്ട്.

ഈ വാർഡിൽ ഒരു മഹിളാ സമാജം വേണം. അതിന് വൈലോപ്പിള്ളി നഗറിലുള്ള കല്ലാൽകുളം നികത്തിയാൽ മതി.

5.10 സഹകരണം



ഉള്ളടക്കം

- സഹകരണമേഖല 175
- ഘടന 175
- അവലോകനം 176
- പ്രശ്നങ്ങൾ 177
- സാധ്യതകൾ 177
- ഗ്രാമസഭാനിർദ്ദേശങ്ങൾ 178

5 10 സഹകരണം

സഹകരണമേഖല

സഹകരണ പ്രസ്ഥാനത്തിന് സാമാന്യം വേരോട്ടമുള്ള പഞ്ചായത്താണ്. വളരെ ഉയർന്ന രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് ഒല്ലൂക്കര സർവ്വീസ് സഹകരണ ബാങ്ക്. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 46 ശതമാനം (18810) വരുന്ന ജനങ്ങൾ ബാങ്കിലെ അംഗങ്ങളാണ്. അംഗങ്ങളിൽ ഏറിയ പങ്കും സംഘത്തിൽ നിന്നും ലഭ്യമായ ആനുകൂല്യങ്ങൾ വായ്പയായും, കുറി തുടങ്ങിയ ഇനങ്ങളിലും അനുഭവിക്കുന്നവരാണ്. വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു സഹകരണ സൂപ്പർ മാർക്കറ്റും സംഘം നടത്തുന്നുണ്ട്.

പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സംഘം എന്ന നിലയിൽ 1946ലാണ് സംഘം പ്രവർത്തനം ആരംഭിച്ചത്. രണ്ടാം ലോക മഹായുദ്ധാനന്തര കാലഘട്ടത്തിൽ ഭക്ഷ്യക്ഷാമം കൊടുമ്പിരിക്കൊണ്ടിരുന്ന അവസരത്തിൽ പൊതുവിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി റേഷനരിയും മറ്റു അവശ്യ സാധനങ്ങളും മെച്ചപ്പെട്ട രീതിയിൽ വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ താഴെ പേരെഴുതുന്നവരുടെ സഹായത്തോടെ ചാഴൂർ മാത്യു ലോനപ്പൻ ചീഫ് പ്രൊമോട്ടറായി 544-ാം നമ്പ്ര് ഒല്ലൂക്കര വിവിധോദ്ദേശ പരസ്പര സഹായസഹകരണസംഘം എന്ന പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ടതും പിന്നീട് റീജിയണൽ അഗ്രികൾച്ചറൽ ക്രെഡിറ്റ് സഹകരണ സംഘമായും അവസാനം ഇന്നത്തെ നിലയിൽ പ്രവർത്തിച്ചു വരുന്നതുമാണ് ഒല്ലൂക്കര സർവ്വീസ് സഹകരണ ബാങ്ക്. ആദ്യകാലത്തെ പ്രൊമോട്ടിംഗ് കമ്മറ്റിയിൽ എം.വി. കൃഷ്ണവാര്യർ, കെ.സി.റപ്പായി, ടി.എ.ജോസ്, ടി.കുമാരൻ നായർ, കെ.കെ. മാധവൻ, സി.ഡി.ലോന തുടങ്ങിയവർ ഉണ്ടായിരുന്നു. അവരിൽ പലരും ഇന്നും സംഘത്തിലെ അംഗങ്ങളാണ്. സ്വാതന്ത്ര്യ ലബ്ധിക്കു മുൻപു തന്നെ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി സഹകരണ പ്രസ്ഥാനം ഉടലെടുത്ത കാലയളവിൽ തന്നെയാണ് ഈ സംഘവും പ്രവർത്തനം ആരംഭിച്ചതെന്നതിനാൽ ഒല്ലൂക്കര സർവ്വീസ് സഹകരണ ബാങ്കിന്റെ രൂപീകരണം ഡിപ്പാർട്ടുമെൻറിന്റെ കേവലപരിപാടിയായിരുന്നില്ലെന്നു കാണാം.

പഞ്ചായത്തിലെ സഹകരണ സംഘങ്ങൾ താഴെ പറയുന്നവയാണ്.

1. ഒല്ലൂക്കര സർവ്വീസ് സഹകരണ ബാങ്ക്
2. ഒല്ലൂക്കര ക്ഷീരവ്യവസായ സഹ. ഉരണ സംഘം
3. മുക്കാട്ടുകര ക്ഷീരവ്യവസായ സഹകരണ സംഘം
4. മുല്ലക്കര ക്ഷീരവ്യവസായ സഹകരണ സംഘം
5. കേരള അഗ്രി: യൂണിവേഴ്സിറ്റി എംപ്ലോയീസ് സംഘം.
6. ഒല്ലൂക്കര പഞ്ചായത്ത് വനിതാ സഹകരണ സംഘം
7. ഒല്ലൂക്കര പഞ്ചായത്ത് മാർക്കറ്റിംഗ് സഹകരണ സംഘം
8. ഒല്ലൂക്കര പഞ്ചായത്ത് സഹകരണ കൺസ്യൂമർ സ്റ്റോർ
9. ഒല്ലൂക്കര വിൽവട്ടം ഹൗസിങ്ങ് സഹകരണ സംഘം

ഘടന

I ക്രെഡിറ്റ്

1. ഒല്ലൂക്കര സർവ്വീസ് സഹകരണ ബാങ്ക്
2. കേരളാ അഗ്രി: യൂണി: എംപ്ലോയീസ് സഹ:സംഘം
3. ഒല്ലൂക്കര പഞ്ചായത്ത് വനിതാ സഹ:സംഘം

II നോൺ ക്രെഡിറ്റ്

a. മാർക്കറ്റിംഗ്

1. ഒല്ലൂക്കര പഞ്ചായത്ത് മാർക്കറ്റിംഗ് സംഘം

b. ക്ഷീരവ്യവസായം

1. ഒല്ലൂക്കര ക്ഷീരവ്യവസായ സഹ:സംഘം
2. മുക്കാട്ടുകര ക്ഷീരവ്യവസായ സഹ:സംഘം
3. മുല്ലക്കര ക്ഷീരവ്യവസായ സഹ:സംഘം

c. കൺസ്യൂമർ സ്റ്റോർ

1. ഒല്ലൂക്കര പഞ്ചായത്ത് കൺസ്യൂമർ സ്റ്റോർ

d. ഹൗസിങ്ങ്

1. ഒല്ലൂക്കര വിൽവട്ടം ഹൗസിംഗ് സഹകരണ സംഘം

അവലോകനം

ക്രഡിറ്റ് മേഖല

ഈ മേഖലയിൽ ഏറ്റവും ശക്തമായി പ്രവർത്തിക്കുന്ന സ്ഥാപനം ഒല്ലൂക്കര സർവ്വീസ് സഹകരണ ബാങ്കാണ്. ബാങ്കിലെ മൊത്തം അംഗസംഖ്യ 18,810ഉം, അടഞ്ഞ ഓഹരി മൂലധനം 26.75 ലക്ഷം രൂപയുമാണ്. അംഗങ്ങളുടെ വായ്പാവശ്യങ്ങൾ നിറവേറ്റുന്നതിൽ അദ്വിതീയമായ പങ്കാണ് ഈ ബാങ്ക് വഹിക്കുന്നത്. വിവിധയിനം വായ്പകളിലായി 4.73 കോടി രൂപ അംഗങ്ങൾക്ക് നൽകിയിട്ടുണ്ടെന്നുള്ളത് ഇതിന് തെളിവാണ്. എല്ലാ രീതിയിലും അംഗങ്ങളുടെ ആവശ്യങ്ങൾ ഒരു പരിധി വരെ നിറവേറ്റിക്കൊടുക്കുവാൻ ഈ ബാങ്കിനു കഴിയുന്നുണ്ട്.

കേരളാ അഗ്രി: യൂണി: എംപ്ലോയീസ് സഹ:സംഘം കാർഷിക സർവ്വകലാശാലയിലെ ജീവനക്കാർക്കു വേണ്ടി മാത്രം രൂപീകരിച്ചിട്ടുള്ള സംഘമാണെന്നതിനാൽ പഞ്ചായത്തിലെ മറ്റു ജനവിഭാഗങ്ങൾക്ക് ഉപകാരപ്രദമല്ല. അംഗങ്ങൾക്കു വായ്പ നൽകുന്നത് ജില്ലാ സഹകരണ ബാങ്കിന്റെ സഹായത്തോടെയാണ്. സംഘത്തിന്റെ കീഴിൽ ഒരു കൺസ്യൂമർ സ്റ്റോറും പ്രവർത്തിക്കുന്നുണ്ട്.

ഒല്ലൂക്കര പഞ്ചായത്ത് വനിതാ സഹകരണ സംഘത്തിൽ പഞ്ചായത്തിലെ 304 വനിതകൾ മാത്രമേ അംഗങ്ങളായിട്ടുള്ളൂ. വനിതകളുടെ ഉന്നമനത്തിനു വേണ്ടി ലക്ഷ്യമിട്ടു രൂപീകരിച്ച ഈ സംഘം അതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ ഒരു പരിധി വരെയെങ്കിലും നിറവേറ്റുന്നു എന്നു പറയാനാവില്ല.

നോൺ ക്രെഡിറ്റ് മേഖല

a. ഒല്ലൂക്കര പഞ്ചായത്ത് മാർക്കറ്റിംഗ് സഹകരണ സംഘം എന്ന പേരിൽ ഒരു സംഘം രജിസ്റ്റർ ചെയ്തുവെങ്കിലും ആയത് പ്രവർത്തനം ആരംഭിച്ചിട്ടില്ല.

b. ക്ഷീരവ്യവസായ സംഘങ്ങൾ

പഞ്ചായത്തിൽ 3 ക്ഷീരവ്യവസായ സഹകരണ സംഘങ്ങളുള്ളതിൽ മുല്ലക്കര സംഘം പ്രവർത്തനരഹിതമാണ്. ഒല്ലൂക്കര, മുക്കാട്ടുകര എന്നിവിടങ്ങളിലെ സംഘങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല. അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് സംഘത്തിൽ നിന്നുമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന കാര്യത്തിൽ വീഴ്ച വരുത്തുന്നുണ്ട്. ഇതു തിരുത്തപ്പെട്ടാൽ വളരെയേറെ വികസന സാദ്ധ്യതയുള്ള ഒരു മേഖലയാണിത്.

c. കൺസ്യൂമർ സ്റ്റോറുകൾ

ഒല്ലൂക്കര പഞ്ചായത്ത് കൺസ്യൂമർ സ്റ്റോർ എന്ന പേരിൽ ഒരു സഹകരണസംഘം 92-93 കാലയളവിൽ രജിസ്റ്റർ ചെയ്തുവെങ്കിലും നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഒല്ലൂക്കര സർവ്വീസ് സഹകരണ ബാങ്കിന്റെ ഉടമസ്ഥതയിൽ വളരെ നല്ല രീതിയിൽ ഒരു സഹകരണ സൂപ്പർ മാർക്കറ്റ് പ്രവർത്തിക്കുന്നുണ്ടെന്നതിനാൽ ഇത്തരത്തിൽ ഒരു കൺസ്യൂമർ സ്റ്റോറിന് പ്രസക്തിയില്ല.

d. ഹൗസിംഗ് സംഘം

ഒല്ലൂക്കര വിൽവട്ടം ഹൗസിംഗ് സഹകരണ സംഘം രജിസ്റ്റർ ചെയ്തത് 1987ലാണ്. മുൻപ് ഇത് രണ്ടു സംഘമായിരുന്നു. ഒന്ന് വിൽവട്ടം പഞ്ചായത്തിലും, രണ്ടാമത്തേത് ഒല്ലൂക്കര പഞ്ചായത്തിലുമാണ് പ്രവർത്തിച്ചിരുന്നത്. ഒറ്റ സംഘമാക്കിയതിനുശേഷം ഈ പഞ്ചായത്തിലെയും വിൽവട്ടം പഞ്ചായത്തിലെയും ജനങ്ങൾക്ക് ഭവനനിർമ്മാണ വായ്പ നൽകുന്നതിന് ഒരു ചെറിയ അളവിലെങ്കിലും സാധിച്ചിട്ടുണ്ട്. സംഘത്തിന്റെ സേവനം കൂടുതൽ ജനങ്ങൾക്കു ലഭ്യമാക്കുവാൻ ഉള്ള സ്രോതസ്സുകൾ കണ്ടെത്തേണ്ടതുണ്ട്.

ക്രഡിറ്റ് മേഖലയിലുള്ള സഹകരണ സ്ഥാപനങ്ങളാണ് കൂടുതൽ കാര്യക്ഷമമായും ലാഭകരമായും പ്രവർത്തിക്കുന്നത്. ഒല്ലൂക്കര സർവീസ് സഹകരണ ബാങ്കാണ് ഇക്കാര്യത്തിൽ ഒന്നാംസ്ഥാനത്ത് നില്ക്കുന്നത്. നിക്ഷേപങ്ങളുടെ കാര്യത്തിൽ അംഗങ്ങളുടെയും, അംഗങ്ങളല്ലാത്ത മറ്റു ജനവിഭാഗങ്ങളുടേയും നിർല്ലോഭമായ സഹകരണമാണ് ഈ വിജയത്തിന്റെ പ്രധാനഘടകം. ഈ റിപ്പോർട്ട് തയ്യാറാക്കുന്ന അവസരത്തിൽ ബാങ്കിൽ വിവിധയിനം ഡെപ്പോസിറ്റുകളായി 6.28 കോടി രൂപ നിലവുണ്ട്. വായ്പാ വിതരണ രംഗത്തും സ്തുത്യർഹമായ സേവനമാണ് ബാങ്ക് കാഴ്ച വെയ്ക്കുന്നത്. ബാങ്കിൽ കാര്യക്ഷമമായ മാനേജ്മെന്റിന്റെ അപര്യാപ്തതയുണ്ടെങ്കിലും ഉണർന്നു പ്രവർത്തിക്കുന്ന ഭരണസമിതിയുടെ സേവനവും ഈ വിജയത്തിനു തിളക്കം കൂട്ടുന്നു. ബാങ്കിന്റെ ഇപ്പോഴത്തെ അംഗസംഖ്യ ഈ ബാങ്കിന്റെ ശക്തമായ ജനകീയ പിന്തുണ വിളിച്ചോതുന്നു. സങ്കുചിതമായ ചേരിതിരി

വുകൾ ചിലഘട്ടങ്ങളിൽ ഉയർന്നുവെങ്കിലും അവയെയെല്ലാം അതി ജീവിക്കാൻ കഴിഞ്ഞതും മേൽ പറഞ്ഞ ജനകീയ പിൻബലം കൊണ്ടാണ്.

മറ്റു മേഖലകളിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ എല്ലാം ഏറെക്കുറെ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രത്യേകിച്ചും ക്ഷീരവ്യവസായ സംഘങ്ങൾ. സങ്കുചിതമായ ചേരിതിരിവുകൾ മൂലമോ അല്ലാതെയോ യഥാർത്ഥ പാലുല്പാദകർക്ക് സംഘങ്ങളിൽ അംഗത്വം ലഭിക്കാതിരിക്കുകയും അവകാശപ്പെട്ട ആനുകൂല്യങ്ങൾ അവക്ക് ലഭിക്കുന്നില്ലെന്നതാണ് വാസ്തവം. ക്ഷീരോല്പാദനരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ കാഴ്ചവെക്കുവാൻ സാദ്ധ്യതകളേറെയുള്ള ഇത്തരം സ്ഥാപനങ്ങളുടെ പുരോഗതി മേൽപ റഞ്ഞ കാരണത്താൽ ജനകീയ പിൻബലം നഷ്ടപെട്ട് മുരടിച്ചു പോകുന്ന പ്രവണതയാണ് കാണുന്നത്.

ഒല്ലൂക്കര പഞ്ചായത്ത് വനിതാ സംഘം നാമമാത്രമായ പ്രവർത്തനമാണ് നടത്തുന്നത്. വനിതകളുടെ ഉന്നമനത്തിനുള്ള ക്ഷേമപദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന കാര്യത്തിൽ ഈ സംഘം യാതൊന്നും തന്നെ ചെയ്യുന്നില്ല. പഞ്ചായത്തിലെ എല്ലാ വനിതകളെയും മെമ്പർമാരാക്കി ഏകോപിപ്പിച്ചുകൊണ്ട് വിപുലമായ ക്ഷേമപദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുവാൻ കഴിഞ്ഞാൽ ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അതൊരു മുതൽക്കൂട്ടായിരിക്കും.

പഞ്ചായത്തിന്റെ പ്രാദേശിക പദ്ധതികളിൽ ഏറ്റവും നിർണ്ണായകമായ പങ്ക് സഹകരണ സംഘങ്ങൾക്ക് വഹിക്കാനാകും. ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് സ്കീമാറ്റിക് ലോണുകൾ നല്കിയും IRDP വായ്പ, കാർഷികവായ്പ എന്നിവയുടെ പരിധിയും തോതും വർദ്ധിപ്പിച്ചും ഇതു സാർത്ഥകമാക്കാം. ഒരു ഗ്രാമപഞ്ചായത്താണെങ്കിലും കേരള കാർഷിക സർവകലാശാല പ്രവർത്തിച്ചു തുടങ്ങിയതോടെ ഒരു നാഗരിക പരിവേഷവും സംസ്കാരവുമാണ് ഈ പഞ്ചായത്തിനുള്ളത്. അതുകൊണ്ടു തന്നെ സഹകരണ ബാങ്കിൽ നിന്നും കാർഷിക വായ്പയിനത്തിൽ തുച്ഛമായ തുകയാണ് വിതരണം ചെയ്യുവാൻ കഴിയുന്നത്. ഫണ്ടിന്റെ അപര്യാപ്തതയല്ല, മറിച്ച് കർഷകരുടെ അഭാവമാണിതിനു മുഖ്യമായ കാരണം. ഈ പഞ്ചായത്തിൽ ധാരാളം കേര കർഷകരും അടയ്ക്കാ, കുരുമുളക്, റബ്ബർ തുടങ്ങിയ കൃഷി നടത്തുന്നവരുമുണ്ട്. ഇവരുടെയെല്ലാം ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കേണ്ടതിന് ഒരു മാർക്കറ്റിംഗ് സഹകരണസംഘം ഉണ്ടായാൽ മാത്രമേ കഴിയൂ. പ്രവർത്തനമില്ലാതെ കിടക്കുന്ന മാർക്കറ്റിംഗ് സംഘം പുനരുജ്ജീവിപ്പിച്ച് ഈ രംഗത്ത് വലിയ മാറ്റം ഉണ്ടാക്കുവാൻ കഴിയും. ഇങ്ങനെ നോക്കിയാൽ പഞ്ചായത്തിന്റെ വികസനപരിപാടികളിൽ എല്ലാ രംഗത്തും സഹകരണ സ്ഥാപനങ്ങളുടെ ഫലപ്രദമായ ഇടപെടൽ മൂലം വിജയപ്രദമാക്കാൻ കഴിയും എന്നു കാണാവുന്നതാണ്.

പ്രശ്നങ്ങൾ

- സഹകരണ സ്ഥാപനങ്ങളിലെ കാര്യക്ഷമമായ മാനേജ്മെൻറിന്റെ അഭാവം അവയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന ഒരു ഘടകമാണ്. ഇക്കാര്യത്തിൽ സംഘം സെക്രട്ടറിമാർക്കും, ഡയറക്ടർമാർക്കും പ്രത്യേക പരിശീലനം ആവശ്യമാണ്.
- ഒല്ലൂക്കര, മുക്കാട്ടുകര എന്നിവിടങ്ങളിലെ ക്ഷീരവ്യവസായ സഹകരണ സംഘങ്ങളിൽ അവയുടെ പ്രവർത്തനപരിധിയിലുള്ള എല്ലാ പാലുല്പാദകർക്കും അംഗത്വം നല്കാനുള്ള നടപടികൾ അനിവാര്യമാണ്.
- പ്രവർത്തനരഹിതമായി കിടക്കുന്ന മുല്ലക്കര ക്ഷീരസംഘം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ വേണം.
- ഡിപ്പാർട്ടുമെൻറിന്റെ മേധാവിത്വം ചില കാലഘട്ടങ്ങളിൽ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനത്തെ ബാധിച്ചിരുന്നുവെങ്കിലും ശക്തമായ ജനപിന്തുണയുടെ ബലത്തിൽ അതിനെയെല്ലാം അതിജീവിക്കാൻ കഴിഞ്ഞു എന്നത് ഒരു നേട്ടമാണ്.

സാദ്ധ്യതകൾ

- പഞ്ചായത്തിലെ തൊഴിൽ രഹിതരായ വനിതകൾക്കായി ഒരു റെഡിമെയ്ഡ് ഗാർമെൻറ്സ് യൂണിറ്റ് വനിതാ സംഘം വഴി ആരംഭിക്കാവുന്നതാണ്.
- സോപ്പ്, മെഴുകുതിരി, കുട, കരകൗശല വസ്തുക്കൾ തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ സഹകരണ സംഘം മുഖേന നടപ്പിലാക്കുക വഴി തൊഴിലില്ലായ്മയ്ക്ക് നേരിയ തോതിൽ പരിഹാരം കാണാൻ സാധിയ്ക്കും.
- പൊതുമേഖലാ വ്യവസായങ്ങൾക്കാവശ്യമായ ചെറുയന്ത്രഭാഗങ്ങൾ ഉണ്ടാക്കുന്നതിനുള്ള വ്യവസായയൂണിറ്റും, കൈത്തറി നെയ്ത്തു യൂണിറ്റും സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കാവുന്നതാണ്.

- പഞ്ചായത്തിൽ ഒരു പട്ടിക ജാതി സഹകരണ സ്സംഘം രൂപീകരിച്ച് അതുവഴി പരമ്പരാഗത കുടിൽ വ്യവസായ മേഖലയെ വൈവിദ്ധ്യ വല്ക്കരിക്കുന്നതിനും ആധുനികവല്ക്കരി ക്കുന്നതിനും അവയെ കമ്പോളവല്ക്കര ണ്ണത്തിൽ നിന്നും രക്ഷിക്കുന്നതിനുമുള്ള പ്പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കാൻ കഴിയും.
- കാർഷിക സർവ്വകലാശാലയുടെ സാങ്കേതിക ജ്ഞൈവ്വദഗ്ദ്ധ്യവും സഹകരണവും ലഭ്യമാക്കി തൊഴിലില്ലാത്തവരുടേയും വീട്ടമ്മമാരുടേയും ഒഴിവുസമയം ഫലപ്രദമായി ഉപയോഗപ്പെടും വിധം പശു, ആട് , പന്നി, കൊഴി, താറാവ്, കാട, മുയൽ എന്നിവയെ വളർത്തുന്നതിനും , ഇന്ത്യയിലെത്തന്നെ അറിയപ്പെടുന്ന നഴ്സറി വ്യവസായം നടക്കുന്ന ഒരു പ്രദേശം എന്ന നിലയിൽ, നഴ്സറി വ്യവസായം ആരംഭിക്കു ന്നതിനും ആവശ്യമായ രീതിയിൽ സഹകരണ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്.
- ഒല്ലൂക്കര സർവ്വീസ് സഹകരണ ബാങ്കിലെ മെമ്പർമാരുടെ ബാഹുല്യം കണക്കിലെടുത്ത് പറവട്ടാനി, നല്ലങ്കര, മുല്ലക്കര എന്നിവിട ങ്ങളിൽ ബ്രാഞ്ചുകളും, മണ്ണുത്തിയിൽ ഒരു ഈവനിങ്ങ് കൗണ്ടറും ആരംഭിക്കുക. ആയതി നാവശ്യമായ ജീവനക്കാരെ നിയമിക്കേ ണ്ടതാണ്.
- പ്രവർത്തന രഹിതമായ മാർക്കറ്റിംഗ്, കൺസ്യൂ മർ സംഘങ്ങൾ കൂടുതൽ ജനപങ്കാളിത്ത ത്തോടെ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി കൾ സ്വീകരിക്കണം.
- ഒരു സഹകരണ പ്രിൻറിംഗ് പ്രസ്സ് രൂപീകരിച്ച് ആയതിൽ ബുക്ക് ബൈൻറിംഗ് യൂണിറ്റ് കൂടി ഉൾപ്പെടുത്തി പ്രവർത്തനം തുടങ്ങിയാൽ അതു വഴി ഏതാനും പേർക്ക് തൊഴിൽനല്കാൻ സാധിക്കും.
- പഞ്ചായത്തിൽ ഒരു കാർഷിക വിഭവസംഭരണ സംസ്കരണ വിപണന സഹകരണ സംഘം രൂപീകരിക്കുക വഴി കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്ന തിനും , അവ സംസ്കരച്ച് വിപണനം നടത്തു ന്നതിലൂടെ പുതിയ തൊഴിലവസരങ്ങൾ സൃഷ് ടിക്കുന്നതിനും കഴിയും.
- പ്രിൻറിംഗ് ആൻറ് പബ്ലീഷിങ്ങ് ഹൗസ് രൂപീകരിക്കുക വഴി താഴെ പറയുന്ന പ്രവർത്ത നങ്ങൾ നടത്താൻ കഴിയും.
  1. പഞ്ചായത്തിലെ ഓരോ വീട്ടിലും വിതരണം ചെയ്യാൻ തക്കവിധം ഒരു കുടുംബമാസിക പ്രസിദ്ധീകരിക്കാം. അതുവഴി കാർഷിക-വ്യാവസായിക സാദ്ധ്യതകൾ യഥാസമയം പ്രസിദ്ധീകരിച്ച് ജനങ്ങളിലെത്തിക്കാൻ കഴിയും. മാത്രമല്ല., ഗ്രാമപഞ്ചായത്തിലെ ഒരു ഇൻഫോർമേഷൻ സെൻറർ എന്ന നിലയിലും പ്രവർത്തിക്കാൻ കഴിയും.
  2. ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്കാവ ശ്യമായ നോട്ടു പുസ്തകങ്ങൾ ഉണ്ടാക്കി ന്യായ മായ വിലയ്ക്ക് നല്കുവാൻ കഴിയും.
  3. ജോബ് വർക്കുകൾ ഏറ്റെടുത്തു നടത്തുക വഴി വരുമാനവും തൊഴിലവസരവും സൃഷ്ടിക്കുവാൻ കഴിയും.
- കെട്ടിടം, റോഡ് നിർമ്മാണ തൊഴിലാളിക ളുടെ ഒരു സഹകരണ സംഘം രൂപീകരിക്കുക വഴി ഈ മേഖലയിൽ പണിയെടുക്കുന്നവർക്കാ വശ്യമായ പണിയായുധങ്ങളും മറ്റുയന്ത്രസാമ ഗ്രികളും, വിലയ്ക്കും, വാടകയ്ക്കും നല്കുന്ന തിനും, സംഘത്തിന് സ്വന്തമായി പണികൾ ഏറ്റെടുത്തു നടത്തുക വഴി തൊഴിലവസര ങ്ങൾ സൃഷ്ടിക്കുന്നതിനും കഴിയും.

  ഇത്തരത്തിൽ പഞ്ചായത്തിൻെറ സമഗ്രവികസന പദ്ധതികളിൽ നിർണ്ണായകമായ പങ്കു വഹിക്കുവാൻ സഹകരണ മേഖലയ്ക്കു കഴിയും.

ഗ്രാമസഭയിലെ നിർദ്ദേശങ്ങൾ

1. സഹകരണാടിസ്ഥാനത്തിൽ ഒരു ധനകാര്യ സ്ഥാപനം തുടങ്ങണമെന്ന് ഒന്നാം വാർഡിൽ നിന്നും നിർദ്ദേശമുണ്ട്.
2. സഹകരണ കൺസ്യൂമർ സ്റ്റോർ തുടങ്ങണ മെന്ന് വാർഡ് 1,2 എന്നിവയിൽ നിന്നും നിർദ്ദേശമുണ്ട്.
3. വനിതകൾക്കായി ഒരു റെഡിമെയ്ഡ് ഗാർ മെൻറ് യൂണിറ്റ് വാർഡടിസ്ഥാനത്തിൽ ആരംഭി ക്കണമെന്ന്, 1,2,8,9 എന്നീ വാർഡുകളിൽ നിന്നും ആവശ്യമുയർന്നിട്ടുണ്ട്.
4. സഹകരണാടിസ്ഥാനത്തിൽ സോപ്പു നിർ മ്മാണം, മെഴുകുതിരി നിർമ്മാണം, കുട നിർ മ്മാണം എന്നിവയുടെ യൂണിറ്റ് ആരംഭിക്കണ മെന്ന്. പ്രാദേശികമായി നാളികേരം സംഭരിച്ച് കൊപ്രയാക്കി ചക്കിലാട്ടി വെളിച്ചെണ്ണയെ ടുത്ത് പേക്ക് ചെയ്ത് വിതരണം ചെയ്യുന്ന സംഘം സ്ഥാപിക്കുക, സഹകരണാടിസ്ഥാന ത്തിൽ ഇലക്ട്രിക് ഉപകരണങ്ങൾ അസംബിൾ ചെയ്യുന്ന ഒരു ലേബർ യൂണിറ്റ് തുടങ്ങുക എന്നീ ആവശ്യങ്ങൾ രണ്ടാം വാർഡിൽ നിന്നും വന്നിരിക്കുന്നു.
5. ക്ഷീരവ്യവസായ സംഘം രൂപീകരിക്കണ

മെന്നും നിലവിലുള്ളവയുടെ പ്രവർത്തനങ്ങൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ഉപകരിക്കത്തക്ക വിധത്തിൽ മെച്ചപ്പെടുത്തണമെന്ന ആവശ്യം, വാർഡ്, മൂന്ന്, ആറ്, ഏഴ്, എട്ട്, ഒമ്പത് , പത്ത് എന്നീ വാർഡുകളിൽ നിന്നും ഉയർന്നിട്ടുണ്ട്.

6. സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും കോമേഴ്സിയൽ ബാങ്കുകളിൽ നിന്നും നൽകുന്ന കാർഷികവായ്പയുടെ പരിധി ഉയർത്തി കാർഷിക മേഖലയെ ശക്തിപ്പെടുത്തണമെന്ന് ആറാം വാർഡിലെ ഗ്രാമസഭ ആവശ്യപ്പെട്ടിരിക്കുന്നു.

7. പൊതുമേഖലാ വ്യവസായശാലകൾക്ക് ആവശ്യമായ ചെറുകിട ഉപകരണങ്ങൾ ഉണ്ടാക്കുന്നതിനുള്ള വ്യവസായ യൂണിറ്റ് വ്യവസായ സഹകരണ സംഘം മുഖേന ആരംഭിക്കണമെന്ന് കൈത്തറി നെയ്ത്ത് സഹകരണ സംഘം രൂപീകരിക്കണമെന്നും ആറാം വാർഡിലെ ഗ്രാമസഭ ആവശ്യപ്പെട്ടിരിക്കുന്നു.

8. കുട്ട നെയ്ത്ത്, പായ നെയ്ത്ത് തുടങ്ങിയ പരമ്പരാഗത പഴയ ഗ്രാമീണ കൈത്തൊഴിലുകൾ സംരക്ഷിക്കുന്നതിനായി ഒരു പട്ടികജാതി സഹകരണസംഘം രൂപീകരിക്കേണ്ടതാണെന്ന് ഏഴാം വാർഡിൽ നിന്നും ആവശ്യപ്പെട്ടിരിക്കുന്നു.

9. വനിതാക്ഷേമ സഹകരണ സംഘം രൂപീകരിച്ച് അതിന്റെ കീഴിൽ റെഡിമേയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ്, ബുക്ക് ബൈൻറിംഗ് യൂണിറ്റ് എന്നിവ ആരംഭിക്കാവുന്നതാണെന്നും അതുമൂലം തൊഴിലില്ലാത്ത വനിതകൾക്ക് തൊഴിലവസരം സൃഷ്ടിക്കാൻ കഴിയുമെന്നും 8,9 വാർഡുകളിൽനിന്നും ആവശ്യം ഉയർന്നിരിക്കുന്നു.

10. ഒല്ലൂക്കര സർവ്വീസ് സഹകരണ ബാങ്കിന്റെ ശാഖകൾ ആരംഭിക്കണമെന്ന് 2, 9, 14, എന്നീ വാർഡുകളിൽ നിന്നും, ഒരു ഈവനിങ്ങ് കൗണ്ടർ ആരംഭിക്കണമെന്നും 10ാം വാർഡിൽ നിന്നും ആവശ്യപ്പെടുന്നു.

11. സഹകരണ മേഖലയിൽ ഒരു കാർഷിക വിളസംഭരണ സംസ്ക്കരണ വിപണന സംഘം രൂപീകരിക്കണമെന്ന് 9ാം വാർഡിൽ നിന്നും ആവശ്യപ്പെട്ടിരിക്കുന്നു. ഇതേ വാർഡിൽ തന്നെ സഹകരണമേഖലയിൽ ഒരു കോഴി വളർത്തൽ കേന്ദ്രം ഒരു റബ്ബർമാർക്കറ്റിംഗ് സൊസൈറ്റി എന്നിവയും രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

12. ഒല്ലൂക്കര സർവ്വീസ് സഹകരണ ബാങ്കിന്റെ ഒരു ഈവനിങ്ങ് കൗണ്ടറും , എക്സ്റ്റൻഷൻ കൗണ്ടറും തോട്ടപ്പടിയിൽ ആരംഭിക്കണമെന്നും ഈ പ്രദേശത്തെ മുഖ്യ കാർഷിക വിളകളായ നെല്ല് നാളികേരം മുതലായവ സൊസൈറ്റി സമാഹരിക്കുകയും വിപണനം നടത്തുകയും ചെയ്യുക. സഹകരണാടിസ്ഥാനത്തിൽപനഞ്ചകം ചിറയിൽ മീൻ വളർത്തുക എന്നീ ആവശ്യങ്ങൾ പത്താം വാർഡിൽ നിന്നും ഉന്നയിച്ചിരിക്കുന്നു.

13. കാർഷിക വിഭവ സമാഹരണം നടത്തി തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് തൊഴിൽ നൽകുന്നതിന് കാർഷിക ഉല്പന്ന സഹകരണ സംഘം രൂപീകരിക്കുക, ചെറുകിട വ്യവസായ ഉല്പന്നങ്ങൾ, പച്ചക്കറികൾ, തുടങ്ങിയവ വിറ്റഴിക്കാനുള്ള സ്റ്റോറുകൾ രൂപീകരിക്കുക, നഴ്സറി വ്യവസായം സഹകരണാടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുക, ആധുനിക സജ്ജീകരണങ്ങളോടുകൂടി ഒരു സഹകരണ ആശുപത്രി മണ്ണുത്തിയിൽ നടത്തുക. ഒല്ലൂക്കര ബാങ്കിൽ നിന്നും കാർഷിക വായ്പയായി 10,000 കയും വ്യവസായിക ആവശ്യത്തിനായി 1,00,000 കയും ലഭ്യമാക്കുക എന്നീ ആവശ്യങ്ങൾ 12ാം വാർഡിൽ നിന്നും ഉന്നയിച്ചിരിക്കുന്നു.

14. വാർഡിലെ വിഭവങ്ങളായ നെല്ല്, നാളികേരം, പച്ചക്കറി മറ്റു വിഭവങ്ങൾ ഉല്പാദിപ്പിക്കാനും സമാഹരിക്കാനും, വാർഡിൽ തന്നെ വിറ്റഴിക്കാനും സാധിക്കുന്ന തരത്തിൽ ഒരു സഹകരണ സംഘം രൂപീകരിക്കണമെന്നും, ചെറുകിട വ്യവസായങ്ങൾ സഹകരണാടിസ്ഥാനത്തിൽ തുടങ്ങുന്നിതനുള്ള പദ്ധതികൾ തയ്യാറാക്കണമെന്നും സഹകരണാടിസ്ഥാനത്തിലോ, പഞ്ചായത്തടിസ്ഥാനത്തിലോ ഒരു മിനി ഷോപ്പിംഗ് സെൻറർ തുടങ്ങാവുന്നതാണെന്നും 14ാം വാർഡിലെ ഗ്രാമസഭ നിർദ്ദേശിക്കുന്നു.

5.11 പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം



ഉള്ളടക്കം

- മുഖവുര 178
- പട്ടികജാതി കോളനികൾ 178
- സംഗ്രഹം 186
- പ്രധാനപ്പെട്ട പ്രശ്നങ്ങൾ 187
- സാധ്യതകൾ 188

5 11 പട്ടിക ജാതി പട്ടിക വർഗ്ഗക്ഷേമം

മുഖവുര

ഒല്ലൂക്കര പഞ്ചായത്തിൽ പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ എണ്ണം പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 6.8% മാത്രമാണ്. എന്നിരുന്നാലും ഈ പഞ്ചായത്തിന്റെ കലാ-സാംസ്ക്കാരിക വളർച്ചയിൽ ഇവരുടെ തനതായ സംഭാവനകൾ കാണുവാൻ കഴിയുന്നതാണ്. പ്രാചീന കലാരൂപങ്ങളായ തെയ്യം, തിറ, പറയൻ തുള്ളൽ,കാളകളി, കളമെഴുത്തുപാട്ട് എന്നിവക്ക് ഇന്നും നമ്മൾ അവരോട് കടപ്പെട്ടിരിക്കുന്നു. അന്ധവിശ്വാസങ്ങളാണെന്ന് തോന്നാമെങ്കിലും അന്നും ഇന്നും എത്രയോ പേർ നാടൻ ചികിത്സാ രീതികൾക്കു വേണ്ടി അവരെ ആശ്രയിച്ചുപോരുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും സമൂഹത്തിന്റെ അടിത്തട്ടിലാണിവരിന്നും. അവർക്ക് വേണ്ടിയുള്ള ക്ഷേമ പദ്ധതികൾ പുറത്ത് പതഞ്ഞുയരുമ്പോഴും അവരതിലൊക്കെ അജ്ഞരായി സമൂഹത്തിന്റെ മുഖ്യധാരയിലേക്കുള്ള വഴിയിൽ നിരാശരായി വഴിമുട്ടി നിൽക്കുന്ന അനുഭവമാണ് നമ്മുക്ക് ചുറ്റും കാണുവാൻ കഴിയുന്നത്.

നമ്മുടെ പഞ്ചായത്തിലെ ആ ജനസമൂഹത്തിന്റെ നാനാവശങ്ങളിലേക്കുമുള്ള ഒരെത്തിനോട്ടം മാത്രമാണ് ഇവിടെ ചെയ്യുന്നത്.

1991ലെ സെൻസസ് അനുസരിച്ച് ഒല്ലൂക്കര പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 39,450 ആണ്. ഇതിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ 2547 ആണ്. ഇത് പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 6.8% വരുന്നതായി കാണുന്നു. ഇതിൽ തന്നെ പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകളുടെഎണ്ണം കൂടുതലാണ്. 547 പേരിൽ 1327 പേരും സ്ത്രീകളാണെന്നാണ് നിലവിലുള്ള കണക്കുകളിൽ നിന്നും മനസ്സിലാവുന്നത്. ആ മൊത്തം ജനസമൂഹം 320-ാളം കുടുംബങ്ങളായി നിലനിൽക്കുന്നു. നിലവിൽ ലഭിച്ചിട്ടുള്ള സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ പട്ടികജാതി പട്ടിക വർഗ്ഗ സമൂഹം 10 കോളനികളിലായി കേന്ദ്രീകരിച്ചിരിക്കുന്നു. ഇതു കൂടാതെ തന്നെ പഞ്ചായത്തിലെ പല പ്രദേശങ്ങളിൽ ഒറ്റപെട്ട കുടുംബങ്ങളായും കാണുന്നു.

നിലവിലുള്ള പട്ടിക ജാതി കോളനികളുടെ പേർ വിവരം.

1. നല്ലങ്കര പട്ടികജാതി കോളനി
2. നല്ലങ്കര വൈലോപ്പിള്ളിയ്ക്കു കോളനി
3. മുക്കാട്ടുകര കുരുശുപള്ളി സമീപമുള്ള പട്ടികജാതി കോളനി.
4. മുക്കാട്ടുകര ഓട്ടുകമ്പനിക്ക് സമീപമുള്ള 4 സെൻറ് കോളനി
5. മണ്ണുത്തി പനഞ്ചകം കോളനി
6. V VS ഹൈസ്കൂളിന് സമീപമുള്ള കോളനി
7. നെട്ടിശ്ശേരി വേലൻ കോളനി
8. പട്ടാളകുന്ന് പട്ടികജാതി കോളനി
9. മുല്ലക്കര ജാറാം കോളനി
10. പ്ലാവളപ്പ് കോളനി.

മേൽ പറഞ്ഞിട്ടുള്ള 10 കോളനികൾ ഉണ്ടങ്കിൽ തന്നെയും ഇതിൽ താഴെ പറയുന്ന 3 കോളനികൾ മാത്രമാണ്, ഗവൺമെൻറിന്റെ ഇൻറൻസീവ് ഹാബിറ്റാറ്റ് ഡെവലപ്മെൻറ് പ്രോഗ്രാം വഴി (IHDP)കോളനികളായി അംഗീകരിക്കപെട്ടിട്ടുള്ളത്.

1. മുല്ലക്കര ജാറാം കോളനി.

2. നല്ലങ്കര പട്ടികജാതി കോളനി.

3. പട്ടാളകുന്ന് പട്ടിക ജാതി കോളനി.

കോളനികളുടെ നിലവിലുള്ള സ്ഥിതികൾ ഇങ്ങനെ ലെയാണെങ്കിലും,IHDP കോളനികളായി അംഗീകരിക്കുന്നതിനുള്ള ഗവൺമെൻറിൻെറ നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് ഉള്ള ജനസംഖ്യയും പട്ടികജാതി പട്ടികവർഗ്ഗ കേന്ദ്രീകരണവും മറ്റെല്ലാ അംഗീകരിക്കപ്പെടാത്ത കോളനികളിലും നിലവിലുണ്ട്.എങ്കിൽ തന്നെ ശേഷിക്കുന്ന കോളനികളെ ഇതുവരെയും IHDP കോളനികളായി അംഗീകരിച്ചിട്ടില്ല. അതുകൊണ്ട്തന്നെ അംഗീകൃത കോളനികൾക്കു ലഭിക്കുന്ന പ്രത്യക ആനുകൂല്യങ്ങൾ ഇവർക്ക് ലഭിക്കുന്നുമില്ല. ഒല്ലൂക്കര പഞ്ചായത്തിലെ 7-ാം വർഡാണ് പട്ടികജാതി സംവരണ വാർഡായി നിലവിലുള്ളത്.

കോളനികളുടെ ഇന്നത്തെ അവസ്ഥ കണക്കിലെടുക്കുമ്പോൾ അടിസ്ഥാന സൗകര്യങ്ങളുടെ നില തൃപ്തികരമല്ല എന്നു തന്നെപറയാം. പ്രാഥമിക ആവശ്യങ്ങളായ കുടിവെള്ളം, സാനിറ്റേഷൻ, വൈദ്യുതി തുടങ്ങിയ സൗകര്യങ്ങൾ അപര്യാപ്തമാണ്. കോളനി നിവാസികൾക്ക് കുടിവെള്ളം ലഭിക്കുന്നതിന് വേണ്ടതായ പൊതുടാപ്പുകളോ പൊതുകിണറുകളോ നിലവിലില്ല. സമീപപ്രദേശങ്ങളിലുള്ള പൊതുകിണറുകൾ തന്നെ വളരെയധികം ശോചനീയവസ്ഥയിലാണ്. കോളനികളിലുള്ള വഴിയരുകുകളിൽ മലിനജലം ഒഴുകിപോകുന്നതിൽ വേണ്ടത്ര ഓവുചാലുകൾ ഇല്ലാത്തതിനാൽ മലിനജലം കെട്ടികെടുക്കുകയും അതുവഴി ദുർഗ്ഗന്ധം വമിക്കുകയും പരിസരശുചീകരണം ഇല്ലാത്ത അവസ്ഥയിലേക്ക് എത്തുകയും ചെയ്യുന്നു. കൂടാതെ നിലവിലുള്ള സാനിറ്റേഷൻ സൗകര്യങ്ങൾ (കക്കൂസ്,മൂത്രപുരകൾ) തുലോം കുറവാണ്.

വൈദ്യുതി കണക്ഷൻ ലഭിക്കാത്ത ഒട്ടനവധി കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. പട്ടികജാതിക്കാരുടെ വീട് വൈദ്യുതികരിക്കുന്നതിനുള്ള ഗവൺമെൻറിൻെറ, പ്രത്യക പദ്ധതി പ്രകാരം മുഴുവനയും മുഴുവൻ കുടുംബങ്ങളെ വൈദ്യുതീകരിക്കുവാൻ സാധിച്ചിട്ടില്ല. വൈദ്യുതി സ്ഥാപിച്ചിട്ടുള്ള കോളനി പ്രദേശങ്ങളിൽ തന്നെ തെരിവുവിളക്കുകൾ സ്ഥാപിക്കാത്തതുമൂലം വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു.

(പഞ്ചായത്തിലെ പട്ടികജാതി കോളനികളുടെ വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ പട്ടിക - 1 കാണുക)

(KSEB ഓഫീസിൽ നിന്ന് ലഭിച്ച വസ്തുതകൾ പ്രകാരം)

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം ഇന്നും സമൂഹത്തിൻെറ താഴെ തട്ടിൽ തന്നെ നിൽക്കുന്നു. വളരെ കുറച്ചു കുടുംബങ്ങൾ മാത്രം സാമ്പത്തികമായും, വിദ്യാഭ്യാസപരമായും ഉന്നതിയിലെത്തിയിട്ടുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് ഈ വിഭാഗത്തിൻെറ സാമൂഹികാവസ്ഥ നേരിയ തോതിൽ മെച്ചപെട്ടതായി കാണുന്നു. ഇവരുടെ മെച്ചപ്പെട്ട സാമൂഹിക വ്യവസ്ഥയുടെ ഉദാഹരണമെന്നോണം സമൂഹത്തിലുള്ള എല്ലാ ജനവിഭാങ്ങളുമായും എല്ലാ തലങ്ങളിലും കൂട്ടായി പ്രവർത്തിക്കുകയും അതുവഴി സമൂഹത്തിൻെറ മുഖ്യധാരയിൽ ഒരു പരിധി വരെ എത്തിചേരുവാനും കഴിഞ്ഞിട്ടുണ്ട്.

വിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ കുട്ടികൾ പൊതുവെ സ്കൂളിൽ പോകുന്നവരാണെങ്കിലും പഠനത്തിൽ പിന്നോക്കാവസ്ഥ അനുഭവപ്പെടുന്നു. ഇതിനുള്ള പ്രധാന കാരണമായി കാണപെടുന്നത് രക്ഷിതാക്കളുടെ വിദ്യാഭ്യാസമില്ലായ്മയും അവരുടെ അശ്രദ്ധയും, സാമ്പത്തിക ബുദ്ധിമുട്ടുകളും മൊത്തത്തിലുള്ള ജീവിത സാഹചര്യങ്ങളുമാണ്. തൻമൂലം ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തികരിക്കുന്നവർ തുലോം കുറവാണ്. ഹൈസ്കൂൾ തലത്തിലെത്തുമ്പോൾ സ്വകാര്യ സ്കൂളിലെ കൂടുതൽ പഠിക്കുന്ന കുട്ടികളെ കൂടുതൽ പരിചരിക്കപെടുന്ന ഇന്നത്തെ സംവിധാനത്തിൽ, ഈ വിഭാഗത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പാടെ അവഗണിക്കപെടുന്നു. പ്രൈമറി തലത്തിലും ഹൈസ്കൂൾ തലത്തിലും ഇക്കാര്യത്തിൽ [illegible] മനസ്സിലാക്കുന്നത്. പഠനത്തിൽ പിന്നോക്കാവസ്ഥയിലേക്ക് തള്ളപെടുന്ന ഈ കുട്ടികളെ മറ്റുള്ളവരോടൊപ്പം ഉയർത്തികൊണ്ടുവരുന്നതിന് വേണ്ടായ സേവന സന്നദ്ധതയും, അർപ്പണ മനോഭാവവും അദ്ധ്യാപകരിൽ വളരേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസപരമായി മൊത്തത്തിലുള്ള അവസ്ഥ കണക്കിലെടുക്കുകയാണെങ്കിൽ ഇവരിൽ നിരക്ഷരർ

കുറവാണെങ്കിലും ഭൂരിഭാഗവും ഉയർന്ന നിലയിൽ എത്തിയിട്ടില്ല എന്നു കാണുവാൻ കഴിയുന്നു.

(ഒല്ലൂക്കര പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്ന SC/ST വിദ്യാർത്ഥികളുടെ വിവരങ്ങളുടെ പട്ടിക - പട്ടിക മേൽ കൊടുക്കുന്നു)

(ലംപ്സം ഗ്രാൻറ് വാങ്ങുന്ന കുട്ടികളുടെ പട്ടിക- പട്ടിക -3ൽ കൊടുക്കുന്നു.)

(Ps) (പഞ്ചായത്തിലെ സ്കൂൾ അധികൃതരിൽ നിന്നും ശേഖരിച്ച കണക്കുകൾ പ്രകാരം)

ഈ പഞ്ചായത്തിലെ പട്ടികജാതിഅപട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ട അധികം പേരും കർഷക തൊഴിലാളികളും കെട്ടിട നിർമ്മാണ തൊഴിലാളികളും പരമ്പരാഗതമായ കൈതൊഴിലുകാരും മറ്റ് അസംഘടിത മേഘലകളിലുമായി ജോലി ചെയ്യുന്നവരുമാണ്. ഉന്നത വിദ്യാഭ്യാസത്തിൻെറ അഭാവം കൊണ്ടും മറ്റും ഉയർന്ന ജോലികളിൽ എത്തിപെടുന്നവരുടെ എണ്ണം വളരെ കുറവാണ്. പരമ്പരാഗതമായ കൈതൊഴിലുകൾ മുഖേന ഇവർ ഉല്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുവാൻ സാധിക്കാത്തതു കൊണ്ടും ഇടത്തട്ടുക്കാരുടെ ചൂഷണം മൂലവും ഇവരുടെ പരമ്പരാഗത തൊഴിൽ മേഖലയെ മന്ദീഭവിപ്പിക്കുന്നു.

ഇവരുടെ പരമ്പരാഗത തൊഴിലുകളിൽ അനുഭവപ്പെടുന്ന മാന്ദ്യവും കൂടാതെ രൂക്ഷമായി കൊണ്ടിരിക്കുന്ന തൊഴിലില്ലായ്മയും ഇവരെ ദാരിദ്രരേഖക്ക് താഴെ തന്നെ തളച്ചിടുന്നു. ഇവരുടെ കുടുംബങ്ങളിലെ സാമ്പത്തികാസൂത്രണത്തെ കുറിച്ചുള്ള അറിവില്ലായ്മയും തെറ്റായ നടപടികളും ഒരു പരിധി വരെ ദാരിദ്രത്തിൽ നിന്ന് കരകയറാൻ സാധിക്കാത്ത തരത്തിൽ ഇവരെ ബാധിക്കുന്നു എന്നുള്ള വസ്തുത കാണുവാൻ കഴിയുന്നു.

ഇവരുടെ ഉന്നമനം ലക്ഷ്യമാക്കികൊണ്ട് സർക്കാർ പല പദ്ധതികളും ഊർജ്ജിതമായി നടപ്പിലാക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും ഭവന നിർമ്മാണ പദ്ധതി, സ്വയം തൊഴിൽ പദ്ധതി. ഈ പദ്ധതികൾ ഇവർ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നില്ല എന്ന് കാണുവാൻ കഴിയുന്നു. ഇതിനുള്ള പ്രധാന കാരണം പദ്ധതികളെകുറിച്ചുള്ള ഇവരുടെ അറിവില്ലായ്മയും ഇതിനെക്കുറിച്ചുള്ള ബോധവൽക്കരണ കുറവുമാണ്. ബന്ധപെട്ട പദ്ധതികളിൽ നിന്നുമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് സമീപിക്കേണ്ട അധികൃതരെ കുറിച്ചുള്ള അജ്ഞതയും, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും മറ്റുമുള്ള കഠിന വ്യവസ്ഥകളും ഇവരെ ഇതിൽ നിന്നും പിന്തിരിപ്പിക്കുന്നു. ബന്ധപ്പെട്ട നൂലാമാലകൾ തരണം ചെയ്ത് പദ്ധതി ആനുകൂല്യങ്ങൾ നേടിയെടുക്കുന്നവരിൽ നല്ലൊരു ശതമാനം ഗുണഭോക്താക്കളും പദ്ധതികൾ ദുരുപയോഗം ചെയ്യുന്നതായും കാണുന്നു.

ദാരിദ്രനിർമ്മാർജനം ലക്ഷ്യമാക്കി കൊണ്ട് സർക്കാർ നടപ്പിലാക്കിയിട്ടുള്ള IRDP പദ്ധതിയനുസരിച്ച് ഒട്ടേറെ പേർ ഇതിൻെറ ഗുണഭോക്താക്കളായിട്ടുണ്ടെങ്കിലും, നിലവിലുള്ള റിപ്പോർട്ടുകളുടെയും കണക്കുകളുടെയും അടിസ്ഥാനത്തിൽ ഒട്ടനവധി പട്ടിജാതി കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ലാത്ത അവസ്ഥ നില നിൽക്കുന്നു. സ്വന്തമായി ഒരു തുണ്ട് ഭൂമി പോലും കൈശമില്ലാത്ത അനവധി കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. കാലാകാലങ്ങളിലായി സ്വന്ത ഭൂമിയിള്ളവർക്കാകട്ടെ ഈ ഭൂമ്ക്ക് മതിയായ രേഖകളൊ, പട്ടയമൊ ഇല്ലാത്ത അവസ്ഥയിൽ ഗവൺമെൻറിൻെറ ഭവന നിർമ്മാണ പദ്ധതികളിൽ നിന്നുള്ള എല്ലാ ആനുകൂല്യങ്ങളും നിഷേധിക്കപെടുന്നു.

(IRDP പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങളെ പറ്റിയുള്ള വിവരം പട്ടിക-4ൽ കൊടുക്കുന്നു.)

(ബന്ധപ്പെട്ട ബ്ലോക്ക് ഒഫീസിലെ കണക്കുകൾ പ്രകാരം)

ബഹുജന സംഘടനാ പ്രവർത്തനങ്ങളിൽ ഈ വിഭാഗത്തിൽപെട്ടവർ ഉണ്ടെങ്കിലും നേതൃരംഗത്ത് ഇവരുടെ എണ്ണം തുലോം കുറവാണ്.

ഇവരുടെ വീടുകളിൽ നടക്കുന്ന എല്ലാവിധത്തിലുള്ള ചടങ്ങുകൾക്കും മറ്റെല്ലാ ജനവിഭാങ്ങളും സഹകരിക്കുകയും പങ്കെടുക്കുകയും ചെയ്യുന്നുണ്ട്. അതുപോലെ തന്നെ അവരുടെ വീടുകളിൽ നിന്ന് മറ്റു വിഭാഗക്കാർ ആതിഥ്യം സ്വീകരിക്കാറുമ്ട്. ഈ വിഭാഗങ്ങളെ ജാതിപറഞ്ഞ് വിളിക്കുന്ന രീതി തീരെ ഇല്ല എന്നു തന്നെ പറയാം

ജന വിഭാഗങ്ങളിൽ കാണുന്നതുപോലെ അല്പം ചില പിന്നോക്ക ചിന്താഗതികളും അന്ധ വിശ്വാസങ്ങളും ഇവരിലും നിലനിൽക്കുന്നുണ്ട്.

സംഗ്രഹം

1. ഒല്ലൂക്കരയിലെ മൊത്തം ജനസംഖ്യയായ 39450 ൽ പട്ടിക ജാതിഅപട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ 2547 ആകുന്നു. (6.8%) പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ കൂടുതലാണ്. ഇവർ 320 കുടുംബങ്ങളായി ജീവിക്കുന്നു.

2.പട്ടിക ജാതി പട്ടിക വർഗ്ഗ സമൂഹം 10 കോളനികളിൽ കേന്ദ്രികരിച്ചിരിക്കുന്നു. വിവിധ സ്ഥലങ്ങളിൽ ഒറ്റപ്പെട്ട കുടുംബങ്ങളും കാണാം. 10 കോളനികളിൽ 3 കോളനികൾ മാത്രമാണ് ഗവൺമെൻറിൻെറ ഇൻറൻസീവ് ഹാബിറ്റാറ്റ് ഡവലപ്പിമെൻറ് പ്രോഗ്രാം (IHDP) വഴി അംഗീകാരം നേടിയത്.

3.IHDP പ്രകാരമുള്ള നിബന്ധനങ്ങൾ പാലിക്കുന്നുണ്ടെങ്കിലും, 7 കോളനികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

4. ഒല്ലൂക്കര പഞ്ചായത്തിലെ 7-ാം വാർഡ് സംവരണ വാർഡാണ്.

5. കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ തൃപ്തികരമല്ല, കുടിവെള്ളം, സാനിറ്റേഷൻ, വൈദ്യുതി സൗകര്യങ്ങൾ പര്യാപ്തമല്ല. സമീപപ്രദേശങ്ങളിലെ പൊതുകിണറുകൾ ശോചനീയാവസ്ഥയിലാണ്.

6. കോളനി വഴിയരുകുകളിൽ മലിനജലം ഒഴുകുന്നുണ്ട്. ഓവുചാലുകളുടെ അപര്യാപ്തത പ്രകടമാണ്.

7.വൈദ്യുതി ലഭിക്കാത്ത ഒട്ടലനവധി കുടുംബങ്ങളുണ്ട്. തെരുവ് വിളക്കുകളും പലേ സ്ഥലങ്ങളിലും സ്ഥാപിച്ചിട്ടില്ല.

8.പട്ടിക ജാതി/പട്ടിക വർഗ്ഗവിഭാഗംഇപ്പോഴും സമൂഹത്തിൻെറ അടിത്തട്ടിലാണ്. വളരെകുറച്ച് കുടുംബങ്ങൾ മാത്രമെ സാമ്പത്തികമായും, വിദ്യാഭ്യാസപരമായും ഉന്നതിപ്രാപിച്ചിട്ടുള്ളു.പൊതുവെ മുൻകാലങ്ങളെ അപേക്ഷിച്ച്, സാമൂഹികാവസ്ഥ മെച്ചപ്പെട്ടിട്ടുണ്ട്.

9. വിദ്യാഭ്യാസരംഗത്ത് കുട്ടികൾ പൊതുവെ സ്കൂളിൽ പോകുന്നുണ്ടെങ്കിലും, പഠിത്തത്തിൽ പിന്നോക്കകാരാണ്. പ്രധാന കാരണങ്ങൾ രക്ഷിതാക്കളുടെ സാമ്പത്തിക ബുദ്ധിമുട്ടും, വിദ്യാഭ്യാസക്കുറവും, അശ്രദ്ധയും, ജീവിത സാഹചര്യവുമാണ്. ഹൈസ്കൂൾ വിദ്യാഭ്യാസംപൂർത്തികരിക്കുന്നവർ തുലോം കുറവാണ്. കുട്ടുകൾ അവഗണിക്കപ്പെടുന്നത് നിർത്തുവാൻ സേവന സന്നദ്ധതയും, അർപ്പണ മനോഭാവവും ആവശ്യമാണ്.

10.അധികം പേരും കർഷകതൊഴിലാളികളും, കെട്ടിട നിർമ്മാണ തൊഴിലാളികളും, പരമ്പരാഗത കൈതൊഴിലുകാരും, മറ്റ് അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്നവരുമാണ്.

11.ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ലെന്നു മാത്രമല്ല ഇടത്തട്ടുകാരുടെ ചൂഷണത്തിന് വിധേയവുമാണ്.

12. സർക്കാരിൻെറ നല്ല പദ്ധതികളെക്കുറിച്ച് ഇവർ വേണ്ടത്ര ബോധവാന്മാരല്ല. ധനകാര്യസ്ഥാപനങ്ങളുടെ കർക്കശ സ്വഭാവവും, അജ്ഞതയും വിലങ്ങുതടികളാണ്.

13.IRDP പദ്ധതിയനുസരിച്ച് ഒട്ടേറെപേർക്ക് സിദ്ധിച്ചിട്ടുണ്ട് എന്നിരിക്കിലും, ഒട്ടനവധി കുടുംബങ്ങൾക്ക് സ്വന്തമായ വീടുകളില്ല, അതുപോലെ, ഭൂമികൈവശമില്ലാത്തവരെയും കാണുന്നുണ്ട്. സ്വന്തം ഭൂമിയുള്ളവർക്ക് രേഖകൾ, പട്ടയം എന്നിവയുടെ അഭാവത്തിൽ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നു.

14. ബഹുജന സംഘടനാപ്രവർത്തനങ്ങളിൽ ഇവർ ഉണ്ടെങ്കിലും, നേതൃരംഗത്ത് ഇവർ കുറവാണ്.

15. മറ്റെല്ലാ ജനവിഭാഗങ്ങളും ഇവരോട് സൗഹാർദ്ദപൂർവ്വം വർത്തിക്കുന്നു. ചടങ്ങുകളിലും മറ്റും പങ്കെടുക്കാറുമുണ്ട്.

16. ചിലർ ഇപ്പോഴും അന്ധവിശ്വാസങ്ങൾക്ക് അടിമപ്പെട്ടിരിക്കുന്നു.

പ്രധാനപ്പെട്ട പ്രശ്നങ്ങൾ

1. പട്ടിക ജാതിഅപട്ടികവർഗ്ഗക്കാർ പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്ന പ്രദേശങ്ങളിൽ വൈദ്യുതി സംബന്ധമായ പ്രശ്നങ്ങൾ (വീടുകളുടെ വൈദ്യുതീകരണം,തെരുവുവിളക്കുകൾ സ്ഥാപിക്കുക) ഒട്ടനവധിയുണ്ട്. പണം നൽകി വൈദ്യുതി ലഭിക്കാത്ത 57 കുടുംബങ്ങൾ ഉണ്ട്.

2. ശുദ്ധജലം ലഭിക്കുവാനുള്ള പൊതുടാപ്പുകളോ, കിണറുകളോ ആവശ്യാനുസരണം നിലവിലില്ലാത്തതിനാൽ ശുദ്ധജലക്ഷാമം വലിയൊരു പ്രശ്നമായി അവശേഷിക്കുന്നു.

3. സ്വന്തമായി കക്കൂസുകൾ ഇല്ലാത്ത അവസ്ഥയും പൊതുകക്കൂസുകളുടെ അപര്യാപ്തതയും വലിയൊരു പ്രശ്നമായി പല പ്രദേശങ്ങളിലും നിലനിൽക്കുന്നു. പരിസരനമലീനീകരണം പരിഹരിക്കുന്നതിൽ അധികൃതരുടെ ഭാഗത്തുനിന്നും ഫലപ്രദമായ നടപടികൾ എടുത്തുകാണുന്നില്ല.

4.കൈവശ ഭൂമിയുള്ളവർക്ക് പലതരത്തിലുള്ള സാങ്കേതിക തടസ്സങ്ങൾമൂലം ഭവനനിർമ്മാണപദ്ധതികൾ മുഖേന വീടുകൾ പണിയുന്നതിന് സാധിക്കുന്നില്ല.

5.ക്ഷേമപദ്ധതികളിലെ വ്യവസ്ഥകൾ ലളിതമല്ലാത്തതിനാൽ വ്യവസ്ഥകൾ ലഘൂകരിച്ച് കാര്യക്ഷമമാക്കുക.

6.നിയമാനുസൃതമായി പട്ടയം ലഭിക്കുവാൻ അർഹരായ ഒട്ടനവധി കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നു. ഇത് പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണം.

7.വിദ്യാഭ്യാസരംഗത്ത് ഒട്ടേറെ ആനുകൂല്യങ്ങളും പ്രോത്സാഹനവും ഉണ്ടെങ്കിലും ഇന്നും,പിന്നോക്കാവസ്ഥ അനുഭവപെടുന്നു. ഇത് പരിഹരിക്കുവാൻ നടപടിയെടുക്കണം.

8. നിയമാനുസൃതമായി IHDP കോളനികളായി അംഗീകരിക്കേണ്ടതായ കോളനികളെ ഇതുവരെയും ഈ പദ്ധതിയിൽ ഉൾപെടുത്തി കാണുന്നില്ല. ആയതിനു വേണ്ട നടപടികൾ എടുക്കണം.

9.പട്ടിക ജാതിൽ പട്ടികവർഗ്ഗങ്ങൾക്കിടയിർ കാണുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു വേണ്ട നടപടികളെടുക്കണം.

10. പരമ്പരാകത കൈതൊഴിലുകൾ സംരക്ഷിക്കുന്നതിനും നൂതന മാർഗ്ഗങ്ങൾ ആവിഷ്ക്കരിച്ച് പുതിയ തലമുറയിലേക്ക് പകർന്നു കൊടുക്കുന്നതിനാവശ്യമായ നടപടികൾ എടുക്കണം.

ഒറ്റപെട്ട ചില വാർഡുകളിൽ നിന്നും ഉയർന്നു വന്ന ചില പ്രത്യേക പ്രശ്നങ്ങൾ താഴെ കൊടുക്കുന്നു.

2-ാം വാർഡ്.

നെല്ലുക്കുന്ന് പ്രദേശത്തുള്ളതായ പട്ടികജാതിക്കാർ മാത്രമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ശ്മശാനം സംരക്ഷിക്കുക.

12-ാം വാർഡ്

മുക്കാട്ടുക്കര നെട്ടിശേരി പ്രദേശത്ത് പട്ടികജാതി/പട്ടിക വർഗ്ഗക്കാരുടെ മുഖ്യതൊഴിലായ വസ്ത്ര അലക്കുതൊഴിലാളികൾക്ക് പരിസരത്തുള്ള തോടിൽ ഈ തൊഴിൽ ചെയ്യുന്നതിനാവശ്യമായ പടവുകൾ മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തണം.

14-ാം വാർഡ്.

a. നല്ലങ്കര പ്രദേശത്തുള്ള വൈലോപ്പിള്ളി നഗർ പട്ടികജാതി കോളനിയിൽ ഇനിയും വൈദ്യുതി എത്തിയിട്ടില്ല. കേവലം 200 മീറ്റർ മാത്രം വൈദ്യുതി ലൈൻ നീട്ടിയാൽ കോളനി പ്രദേശം മുഴുവൻ വൈദ്യുതീകരണം സാധ്യമാകുന്നതാണ്.

b.നല്ലങ്കര പ്രദേശത്തുള്ള പട്ടികജാതി കോളനിയിലെ വായനശാല പുനരുദ്ധരിക്കണം.

c.വിദ്യാർത്ഥികൾ ധാരളമായി പഠിക്കുന്ന ഈ പ്രദേശത്തെ നിലവിലുള്ള സ്വകാര്യ മാനേജ്മെൻറ് സ്ക്കൂൾ യു.പി. ആക്കി അപ ഗ്രേഡ് ചെയ്യുകയോ [illegible]ർക്കാർ തലത്തിൽ യു.പി. സ്ക്കൂൾ ആരംഭിക്കുകയോ ചെയ്യണം.

14-ാം വാർഡ്.

പട്ടികജാതിക്കാർ താമസിക്കുന്ന കുരിശുപള്ളിക്കു പിൻവശമുള്ള പട്ടികജാതി കോളനിയിൽ വഴിവിളക്കുകൾ വേണം.

നെല്ലങ്കര, വൈലോപ്പിള്ളി പട്ടിക ജാതി കോളനിയിലും അഴുക്കു വെള്ളം പോകാനുള്ള കാനാലുകൾ നിർമ്മിക്കുക.

സാദ്ധ്യതകൾ

1.പട്ടിക ജാതി/പട്ടിക വർഗ്ഗക്കാരുടെ കോളനികളിൽ കിണറുകളും പൊതുടാപ്പുകളും,തെരുവുവിളക്കുകളും ഏർപ്പെടുത്തേണ്ടതാണ്.

2.പട്ടികജാതി/പട്ടിക വർഗ്ഗക്കാരുടെ കോളനി രൂപീകരണ പദ്ധതികൾ ഊർജ്ജിതപെടുത്തേണ്ടതാണ്.

3. പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കുകയും സഹായിക്കുകയും ചെയ്യേണ്ടതാണ്.

4. പട്ടിക /പട്ടിക വർഗ്ഗ വിഭാഗത്തിലുള്ള കുട്ടികൾക്കു വേണ്ടി ക്ഷേമ പരിപാടികൾ ആരംഭിക്കുക.

5.ഭവന നിർമ്മാണ പദ്ധതികളിലുള്ള വ്യവസ്ഥകൾ ലഘൂകരിക്കുകയും, ഊർജ്ജിതപെടുത്തുകയും, അതുവഴി ഭവന നിർമ്മാണത്തിന് സഹായം നൽകുകയും ചെയ്യേണ്ടതാണ്.

6. ഭൂരഹിതരായ പട്ടിക ജാതി / വർഗ്ഗക്കാർക്ക് ഭവന നിർമ്മാണം സാദ്ധ്യമാകുന്നതിനു വേണ്ട പദ്ധതികൾ നടപ്പിലാക്കണം 7.പട്ടിക ജാതി/വർഗ്ഗ കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപെടുത്തേണ്ടതാണ്.

8.വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലാത്ത കുടുംബങ്ങൾക്ക് ആയതിന് ലഭ്യമാകുന്നതിനു വേണ്ട നടപടികൾ എടുക്കേണ്ടതാണ്.

9.പരമ്പരാഗത കൈതൊഴിലുകളിൽ കൂടി ഉപജീവനമാർഗ്ഗം കണ്ടെത്തുന്നവർക്ക് ആയതിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ചെയ്തു കൊടുക്കേണ്ടതാണ്.(ഉദാ.വസ്ത്രം അലക്കുതൊഴിൽ, മുളകൊണ്ടുള്ള പനമ്പ്,കുട്ട നെയ്ത്തു പണികൾ)

10. അർഹതപ്പെട്ട കൈവശഭൂമിക്കാർക്ക് പട്ടയം നൽകാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

11. പട്ടിക ജാതി /പട്ടിക വർഗ്ഗക്കാരുടെ പൊതുവായുള്ള പ്രശ്ന പരിഹാരങ്ങളെ സംബന്ധിച്ച് ഉയർന്നു വന്ന നിർദ്ദേശങ്ങൾ കണക്കിലെടുക്കുമ്പോൾ താഴെ പറയുന്ന വസ്തുതകൾ അടിയന്തിര പ്രാധാന്യമുള്ളതായി കാണുന്നു.

a) മൊത്തത്തിലുള്ള ബോധവൽക്കരണം

b) ആരോഗ്യപരിപാലനത്തെകുറിച്ചുള്ള അറിവുപകർന്നു കൊടുക്കൽ

c) കുടുംബങ്ങളുടെ സാമ്പത്തിക ആസൂത്രണത്തെ കുറിച്ചുള്ള പ്രാഥമിക അറിവ് പകർന്നുകൊടുക്കൽ.

d) സർക്കാരിന്റെ ക്ഷേമ പദ്ധതികളെകുറിച്ച് വേണ്ടത്ര പ്രചാരണം സർക്കാർ മാധ്യമങ്ങളിൽ കൂടി നടത്തുന്നതോടപ്പം തന്നെ ഇവരുകേന്ദ്രീകരണ പ്രദേശങ്ങളിലും കോശളനികളിലും ഇവരുടേതായ ജനകിയ സമിതികൾ രൂപീകരിക്കുകയും ഈ സമിതി ഭാരവാഹികളെ സർക്കാർ ഉദ്യോഗസ്ഥൻമാർ മുഖേന ബന്ധപ്പെട്ട ക്ഷേമ പദ്ധതികളെകുറിച്ച് നേരിട്ടറിവു പകർന്നു കൊടുക്കേണ്ടതുമാണ്.

e) പട്ടിക ജാതി/ പട്ടിക വർഗ്ഗക്കാർക്കുള്ള ധനസഹായങ്ങളും,പദ്ധതികളും പഞ്ചായത്തിൽ നിന്നും ഗ്രാമസഭകൾ വഴി നടപ്പിലാക്കേണ്ടതാണ്.

12. പട്ടിക ജാതി /വർഗ്ഗക്കാർക്കുള്ള സഹകരണ സംഘം രൂപീകരിക്കുക.

ഒല്ലൂക്കര ഗ്രാമപഞ്ചായത്ത്

പട്ടികജാതി കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ-1996

വാർഡ്	പട്ടികജാതി കോളനിയുടെ പേര്	വൈദ്യുതികണക്ഷൻ ലഭിച്ച കുടുംബങ്ങൾ (എണ്ണം)	സൗജന്യ സ്ളാബിൽ വൈദ്യുതി ഉപ.എണ്ണം	പണം നല്കി വൈദ്യുതി കണക്ഷൻ ലഭിക്കുന്ന കുടുംബങ്ങളുടെ എണ്ണം
7	പട്ടാളക്കുന്ന് കോളനി	20	3	6
8	പ്ലാവളപ്പിൽ കോളനി	20	3	5
9	മുല്ലക്കര ജാറം കോളനി	20	3	24
11	പനഞ്ചകം കോളനി	14	4	8
12	നെട്ടിശ്ശേരി കോളനി	24	5	5
13	മുക്കാട്ടുക്കര കോളനി	20	5	6
14	നല്ലങ്കര പട്ടികജാതി കോളനി	35	10	3
	ആകെ	153	33	57

പട്ടിക -2

ഒല്ലൂക്കര പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്ന SC/ST വിദ്യാർത്ഥികളുടെ എണ്ണം - 1996

Sl. No.	വിഭാഗം	ആൺ	പെൺ	ആകെ
1	എൽ.പി.വിഭാഗം	98	106	204
2	യു.പി.വിഭാഗം	27	50	77
3	ഹൈസ്കൂൾ വിഭാഗം	60	55	115
	ആകെ	185	211	396

പട്ടിക -3

ഒല്ലൂക്കര പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്ന ലംപ്സം ഗ്രാൻറ് വാങ്ങുന്ന കുട്ടികളുടെ എണ്ണം

Sl. No.	വിഭാഗം	എണ്ണം
1	എൽ.പി.വിഭാഗം	204
2	യു.പി.വിഭാഗം	77
3	ഹൈസ്കൂൾ വിഭാഗം	114
	ആകെ	395

പട്ടിക -4

SC / ST യിൽ പെട്ടവരുടെയും IRDP സർവ്വെ പ്രകാരം ദാരിദ്രരേഖക്ക് താഴെ കണ്ടെത്തിയവരുടെയും, സഹായം ലഭിച്ച കുടുംബങ്ങളുടെയും വിവരം.

1995-1996

വാർഡ് നമ്പർ	ദാരിദ്രരേഖക്ക് താഴെയുള്ള SC / ST കുടുംബങ്ങം	നാളിതുവരെ സഹായം ലഭിച്ചിട്ടുള്ള SC / ST കുടുംബങ്ങം	സഹായം ലഭിക്കാത്ത കുടുംബങ്ങം
1	1	-	1
2	11	7	4
3	-	-	-
4	-	-	-
5	12	4	8
6	13	9	4
7	22	20	2
8	17	13	4
9	30	12	18
10	20	13	7
11	14	19	-
12	22	13	9
13	36	15	21
Total	198	125	78

N.B. പഞ്ചായത്തിലെ അവസാനമായി നടന്ന വർഡുകളുടെ പുനക്രമീകര[illegible]ിന് മുൻപുള്ള വാർഡുകളുടെ എണ്ണമനുസരിച്ച് തയ്യാറാക്കിയത്.

5.12 വിഭവസമാഹരണം



ഉള്ളടക്കം

- അവലോകനം 195
- പഞ്ചായത്തിന്റെ വരുമാനമാർഗ്ഗങ്ങൾ 195
  - കെട്ടിട നികുതി 195
  - വാടക 195
  - തൊഴിൽ നികുതി 196
  - വിനോദ നികുതി 196
  - ലൈസൻസ് ഫീസ് 196
  - വസ്തു കൈമാറ്റ നികുതി 196
- പഞ്ചായത്തിന്റെ മുഖ്യമായ ചെലവ് 197
- സംഗ്രഹം 197
- അധികവിഭവ സമാഹരണം 198
- പ്രശ്നങ്ങൾ - നിർദ്ദേശങ്ങൾ 198

5 12 വിഭവസമാഹരണം

അവലോകനം

തൃശ്ശൂർ മുനിസിപ്പാലിറ്റിക്കു തൊട്ടുകിട ക്കുന്ന, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന, സെപഷൽ ഗ്രേഡ് പഞ്ചായത്തെന്ന നിലക്ക് , പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യങ്ങളും പ്രശ്നങ്ങളും, ഏകദേശം തൃശ്ശൂർ മുൻസിപ്പാലിറ്റിയിലുള്ള തിനോട് സമാനമാണ്. ആയതിനാൽ കഴിഞ്ഞ കാലങ്ങളിലെ പഞ്ചായത്തിന്റെ വരുമാനം പ്രദേശത്തെ ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമായിരുന്നില്ല.

കാർഷിക പ്രാധാന്യമുണ്ടായിരുന്ന ഈ പ്രദേശം, കാർഷിക സർവ്വകലാശാലയുടെ ആവിർഭാവത്തോടെ , അതിലെ ജീവനക്കാരുടെ വാസത്തിനായും, വിലകുറവു മൂലം മുൻസിപ്പൽ പ്രദേശത്തുനിന്നും ഇവിടെ വന്നു ഭൂമി വാങ്ങി താമസമുറപ്പിച്ചതിന്റെയും ഫലമായി കൃഷി ഭൂമി തുണ്ടം തുണ്ടമായി വിഭജിക്കപ്പെട്ടു. അതോടെ മുൻപുണ്ടായിരുന്ന കാർഷികപ്രാധാന്യം ഈ പഞ്ചായത്തിനു നഷ്ടമാകുകയും ചെയ്തു. നിലവിലുള്ള ഭൂമി തന്നെ അനുദിനം പാർപ്പിടങ്ങളായി രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആയതിനാൽ കൃഷിയിൽ നിന്നും അധികമായി വിഭവസമാഹരണം പ്രതീക്ഷിക്കാവുന്നതല്ല.

വ്യാവസായികമായും ഈ പ്രദേശത്തിന്റെ നാളിതുവരെയുള്ള വളർച്ച ദുർബ്ബലമാണ്. എടുത്തു പറയത്തക്ക ഒരു വൻവ്യവസായവും ഈ പ്രദേശത്തില്ല. അല്പം ചില ചെറുകിട വ്യവസായയൂണിറ്റുകൾ മാത്രം പ്രവർത്തിക്കുന്നു.

വ്യാവസായികമായും ഈ പ്രദേശത്തിന്റെ നാളിതുവരെയുള്ള വളർച്ച ദുർബ്ബലമാണ്. എടുത്തുപറയത്തക്ക ഒരു വൻവ്യവസായവും ഈ പ്രദേശത്തില്ല. അല്പം ചില ചെറുകിട വ്യവസായയൂണിറ്റുകൾ മാത്രം പ്രവർത്തിക്കുന്നു.

ഈ പ്രദേശത്തു വികസിച്ചു വരുന്നതും, ഇനിയും ഏറെ വികസനസാദ്ധ്യതയുള്ളതുമായ ഒരു വ്യവസായം '' അഗ്രികൾച്ചറൽ നഴ്സറി'' യാണ്. നൂറുകണക്കിന് തൊഴിലവസരങ്ങൾ ഇതുമൂലം ഇവിടെ ലഭിച്ചുവരുന്നുണ്ട്. മൃഗപരിപാലനവുമായി ബന്ധപ്പെട്ട പലേ സംരംഭങ്ങൾക്കും വലിയ സാദ്ധ്യതകൾ ഈ പ്രദേശത്തുണ്ട്.

കാർഷിക സർവ്വകലാശാലയുടെ സാന്നിദ്ധ്യം ഈ പ്രദേശത്തെ വൻ വളർച്ചയിലേക്ക് നയിക്കേണ്ടതായിരുന്നു.എന്നാൽ ഈ സാദ്ധ്യത പരിപൂർണ്ണമായി പ്രയോജനപ്പെടുത്താൻ പലേ കാരണങ്ങളാലും കഴിഞ്ഞിട്ടില്ല. കാർഷികസർവ്വകലാശാലയുടെയും പഞ്ചായത്തിന്റെയും കൂട്ടായ ഒരു ശ്രമമുണ്ടായാൽ ഈ പ്രദേശത്തിന്റെ പ്രശ്നങ്ങൾക്ക്, ഒരു പരിധി വരെ പരിഹാരമുണ്ടാക്കാൻ വളരെയേറെ സാദ്ധ്യതകളുണ്ട്.

പഞ്ചായത്തിന്റെ വരുമാന മാർഗ്ഗങ്ങൾ

പഞ്ചായത്തിന്റെ പ്രധാനപ്പെട്ട വരുമാനമാർഗ്ഗങ്ങൾ കെട്ടിട നികുതി, വാടക, തൊഴിൽ നികുതി, വിനോദ നികുതി, ലൈസൻസ് ഫീസ്, വസ്തു കൈമാറ്റ നികുതി എന്നിവയാണ്. ഇതിൽ തന്നെ പ്രധാനവരുമാനം കെട്ടിട നികുതിയും, വാടകയും, തൊഴിൽ നികുതിയും ആണ്. വിനോദ നികുതി ലൈസൻസ് ഫീസ് എന്നിവയിൽ നിന്നുള്ള വരുമാനം തീരെ ആശാവഹമല്ല.

മൊത്തം വരുമാനത്തിൽ ഓരോ വർഷവും തനതു വരുമാനം കൂടികൊണ്ടിരിക്കുന്നുണ്ട്. എന്നാൽ നികുതി സാദ്ധ്യതക്കനുസൃതമായി വരുമാനം ഉയർന്നിട്ടില്ല. സാദ്ധ്യതകൾ ശരിയായി ഉപയോഗപ്പെടുത്തുന്ന പക്ഷം വരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാക്കുന്നതിനു സാധിക്കും.

കെട്ടിട നികുതി

കെട്ടിട നികുതിയാണ് പഞ്ചായത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വരുമാന മാർഗ്ഗം. 8,75,750 രൂപയാണ് കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഈ ഇനത്തിലെ വരുമാനം. ശാസ്ത്രീയമായ ഒരു

നികുതി പരിഷ്കരണത്തിലൂടെ ഈ വകയിലെ വരവു ഗണ്യമായി വർദ്ധിപ്പിക്കാവുന്നതാണ്. ദുർബല വിഭാഗങ്ങളെ പൂർണ്ണമായും നികുതിയിൽ നിന്നും ഒഴിവാക്കിയും, കെട്ടിടങ്ങളുടെ വിസ്തീർണ്ണം, ആവശ്യത്തിൽ കവിഞ്ഞുള്ള ആർഭാടമായ നിർമ്മാണ രീതി, തുടങ്ങിയവ ആധാരമാക്കി, സ്ലാബു സിസ്റ്റത്തിൽ നികുതി നിരക്ക് പുനരാവിഷ്ക്കരിക്കണം. 2000 സ്കയർ ഫീറ്റ് കവിഞ്ഞുള്ള കെട്ടിടങ്ങൾക്ക് ഒരു പ്രത്യേക സ്ലാബ് സിസ്റ്റത്തിൽ നിലനിർത്തണം. വീടിന് നമ്പ്ര് ഇട്ടു കൊടുക്കുന്ന അവസരത്തിൽ ഒരു നിശ്ചിത തുക പ്രത്യേക ഫീസായി ഇവരിൽ നിന്ന് ഈടാക്കുന്ന രീതിയും സ്വീകരിക്കാവുന്നതാണ്. താമസത്തിന്നല്ലാതെ വാടകയ്ക്കു നൽകി ഉപയോഗപ്പെടുത്തുന്ന കെട്ടിടങ്ങൾക്ക് യഥാർത്ഥ വാടകയുടെ അടിസ്ഥാനത്തിൽ നിയമപ്രകാരം നികുതി ഈടാക്കൻ നടപടി സ്വീകരിക്കണം.

വാടക

ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നും കിട്ടുന്ന വാടക പഞ്ചായത്തിന്റെ ഒരു പ്രധാന വരുമാന മാർഗ്ഗമാണ്. 6,78,398 രൂപയാണ് കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഈ ഇനത്തിലെ വരവ്. ഇപ്പോൾ പ്ലാനിട്ടിരിക്കുന്ന മാർക്കറ്റ് - കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ പണി പൂർത്തീകരിക്കുകയും, ഇനിയും ഉചിതമായ സ്ഥലത്ത് മാർക്കറ്റുകളും ഷോപ്പിംഗ് കോംപ്ലക്സുകൾ പണിയാനും കഴിഞ്ഞാൽ ഈ ഇനത്തിലെ വരവ് ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് സാധിക്കും.

തൊഴിൽനികുതി

തൊഴിൽ നികുതി പഞ്ചായത്തിന്റെ മറ്റൊരു പ്രധാനപ്പെട്ട വരുമാന സ്രോതസ്സാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ വരുമാനം 6,29,870 രൂപയാണ്. നമ്മുടെ പഞ്ചായത്തിൽ വലിയൊരു വിഭാഗം ആളുകൾ തൊഴിൽ നികുതി നൽകുന്നതിൽ നിന്നും ഒഴിഞ്ഞു മാറി നിൽക്കുന്നുണ്ട്. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സ്ക്കൂളുകൾ, പൊതുമേഖലാസ്ഥാപനങ്ങൾ, അംഗീകൃത ബാങ്കുകൾ എന്നിങ്ങനെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർ മാത്രമാണിന്ന് നികുതിദായകരായിട്ടുള്ളത്. ഈ പ്രദേശത്തെ മുഴുവൻ പേരിൽ നിന്നും, വരുമാനത്തിന്റെ തോതനുസരിച്ച്, മിനിമം നികുതിയെങ്കിലും ഈടാക്കാനുള്ള ഒരു ശ്രമം നടത്തിയാൽ, ഇന്നത്തേതിൽ വിട്ട് രണ്ടോ മൂന്നോ ഇരട്ടി തുക ഈ ഇനത്തിൽ സമാഹരിക്കാൻ കഴിയുന്നതാണ്.

വിനോദ നികുതി

വിനോദനികുതി പഞ്ചായത്തിന്റെ മറ്റൊരു വരുമാന മാർഗ്ഗമാണ്. 79271ക യാണ് കഴിഞ്ഞ സാമ്പത്തിക വർഷത്തെ വരവ്. 94-95സാമ്പത്തിക വർഷത്തെക്കാൾ വിനോദനികുതിയിൽ നിന്നുമുള്ള വരുമാനം 95-96 വർഷത്തിൽ 24,537 രൂപ കുറഞ്ഞു പോയിരിക്കുന്നു. 23.5% ത്തിന്റെ കുറവാണിതു കാണിക്കുന്നത്. ഇക്കാര്യം ഗൗരവമായി പരിശോധിക്കേണ്ടതും, പിഴവുകൾ ഏതെങ്കിലും ഭാഗത്തു നിന്നുമുണ്ടായിട്ടുണ്ടെങ്കിൽ അവ പരിഹരിക്കേണ്ടതുമാണ്.

കേബിൾ ടി.വിയുടെ ഉപയോഗം ഒരു പരിധി വരെ, സിനിമാ തിയ്യറ്ററുകളുടെ വരുമാന വർദ്ധനവ് തടയാനിടയാക്കിയിട്ടുണ്ട്. കേബിൾ ടി.വി. ഏജൻസികളിൽ നിന്നും ഒരു കണക്ഷന് 100 രൂപ നിരക്കിൽ കണക്ഷൻ ഫീസായും, മാസം തോറും ഓരോ കണക്ഷനും 10 രൂപാ നിരക്കിൽ വിനോദനികുതിയായും ഈടാക്കേണ്ടതാണ്.

ലൈസൻസ് ഫീസ്

ലൈസൻസ് ഫീസ് ഇനത്തിലെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ വരവു 24,072 രൂപയാണ്. പഞ്ചായത്തിലെ ലൈസൻസ് ആവശ്യമുള്ള സ്ഥാപനങ്ങളുടെ എണ്ണം പരിശോധിച്ചാൽ ഈ വരവ് ഒട്ടും ആശാവഹമല്ല.

പഞ്ചായത്തീരാജ് ആക്ട് അനുസരിച്ച് ലൈസൻസ് ഫീസ് ഇന്നത്തേതിൽ വിട്ട് വർദ്ധനക്ക് സാദ്ധ്യതയില്ല. എന്നാൽ ലൈസൻസ് എടുക്കാത്തവരെ, കണ്ടുപിടിച്ച് ലൈസൻസ് എടുപ്പിക്കുകയും, യഥാർത്ഥ ടേണോവറിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കുകയും ചെയ്താൽ വലിയൊരു വർദ്ധനവ് ഈ ഇനത്തിൽ പ്രതീക്ഷിക്കാവുന്നതാണ്.

വസ്തു കൈമാറ്റനികുതി

പഞ്ചായത്തിന്റെ വരുമാനത്തിൽ നല്ലൊരു ശതമാനം വസ്തു കൈമാറ്റം ചെയ്യുമ്പോൾ രജിസ്ട്രേഷൻ ഫീസിനത്തിൽ ഈടാക്കുന്ന തുകയിൽ നിന്നും പഞ്ചായത്തിന്നുലഭിക്കുന്ന വിഹിതമാണ്. കഴിഞ്ഞ സാമ്പത്തികവർഷം ഈ ഇനത്തിൽ നമുക്ക് ലഭിച്ചിട്ടുള്ളത് 6,85,687 രൂപയാണ്. ഈ തുക തീരെ അപര്യാപ്തമാണ്. സംസ്ഥാനതലത്തിൽ നിയമഭേദഗതി ആവശ്യമുള്ള ഈ പ്രശ്നത്തിന്റെ പരിഹാരത്തിനായി, സംസ്ഥാന സർക്കാരിന്റെ ശ്രദ്ധ ഈ വിഷയത്തിലേക്ക് കൊണ്ടുവരേണ്ടതാണ്.

ഓരോ പ്രദേശത്തിന്റേയും വികസനത്തിന്റെ ഫലമായാണ് അവിടുത്തെ സ്ഥലങ്ങൾക്ക് വില വർദ്ധിക്കുന്നത്. പരിമിതമായ പഞ്ചായത്തു ഫണ്ടുകൾ ഉപയോഗപ്പെടുത്തിയാണ്, ഓരോ പ്രദേശത്തേയും വികസന പ്രവർത്തനങ്ങൾ മുഖ്യമായും നടക്കുന്നത്. അതുമൂലം സ്ഥലത്തിന് വിലവർദ്ധിക്കാൻഇടയാകുയയും, അതിനനുസരണമായി വസ്തു കൈമാറ്റ അവസരത്തിൽ, വർദ്ധിച്ച തോതിൽ രജിസ്ട്രേഷൻ ഫീസും, മുദ്രവിലയും ഈടാക്കുകയും ചെയ്യുന്നു. അപ്രകാരം വർദ്ധിച്ച തുക മുഴുവനും പഞ്ചായത്തിന്നു ലഭ്യമാക്കേണ്ടതാണ്. കൂടാതെ ആധാരത്തിൽ വില കുറച്ചുകാണിച്ച് രജിസ് ട്രേഷൻ ഫീസിലും മുദ്രവിലയിലും വെട്ടിപ്പു നടത്തുന്നതും തടയപ്പെടേണ്ടതാണ്

പഞ്ചായത്തിന്റെ മുഖ്യമായ ചെലവ്

കഴിഞ്ഞ സാമ്പത്തിക വർഷം 31,41,175 രൂപയാണ് പഞ്ചായത്തിന്റെ മൊത്തം ചെലവ്. ഇതിൽ ഭരണസംബന്ധമായി 21.5% വും പൊതുമരാമത്തുപണികൾക്കായി 27.3% വും ജലവിതരണത്തിനായി 6.3% വും തെരുവുവിളക്കുകൾക്കായി 4.70%വും ആണ് ചെലവഴിച്ചിട്ടുള്ളത്.

ചെലവുകൾ സംബന്ധിച്ച്, കഴിഞ്ഞ കാലങ്ങളിലേതുമായി താരതമ്യം ചെയ്യുമ്പോൾ, വർദ്ധനവ് അനുഭവപ്പെടുമെങ്കിലും, ഓരോ അവസരത്തിലും ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണവും, സാധനവിലകളുടെ ക്രമാതീതമായ വർദ്ധനവും കണക്കിലെടുത്താൽ, പഞ്ചായത്തിന്റെ ചെലവിനങ്ങളിൽ വന്നിട്ടുള്ള വർദ്ധനവ്, അധികമാണെന്നു പറഞ്ഞുകൂടാ. കഴിഞ്ഞ കുറെകാലമായി, റോഡുകളുടെ നിർമ്മാണത്തിൽ ശാസ്ത്രീയമായ ഒരു സമീപനം പഞ്ചായത്തു സ്വീകരിച്ചിട്ടുള്ളതായി കാണാം. ചെയ്യുന്ന പണികൾ എണ്ണത്തിൽ കുറവാണെങ്കിലും, ഉറപ്പിലും, ഗുണമേന്മയുള്ളതാകാനും ശ്രദ്ധിച്ചിട്ടുണ്ട്.

എന്നാൽ തെരുവുവിളക്കുകൾക്കായും, ജലവിതരണത്തിനായും ചെലവഴിച്ച തുകയുടെ പൂർണ്ണമായ മൂല്യം ജനങ്ങളിലെത്തിക്കാൻ കഴിയാതെ പോയിട്ടുണ്ട്. ഇതിനൊരു പരിഹാരമെന്ന നിലയിൽ ഇലക്ട്രിസിറ്റിയുടെയും ജലവിതരണത്തിന്റെയും വിതരണം സംബന്ധിച്ച പൂർണ്ണ നിയന്ത്രണം പഞ്ചായത്തിനു ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്ത് ഏറ്റെടുക്കുന്ന മുഴുവൻ മരാമത്തു പണികളുടേയും നടത്തിപ്പ്, കഴിയാവുന്നിടത്തോളം ബഹുജനപങ്കാളിത്തത്തിലൂടെ മനുഷ്യാദ്ധ്വാനം ലഭ്യമാക്കിയും, പഞ്ചായത്തിൽ തന്നെ, ഓരോ ജോലിക്കും അനുയോജ്യരും വിദഗ്ദ്ധരുമായവരെ കണ്ടെത്തി - അവരുടെതായ സഹകരണ സംഘങ്ങൾ രൂപീകരിച്ച് അങ്ങനെയുള്ള സംഘങ്ങളെ പണികൾ ഏല്പിച്ചും നിർവ്വഹിക്കേണ്ടതാണ്. അതുവഴി ഇടനിലക്കാരന്റെ ലാഭമെന്ന നിലയിലുള്ള സംഖ്യ മിച്ചമാക്കാനും, ചെയ്യുന്ന പണിയുടെ ഗുണമേന്മ ഉറപ്പ് വരുത്താനും, മൂല്യം വർദ്ധിച്ച തോതിൽ നേടിയെടുക്കാനും കഴിയും.

സംഗ്രഹം

1. ഒല്ലൂക്കര പഞ്ചായത്തിലെ വിഭവസമാഹരണം ഇപ്പോൾ ആവശ്യത്തിന് തികയുന്നില്ല. കൃഷി തുണ്ടം തുണ്ടമായി വിഭജിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആയത് കൊണ്ട് കാർഷിക പ്രാധാന്യം കുറഞ്ഞു കൊണ്ടുവരുന്നു.
2. വ്യവസായികമായി പഞ്ചായത്ത് പിന്നിലാണ്. വൻ വ്യവസായങ്ങൾ ഒന്നുമില്ല. ഏതാനും ചെറുകിട യൂണിറ്റുകളുണ്ട്.
3. വികസന സാദ്ധ്യതയുള്ള ഒരു വ്യവസായം ''അഗ്രികൾച്ചറൽ നഴ്സറി''യാണ്.
4. കാർഷിക സർവ്വകലാശാലയുടെ സാന്നിദ്ധ്യം പരിപൂർണ്ണമായി പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടില്ല.
5. പ്രധാനവരുമാന മാർഗ്ഗങ്ങൾ കെട്ടിട നികുതി, വാടക, തൊഴിൽ നികുതി, വിനോദ നികുതി, ലൈസൻസ് ഫീസ്സ്, വസ്തുകൈമാറ്റ നികുതി !എന്നിവയാണ്. ഇവയിൽ പ്രധാനമായവ കെട്ടിട നികുതിയും, വാടകയും, തൊഴിൽ നികുതിയുമാണ്.
6. ദുർബ്ബലവിഭാഗങ്ങളെ പൂർണ്ണമായും കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കി, കെട്ടിടങ്ങളുടെ വിസ്തീർണ്ണം, ആർഭാടം എന്നിവ പരിഗണിച്ച് നികുതി നിർണ്ണയം പരിഷ്ക്കരിക്കണം. 200 ചതുരശ്ര അടിയിൽ കവിഞ്ഞുള്ള കെട്ടിടങ്ങൾക്ക് പ്രത്യേക സ്ലാബുകൾ വെയ്ക്കണം. വാടകകെട്ടിടങ്ങൾക്ക് യഥാർത്ഥവാടകയുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കണം.
7. ഷോപ്പിങ്ങ് കോംപ്ലക്സിൽ നിന്നും ലഭിക്കുന്ന വാടക ഒരു പ്രധാന വരുമാന മാർഗ്ഗമാണ്. പക്ഷെ, പ്ലാനിട്ടിരിക്കുന്ന 'മാർക്കറ്റ്-കം ഷോപ്പിംഗ് കോപ്ലക്സ്' പണി വേഗം തീർക്കണം. കൂടാതെ പുതിയവയും ഉചിത സ്ഥാനങ്ങളിൽ ഉണ്ടാക്കണം.
8. കർഷകരുൾപ്പെടെ ഈ പ്രദേശത്തെ മുഴുവൻ തൊഴിൽ ചെയ്യുന്നവരിൽ നിന്നും വരുമാനമനുസരിച്ച് ''മിനിമം നികുതി ഈടാക്കണം''

9. വിനോദനികുതിയിലെ കുറവ് വരുന്നതിന്റെ കാരണങ്ങൾ പഠിച്ചു പിഴവ് നികത്തണം. കേബിൾ TV ഏജൻസികളിൽ നിന്നും ഒരു കണക്ഷന് 100 രൂപ നിരക്കിൽ കണക്ഷൻ ഫീസായും, മാസംതോറും 10 രൂപ വിനോദ നികുതിയായും ഈടാക്കണം.
10. ലൈസൻസ് ഫീസ് വർദ്ധിപ്പിക്കുന്നതിൽ പരിമിതിയുണ്ടെങ്കിലും, ലൈസൻസ് എടുക്കാത്തവരെ കണ്ടുപിടിച്ച് ലൈസൻസ് എടുപ്പിക്കണം.
11. വസ്തു കൈമാറ്റത്തിന് കിട്ടുന്ന തുക മുഴുവനും പഞ്ചായത്തിന് ലഭ്യമാക്കാൻ ശ്രമിക്കണം.
12. ചെലവു ചെയ്യുന്ന സംഖ്യ ഗുണഭോക്താക്കളെ എങ്ങിനെ ബാധിക്കുന്ന എന്ന ഒരു വിശകലനം ആവശ്യമാണെന്ന് തോന്നുന്നു.

അധിക വിഭവസമാഹരണം

പ്രശ്നങ്ങളും-നിർദ്ദേശങ്ങളും

1. സാമ്പത്തിക സ്ഥാപനങ്ങൾ: പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രധാന ബാങ്കുകൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സൗത്ത് ഇന്ത്യൻ ബാങ്ക്, കാത്തലിക്ക് സിറിയൻ ബാങ്കും , ഒല്ലൂക്കര സർവീസ് സഹകരണ ബാങ്കുമാണ്. മറ്റു സാമ്പത്തിക ഇടപാടുകൾ നടത്തുന്ന സ്ഥാപനങ്ങൾ കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപൈസസ്, മുക്കാട്ടുകര കാത്തലിക് കമ്പനി, കോസ്മോസ് ചിട്ടീസ്, മണ്ണുത്തി ചിട്ടി ഫണ്ട്, വെൽഫെയർ കുറീസ് തുടങ്ങി ഒട്ടേറെ മണിലെൻറിംഗ് - ചിട്ടി സ്ഥാപനങ്ങളും പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ ഇടത്തരം ദുർബലവിഭാഗങ്ങളിൽ ശക്തമായ പ്രവർത്തനം നടത്തുന്നത് 18810 അംഗങ്ങൾ ഉള്ള ഒല്ലൂക്കര സർവീസ് സഹകരണബാങ്കാണ്. 6 കോടിയോളം രൂപ വിവിധയിനം വായ്പകളായി ഇതിന്നകം ഒല്ലൂക്കര സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്. NRI അക്കൗണ്ടുകളും, സർക്കാർ, അർദ്ധ സർക്കാർ , പൊതുമേഖലാ സ്ഥാപനങ്ങൾ, എന്നിവയുടെ സാമ്പത്തിക ഇടപാടുകളും കൈകാര്യം ചെയ്യുന്നതിന് ഇന്നുള്ള നിയമ തടസ്സം നീക്കം ചെയ്ത് സഹകരണ ബാങ്കുകളെ അതിന്നനുവദിക്കുകയും ചെയ്താൽ, ബാങ്കിലെ ഫണ്ടുകൾ പഞ്ചായത്തിലെ വികസന നിർമ്മാണ പവർത്തനങ്ങൾക്ക് ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയും. ഇതുപോലെ തന്നെ മറ്റു കമേഴ്സിയൽ ബാങ്കുകളും ഇവിടെ നിന്നും സമാഹരിക്കുന്ന നിക്ഷേപത്തിന്റെ 60 ശതമാനമെങ്കിലും ഈ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ചെലവിടുമെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

   ഇന്ദിരാ വികാസ് പത്ര, പോസ്റ്റാഫീസ് സേവിംഗ്സ്, യു.ടി.ഐ. തുടങ്ങിയ നിക്ഷേപങ്ങൾ വഴി സമാഹരിക്കുന്ന സംഖ്യയുടെ 50 ശതമാനമെങ്കിലും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമാക്കേണ്ടതാണ്.

2. ഭൂനികുതി

ഭൂനികുതി പിരിക്കുന്ന ഇപ്പോഴത്തെ നിരക്ക് ഏക്കറിന് 20 രൂപയാണ്. അശാസ്ത്രീയമായ ഈ രീതി ഉപേക്ഷിച്ച്, ന്യായവും പരിഷ്കൃതവുമായ തരത്തിൽ, ഫലഭൂയിഷ്ടതയുടേയും വിളവിന്റേയും മാനദണ്ഡം കണക്കിലെടുത്ത് സ്ലാബു സിസ്റ്റിത്തിൽ നികുതി ഈടാക്കേണ്ടതാണ്. തൊഴിൽ നികുതിയുടെ മാനദണ്ഡം ഇക്കാര്യത്തിൽ സ്വീകരിക്കാവുന്നതാണ്. കൃഷി ചെയ്യാതെ തരിശിടുന്ന ഭൂമിക്ക് പ്രത്യേകമായി കൂടിയ നിരക്കിൽ നികുതി ഈടാക്കേണ്ടതാണ്.

3. കാർഷികാദായ നികുതി

കാർഷികാദായ നികുതി പിരിവ് ഫലപ്രദമായി നടപ്പിലാക്കുകയും, പിരിവിന്റെ 50 ശതമാനമെങ്കിലും പഞ്ചായത്തിനു ലഭ്യമാക്കുകയും ചെയ്യുക.

4. പരസ്യ നികുതി

പഞ്ചായത്തിൽ സ്ഥാപിക്കുന്ന പരസ്യങ്ങൾക്ക് നിയമാനുസൃതം, ഫലപ്രദമായി നികുതി- ഫീസ് ഈടാക്കുക

കന്നുകാലിചന്ത

വെള്ളിയാഴ്ച ദിവസമാണ് തൃശ്ശൂർ മുൻസിപ്പാലിറ്റിയിൽ കന്നുകാലിചന്ത നടത്തിവരുന്നത് ഞായറിന്നു തലേദിവസം അതുപോലൊരു ചന്ത, സമീപപ്രദേശത്തുകാർക്കെല്ലാം സൗകര്യപ്രദമായി സമ്മേളിക്കാൻ തക്കവിധം മണ്ണുത്തിയിലോ, ഒല്ലൂക്കരയിലോ നടത്താവുന്നതാണ്. നല്ലൊരു വരുമാനം ഈ സംരംഭത്തിലൂടെ സമാഹരിക്കാവുന്നതാണ്.

ഇത്തരത്തിൽ മറ്റൊരു ദിവസം, വാഹന ചന്തയും നടത്താവുന്നതാണ്.

മാർക്കറ്റ് - ഷോപ്പിങ്ങ് കോംപ്ലക്സ്

അനുയോജ്യമായ സ്ഥലം കണ്ടെത്തി, ഓരോ സ്ഥലത്തിന്റേയും പ്രാധാന്യം കണക്കിലെടുത്ത്

അതിനനുസരണമായി, മണ്ണുത്തി, മുല്ലക്കര, കാളത്തോട്, നെല്ലിക്കുന്ന്, നടുക്കര എന്നിവിടങ്ങളിൽ ഓരോ മാർക്കറ്റും, മാർക്കറ്റ്-കം-ഷോപ്പിംഗ് കോംപ്ലക്സോ സ്ഥാപിക്കേണ്ടതാണ്. വഴിവക്കിലിരുന്ന് ഇറച്ചിയും മത്സ്യമുൾപ്പെടെയുള്ള കച്ചവടങ്ങൾ നിരുത്സാഹപ്പെടുത്തേണ്ടതും തടയപ്പെടേണ്ടതുമാണ്. അപ്രകാരം തന്നെ മൃഗങ്ങളെ കൊല്ലുന്നതിനും ഇറച്ചിയാക്കുന്നതിനും പഞ്ചായത്തു വക ഒരു സ്ലോട്ടറിംഗ് സെൻറർ, അത്യാധുനിക രീതിയിൽ തന്നെ സ്ഥാപിക്കേണ്ടതാണ്. ഇത് സ്വകാര്യസ്ഥാപനങ്ങളെ ഏല്പിക്കുന്നതും പരിഗണിക്കാവുന്നതുമാണ്. ഇറച്ചിക്കുപയോഗിക്കുന്ന മൃഗങ്ങളുടെ ഗുണമേൻമ ഉറപ്പു വരുത്തുന്നതിനുള്ള സംവിധാനവും ഇതോടൊപ്പം ഒരുക്കേണ്ടതാണ്. പുതുതായി പണി ആരംഭിക്കാനിരിക്കുന്ന മണ്ണുത്തി മാർക്കറ്റിൻെറ ഒന്നാം നില കൂടി പണിയുന്നതിന് ശ്രമിക്കേണ്ടതാണ്.

മത്സ്യം വളർത്തൽ

പഞ്ചായത്തിൻെറ നിയന്ത്രണത്തിലുള്ള കുളങ്ങളിൽ മത്സ്യം വളർത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

പുറമ്പോക്കു സ്ഥലങ്ങൾ

പഞ്ചായത്തുവക പുറമ്പോക്കു സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുകയോ ഒരു നിശ്ചിത കാലാവധി നൽകി കൃഷിക്കായി പാട്ടത്തിനു നൽകുകയോ ചെയ്യാവുന്നതാണ്.

4. കൃഷി നിലം നികത്തൽ

കൃഷിനിലം നികത്തുന്നതിന് അനുവാദം നൽകുന്നതിനുള്ള ഇന്നത്തെ സംവിധാനം മാറ്റുകയും, അത് പൂർണ്ണമായും പഞ്ചായത്തിൻെറ അധികാര പരിധിയിൽ കൊണ്ടുവരേണ്ടതുമാണ്. ആ ഇനത്തിൽ ചുമത്തുന്ന ഫീസ് പഞ്ചായത്തിനു ലഭിക്കുന്ന തോടൊപ്പം, അവശ്യം നിലനിർത്തേണ്ട കൃഷിഭൂമി ഏതൊക്കെയെന്നു നിർണ്ണയിക്കാനും, ആവശ്യമായ തീരുമാനം എടുക്കാനും പഞ്ചായത്തിനു കഴിയും

5. ടാക്സിപേട്ട

പഞ്ചായത്തിൻെറ പ്രധാന കേന്ദ്രങ്ങളിൽ പാർക്കു ചെയ്യുന്ന ബസ്സ്, ലോറി, വാൻ, കാർ, ആട്ടോറിക്ഷ തുടങ്ങിയ വാഹനങ്ങൾക്ക് പാർക്കിംഗ് ചാർജ്ജ് ഈടാക്കാനുള്ള സംവിധാനം നടപ്പിലാക്കേണ്ടതാണ്.

6. മനുഷ്യാദ്ധ്വാനം

നാൾക്കുനാൾ വികസിച്ചുകൊണ്ടിരിക്കുന്നതും, ജനകീയാസൂത്രണപരിപാടി നടപ്പിലാകുന്നതോടെ, കൂടുതലായി ഉയർന്നുവരുന്ന ജനങ്ങളുടെ പ്രശ്നങ്ങൾക്കു പരിഹാരം കാണാനും അതുവഴി പഞ്ചായത്തിൻെറ ''വിഭവസമാഹരണ'' ത്തിനു ശക്തി പകരാനും ഇത്തരം പരിഷ്കാര നടപടികൾക്കു കഴിയുന്നതാണ്.

പഞ്ചായത്തിൻെറ മൊത്തം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുന്നതിനിടയിൽ, സാമ്പത്തിക പരിമിതികൾ ഏറെയാണെന്നും, അതിനേക്കാളേറെ സമ്പന്നമായി സ്വരൂപിക്കാവുന്നത് മനുഷ്യാദ്ധ്വാനമാണെന്നും കാണാവുന്നതാണ്. ജനകീയാസൂത്രണപരിപാടിയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ പരിശോധിക്കുമ്പോൾ, നമ്മുടെ പ്രദേശത്തെന്നപോലെ., രാജ്യത്താകമാനം, കൃഷിഭേദമന്യേ അത്യാവേശകരമായ കലവറ കൂടാതെയുള്ള, ജനമുന്നേറ്റമാണ് പ്രകടമായിട്ടുള്ളത്. ഈ ആവേശവും, എന്തിനും തയ്യാറായി വരുന്ന അവരുടെ സന്നദ്ധതയും, ഈ പ്രദേശത്തിൻെറ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ഏറ്റവും പ്രധാനപ്പെട്ട വിഭവമാണെന്നു കണക്കിലെടുത്ത്, ആയത് പ്രയോജനപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.


VILVATTOM PANCHAYAT
MADAKKATHARA PANCHAYAT
TO
MUDUKODE
METTISSERY
MUKKATTUKARA WEST
MUKKATTUKARA EAST
KYK
MU AKARA NORTH
NELLIKKARA
PO
PO
MANNUTHI
VETERINARY COLLEGE
OLLUKKARA
PO
KUNNATHUMKARA EAST
KUNNATHUMKARA WEST
PO
KALATHODE
KRISHNAPURAM
TO MADATHARA
MADATHARA